# ജയാളികൾ

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# ജയാളികൾ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018
●
Price: ` 70
●
All rights reserved with the publisher

# ആമുഖം

ഫ്ളെമിംഗ്, സ്കോട്ട്ലൻഡിലെ ഒരു സാധു കർഷകനായിരുന്നു. അദ്ദേഹം, നാട്ടിലെ ആദരണീയനായ ഒരു മനുഷ്യന്റെ മകൻ, ഒരു മൂടൽമഞ്ഞിൽ അകപ്പെട്ട് അപകടത്തിലായപ്പോൾ ആ ബാല്യക്കാരനെ രക്ഷിച്ചു. അടുത്തദിവസം ആ ബാലന്റെ പിതാവ് ആ കർഷകന്റെ കൃഷിസ്ഥലം സന്ദർശിച്ചു. മകനെ രക്ഷിച്ചതിന് ഒരു പ്രതിഫലം കൊടുക്കുവാൻ ആരംഭിച്ചപ്പോൾ "എനിക്കതിന് ഒരു പ്രതിഫലവും വേണ്ട" എന്ന് നന്ദി പറഞ്ഞ് നിരസിച്ചു.

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആ കർഷകന്റെ മകൻ വാതിൽക്കൽവന്നു നിന്നു. ആ മാന്യനായ മനുഷ്യൻ പറഞ്ഞു: നിങ്ങളുടെ മകനെ എന്റെ മകൻ പഠിക്കുന്ന അതേ സ്കൂളിൽത്തന്നെ ഞാൻ പഠിപ്പിക്കട്ടെ. അവൻ നിങ്ങളെപ്പോലെ ഒരു ഔദാര്യഭാവമുള്ളവനായിത്തീർന്നാൽ നമുക്കിരുവർക്കും അതൊരു അഭിമാനമാകും.

ഫ്ളെമിംഗ് അതിന് സമ്മതിച്ചു. അദ്ദേഹത്തിന്റെ മകൻ ഏറ്റവും നല്ല സ്കൂളിൽ പഠിച്ചു. ഒടുവിൽ ലണ്ടനിലെ സെന്റ് മേരീസ് മെഡിക്കൽ സ്കൂളിൽ പഠിച്ചു. അദ്ദേഹം പ്രശസ്തനായ ഒരു ഡോക്ടറായി.

ആ ഡോക്ടറാണ് പെനിസിലിൻ കണ്ടുപിടിച്ച അലക്സാണ്ടർ ഫ്ളെമിംഗ്. അത്ഭുതങ്ങൾ കൊയ്തെടുത്ത പെനിസിലിൻ ലക്ഷോപലക്ഷം ആളുകൾക്ക് രോഗസൗഖ്യം ലഭിക്കുന്നതിന് മുഖാന്തരമായിത്തീർന്നു.

മെഡിക്കൽ കോളേജിൽ പഠിക്കുന്നതിന് സഹായിച്ച ആ മാന്യനായ മനുഷ്യന്റെ മകൻ ന്യൂമോണിയ ബാധിച്ച് അവശ നിലയിലായപ്പോൾ പെനിസിലിൻ അവന്റെ ജീവൻ രക്ഷിച്ചു.

ആ മാന്യനായ മനുഷ്യന്റെ പേര് എന്തെന്ന് അറിയാമോ? ലോർഡ് റാൻഡോൾഫ് ചർച്ചിൽ! അദ്ദേഹത്തിന്റെ മകന്റെ പേരാണ്, സർ വിൻസ്റ്റൺ ചർച്ചിൽ.

നന്മപ്രവൃത്തികൾക്ക് നല്ല പ്രതിഫലമുണ്ട്. അതിനാവശ്യ മായിരിക്കുന്നത് ജയജീവിതത്തിന് വേണ്ടിയുള്ള അഭിവാ ഞ്ഛയാണ്. എന്നും പരാജയപ്പെട്ട ജീവിതത്തിന്റെ പഴയ ഏടു കളിലേക്ക് നോക്കി നിരാശയോടെ നെടുവീർപ്പിട്ടുകൊണ്ടിരി ക്കുന്നവർക്ക് യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബായാലും തിരുരക്തത്താലും വിജയം അനുഭവിക്കാമെന്നത് എത്രയോ ആശ്വാസകരമാണ്!

നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം! ജയാളിയാ കാൻ എന്റെ അനുവാചകർക്ക് ഓരോരുത്തർക്കും സാദ്ധ്യമാ കട്ടെ എന്നാണ് എന്റെ ആഗ്രഹം. ആ തീവ്രമായ അഭിലാ ഷമാണ് ഈ ഗ്രന്ഥരചനയുടേയും പിന്നിൽ പ്രേരകമായത്.

ഈ പുസ്തകം വെളിച്ചം കാണുന്നതിന് നിസ്തന്ദ്രം അദ്ധ്വാനിച്ച അനേകം സഹോദരീസഹോദരന്മാരുണ്ട്. അവ രോടെല്ലാം എനിക്ക് അഗാധമായ കടപ്പാടും കൃതജ്ഞതയുമു ണ്ട്. ജീവനുള്ള ക്രിസ്തു അന്ത്യനാളിൽ അവർക്കു പ്രതിഫലം നൽകും.

നിങ്ങൾ ഒരോരുത്തരും ജയാളിയാകാൻ ഈ ഗ്രന്ഥാനു ശീലനം സഹായകമാകട്ടെ എന്നാശംസിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

*“യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി: അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടു കൂടെ ഉണ്ട് എന്ന് അവനോട് പറഞ്ഞു.”*

*ന്യായാധിപന്മാർ 6 : 12*

ഗിദയോൻ സമർപ്പണമെടുത്തതിനെക്കുറിച്ച് നമുക്കു ചിന്തിക്കാം. ഒരാൾ സാക്ഷാൽ സമർപ്പണമെടുത്താൽ അതിന്റെ സ്വാധീനം തലമുറകളിലേക്ക് പകരും; തലമുറകൾ അനുഗ്രഹിക്കപ്പെടും. ഒരു വ്യക്തിയുടെ സമർപ്പണം സമൂഹത്തിൽ ചലനമുളവാക്കും.

ഗിദയോൻ യിസ്രായേൽ ജനത്തിനു ന്യായപാലനം ചെയ്ത ഒരു ന്യായാധിപനായിരുന്നു. മോശെയുടേയും യോശുവയുടേയും കാലത്തിനുശേഷം ജനം സത്യവിശ്വാസത്തിൽ നിന്നു വ്യതിചലിക്കുകയും വിഗ്രഹാരാധികളായിത്തീരുകയും ചെയ്തു. ആ സമയത്ത് ജനത്തെ സ്നേഹത്തിലും സത്യത്തിലും നടത്തുവാൻ ദൈവം ന്യായാധിപന്മാരെ എഴുന്നേല്പിച്ചു. ഇവരിൽകൂടി ദൈവം ജനത്തെ നടത്തിക്കൊണ്ടിരുന്നു. ജനം വിഗ്രഹാരാധനയിലേക്കു തിരിയുമ്പോൾ ഈ ന്യായാധിപന്മാർ ജനം തെറ്റിലേക്കു തിരിയുന്നു എന്ന് അവർക്ക് ബോധം വരുത്തിക്കൊണ്ടിരുന്നു.

യിസ്രായേൽജനത്തിന് എപ്പോഴും ശത്രുക്കളുണ്ടായിരുന്നു. ഹിവ്യർ, യെബൂസ്യർ, കനാന്യർ, മിദ്യാന്യർ, ഫെലിസ്ത്യർ എന്നിങ്ങനെ അനേകം ശത്രുസൈന്യം യിസ്രായേല്യരെ

വലയ്ക്കുകയും വേദനിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ആത്മീയമായി പറഞ്ഞാൽ ദൈവജനത്തിന് എന്നും ശത്രുക്കളെ നേരിടേണ്ടി വരും. ദൈവജനത്തിനു ശത്രുക്കൾ ദുഷ്ടാത്മസേനയാണ്.

എല്ലാ ഭവനങ്ങളിലും എല്ലാ വ്യക്തികളിലും ആധിപത്യം പുലർത്തുവാൻ പിശാച് പരിശ്രമിച്ചുകൊണ്ടിരിക്കും. അതു കൊണ്ടാണ് എഫേസ്യലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നത്, നമുക്ക് പോരാട്ടമുണ്ട് എന്ന്. നമുക്ക് പിശാചിനോടു യുദ്ധമുണ്ട്.

അമ്മോന്യർ, ഫെലിസ്ത്യർ, മോവാബ്യർ, മിദ്യാന്യർ മുത ലായ ജാതീയസമൂഹത്തിന്റെ എതിർപ്പുകളുടെ മുമ്പിൽ യിസ്രാ യേൽ ജനം തകർന്നുപോകാതിരിക്കാൻ ദൈവം അതതുസമ യത്ത് ന്യായാധിപന്മാരെ എഴുന്നേൽപിച്ചു.

*"യിസ്രായേൽ മക്കൾ പിന്നെയും യഹോവയ്ക്ക് അനിഷ്ടമായുള്ളതു ചെയ്തു; യഹോവ അവരെ ഏഴു സംവത്സരം മിദ്യാന്റെ കൈയിൽ ഏല്പിച്ചു."*

*ന്യായാധിപന്മാർ 6 : 1*

ഏഴുകൊല്ലത്തോളം മിദ്യാന്യർ യിസ്രായേൽജനത്തെ എതിർത്തുകൊണ്ടിരുന്നു. ദൈവജനത്തെ ആക്രമിക്കാൻ മിദ്യാന്യർ വന്നപ്പോൾ യിസ്രായേൽക്കാർ ഭയന്ന് പർവ്വതങ്ങളി ലേയ്ക്ക് ഓടിപ്പോയി. അവിടെയുള്ള ഗഹ്വരങ്ങളിലും ഒളിവിട ങ്ങളിലും അഭയം പ്രാപിച്ചു. ദൈവജനത്തിന് ശത്രുഭീതികൊണ്ട് നാടുവിട്ടോടി പോകേണ്ടി വന്നു.

*"മിദ്യാൻ യിസ്രായേലിന്മേൽ ആധിപത്യം പ്രാപിച്ചു; യിസ്രായേൽമക്കൾ മിദ്യാന്യരുടെ നിമിത്തം പർവ്വ തങ്ങളിലെ ഗഹ്വരങ്ങളും ഗുഹകളും ദുർഗ്ഗങ്ങളും ശരണമാക്കി. യിസ്രായേൽ വിതച്ചിരിക്കുമ്പോൾ മിദ്യാന്യരും അമാലേക്യരും കിഴക്കുദേശക്കാരും*

*അവരുടെ നേരെ വരും. അവർ അവർക്കു വിരോധമായി പാളയമിറങ്ങി ഗസ്സാ വരെ നാട്ടിലെ വിള നശിപ്പിക്കും; യിസ്രായേലിന്ന് ആഹാരമോ ആടോ മാടോ കഴുതയോ ഒന്നും ശേഷിപ്പിക്കയില്ല. അവർ തങ്ങളുടെ കന്നുകാലികളും കൂടാരങ്ങളുമായി പുറപ്പെട്ടു വെട്ടുക്കിളിപോലെ കൂട്ടമായി വരും; അവരും അവരുടെ ഒട്ടകങ്ങളും അസംഖ്യം ആയിരുന്നു; അവർ ദേശത്തു കടന്ന് നാശം ചെയ്യും."*

*ന്യായാധിപന്മാർ 6 : 2 – 5*

യിസ്രായേൽക്കാർ വിതയ്ക്കും. പക്ഷേ, കൊയ്യാൻ നേരത്ത് മിദ്യാന്യർ വരും. വിള മുഴുവൻ നശിപ്പിച്ചുകളയും. എന്തൊരു കഷ്ടം! വിളവെടുക്കാൻ പാകമാകുന്നതുവരെ അദ്ധ്വാനിക്കുന്നത് ദൈവജനം; എന്നാൽ കൊയ്ത്ത് എടുക്കുന്നതും ഫലം അനുഭവിക്കുന്നതും മിദ്യാന്യർ!

ഇതിനെല്ലാം അർത്ഥമുണ്ട്. നാം അദ്ധ്വാനിക്കുന്നു; അദ്ധ്വാനഫലം പാപം മൂലം മറ്റുള്ളവരുടെ കൈയിലേക്കു പോകുന്നു. അനേകർ കഷ്ടപ്പെടുന്നു. കിട്ടുന്ന ശമ്പളം പക്ഷേ, മദ്യഷാപ്പിലേക്കു പോകുന്നു. മദ്യഷാപ്പിന്റെ അടിമകളായിത്തീരുന്നു. പലരും സിനിമാശാലകളിലേയ്ക്ക് ഓടുന്നു. കഞ്ചാവിനും മയക്കുമരുന്നിനും അടിമകളായിത്തീരുന്നു. കൊള്ളരുതാത്ത ബന്ധങ്ങളിലേയ്ക്ക് പോകുന്നു. അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം മറ്റുപല വഴികളിലേക്കും ഒഴുകിപ്പോകുന്നു.

പാവപ്പെട്ട ദൈവജനം വിതച്ചു, കഷ്ടപ്പെട്ടു വളം ചെയ്തു, നനച്ചു. വിളവെടുക്കുന്ന കാലമാകുമ്പോഴേയ്ക്കും മിദ്യാന്യർ വന്നു കൊയ്തെടുക്കുകയും നശിപ്പിക്കുകയും ചെയ്യും. ദൈവജനങ്ങളുടെ ആഹാരംപോലും അവർ കവർന്നെടുത്തു കൊണ്ടുപോകുകയാണ്.

ദൈനംദിന ജീവിതത്തിലേയ്ക്കു നാം നോക്കണം. നമ്മുടെ ഭവനത്തിൽ വന്ന് നാശം ചെയ്യുന്ന ശത്രുസൈന്യമുണ്ട്.

നമ്മുടെ ഓഫീസിൽ തൊഴുത്തിൽക്കുത്തുണ്ടാക്കുന്നു; അഭി പ്രായവ്യത്യാസമുണ്ടാക്കുന്നു; ഗ്രൂപ്പുണ്ടാക്കുന്നു. ചിലർ മറ്റൊരാൾക്ക് അർഹമായ promotion തടഞ്ഞുവയ്ക്കുന്നു. പല രീതിയിൽ പല ഉപദ്രവങ്ങളുണ്ടാക്കുന്നു. എല്ലാറ്റിന്റെയും പിന്നിൽ പൈശാചിക സൈന്യമാണ്.

നമ്മുടെ കുടുംബത്തിന്റെ സമാധാനവും സന്തോഷവും പാടെ നശിപ്പിക്കുന്ന ഒരു സൈന്യമാണ് ദുരാത്മസേന. "ഇങ്ങനെ മിദ്യാന്യരാൽ യിസ്രായേൽ ഏറ്റവും ക്ഷയിച്ചു." അദ്ധ്വാനിക്കാഞ്ഞിട്ടല്ല; ഒരു മുന്നേറ്റം കിട്ടുന്നില്ല. യിസ്രാ യേൽക്കാർ ക്ഷയിച്ചുകൊണ്ടിരുന്നു.

യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു. ഒരു പോംവഴിയേയുള്ളൂ: ദൈവമേ, ഞങ്ങൾ ക്ഷയിച്ചു പോകുന്ന ല്ലോ. കർത്താവേ, ഞങ്ങൾക്ക് സമാധാനം നഷ്ടപ്പെട്ടു പോകു ന്നല്ലോ. ഞങ്ങൾക്ക് ഒരാശ്വാസകാലം ലഭിക്കുന്നില്ലല്ലോ. ഞങ്ങ ളുടെ വിളവെല്ലാം ശത്രു കൊണ്ടുപോകുന്നല്ലോ. ഞങ്ങളുടെ ആടുമാടുകളെയും കന്നുകാലികളെയുമെല്ലാം അപഹരിച്ചു കൊണ്ടു പോകുന്നല്ലോ. ദൈവജനം നിലവിളിച്ചു.

> *"കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തു കയും ചെയ്യും."* *സങ്കീർത്തനങ്ങൾ 50 : 15*

ദൈവം പറയുകയാണ്: മകനേ, നിനക്കു കഷ്ടകാലമാണ്. നിന്റെ സമ്പത്തും ആരോഗ്യവും പിശാച് കവർന്നെടുക്കുക യാണ്. നിന്റെ കഴിവെല്ലാം ക്ഷയിച്ചുവരികയാണ്. ബാല്യത്തിലും യൗവ്വനാരംഭത്തിലും നീ നല്ലതുപോലെ പഠിക്കുമായിരുന്നു. പക്ഷേ, ചില ചീത്ത കൂട്ടുകെട്ടുകൾ വന്ന് നിന്റെ കഴിവും ശക്തിയും ക്ഷയിച്ച് നീ ഒന്നിനും കൊള്ളാത്തവനായിത്തീർന്നു. മകനേ, നിനക്കു നാശം വരുത്തുന്ന പിശാചിനെ നീ തിരിച്ചറി യുക.

ദാവീദ് ഒരിക്കൽ പ്രാർത്ഥിച്ചു: "യഹോവേ നിന്റെ ഭുജബലം, നിന്റെ വീര്യമുള്ള ഭുജബലം ഉയർത്തി ഞങ്ങളുടെ രക്ഷയ്ക്കായി വരേണമേ." ദാവീദ്, ജീവിതത്തിൽ വലഞ്ഞുപോയൊരു മനുഷ്യനായിരുന്നു. ദാവീദ് ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം അതാതു സമയത്ത് ദാവീദിനെ സഹായിച്ചു. ദാവീദിന് പാപം വന്നപ്പോഴും പ്രാർത്ഥിച്ചു. സിംഹാസനത്തിൽനിന്ന് താഴെയിറങ്ങി രട്ടിലും വെണ്ണീറിലും ഇരുന്ന് കരഞ്ഞ് അനുതപിച്ചു.

ദാവീദ് പറഞ്ഞു: ഇനി ഞാൻ സിംഹാസനത്തിൽ കയറിയിരിക്കണമെങ്കിൽ, എന്റെ കൂടാരവീട്ടിൽ കടക്കണമെങ്കിൽ എന്റെ പാപം ക്ഷമിച്ചു കിട്ടണം. ഇനി ഞാൻ ആഹാരം കഴിക്കണമെങ്കിൽ, ഉറങ്ങണമെങ്കിൽ എന്റെ പാപം ക്ഷമിച്ചു കിട്ടണം. എനിക്കിനി വിശ്രമമില്ല. എന്റെ പാപം എന്നോട് ക്ഷമിക്കണമേ. (സങ്കീർത്തനം 132:15.) ദാവീദ് നിലവിളിച്ചുകൊണ്ടിരുന്നു. അപ്പോൾ ദൈവം ദാവീദിന്റെ പ്രാർത്ഥന കേട്ടു. 51-ാം സങ്കീർത്തനം ദാവീദിന്റെ അനുതാപത്തിന്റെ പ്രാർത്ഥനയാണ്.

മിദ്യാന്യരുടെ കാര്യത്തിലും ദൈവജനം വിഷമിച്ചപ്പോൾ അവർ ദൈവത്തോട് അപേക്ഷിച്ചു.

> *"യിസ്രായേൽ മക്കൾ മിദ്യാന്യരുടെ നിമിത്തം യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ ഒരു പ്രവാചകനെ യിസ്രായേൽ മക്കളുടെ അടുക്കൽ അയച്ചു."* *ന്യായാധിപന്മാർ 6 : 7, 8*

ദൈവജനം നിലവിളിച്ചപ്പോൾ അവർക്കു ദൈവത്തിന്റെ ദൂതറിയിക്കാൻ ഒരു പ്രവാചകനെ ദൈവം അയച്ചു. ദൈവം പ്രവാചകന്മാരെ അയയ്ക്കുന്നത് ജനത്തിനു കുറ്റബോധം നൽകാനാണ്. പ്രവാചകന് ഒരു ശുശ്രൂഷയേയുള്ളൂ, ജനത്തിന് പാപബോധമുണ്ടാക്കുക.

> *"അവൻ അവരോടു പറഞ്ഞത്: യിസ്രായേലിന്റെ*

*ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചു, അടിമവീട്ടിൽനിന്നു നിങ്ങളെ കൊണ്ടുവന്നു; മിസ്രയീമ്യരുടെ കൈയിൽനിന്നും നിങ്ങളെ പീഡിപ്പിച്ച എല്ലാവരുടെയും കൈയിൽനിന്നും ഞാൻ നിങ്ങളെ വിടുവിച്ചു അവരെ നിങ്ങളുടെ മുമ്പിൽ നിന്നു നീക്കിക്കളഞ്ഞു, അവരുടെ ദേശം നിങ്ങൾക്കു തന്നു. യഹോവയായ ഞാൻ നിങ്ങളുടെ ദൈവം ആകുന്നു എന്നും നിങ്ങൾ പാർക്കുന്ന ദേശത്തുള്ള അമോര്യരുടെ ദേവന്മാരെ ഭജിക്കരുത് എന്നും ഞാൻ നിങ്ങളോട് കല്പിച്ചു; നിങ്ങളോ എന്റെ വാക്കു കേട്ടില്ല."*

*ന്യായാധിപന്മാർ 6 : 8 – 10*

ജനത്തോട് പ്രവാചകൻ പറഞ്ഞത് കടുത്ത വാക്കുകളാണ്. നിങ്ങൾക്ക് ഈ അപകടം വന്നത്, നിങ്ങളുടെ വിളവെല്ലാം മിദ്യാന്യർ കൊയ്തെടുക്കാൻ കാരണം നിങ്ങൾ ദൈവത്തിന്റെ വചനം ധിക്കരിച്ചതാണ്. അതു നിങ്ങൾ പ്രമാണിച്ചില്ല; അതിന് പ്രാധാന്യം കൊടുത്തില്ല. നിങ്ങളുടെ ജീവിതത്തിൽ വന്ന കെടുതികൾ മാറണമെങ്കിൽ നിങ്ങൾ വചനത്തെ മാനിക്കണം.

നിങ്ങളുടെ ജീവിതത്തിൽ, കുടുംബത്തിൽ, ദേശത്തിൽ വന്നിരിക്കുന്ന ഈ അനർത്ഥം മാറണമെങ്കിൽ നിങ്ങൾ വചനമാകുന്ന ദൈവത്തെ സ്വീകരിക്കണം. വചനത്തെ ഉയർത്തണം, ആരാധിക്കണം. കുടുംബജീവിതത്തിലും, സമൂഹജീവിതത്തിലും മാറ്റം വരുത്തണം. നിങ്ങൾക്കു വന്നുപോയ പാപങ്ങളെ ഓർത്തു കരയുകയും, വചനത്തെ പ്രമാണിക്കുമെന്ന് പുതിയ തീരുമാനം നിങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ നിങ്ങൾക്ക് ഐശ്വര്യം മടങ്ങിവരും.

കുടുംബത്തിൽ സമാധാനം വരണമെങ്കിൽ വചനം സ്വീകരിക്കണം. വചനപ്രകാരമാണോ ജീവിക്കുന്നതെന്ന്

നിങ്ങളെത്തന്നെ ശോധന ചെയ്യണം. വചനത്തിൽ വ്യക്തമായ കല്പനകളും നിർദ്ദേശങ്ങളും നിയോഗങ്ങളുമുണ്ട്. വ്യക്ത മായ പ്രവചനങ്ങളുണ്ട്. അത് ഹൃദയത്തിൽ സ്വീകരിച്ച് ജീവിത ത്തിൽ അനുവർത്തിക്കുമ്പോൾ ദൈവത്തിന്റെ കരുണ നമുക്ക് ലഭിക്കും. വചനത്തെ അനുസരിച്ച് പ്രമാണിക്കണം.

അനേകരിന്ന് വചനത്തെ അവഗണിക്കുകയാണ്. വചനം കേൾക്കാൻ താത്പര്യമില്ല. ഒരു ഇടവകയുടെ, ഒരു ഭദ്രാസന ത്തിന്റെ അഭിവൃദ്ധി, ആ ഇടവകയിൽ, ഭദ്രാസനത്തിൽ വചന ത്തിന് എന്തുമാത്രം പ്രസക്തിയുണ്ട് എന്നതിനെ ആശ്രയിച്ചിരി ക്കും. വചനശുശ്രൂഷകൾ നടക്കണം. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ എഴുന്നേൽപ്പിക്കണമേ എന്ന് തുബ്ദേൻ സമയത്തുള്ള പ്രാർത്ഥനയിൽ ഉണ്ട്. സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെഴുന്നേൽക്കണം.

പ്രസംഗങ്ങളും കൺവൻഷനുകളുമുണ്ട്. പക്ഷേ, വചനമില്ല. ദൈവത്തിന്റെ വചനം മനുഷ്യഹൃദയത്തിൽ പാകിക്കൊടുക്കാൻ സാധിക്കണം. വചനം കേൾക്കുമ്പോൾ കുറ്റബോധമുണ്ടാകും. കല്ലിച്ച ഹൃദയങ്ങൾ തകരും. ഞാൻ ഇതുവരെ ജീവിച്ചതുപോലെയല്ലല്ലോ ജീവിക്കേണ്ടത് എന്ന ബോധമുണ്ടാകും. ഇങ്ങനെ കുറ്റബോധത്തോടെ കരയു മ്പോൾ ദൈവാത്മാവ് വരും. ദൈവാത്മാവ് വരുമ്പോൾ അഭിവൃദ്ധിയുണ്ടാകും. അവർക്ക് ശത്രുവിന്റെമേൽ ആധി പത്യമുണ്ടാകുകയും ശത്രുവിനെ ജയിക്കുവാൻ സാധിക്കു കയും ചെയ്യും.

> *"അനന്തരം യഹോവയുടെ ഒരു ദൂതൻ വന്നു ഒഫ്ര യിൽ അബിയേസ്ര്യനായ യോവാശിന്റെ കരുവേല കത്തിൻ കീഴെ ഇരുന്നു; അവന്റെ മകനായ ഗിദ യോൻ കോതമ്പ് മിദ്യാന്യരുടെ കൈയിൽ പെടാ തിരിക്കേണ്ടതിന്ന് മുന്തിരിച്ചക്കിന്നരികെവച്ചു മെതിക്കയായിരുന്നു."* *ന്യായാധിപന്മാർ 6 : 11*

മുന്തിരിച്ചക്കിന്റെയടുത്ത് മുന്തിരിച്ചാറാണെടുക്കേണ്ടത്. പക്ഷേ, ഗിദയോൻ എന്ന ചെറുപ്പക്കാരൻ ഓർത്തു: ഞാൻ കറ്റകൾ കൊണ്ടുവന്നു മെതിക്കുമ്പോൾ, ആ മെതിച്ചുകിട്ടുന്ന കോതമ്പെല്ലാം മിദ്യാന്യർ കൊണ്ടുപോകും. അവർ കാണാതെ ഒളിച്ചിരുന്ന് മെതിക്കണം. അതിന് കളത്തിലേക്കു കറ്റകൊണ്ടു പോകാതെ മുന്തിരിച്ചക്കിന്റെയരികെ കൊണ്ടുപോകാം. മുന്തിരിച്ചക്കിനരികെ ആരും കറ്റ മെതിക്കില്ല. അതുകൊണ്ട് മിദ്യാന്യർ ആരും മുന്തിരിച്ചക്കിന്നരികെ വന്നു നോക്കുകയില്ല; പേടിക്കാനില്ല.

> *"യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി: അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെ ഉണ്ട് എന്ന് അവനോടു പറഞ്ഞു."*
>
> *ന്യായാധിപന്മാർ 6 : 12*

അപ്പോഴാണ് യഹോവയുടെ അരുളപ്പാട് ഗിദയോന് കിട്ടിയത്. ഗിദയോൻ ഓർത്തു: ഞാൻ മിദ്യാന്യരെ ഭയന്ന് മുന്തിരിച്ചക്കിനരികെ വച്ച് കോതമ്പ് മെതിക്കുന്നു; പക്ഷേ ദൈവം പറയുന്നു, നീ പരാക്രമശാലിയാണെന്ന്. എന്തുകൊണ്ടാണ് ദൈവം അവനെ പരാക്രമശാലി എന്നു വിളിച്ചത്? ദൈവം കാണുന്നത് ഇപ്പോഴുള്ളതല്ല. ഗിദയോൻ, ഭാവിയിൽ മിദ്യാന്യരെയെല്ലാം നശിപ്പിക്കുന്ന ഒരു പരാക്രമശാലിയായി തീരുന്നതാണ് ദൈവം കാണുന്നത്.

ഇന്നു നീ ഭീരുവാണ്. എന്നാൽ ദൈവം നിന്നെ പരാക്രമശാലിയാക്കാൻ പോകുന്നു. നിന്നിൽ നിന്നുകൊണ്ട് ദൈവജനത്തെ രക്ഷിക്കാൻ പോകുന്നു. മിദ്യാന്യരുടെ ഭീതിയിൽ ഞെളിപിരികൊള്ളുന്ന ദൈവജനത്തെ രക്ഷിക്കാൻ നിന്നെ ഒരാളെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവം നിന്നെ ഉയർത്തി പരാക്രമശാലിയാക്കാൻ പോകുന്നു. ദൈവം ഭാവി കാണുകയാണ്.

ഇന്ന് നിങ്ങളിൽ പലരും ഭാരപ്പെട്ടിരിക്കുകയാണ്. കുടും

ബത്തിൽ കഷ്ടപ്പാടുണ്ട്; കടംവീട്ടാൻ മാർഗ്ഗം കാണുന്നില്ല; മകളെ കല്യാണം കഴിപ്പിച്ചുവിടാനുള്ള രൂപയില്ല; ബിസിനസ്സിൽ ക്ഷയിച്ചുപോകുന്നു; കുടുംബത്തിൽ ഐക്യമില്ല. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം പറയുന്നു: മോനേ, മോളേ, നിനക്ക് നല്ലൊരു ഭാവിയുണ്ട്. ഇന്നു നീ ഭീരുവും ആകുലമാനസനുമായി ആവലാതിപൂണ്ട് കഴിയുകയാണ്.

ഇന്ന് അനേകം ആശങ്കകളും ഉത്ക്കണ്ഠാകുലമായ കാര്യങ്ങളും നിന്നെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കുഞ്ഞേ, നിനക്കൊരു ഭാവിയുണ്ട്. നീ ഇന്ന് ഭീരുവായ ഗിദയോനാണ്, എന്നാൽ നീ പരാക്രമശാലിയായ ഗിദയോൻ ആകാൻ പോകുന്നു. ഇന്ന് എന്താണ് എന്നല്ല, നാളെ എന്താകും എന്നാണ് കർത്താവ് പറയുന്നത്. ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ നാം പരാക്രമശാലികളായിത്തീരും.

സമർപ്പണത്തിലേക്ക് ദൈവം ഗിദയോനെ വാഗ്ദാനം കൊടുത്ത് നയിക്കുകയാണ്. മോനേ, ഇന്ന് ചില കാര്യങ്ങളിൽ നിന്റെ മനസ്സ് ആകുലപ്പെട്ടിരിക്കുന്നു. മോളേ, ഇന്നു നിന്റെ മനസ്സ് വേവലാതിപൂണ്ട് നൊന്തുകൊണ്ടിരിക്കുന്നു. മാന്യയുവാവേ, നിന്റെ ജീവിതത്തിൽ നിനക്ക് സ്വസ്ഥത നഷ്ടപ്പെട്ടുപോയിരിക്കുന്നു. നാളെ എന്ത് എന്ന് ഒരു നിശ്ചയമില്ല. മുന്നോട്ടൊരു ഗതി കാണാതെ മനസ്സ് മരവിച്ചിരിക്കുന്നു.

എന്നാൽ സ്നേഹവാനായ ദൈവം നിന്നെ സ്നേഹിച്ച് നിന്റെ അരികത്തു വന്നു പറയുന്നു: മകനേ! ഞാൻ നിന്റെ കൂടെയിരുന്ന് നിന്റെ ഭാവി ശോഭനമാക്കിത്തരാം. നീയിന്ന് ഭീരുവാണ്, എന്നാൽ ഞാൻ നിന്നെ പരാക്രമശാലിയാക്കാം. ഇന്നു നീ ഹൃദയത്തിൽ നിരാശപൂണ്ട് വലയുന്നവനാണ്, എന്നാൽ ഞാൻ പ്രത്യാശയും സമാധാനവും തരാം. ഇന്ന് നിനക്ക് ചില സംശയങ്ങളും, മനസ്സിൽ ചില അവിശ്വാസ ചിന്തകളുമുണ്ട്. എന്നാൽ അതെല്ലാം മാറ്റി ഞാൻ നിന്നെ വിശുദ്ധീകരിക്കാം.

സ്നേഹവാനായ ദൈവം തന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടിക്കൊണ്ട് അനുഗ്രഹിക്കാമെന്ന് പറയുന്നു. അനുഗ്രഹം തരാൻ വരുന്ന യേശു നിങ്ങളെ സമർപ്പണത്തിലേക്കു നയിക്കുകയാണ്. ഒരു സത്യ സമർപ്പണത്തിലേക്കു വന്നാൽ യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്കു വന്ന് നിങ്ങളുടെ ഭാവി ഏറ്റെടുക്കും. അതെന്തൊരു ഭാഗ്യമാണ്!

നമ്മുടെ ബിസിനസ്സ്, കുടുംബജീവിതം, നമ്മുടെ രോഗം, കടത്തിന്റെ കാര്യം എല്ലാം യേശു ഏറ്റെടുക്കും. ദുഃഖവും ഭാരവും ആകുലവും ആവലാതിയും കഷ്ടപ്പാടും തിങ്ങിനിറഞ്ഞ ഈ ജീവിതം യേശുവിന്റെ കൈകളിലേക്ക് നിങ്ങൾ കൊടുത്തു നോക്കൂ. കാണാം യേശു നിങ്ങളുടെ കാര്യം ഏറ്റെടുക്കുന്നത്. യേശു നിങ്ങളെ അനുഗ്രഹിക്കുകയും നിങ്ങളുടെ ആകുലങ്ങൾ മാറ്റിത്തരികയും നിങ്ങൾക്ക് ഒരു പുതിയ പാത തുറന്നുതരികയും ചെയ്യും.

“അല്ലയോ, പരാക്രമശാലിയേ യഹോവ നിന്നോടു കൂടെയുണ്ട്.” ഗിദയോൻ അമ്പരന്നുപോയി. എന്താണ് ഞാനീ കേൾക്കുന്നത്? ഞാൻ പരാക്രമശാലിയോ? ഞാൻ ഭീരുവല്ലേ? മുന്തിരിച്ചക്കിനരികിൽ വച്ച് കോതമ്പ് മെതിക്കുന്ന ഒരു മണ്ടനല്ലേ? ഞാൻ പേടിച്ചല്ലേ അങ്ങനെ ചെയ്യുന്നത്?

*“ഗിദയോൻ അവനോട്: അയ്യോ, യജമാനനേ, യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നത് എന്ത്?”*

*ന്യായാധിപന്മാർ 6 : 13*

ഗിദയോൻ ദൈവദൂതനോടു ചോദിച്ചു: യജമാനനേ, ദൈവം കൂടെയുണ്ടെന്നൊക്കെ പറയുന്നു. പക്ഷേ, എനിക്കനുഭവമില്ല. കാരണം, ദൈവം കൂടെയുണ്ടെങ്കിൽ ഈ നാടിന് ഈ കെടുതി വരുമോ? ദൈവം കൂടെയുണ്ടെങ്കിൽ ഈ കഷ്ടപ്പാടും തകർച്ചയും വരുമോ? ദൈവം കൂടെയുണ്ടെങ്കിൽ മിദ്യാന്യർ വന്ന് ഇങ്ങനെ ആക്രമിക്കുമോ? ദൈവം കൂടെയു

ണ്ടെങ്കിൽ ഈ ദുരിതങ്ങളെല്ലാം വന്നു കയറുമോ?

നിങ്ങളിൽ ചിലരുടെയുള്ളിൽ ഈ ചിന്ത ഉണ്ടായിട്ടുണ്ട്. ദൈവം എന്നെ സ്നേഹിക്കുന്നില്ല; മറ്റു ചിലരെയൊക്കെ സ്നേഹിക്കുന്നുണ്ടാവാം. ദൈവത്തിനെന്നോടു സ്നേഹമുണ്ടെങ്കിൽ എനിക്കുമാത്രം ദുരിതം വരുമോ? ഞാൻ എന്തു മാത്രം കരഞ്ഞു പ്രാർത്ഥിക്കുന്നു! എനിക്കിങ്ങനെ കഷ്ടപ്പാട് വരുന്നതെന്താണ്? എനിക്കെന്താ ഈ രോഗം മാറാത്തത്? എന്റെ കുടുംബത്തിലെ ദുരിതം മാറാത്തതെന്താണ്?

ദൈവം സ്നേഹമാണെന്നും ദൈവം കൂടെയുണ്ടെന്നും ദൈവമക്കൾ വചനം പറയുമ്പോൾ പറയുന്നു. പിന്നെ എന്താണ് എനിക്ക് മാത്രം ഇങ്ങനെ? ദൈവത്തിന് എന്നെ സ്നേഹമില്ലായിരിക്കാം. ഇങ്ങനെ സ്വയംപരിതാപത്തിൽ അഥവാ സ്വയംസഹതാപത്തിൽ കഴിയുന്നവരുണ്ട്.

ഒന്നുമാത്രം വിശ്വസിക്കൂ, ജീവനുള്ള ക്രിസ്തു സ്നേഹം മാത്രമാണ്. ഞാൻ ചിന്തിച്ചിരുന്നു: ദൈവം സ്നേഹമാണെങ്കിൽ ഒരു വയസ്സിൽ ഞാൻ അനാഥനാകേണ്ടി വന്നതെന്താണ്? എന്റെ അപ്പൻ, യൗവ്വനാരംഭത്തിൽ മരിച്ചുപോയതെന്താണ്? ദൈവത്തിന് എന്നോട് സ്നേഹമായിരുന്നെങ്കിൽ തുടരെത്തുടരെ അഞ്ചുമരണം ഞങ്ങളുടെ കുടുംബത്തിൽ വന്നതെന്താണ്? എന്തുകൊണ്ട് ഞങ്ങൾക്കെല്ലാവർക്കും രോഗം വന്നു? ദൈവം കൂടെയുണ്ടെങ്കിൽ ഇങ്ങനെയൊക്കെ വരുമോ? ദുരിതം പിടിച്ച ജീവിതം! അന്നെനിക്ക് തോന്നിയിട്ടുണ്ട്, ദൈവം ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നില്ലല്ലോ എന്ന്. മനസ്സറിഞ്ഞ് ഒരു പാപവും ഞാൻ ചെയ്യുന്നില്ലല്ലോ, പിന്നെ എന്താണ് ദൈവം ഞങ്ങളെ സഹായിക്കാത്തതെന്ന്. ഞാനും ദൈവത്തിന്റെ സ്നേഹം തിരിച്ചറിയാതെ നിരാശപ്പെട്ടുപോയ മനുഷ്യനാണ്.

എന്റെ പതിനേഴാമത്തെ വയസ്സുവരെയും നിരാശയിൽ കുതിർന്ന്, എനിക്കാരുമില്ലല്ലോ എന്നോർത്ത് അനാഥനായി വലഞ്ഞുപോയ ജീവിതമായിരുന്നു. എന്നാൽ സ്നേഹവാ

നായ ദൈവം തന്റെ വചനം എന്റെ ഹൃദയത്തിലേക്ക് പകർന്നു. കരുണയുള്ള കർത്താവിന്റെ വചനം കേൾക്കാൻ ഭാഗ്യം ലഭിച്ചു. അന്നെനിക്ക് മനസ്സിലായി സ്നേഹവാനായ യേശു എന്റെ ജീവിതം ഏറ്റെടുത്തു എന്ന്. യേശുവിന്റെ കൈകളിലേയ്ക്ക് ഈ ജീവിതം ഒന്നും ചിന്തിക്കാതെ കൊടുത്തു. യേശു എന്റെ ഹൃദയത്തിലേക്കു കടന്നു വന്നു.

സഹോദരങ്ങളേ, നിങ്ങളുടെ പാപംനിറഞ്ഞ ജീവിതം യേശുവിന്റെ കരങ്ങളിലേയ്ക്ക് ഏല്പിച്ചു കൊടുക്കാമോ? നിങ്ങളുടെ ആവലാതികളും ആവശ്യങ്ങളുമെല്ലാം യേശുവിനോടു തുറന്നുപറയാം. ജീവിതത്തിൽ വന്നുപോയ പാപങ്ങളെല്ലാം ഉള്ളുതുറന്ന് ഏറ്റുപറഞ്ഞതിനുശേഷം: കർത്താവേ, നിന്റെ രക്തത്താൽ എന്നെ കഴുകണമേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ചുടുരക്തത്താൽ എന്റെ ജീവിതത്തിൽ അറിഞ്ഞും അറിയാതെയും വന്നുപോയ എല്ലാ മാലിന്യങ്ങളും കഴുകി എന്നെ വെടിപ്പാക്കണമേ എന്നു പ്രാർത്ഥിക്കുക. അങ്ങനെ പാപമോചനം കിട്ടിക്കഴിയുമ്പോൾ നിങ്ങളുടെ കാര്യങ്ങൾ യേശു ഏറ്റെടുത്ത് നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ ആവശ്യങ്ങൾ കർത്താവിന്റെ ആവശ്യങ്ങളായി മാറും.

നിങ്ങളുടെ മക്കളെ നിങ്ങൾ സ്നേഹിക്കുന്നില്ലേ? അതുപോലെ സ്വർഗ്ഗത്തിലെ അപ്പൻ സ്നേഹവാനാണ്. അവൻ നമ്മുടെ കാര്യം നോക്കും. സ്നേഹവാനായ യേശു തന്നെത്തന്നെ ക്രൂശിൽ അർപ്പണം ചെയ്തവനാണ്. തങ്കത്തിരുവിലാവ് തുറന്ന് തിരുരക്തം ഒഴുക്കിയവനാണ്; അവന്റെ തിരുഹൃദയം മുറിഞ്ഞതാണ്. അവന്റെ കൈകളും കാലുകളും ആണിയടിച്ച് തകർന്നതാണ്; അവന്റെ പുറം ഉഴവുചാലുകൾ പോലെ കീറിയതാണ്. എന്തിന്? എന്റെ പാപം വഹിപ്പാൻ!

ഇപ്പോൾ നിങ്ങളുടെ ഭാവി യേശുവിന്റെ കരങ്ങളിലേക്കു കൊടുക്കുക. കർത്താവേ, ഇനി എന്റേതില്ല നിന്റേതുമാത്രം. എന്റെ ദേഹവും ദേഹിയും ആത്മാവും മുഴുവനായി നിന്റെ

കരങ്ങളിലേയ്ക്കു തരുന്നു. എന്നെ നീ സ്വീകരിച്ച് എന്റെമേൽ നിന്റെ തൃക്കരം ഒന്നു വയ്ക്കണമേ. ഞാൻ ഇതാ എന്നെ ത്തന്നെ നിനക്കു തരുന്നു. എന്റെ കാര്യം, എന്റെ കുടുംബ ത്തിന്റെ കാര്യം, എന്റെ മക്കളുടെയും മക്കളുടെ മക്കളുടെ കാര്യം എല്ലാം നീ ഏറ്റെടുക്കണമേ.

വിശ്വസിക്കാൻ കൊള്ളാവുന്നവന്റെ കൈകളിലേയ്ക്ക് നിങ്ങളുടെ ജീവിതം ഏല്പിച്ചു കൊടുക്കൂ. അവൻ നിങ്ങളെ ദുഷ്ടാത്മഭീതിയിൽ നിന്നു വിടുവിച്ച് നിങ്ങളുടെ ജീവിത ത്തിൽ ഐശ്വര്യം തരട്ടെ. നിങ്ങളുടെ ആഗ്രഹങ്ങൾ നിറവേ റട്ടെ; അവൻ നിങ്ങൾക്ക് സംതൃപ്തിയുള്ള ഒരു ഭാവിജീവിതം തരട്ടെ. യേശുവിന്റെ ജയമുള്ള സ്ലീബ നിങ്ങൾക്ക് അഭയമാ കട്ടെ.

## രണ്ട്

*"യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി: അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടു കൂടെ ഉണ്ട് എന്ന് അവനോടു പറഞ്ഞു."*

*ന്യായാധിപന്മാർ 6 : 12*

ഭീരുവായ ഗിദയോനെ ദൈവം വിളിക്കുന്നത് പരാക്രമശാലി എന്നാണ്. മിദ്യാന്യരെ പേടിച്ച് മുന്തിരിച്ചക്കിനരികെയിരുന്ന് ഗിദയോൻ കോതമ്പ് മെതിയ്ക്കുകയാണ്. മുന്തിരിച്ചക്കിനരികെ ശത്രു വരികയില്ലെന്ന് വിചാരിച്ചാണ് ഗിദയോൻ അങ്ങനെ ചെയ്തത്. കാരണം മുന്തിരിപ്പഴത്തിന്റെ കാലമല്ല അത്. അതുകൊണ്ട് മിദ്യാന്യർ അവിടെ വരികയില്ല എന്ന് ഗിദയോനറിയാം.

സമ്പാദിച്ചു കൂട്ടിയതെല്ലാം ശത്രു അപഹരിച്ചുകൊണ്ടു പോകുന്നു. ഇതിന്റെ പിന്നിൽ പിശാചാണ് പ്രവർത്തിക്കുന്നത്. എന്തുമാത്രം അദ്ധ്വാനിച്ചാണ് നാം ഓരോരുത്തരും ജീവിക്കുന്നത്! പക്ഷേ, ദുഷ്ടപ്പിശാച് ചില മനുഷ്യരെ ഉപയോഗിച്ച് നമ്മിൽനിന്നും എല്ലാം കവർന്നുകൊണ്ടു പോകുന്നു. പാവപ്പെട്ട മനുഷ്യൻ പലതും കഷ്ടപ്പെട്ടുണ്ടാക്കുന്നു. പക്ഷേ, അത് അനുഭവിക്കാൻ സാധിക്കുന്നില്ല. നിരാശാജനകമായ ഒരു സാഹചര്യമാണത്!

വാസ്തവത്തിൽ നമ്മുടെ ജീവിതം അങ്ങനെയല്ലേ? എത്രയാതനയും വേദനയും അനുഭവിച്ചുകൊണ്ടാണ് ഓരോരുത്തരും ജീവിക്കുന്നത്! ഓരോ ദിവസവും എന്തെല്ലാം ആവശ്യങ്ങളും ആവലാതികളുമാണ് നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നത്!

ഏതെല്ലാം പ്രതിസന്ധികളിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്! നമ്മിൽ പലരുടെയും ഹൃദയം നീറിപ്പുകയുകയാണ്. പലരുടെയും ഹൃദയത്തിൽനിന്നും, ഭവനത്തിൽ നിന്നും പിശാച് സമാധാനം അപഹരിച്ചുകൊണ്ടു പോകുന്നു.

*“യഹോവയെ ഭയപ്പെട്ട്, അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ; നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്ക് നന്മ വരും.” സങ്കീർത്തനങ്ങൾ 128 : 1, 2*

യഹോവയെ ഭയപ്പെട്ടു നടന്നാലുള്ള ഗുണമെന്താണ്? ‘‘നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും.’’ സങ്കീർത്തനം 128 : 2. അദ്ധ്വാനിച്ചു കിട്ടുന്നതിന്റെ ഫലം നിനക്കുതന്നെ തിന്നാൻ കിട്ടും. ഇതുവരെയുള്ള നിന്റെ ഫലം അന്യൻ കൊണ്ടുപോകുകയായിരുന്നു. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന ദൈവദാസന് തന്റെ അദ്ധ്വാനഫലം തിന്നാൻ കിട്ടും.

കഷ്ടപ്പെട്ടു നേടിയെടുത്ത ചില സൗകര്യങ്ങൾ, ചില സാഹചര്യങ്ങൾ അന്യന്റെ കൈവശമായിപ്പോകുന്നു. പാവപ്പെട്ട യിസ്രായേൽക്കാർ വലഞ്ഞുപോയി. അവർക്ക് ധാരാളം കോതമ്പു നിലങ്ങളുണ്ട്, അവിടെ കൃഷിചെയ്യും. എന്നാൽ കൊയ്ത്താറാകുമ്പോൾ മിദ്യാന്യർ വന്ന് എല്ലാം കൊയ്തുകൊണ്ടു പോകുന്നു. പാവപ്പെട്ട യിസ്രായേൽക്കാർ കഷ്ടപ്പെടുന്നത് വെറുതെ! ഇതുപോലെ നമ്മിൽ പലരുടെയും ജീവിതത്തിൽ അനേകമനേകം കെടുതികൾ വരുന്നു. പ്രശ്നങ്ങളും പ്രയാസങ്ങളും സമാധാനക്കേടുകളും വരുന്നു. ആരും തമ്മിൽത്തമ്മിൽ സ്നേഹവും ഐക്യവുമില്ല.

കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് വീട്ടിലേക്ക് വരുന്ന ഭർത്താവ്! ക്ഷീണിച്ച് ഒന്നു തലചായ്ച്ചാൽ മതി എന്നു വിചാരിച്ചു വരുമ്പോഴാണ് ഭാര്യയുടെ പരാതികളും പരിഭവങ്ങളും പിറുപിറുപ്പുകളും കേൾക്കേണ്ടി വരുന്നത്. ഭർത്താവ് പറയും: “നീ എനിക്കൊരു സമാധാനം താ, ഞാനൊന്നുറങ്ങട്ടെ.” മറിച്ച്, പകൽ

മുഴുവൻ കഷ്ടപ്പെടുന്ന ഭാര്യ! ഭർത്താവിന്റെ കാര്യം നോക്കണം, മക്കളുടെ കാര്യം നോക്കണം; എന്തെല്ലാം ബദ്ധപ്പാടുകൾ! അതിനിടയ്ക്ക് ശരീരത്തിലെ ക്ലേശങ്ങൾ, വേദനകൾ, രോഗങ്ങൾ! രാത്രി പതിനൊന്നുമണിവരെയുള്ള കഷ്ടപ്പാടുകൾ!

രാത്രിയിൽ ഒന്നു മയങ്ങാം എന്നു വിചാരിക്കുമ്പോഴാണ് ഭർത്താവ് മദ്യപിച്ച് സുബോധമില്ലാതെ ആടിയാടി വരുന്നത്. ഭർത്താവ് വന്ന്, കേൾക്കാൻ കൊള്ളാത്ത ചീത്തവാക്കുകൾ പറയുന്നു. ഹീനമായ രീതിയിൽ പെരുമാറുന്നു. കഠോരമായി വേദനിപ്പിക്കുന്നു. പാവം ആ സ്ത്രീ വലയുന്നു. ഇന്ന് അനേകരെ പിശാച് ഞെരിച്ചുകൊണ്ടിരിക്കുകയാണ്. ജീവിക്കാൻ പറ്റാത്ത രീതിയിൽ കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കുടുംബത്തിൽ തന്നെ അതിനുള്ള സാഹചര്യങ്ങൾ പിശാച് ഒരുക്കും. കോപവും പരിഹാസവും അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാക്കും. ജോലിസ്ഥലത്ത് പ്രതിസന്ധികളുണ്ടാക്കും.

പ്രശ്നങ്ങൾ ഒഴിവാക്കാനാണ് ഗിദയോൻ മുന്തിരിച്ചക്കിനരികെയിരുന്ന് കോതമ്പ് മെതിച്ചത്. മിദ്യാന്യർ ഇവിടെ വരികയില്ലല്ലോ എന്ന് അവനോർത്തു. അപ്പോഴാണ് ഗിദയോൻ ഒരു ശബ്ദം കേട്ടത്! അത് ദൈവദൂതനായിരുന്നു!

ദൈവത്തിന്റെ ദൂതനെന്നു പറയുന്നത് കർത്താവായ യേശുവിനെക്കുറിച്ചാണ്. അന്ന് യേശുക്രിസ്തു അക്ഷരികമായി ഭൂമിയിൽ ജനിച്ചിട്ടില്ല. പക്ഷേ, യേശുക്രിസ്തു ലോകാരംഭത്തിനുമുമ്പേ ഉണ്ട്. അനാദിയായവനാണ്, ആദിയും അന്തവും ഇല്ലാത്തവനാണ്. പഴയനിയമത്തിൽ യേശുക്രിസ്തുവിനെയാണ് ദൈവത്തിന്റെ ദൂതൻ എന്നു നാം വായിക്കുന്നത്.

ദൈവത്തിന്റെ ദൂതൻ ഗിദയോനോട് പറയുകയാണ്: “അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോട് കൂടെ ഉണ്ട്.” ഗിദയോൻ അത്ഭുതപ്പെട്ടുപോയി. ദൈവം കൂടെയുണ്ടെങ്കിൽ പാവപ്പെട്ട യിസ്രായേൽക്കാർക്ക് ഈ ദുരിതം വരുമോ?

ശത്രുക്കൾ വന്ന് ഇങ്ങനെ ഉപദ്രവിക്കയും കവർച്ച ചെയ്തു കൊണ്ടുപോകയും ചെയ്യുമോ? ഇത്രയും കെടുതി വന്നത് ദൈവം സഹായിക്കാത്തതുകൊണ്ടല്ലേ? പിന്നെ എന്താണ് ദൈവം കൂടെയുണ്ടെന്ന് പറയുന്നത്?

നമ്മിൽ പലർക്കും അങ്ങനെ തോന്നാറുണ്ട്. ദൈവം ഒന്നു കനിഞ്ഞെങ്കിൽ ഈ പ്രശ്നം ഒന്നു തീർന്നേനെ. പക്ഷേ, ദൈവം എനിക്കനുകൂലമല്ല, ഞാനെന്തുചെയ്യും? ദൈവത്തിന് കഴിയുമായിരുന്നല്ലോ ഈ അത്യാഹിതം ഒഴിവാക്കിത്തരു വാൻ. പിന്നെ എന്തുകൊണ്ടാണ് ആ ആക്സിഡന്റ് വന്നത്? ദൈവത്തിന് കഴിയുമായിരുന്നല്ലോ ആ മാരകമായ രോഗം മാറ്റിത്തരുവാൻ, പിന്നെ എന്താണതു വന്നത്? ദൈവത്തിന് എന്നോടു കരുണയില്ല. ദൈവം അനുകൂലമല്ല. ദൈവത്തിനു കഴിയുമായിരുന്നല്ലോ എനിക്കാ പരീക്ഷ ജയിപ്പിച്ചുതരുവാൻ; പിന്നെ എന്താണ് എനിക്കിങ്ങനെ പറ്റിയത്? കർത്താവ് എന്താണ് എന്റെ കാര്യം മാത്രം നോക്കാത്തത്?

ഒരു വയൽ, അതിൽ ധാരാളം നെല്ല് വിളഞ്ഞുകിടക്കു ന്നു. കൂടാതെ കുറെ പച്ചക്കറികളും അതിലുണ്ട്. ഒരു പശു ആ പച്ചക്കറികൾ തിന്നു നശിപ്പിച്ചുകൊണ്ടിരുന്നു. അതിനെ ഓടി ച്ചിറക്കിവിട്ടു, ചുറ്റും വേലി കെട്ടി. പക്ഷേ, അവിടെയുള്ള നെല്ലും പച്ചക്കറികളും തിന്ന് പശുവിന് രുചിപറ്റിയിരുന്നു. പശു പിന്നെയും ആ വേലിക്കു ചുറ്റും അകത്തു കടക്കുന്നതി നുവേണ്ടി നോക്കി നോക്കി നടന്നപ്പോൾ ഒരു പഴുതുകിട്ടി. ആ പശു അതിൽക്കൂടി കടന്നു. പിന്നാലെ വേറെ ഏഴു പശുക്കളും കൂടി വയലിലേയ്ക്കു കയറി.

ആദ്യം ഒരു പശുവായിരുന്നു. അതിനെ ഓടിച്ച് വേലികെ ട്ടിയിരുന്നു. എന്നാൽ ഇപ്പോൾ വേലി സൂക്ഷിക്കാതിരുന്നതു കൊണ്ട് വേറെ ഏഴു പശുക്കളും കൂടി അകത്തുകയറി. ദുരാ ത്മാവ് ഒരു മനുഷ്യനെ വിട്ടുപോയാൽ വീണ്ടും അകത്തുകട ക്കാൻ ചുറ്റിനടക്കും.

“ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച്

അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടൂ എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു.” വേലി പൊളിഞ്ഞുപോയാൽ, ഒരു ചെറിയ പഴുതുകിട്ടിയാൽ അവൻ അകത്തു കടക്കും. അവൻ അകത്തു കടക്കുമ്പോൾ ആദ്യം വന്നതുപോലെയല്ല ഏഴിരട്ടി ദുരിതമായിരിക്കും.

അനേകമനേകം ആളുകൾ, യേശു എന്റെ കൂടെയില്ല, യേശു എന്റെ കൂടെയുണ്ടെങ്കിൽ പിന്നെ എനിക്കെന്താണിങ്ങനെ സംഭവിച്ചത് എന്ന് ചിന്തിച്ച് യേശുവിനോട് പരിഭവിക്കുന്നുണ്ട്. പരിശുദ്ധാത്മാവിനോട് പരിഭവമാണ്. പരിശുദ്ധാത്മാവിനോട് മറുതലിപ്പ് വരുന്നു.

പരിശുദ്ധാത്മാവിനെതിരായ പാപം വന്നതുകൊണ്ട് അവനിപ്പോൾ ആദ്യമുണ്ടായിരുന്നതിനേക്കാൾ വളരെ ഭയാനകമായ ഒരു പാപം കൂടി വന്നിരിക്കുകയാണ്. നാം അനുതപിക്കുമ്പോൾ കർത്താവ് അവന്റെ ബന്ധനം അഴിച്ചു കൊടുക്കും.

ഞാൻ പ്രാർത്ഥിക്കുന്നുണ്ട്, ദൈവവേലയിൽ പങ്കെടുക്കുന്നുണ്ട്. പിന്നെ എന്താണെനിക്കിങ്ങനെ വന്നത്? എന്റെ കുടുംബത്തിൽ സ്വൈര്യം കിട്ടാത്തതെന്താണ്? എന്റെ മക്കൾ നേരെയാകാത്തതെന്താണ്? ഇങ്ങനെ ചോദ്യങ്ങളുമായി അനേകരിന്ന് കഴിയുകയാണ്. ഗിദയോനും ചോദ്യമുണ്ടായിരുന്നു.

*“ഗിദയോൻ അവനോട്: അയ്യോ, യജമാനനേ, യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇത് ഒക്കെ ഭവിക്കുന്നത് എന്ത്?” ന്യായാധിപന്മാർ 6 : 13*

ദൈവം കൂടെയുണ്ടെന്നല്ലേ അങ്ങ് പറഞ്ഞത്? അങ്ങനെയാണെങ്കിൽ എന്താണിങ്ങനെയൊക്കെ ഭവിക്കുന്നത്? ഇത്ര വലിയ കെടുതികൾ നമ്മുടെ നാട്ടിൽ വരുന്നതെന്താണ്? യിസ്രായേൽ മക്കൾക്ക് ഇത്രവലിയ ആപത്തുകൾ വരുന്നതെന്താണ്?

*“യഹോവ നമ്മെ മിസ്രയീമിൽ നിന്നു കൊണ്ടു വന്നു എന്നു നമ്മുടെ പിതാക്കന്മാർ നമ്മോടു അറിയിച്ചിട്ടുള്ള അവന്റെ അത്ഭുതങ്ങൾ ഒക്കെയും*

*എവിടെ? ഇപ്പോൾ യഹോവ നമ്മെ ഉപേക്ഷിച്ചു മിദ്യാന്യരുടെ കൈയിൽ ഏല്പിച്ചിരിക്കുന്നുവല്ലോ എന്നു പറഞ്ഞു.” ന്യായാധിപന്മാർ 6 : 13*

മിസ്രയീമിലെ അടിമത്വത്തിൽ നിന്ന് നമ്മുടെ പിതാക്കന്മാരെ ദൈവം വിടുവിച്ചുവെന്നും കനാനിലേയ്ക്ക് കൊണ്ടുവന്നു എന്നും കേട്ടിട്ടുണ്ട്. പക്ഷേ, പണ്ടത്തെ അത്ഭുതങ്ങൾ ഇപ്പോൾ എവിടെ? പണ്ടത്തെ ആത്മീയവീര്യവും ചൈതന്യവും എവിടെ? പണ്ടത്തെ പ്രാർത്ഥനയുടെ കരുത്തും ദൈവിക സാന്നിദ്ധ്യവും എവിടെ? ദൈവം കൂടെയുണ്ടായിരുന്ന കാലത്തുണ്ടായിരുന്ന അത്ഭുതങ്ങൾ ഇന്ന് എന്താണില്ലാത്തത്?

എത്രയോ പേരാണ് മാനസാന്തരപ്പെട്ടത്? എത്രയോ പേരുടെ കുടുംബത്തിൽ ഐശ്വര്യവും സമാധാനവും വന്നു. എത്രയോ പേരുടെ ജീവിതത്തിൽ വിജയം നേടി. പിന്നെ എന്താണ് ഇന്നതു നടക്കാത്തത്? ഒരു വലിയ ചോദ്യമാണത്. പ്രിയപ്പെട്ടവരേ, ദൈവം വിട്ടുപോയിട്ടില്ല. ദൈവം മാറിപ്പോയിട്ടില്ല. നാമാണ് മാറിപ്പോയത്. നാം ദൈവത്തെ വിട്ടുപോയി.

പണ്ടത്തെ അത്ഭുതങ്ങൾ ഇപ്പോഴും അവിടെത്തന്നെയുണ്ട്. വേണമെങ്കിൽ കിട്ടും. പണ്ടത്തെ അത്ഭുതങ്ങൾ നിങ്ങൾക്കു വേണമോ? പണ്ടു കാലത്തുണ്ടായിരുന്ന സന്തോഷങ്ങൾ, ഒരു കാലത്ത് നിങ്ങൾ അനുഭവിച്ച ആത്മാവിന്റെ വീര്യം തിരികെ കിട്ടണമോ? ഒരുകാലത്ത് സകലവും മറന്ന് ദൈവത്തെ സ്തുതിച്ച ആ നല്ലകാലങ്ങൾ നിങ്ങൾക്ക് തിരികെ കിട്ടണമോ? ഇന്ന് ചുണ്ടുകൾ അടഞ്ഞ്, സ്തുതി നിലച്ചുപോയിരിക്കുകയല്ലേ? നീ ബൈബിൾ തുറന്ന് വായിച്ചിട്ടെത്ര ദിവസമായി? മുമ്പ് പ്രാർത്ഥിക്കുമ്പോൾ നീ കരയുമായിരുന്നു. ഇന്നോ, നിന്റെ അവസ്ഥ എന്താണ്? പണ്ടത്തെ അത്ഭുതങ്ങൾ എവിടെ?

ഗിദയോന്റെ ചോദ്യം വളരെ ശക്തമായി നമ്മുടെ ജീവിതത്തിലേയ്ക്കു വിരൽ ചൂണ്ടുന്നതാണ്. ദൈവം കൂടെയുണ്ടെ

ങ്കിൽ പണ്ടത്തെ അത്ഭുതങ്ങൾ എന്താണിപ്പോൾ നടക്കാത്തത്? ഇതെല്ലാം വായിക്കുമ്പോൾ നിങ്ങൾ ഓർക്കണം. പണ്ടത്തെ അത്ഭുതങ്ങൾ അവിടെത്തന്നെയുണ്ട്. ഇനിയും പണ്ടത്തെ ഐശ്വര്യം കിട്ടും. ഒരു കാലത്തുണ്ടായിരുന്ന ആത്മാവിന്റെ തീ ഇനിയും കിട്ടും. ആത്മാവിന്റെ തീജ്ജ്വാലയിൽ ഇനിയും നിനക്ക് ആനന്ദപുളകിതനായി ദൈവത്തെ സ്തുതിക്കാം. നല്ല കാലങ്ങൾ ഇനിയും ലഭിക്കും.

ദൈവത്തിന്റെ വചനം പറയുന്നു: "അല്ലയോ പരാക്രമ ശാലിയേ, യഹോവ നിന്നോടുകൂടെയുണ്ട്." ആ ശബ്ദം നിങ്ങ ളുടെ ഹൃദയത്തിൽ മുഴങ്ങണം. കർത്താവ് നിന്നെ ഉപേക്ഷിച്ചി ട്ടില്ല. നീ പാപം ചെയ്തു; ശരിയാണ്; നീ കർത്താവിനെ ഉപേ ക്ഷിച്ചു. പക്ഷേ, കർത്താവ് നിന്നെ ഉപേക്ഷിച്ചിട്ടില്ല. ജീവനുള്ള ക്രിസ്തുവിന് ഉപേക്ഷിക്കാൻ സാധിക്കുകയില്ല. നീ എത്ര മാത്രം പാപം ചെയ്താലും അവനു നിന്നോടു സ്നേഹമാണ്. അവന്റെ സ്നേഹം നിന്റെ നേരെ ജ്വലിച്ചുകൊണ്ടിരിക്കുക യാണ്. ദൈവത്തിന്റെ കത്തുന്ന സ്നേഹം ഇപ്പോൾ നിങ്ങളെ വലയം ചെയ്തുകൊണ്ടിരിക്കുകയാണ്.

ദൈവം ഗിദയോനെ പരാക്രമശാലിയായിട്ടാണ് കാണു ന്നത്. അവൻ ഇന്ന് ഭീരുവാണ്; പക്ഷേ കർത്താവ് കാണുന്നത് നാളത്തെ സ്ഥിതിയാണ്. ഈ ഭീരു നാളെ പരാക്രമശാലിയായി തീരും.

സ്നേഹിതാ, ഇന്നു നീ ഭയചകിതനാണ്. ദുരിതമനുഭ വിച്ചു കഴിയുന്നവളാണ്; തോരാക്കണ്ണീരു കുടിച്ചു കഴിയുന്നവ ളാണ്; സ്വൈര്യമില്ലാത്ത കുടുംബജീവിതത്തിന്റെ പ്രാരബ്ധം ഓർത്ത് വിഷമിക്കുന്നവളാണ്. എന്നാൽ ദൈവം നിന്റെ നാളത്തെ അവസ്ഥ കാണുന്നു. നാളെ നീ പരാക്രമശാലിയാ കാൻ പോകുന്നു.

ഞാൻ ചെറുപ്പത്തിൽ ഭയങ്കരപേടിയുള്ളവനായിരുന്നു. എനിക്ക് ഒരു വയസ്സിൽ അപ്പൻ മരിച്ചുപോയതുകൊണ്ട്, ഞാനും അമ്മയും പെങ്ങളും മാത്രമേ വീട്ടിൽ ഉള്ളൂ. അന്ന്

ഇപ്പോഴത്തെ റോഡ് സൗകര്യങ്ങൾ ഒന്നുമില്ല. മുഴുവൻ വനം പോലെയാണ്. ഞങ്ങളുടെ പറമ്പെല്ലാം അന്ന് കാടാണ്. വലിയ കാടായതുകൊണ്ട് പേടിയാകും. അവിടെ നത്തോ മൂങ്ങയോ മൂളുമ്പോൾ, പുറത്ത് ചെറിയൊരു കാൽപ്പെരുമാറ്റം കേട്ടാൽ പേടിയാകും.

അമ്മ അതുകൊണ്ട് സന്ധ്യയ്ക്ക് മുമ്പ് വാതിലും ജനലും അടച്ചു കുറ്റിയിടും. അന്ന് കറന്റ് ഒന്നുമില്ല, മണ്ണെണ്ണ വിള ക്കാണ്. ഞാൻ പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലത്തുപോലും അത്താഴം കഴിച്ചു കഴിഞ്ഞാൽ എന്റെ അമ്മയോ, പെങ്ങളോ വന്ന് എന്നെ തലവരെ മൂടി പുതപ്പിച്ചു കിടത്തുമായിരുന്നു. എനിക്ക് അത്ര ഭയങ്കര പേടിയായിരുന്നു.

എന്നാൽ ഞാൻ പതിനേഴാമത്തെ വയസ്സിൽ മാനസാന്ത രപ്പെട്ടുകഴിഞ്ഞപ്പോൾ ഏതർദ്ധരാത്രിയിലും ഏതിലെ പോകാനും ഒരു പേടിയുമില്ലാതായി. കാരണം, മാനസ്സാന്തരപ്പെട്ടപ്പോൾ യേശു എന്റെ അകത്തുവന്നു. അവൻ പേടിയില്ലാത്തവനാണ്. അവൻ ഭീരുവിനെ പരാക്രമശാലിയാക്കുന്നവനാണ്.

പാട്ടുകാരൻ പാടി :

“ഭയമില്ല അവർക്കിനിയെന്തിനു ഭയം
യൂദായുടെ സിംഹമല്ലോ മുമ്പിൽപ്പോകുന്നു
ആർക്കും വഴിമാറിടാത്തോൻ മുമ്പേപോകുന്നു
യൂദായുടെ സിംഹമല്ലോ മുമ്പിൽപ്പോകുന്നു”

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് പരാക്രമശാലികളായിത്തീ രാം. ഭീരുത്വമെല്ലാം മാറും. നാളെയെക്കുറിച്ചുള്ള ആശങ്കകൾ മാറും. ഭാവിയെക്കുറിച്ചുള്ള ഹൃദയത്തിന്റെ വിഷാദങ്ങൾ മാറും. നിങ്ങൾ ധീരരായിത്തീരും. നിങ്ങൾ ശക്തരും കരുത്ത രുമായിത്തീരും. ‘അല്ലയോ പരാക്രമശാലിയേ’ എന്നുള്ള വിളി കിട്ടുമ്പോഴാണ് സമർപ്പണം വരുന്നത്.

ശരിയായ സമർപ്പണം വരുന്നത് യേശുവിലുള്ള വിശ്വാസം വരുമ്പോഴാണ്. എന്നെ സ്നേഹിക്കുകയും കരുതു

കയും ചെയ്യുന്ന യേശു! എന്റെ കാര്യം അന്വേഷിക്കുന്ന ദൈവം! എനിക്ക് ഏറ്റവും നല്ലതു കരുതുന്ന ദൈവം! എന്റെ ജീവിതത്തിൽ നന്മയില്ലെങ്കിലും എന്നെ സ്നേഹിക്കുന്ന യേശു! പാകപ്പിഴകൾ ജീവിതത്തിൽ വന്നെങ്കിലും എനിക്കൊരു ശുഭകാലം തരാൻ കഴിവുള്ള യേശു! എന്റെ അശുദ്ധ ജീവിതം മാറ്റി ഒരു വിശുദ്ധജീവിതം തരാൻ ശക്തനായ യേശു! എന്നെ നേരെയുള്ള പാതയിൽ നടത്താൻ കഴിവുള്ള യേശു!

ആ യേശുവിലുള്ള വിശ്വാസം! അത്യുന്നതന്റെ പിറകെ ഞാൻ പോകുന്നു. ഞാൻ കല്ലിനേയും മരത്തേയും അല്ല സേവിക്കുന്നത്, പ്രാർത്ഥന കേൾക്കുന്ന ക്രിസ്തുവിനെയാണ്. അവൻ ഈ അഖിലാണ്ഡത്തെ മെനഞ്ഞവനാണ്. അവന്റെ കൈകളിൽ ഒന്നിനും പഞ്ഞമില്ല. എന്റെ കടം മാറ്റാൻ അവൻ മതിയായവനാണ്. എന്റെ സകല കടങ്ങളും ഏറ്റെടുക്കാൻ എന്റെ അരികത്ത് ഇതാ യേശു നിൽക്കുന്നു. എന്റെ രോഗം മാറ്റി, എന്റെ കുടുംബത്തിൽ സന്തോഷവും ആശ്വാസവും തരാൻ യേശു നിൽക്കുന്നു. നിങ്ങൾക്ക് ഈ യേശുവിനെ പരിചയം കിട്ടിയിട്ടുണ്ടോ?

അവനെ പരിചയപ്പെടാൻ ഏറ്റവും നല്ല സ്ഥലം ഗോഗുൽത്തായിലെ കുരിശിൻ ചുവടാണ്. അവിടെ നിങ്ങൾക്ക് യേശുവിനെ പരിചയപ്പെടാം. അവന് രൂപഗുണമില്ല, കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല. പതിനായിരങ്ങളിൽ സുന്ദരനാണ് യേശു, പിന്നെ എന്താണ് പ്രവാചകൻ ഇങ്ങനെ പറഞ്ഞത്?

> *"എന്റെ ദാസൻ കൃതാർത്ഥനാകും; അവൻ ഉയർന്നുപൊങ്ങി അത്യന്തം ഉന്നതനായിരിക്കും. അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് വിരൂപമായിരിക്കകൊണ്ട് പലരും നിന്നെ കണ്ടു സ്തംഭിച്ചുപോയതുപോലെ,"*
>
> *യെശയ്യാവ് 52 : 13, 14*

*"അവന്നു രൂപഗുണം ഇല്ല, കോമളത്വം ഇല്ല; കണ്ടാൽ ആഗ്രഹിക്കത്തക്ക സൗന്ദര്യവുമില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു; നാം അവനെ ആദരിച്ചതുമില്ല."*

*യെശയ്യാവ് 53 : 2, 3*

പ്രിയപ്പെട്ടവരേ, അവനെ കാണുമ്പോൾ മുഖം മറയ്ക്കത്തക്കവണ്ണം അവൻ നിന്ദിതനാണ്. അവൻ ആക്ഷേപിക്കപ്പെട്ടിരിക്കുന്നു. മുഖത്തേയ്ക്ക് ഭടന്മാർ തുപ്പിയിരിക്കുന്നു. അവനെ ആക്ഷേപിച്ച് അവന്റെ ശിരസ്സിൽ മുൾമുടി വച്ചിരിക്കുന്നു; രക്തം ചാലുകളായി ഒഴുകുന്നു. അവന്റെ മുഖത്തുനിന്നും രക്തം തുടിച്ചു വരത്തക്കവണ്ണം രോമങ്ങൾ വലിച്ചു പിഴുതെടുത്തിരിക്കുന്നു. അവന്റെ കവിളത്തേയ്ക്ക് അടിച്ചതുകൊണ്ട് കവിൾ വീർത്തിരിക്കുന്നു. അവന്റെ ശരീരം വീർത്ത് വീങ്ങിയിരിക്കുന്നു. ചാട്ടവാറടിയേറ്റ് തിണർത്തിരിക്കുന്നു.

അവൻ സുന്ദരനായിരുന്നു; ആയിരങ്ങളിലും പതിനായിരങ്ങളിലും സുന്ദരനായിരുന്നു. പക്ഷേ, ഇപ്പോൾ അവൻ വിരൂപനായിരിക്കുന്നു.

*"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു."* *യെശയ്യാവ് 53 : 4, 5*

എന്താണ് അവൻ വിരൂപനാകാൻ കാരണം? നമ്മുടെ രോഗങ്ങൾ, നമ്മുടെ വേദനകൾ അവൻ ചുമക്കുകയാണ്. പാപംമൂലം വിരൂപമായിപ്പോയ എന്റെ വൈകൃതം മുഴുവനും അവൻ എന്നിൽ നിന്നും മാറ്റി തന്റെമേൽ ആവാഹിച്ചെടുത്തിരിക്കുന്നു. പക്ഷേ, ദൈവം അവനെ ഉപേക്ഷിച്ചിരിക്കുന്നു.

ദൈവം കൂടെയുണ്ടായിരുന്നുവെങ്കിൽ അവന് ഇങ്ങനെയൊക്കെ വരുമോ എന്ന് നാം വിചാരിച്ചു. എന്നാൽ നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവൻ ഏറ്റെടുത്തു. നാം ശിക്ഷിക്കപ്പെടേണ്ടവരായിരുന്നു, നാം മുഖത്ത് തുപ്പലേറ്റു നിന്ദിക്കപ്പെടേണ്ടവരായിരുന്നു. നമ്മുടെ വൈകൃതം മാറ്റുവാനും നമ്മുടെ നിന്ദയേറ്റെടുക്കുവാനും നമ്മുടെ പാപം വഹിക്കുവാനും അവന് തിരുമനസ്സായതുകൊണ്ടാണ് അവന്റെമേൽ ഇതെല്ലാം വന്നത്

പ്രിയപ്പെട്ടവരേ, നിങ്ങൾ കുരിശിൻ ചുവട്ടിൽച്ചെന്ന് യേശുവിനെ പരിചയപ്പെട്ടാൽ നിങ്ങളുടെ രോഗം മാറികിട്ടും. നിങ്ങൾ കുരിശിൻ ചുവട്ടിൻ നെടുമ്പാടു കിടന്ന് യേശുക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട്: എന്റെ കർത്താവേ, എന്റെ പാപത്തിന്റെ ശിക്ഷയാണല്ലോ നീ വഹിച്ചിരിക്കുന്നത്, എന്നെ നീ മോചിപ്പിച്ചുവല്ലോ, എന്റെ അകൃത്യങ്ങൾ എല്ലാം നീ ഇങ്ങനെ ഏറ്റെടുക്കുവാൻ തക്കവണ്ണം നീയെന്നെ സ്നേഹിച്ചുവല്ലോ, എന്നെ ഇങ്ങനെ സ്നേഹിപ്പാൻ ഞാനെന്തുള്ളൂ എന്ന് വിനയത്തോടും നന്ദിയോടും കൂടെ അവന്റെ പാദം കെട്ടിപ്പിടിക്കുമ്പോൾ അവന്റെ അടിപ്പിണരാൽ സൗഖ്യം ലഭിക്കും; നമ്മുടെ മാനസികമായ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കും. ജീവിതത്തിന് മുമ്പോട്ടു കുതിപ്പുകിട്ടും. കെടുതികൾ മാറും. ശാന്തിയും സമാധാനവും ഇരച്ചുകയറും.

ജീവനുള്ള ക്രിസ്തു നരകവിധി ഒഴിവാക്കി നമ്മെ സ്വർഗ്ഗത്തിന്റെ അവകാശിയാക്കിത്തീർത്തിരിക്കുന്നു. അതിനത്രേ അവൻ സ്വർഗ്ഗം ചായ്ച്ച് ഭൂമിയിലേക്കിറങ്ങിവന്ന്, പാപിയായ മനുഷ്യനേയും സ്വർഗ്ഗത്തിലെ നിത്യനായ ദൈവത്തെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഇരുകരവും കുരിശിന്മേൽ

നിവർത്തിയത്. അവന്റെ രക്തം നമ്മുടെ പാപത്തിന് പരിഹാരമാണ്. അവന്റെ തിരുരക്തം നമ്മെ സ്നേഹിക്കുന്ന തിരുരക്തമാണ്; ക്ഷമിക്കുന്ന തിരുരക്തമാണ്; മോചനം തരുന്ന തിരുരക്തമാണ്. നിങ്ങൾക്ക് ആ തിരുരക്തത്തിൽ ആശ്രയിച്ചുകൊണ്ട് ആശ്വാസം പ്രാപിക്കാം. സൗഖ്യവും സമാധാനവും ശക്തിയും പ്രാപിക്കാം. അവന്റെ സാക്ഷികളായി നമുക്കെഴുന്നേൽക്കാം.

ഇപ്പോൾ നമ്മുടെ അരികത്തേയ്ക്ക് അവൻ വന്നിരിക്കുകയാണ്. അവനെ നിങ്ങൾക്കു പരിചയപ്പെടാം: യേശുവേ, എനിക്ക് നിന്നെ പരിചയമുണ്ടായിരുന്നില്ല. എനിക്ക് പാപമായിരുന്നു പരിചയം. മ്ലേച്ഛതയും അത്യാഗ്രഹവും ആയിരുന്നു പരിചയം. എന്റെ രക്തത്തിൽ ലയിച്ചുകിടക്കുന്ന ദ്രവ്യാഗ്രഹവും സ്വാർത്ഥതയും ആയിരുന്നു എനിക്കു പരിചയം. യേശുവേ, ഇന്ന് എന്റെ അരികത്തേയ്ക്ക് എഴുന്നള്ളി വന്ന നിന്നെ ഞാൻ പരിചയപ്പെടുകയാണ്. നിന്റെ പാദത്തിൽ ഞാൻ എന്നെത്തന്നെ സമർപ്പിക്കുകയാണ്.

യേശുവേ, എന്നെ തൊടണമേ. എന്നെ തലോടണമേ. എന്നെ വാഴ്ത്തി അനുഗ്രഹിക്കണമേ. നിന്റെ ശക്തി എന്റെ മേൽ പകർന്ന് എന്നിൽ നിന്റെ കൃപ ഒഴുക്കണമേ. എന്റെ പാപം പോക്കി വിശുദ്ധീകരിക്കണമേ.

ക്രൂശിലെ സ്നേഹത്താൽ നീ എന്നെ സ്നേഹിക്കുന്നു എന്ന്, ഭീരുവായ എന്നെ പരാക്രമശാലിയാക്കാൻ നീ എന്റെ അരികത്തു വന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നാഥാ! ഇന്നു മുതൽ പാപത്തോടുള്ള പരിചയം വിട്ട് യേശുവിനോടുള്ള പരിചയം പ്രാപിച്ച് ഒരു പുതിയ മനുഷ്യനായി ജീവിയ്ക്കാൻ ഞാൻ ഇതാ സമർപ്പിക്കുന്നു. എന്റെ മേൽ നിന്റെ തൃക്കരം വച്ച് എന്നെ സ്വീകരിക്കണമേ. നാഥാ! എന്നെ കഴുകി തിരുരക്തത്തിന്റെ മുദ്ര തന്ന്, സമാധാനം തന്ന് എനിക്ക് ഒരു നല്ലകാലം തരണമേ. എന്നിൽ നിന്റെ ആത്മാവിനെ നിക്ഷേപിക്കണമേ. എന്നെ ധീരനാക്കി മാറ്റണമേ.

# മൂന്ന്

*"അപ്പോൾ യഹോവ അവനെ നോക്കി: നിന്റെ ഈ ബലത്തോടെ പോക; നീ യിസ്രായേലിനെ മിദ്യാന്യരുടെ കൈയിൽനിന്നു രക്ഷിക്കും; ഞാനല്ലയോ നിന്നെ അയക്കുന്നത് എന്നു പറഞ്ഞു."*

*ന്യായാധിപന്മാർ 6 : 14*

നിന്റെ ഈ ബലത്തോടെ പോക. നീ ഒരാൾ മിദ്യാന്യരുടെ കൈയിൽനിന്ന് യിസ്രായേൽക്കാരെ മുഴുവൻ രക്ഷിക്കും. ഞാനാണ് നിന്നെ അയയ്ക്കുന്നത്. Now, you are a coward, but you are going to be a challenger. നീ ഇപ്പോൾ ഒരു ഭീരുവാണ്. എന്നാൽ ഭീരു, ജയാളിയായി മാറുന്നു. അവൻ ജേതാവായി മാറുന്നു. അവൻ വെല്ലുവിളിക്കുന്നവനായിത്തീരുന്നു. ശത്രു നിരകളെ വെല്ലുവിളിക്കാൻ പോന്നവനായി മാറുന്നു.

ഇന്ന് നിങ്ങൾ പരാജയപ്പെട്ടവരാണ്. പലതിലും തോൽവി യടഞ്ഞവരാണ്. എന്നാൽ നിങ്ങൾ challengers ആയിത്തീരാൻ, ജീവിതത്തിലെ വെല്ലുവിളികളെ തരണം ചെയ്യാൻ കഴിവുള്ളവരായിത്തീരാൻ ദൈവം ആഗ്രഹിക്കുന്നു, സാധിക്കുമോ നിങ്ങൾക്ക്? വിട്ടുകൊടുക്കാൻ പറ്റുമോ നിങ്ങൾക്ക്? അതാണ് സമർപ്പണം. "നിന്റെ ഈ ബലത്തോടെ പോക." മോനേ, നീ പണ്ടത്തെ അത്ഭുതങ്ങളെക്കുറിച്ച് പറഞ്ഞല്ലോ, അത് ഒരു ബലമാണ്.

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ദൈവത്തോട് പറയണം: നാഥാ, കഴിഞ്ഞകാലങ്ങളിൽ ഞാൻ നിന്നോട് യാചിച്ച യാചനകളെല്ലാം നീ കേൾക്കുകയും എനിക്ക് മറുപടി തരികയും

ചെയ്തതാണല്ലോ. ഇപ്പോൾ എന്റെ ഈ യാചന നീ കേൾക്കണമേ. കഴിഞ്ഞകാലങ്ങളിൽ തിരുമുമ്പാകെ ഞാൻ മുട്ടുമടക്കിയപ്പോൾ നീ എന്റെ അരികിലേക്ക് വന്ന് എന്റെമേൽ നിന്റെ കരം വച്ച് എന്നെ അനുഗ്രഹിച്ചതായിരുന്നുവല്ലോ. ഇന്ന് നിന്റെ കൃപ എനിക്ക് തരണമേ.

പഴയകാലങ്ങളിൽ ലഭിച്ച അനുഗ്രഹങ്ങൾ, പഴയകാലത്ത് ലഭിച്ച സന്തോഷങ്ങൾ മടക്കിത്തരാൻ ദൈവം കഴിവുള്ളവനാണ്; ദൈവത്തിന് മനസ്സുണ്ട്. നിങ്ങൾക്കാണ് മനസ്സില്ലാത്തത്. നിങ്ങൾക്കാണ് ക്രിസ്തുവിനുവേണ്ടി സമർപ്പിക്കാൻ തോന്നാത്തത്.

മകനേ, ഇന്ന് നിനക്ക് ഒരു ബലം ഞാൻ കല്പിക്കുകയാണ്. നിന്നിൽ ഒരു ബലം ഞാൻ നിക്ഷേപിക്കുകയാണ്. ഒരു പുതിയ ബലം ഞാൻ നിനക്ക് തരികയാണ്.

ഒരു പുതിയ കരുത്ത് നിനക്ക് തരികയാണ്. ഈ നിന്റെ ബലത്തോടെ പോക. ഞാനല്ലയോ നിന്നെ അയയ്ക്കുന്നത്. ഞാനല്ലയോ നിന്റെ കൂടെ ഇരിക്കാമെന്ന് പറഞ്ഞത്. ഈ വാക്ക് നീ വിശ്വസിക്കൂ. നിനക്ക് എവിടെ പോരായ്മയുണ്ടോ അവിടെ ഞാനുണ്ട്. എവിടെ ബലഹീനതയുണ്ടോ ബലഹീനത മാറ്റി നിന്നെ ബലശാലിയാക്കാൻ ഞാനുണ്ട്. എവിടെ നിന്റെ ജീവിതത്തിൽ കേടുകളുണ്ടോ അവിടെ എല്ലാ കേടുകളും പോക്കി നിന്നെ ശുദ്ധീകരിച്ച് നിറവുള്ളവനാക്കിത്തീർക്കാൻ ഞാനുണ്ട്. എവിടെയെല്ലാം നിനക്ക് പരാജയമുണ്ടോ അവിടെ നിനക്ക് വിജയം തരാൻ ഞാനുണ്ട്. എന്തു ഭാഗ്യകരമായ ജീവിതമാണത്!

സ്നേഹിതരേ, ഇപ്പോൾ നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, തോൽവിയടഞ്ഞ ഒരു മനുഷ്യനിതാ ഇവിടെയിരിക്കുന്നു. കർത്താവേ, എന്തെല്ലാം പാപമുണ്ടോ ആ പാപത്തിലെല്ലാം തോറ്റ ഒരു മനുഷ്യനിതാ ഇവിടെയിരിക്കുന്നു. തോൽവിയടഞ്ഞ ഒരു സ്ത്രീയായി ഞാൻ ഇവിടെ ഇരിക്കുന്നു.

കുടുംബജീവിതത്തിൽ ഞാനൊരു പരാജയമാണ്. ഭർത്താവിനെ സ്നേഹിക്കുന്നതിൽ ഞാൻ പരാജയമാണ്. എന്റെ ഭാര്യയെ ഒന്ന് കരുതാനും അവളെ പരിചരിക്കാനുമുള്ള കാര്യത്തിൽ ഞാൻ പരാജിതനാണ്.

എന്റെ മക്കളെ സ്നേഹിക്കാനും അവരെ ലാളിക്കാനുമുള്ള കാര്യത്തിൽ ഞാൻ പരാജയപ്പെട്ടിരിക്കുകയാണ്. മാതാപിതാക്കളെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഞാൻ പരാജയപ്പെട്ടവളാണ്. എന്റെ in-lawsന്റെ മുമ്പിൽ ഞാൻ പരാജയപ്പെട്ടവളാണ്. എന്റെ മരുമകളുടെ മുമ്പിൽ, എന്റെ നാത്തൂന്റെ മുമ്പിൽ, എന്റെ അമ്മായിയമ്മയുടെ മുമ്പിൽ ഞാൻ പരാജയപ്പെട്ടവളാണ്. ബിസിനസ്സിൽ ഞാൻ പരാജയപ്പെട്ടവനാണ്. എന്റെ തൊഴിലിൽ ഞാൻ പരാജയപ്പെട്ടവളാണ്. വിദ്യാഭ്യാസകാര്യത്തിൽ ഞാൻ പരാജയപ്പെട്ടവളാണ്.

കർത്താവേ, ഒരു പരാജയപ്പെട്ട മനുഷ്യൻ ഇവിടെ ഇരിക്കുന്നുണ്ട്. തോൽവിയടഞ്ഞ, ഭീരുവായ ഒരുവൻ ഇവിടെയിരിക്കുന്നുണ്ട്. കർത്താവേ, നീ എന്നെ ഒന്നു നോക്കണമേ. നീ എന്നെ ഒന്ന് കാണണമേ. നിന്റെ തൃക്കരം എന്റെ നേരെ ഒന്നു നീട്ടണമേ. എന്നെ തൊടണമേ. ഇന്ന് എന്റെ പരാജയം മാറ്റണമേ. വിജയം തരണമേ. ജയമുള്ള ജീവിതത്തിന്റെ സൗഭാഗ്യത്തിലേക്ക് എന്നെ നയിക്കണമേ.

ഗിദയോൻ ദൈവശബ്ദം കേട്ടു. അവൻ അമ്പരന്നു. “ഈ നിന്റെ ബലത്തോടെ പോക. ഞാനല്ലയോ നിന്നെ അയയ്ക്കുന്നത്.”

പക്ഷേ, അപ്പോൾ ഗിദയോന് ഒരു സംശയം. നീയാണ് അയയ്ക്കുന്നത് എന്നതിന് എനിക്ക് എന്താണ് ഒരു തെളിവ്? ഈ പറഞ്ഞതൊക്കെ, ഭീരുവായ എന്നോട് സംസാരിച്ചതൊക്കെ നീ തന്നെയാണ് എന്നതിന് എനിക്ക് എന്താണ് തെളിവ്? ഞാൻ എങ്ങനെ വിശ്വസിക്കും? ഞാൻ ഒരു ഭീരുവാ

ണ്. അങ്ങനെയിരിക്കെ നീ എന്നെ പരാക്രമശാലിയേ എന്ന് വിളിച്ചു. ഇത് ഞാൻ എങ്ങനെ വിശ്വസിക്കും? എനിക്ക് ഒരു അടയാളം തരാമോ?

*"അതിന്നു അവൻ: നിനക്കു എന്നോടു കൃപയുണ്ടെങ്കിൽ എന്നോടു സംസാരിക്കുന്നതു നീ തന്നേ എന്നതിന്നു ഒരു അടയാളം കാണിച്ചു തരേണമേ."*

*ന്യായാധിപന്മാർ 6 : 17*

*"നിന്റെ ദാസന്നു നിന്റെ ശക്തി തന്ന്, നിന്റെ ദാസിയുടെ പുത്രനെ രക്ഷിക്കേണമേ. എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന്ന് നന്മയ്ക്കായി ഒരു അടയാളം എനിക്കു തരേണമേ."*

*സങ്കീർത്തനങ്ങൾ 86 : 16, 17*

കർത്താവേ, നീ തന്നെയാണ് എന്നോട് സംസാരിക്കുന്നത് എന്നതിന് എനിക്ക് ഒരു അടയാളം തരേണമേ.

*"അവൻ അവനോട്: അയ്യോ, കർത്താവേ, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽവച്ച് ഞാൻ ചെറിയവനും അല്ലോ എന്നു പറഞ്ഞു. യഹോവ അവനോട്: ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ മിദ്യാന്യരെ ഒരു ഒറ്റ മനുഷ്യനെപ്പോലെ തോല്പിക്കും എന്ന് കല്പിച്ചു."*

*ന്യായാധിപന്മാർ 6 : 15, 16*

ഗിദയോനോട് ദൈവം പറഞ്ഞു: ഞാൻ നിന്നോടുകൂടെ ഇരിക്കും. ഞാനല്ലയോ നിന്നെ അയയ്ക്കുന്നത്. നീ ഒറ്റയ്ക്കൊരാൾ മിദ്യാന്യരെ മുഴുവൻ തോല്പിക്കും. ഗിദയോന് മനസ്സിലാകുന്നില്ല. എന്താണീപ്പറയുന്നത്? ഞാൻ ഒരാൾ വിചാരിച്ചാൽ എന്ത് നടക്കാനാണ്? എന്നെക്കൊണ്ട് സാധിക്കുമോ? ദൈവം പറയുന്നു: നീ ഒറ്റയ്ക്കൊരാൾ വിചാരിച്ചാൽ സാധിക്കാൻ പോകുന്നു. കാരണം, നീയല്ല ഞാനാണ് നിന്റെ കൂടെ

നിൽക്കുന്നത്. നിന്നെക്കൊണ്ട് ഒന്നും സാധിക്കില്ല. എന്നാൽ നിന്നിൽ നിന്നുകൊണ്ട് ഞാൻ ചിലത് ചെയ്യും.

നിങ്ങളിൽ പലരും തീരുമാനമെടുത്തെങ്കിലും ആ തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ കഴിയാതെ പരാജയപ്പെട്ടവരാണ്. തീരുമാനങ്ങളിൽ നിന്ന് പതറിപ്പോയവരാണ്. എന്നാൽ കർത്താവ് പറയുന്നു: മോനേ, നീ ഇത്രയും നാൾ പരാജയപ്പെട്ടെങ്കിലും ഒരു കാര്യം നീ ശ്രദ്ധിച്ചിട്ടില്ല. നിന്റെ സ്വന്തം കഴിവിൽ നീ എത്ര ശ്രമിച്ചാലും ജയിക്കില്ല. ചിന്തകൾക്ക് കടിഞ്ഞാണിടാൻ നോക്കിയാൽ നീ ജയിക്കയില്ല. നിന്റെ വിചാരങ്ങളെ നിയന്ത്രിക്കാൻ നോക്കിയാൽ സാധിക്കയില്ല. നിന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ നോക്കിയാൽ സാധിക്കയില്ല. നിന്നെക്കൊണ്ട് ഒറ്റയ്ക്ക് സാധിക്കയില്ല. നിന്നെ സഹായിക്കാൻ ഞാനുണ്ട്. എങ്കലേയ്ക്ക് നോക്കൂ. എന്നിൽ നീ ആശ്രയിക്കൂ. പരിശുദ്ധാത്മാവിനാൽ ജയം കിട്ടും. "ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും." (റോമർ 8 : 13.)

ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കണം. ശരീരത്തിന്റെ പ്രവൃത്തികൾ, ശരീരത്തിന്റെ ചോദനകൾ, ശരീരത്തിലുള്ള ആസക്തികൾ ഇതെല്ലാം പരിശുദ്ധാത്മാവിനാൽ മാത്രമേ മരിപ്പിക്കാൻ സാധിക്കൂ. പരിശുദ്ധാത്മാവ് നിന്റെമേൽ വരുമ്പോൾ നിനക്ക് സാധിക്കും.

അതാണ് ദാവീദ് പതിനെട്ടാം സങ്കീർത്തനത്തിൽ പറയുന്നത്.

> *"നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും." സങ്കീർത്തനം 18 : 28, 29*

മകനേ, നിനക്ക് സാദ്ധ്യമല്ല. പക്ഷേ, നിന്റെ ദൈവത്താ

ലത് സാധിക്കും. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് പറഞ്ഞത്: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു." (ഫിലിപ്യർ 4 : 13).

എനിക്ക് ശക്തിയില്ല. പക്ഷേ, എന്നെ ശക്തനാക്കുന്ന ഒരാളുണ്ട്. "സൈന്യത്താലല്ല, ശക്തിയാലുമല്ല. എന്റെ ആത്മാവിനാലത്രേ" എന്ന് യഹോവ അരുളിച്ചെയ്യുന്നു. (സെഖര്യാവ് 4 : 6).

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ജയം കിട്ടും. സ്നേഹിതരേ, നിങ്ങൾക്കിതനുഭവിക്കാം. കർത്താവായ യേശുവിൽ നിങ്ങൾ ചാരുക. ആ തിരുരക്തത്തിൽ നിങ്ങൾ ശരണപ്പെടുക. ആ തിരുവിലാവ് തുറന്നൊഴുകിയ തിരുരക്തത്തിൽ നിങ്ങൾ ആശ്രയിക്കുക. കർത്താവേ, നിന്റെ തിരുരക്തത്താൽ എനിക്ക് ജയം തരണമേ. തിരുരക്തത്താൽ, എന്നെ നിന്റെ രക്തത്തിന്റെ ശക്തിയാൽ ജയിപ്പിക്കണമേ. നിന്റെ കുരിശിൽ ചിന്തിയ രക്തത്താൽ എന്നെ ജയാളിയാക്കി മാറ്റണമേ. കർത്താവേ, നിന്റെ പരിശുദ്ധാത്മാവിനാൽ എന്നെ നീ വിജയിപ്പിക്കണമേ. പരിശുദ്ധാത്മാവിന്റെ ജയിപ്പിക്കുന്ന ശക്തി എന്റെമേൽ പകരണമേ.

> *"അവൻ അവനോട്: അയ്യോ, കർത്താവേ, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽവച്ച് ഞാൻ ചെറിയവനും അല്ലോ എന്നു പറഞ്ഞു."* *ന്യായാധിപന്മാർ 6 : 15*

ശരിയാണ്, നീ ചെറിയവനാണ്. പക്ഷേ, ഞാൻ നിന്നോടുകൂടെ ഇരിക്കും. ഞാൻ നിന്നോടുകൂടെയിരുന്നാൽ മഹാസൈന്യത്തിന്റെ മുമ്പിൽപോലും നീ പതറുകയില്ല. ഞാനാണ് നിന്നോടുകൂടെയിരിക്കുന്നത്. "യുദ്ധം യഹോവയ്ക്കുള്ളത്." (1 ശമുവേൽ 17 : 47). ഞാൻ യുദ്ധം ചെയ്യും. നിനക്കുവേണ്ടി ഞാൻ പോരാടും.

> *"അതിന് അവൻ: നിനക്ക് എന്നോട് കൃപയുണ്ടെങ്കിൽ എന്നോട് സംസാരിക്കുന്നത് നീ തന്നേ എന്ന*

*തിന് ഒരു അടയാളം കാണിച്ചു തരേണമേ. ഞാൻ പോയി എന്റെ വഴിപാടു കൊണ്ടുവന്ന് നിന്റെ മുമ്പാകെ വയ്ക്കുവോളം ഇവിടെ നിന്നു പോകരുതേ എന്ന് അവനോടു പറഞ്ഞു."*

*ന്യായാധിപന്മാർ 6 : 17, 18*

ഗിദയോൻ പറഞ്ഞു: നീയാണ് എന്നോട് സംസാരിച്ചത്, എന്നെ പരാക്രമശാലി എന്ന് വിളിച്ചത് സാക്ഷാൽ ദൈവം തന്നെയാണ് എന്ന് എനിക്ക് ഒരടയാളം തരണം. എന്നോടു കൂടി ഇരിക്കുമെന്ന് നീ പറഞ്ഞല്ലോ? അതിന് നീ എനിക്ക് ഒരടയാളം തരണം.

ദൈവമക്കൾക്ക് ദൈവത്തോട് ചോദിക്കാം. ചോദിച്ചു വാങ്ങാം. എനിക്ക് ഒരു അടയാളം തരണം.

നിങ്ങളുടെ അടഞ്ഞിരിക്കുന്ന ഹൃദയങ്ങളെ ഇപ്പോൾ തുറക്കണം. ചില മുൻവിധികൾകൊണ്ട് അടഞ്ഞിരിക്കുന്ന ഹൃദയങ്ങളുണ്ട്. അവിശ്വാസംകൊണ്ട് അടഞ്ഞിരിക്കുന്ന ഹൃദയങ്ങളുണ്ട്. മറ്റുപലർക്കും അടയാളം കിട്ടുമായിരിക്കും. പലർക്കും അനുഗ്രഹം കിട്ടുമായിരിക്കും. പക്ഷേ, എനിക്ക് കിട്ടാൻ പോകുന്നില്ല. കാരണം എനിക്ക് പല കുഴപ്പങ്ങളുണ്ട്. കുടുംബത്തിൽ ഞാൻമൂലം ചില സ്വൈര്യക്കേടുകളുണ്ട്. മാതാപിതാക്കളെ അനുസരിച്ചിട്ടില്ല. കുറെയേറെ ശാപങ്ങൾ എന്റെമേൽ ഉണ്ട്. അതുകൊണ്ട് എനിക്കെങ്ങും ഒരു അനുഗ്രഹവും കിട്ടാൻ പോകുന്നില്ല. ഇങ്ങനെയുള്ള ചിന്തകളെല്ലാം നിങ്ങളുടെ മനസ്സിൽനിന്ന് മാറ്റുക.

നിങ്ങൾ വിശ്വസിക്കൂ, ഏതെല്ലാം തരത്തിലുള്ള കേടുകൾ നിങ്ങൾക്ക് വന്നെങ്കിലും എല്ലാം നികത്തിത്തരാൻ, എല്ലാം ക്ഷമിക്കാൻ, എല്ലാം പൊറുക്കാൻ, എല്ലാം കഴുകിത്തരാൻ യേശുക്രിസ്തു ജീവിക്കുന്നു. "യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നിങ്ങളെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1 : 7). എന്ന് നിങ്ങൾ വിശ്വസിക്കൂ. എന്തെല്ലാം

തെറ്റുകൾ സംഭവിച്ചു പോയെങ്കിലും സകല പാപവും കഴുകി വിശുദ്ധീകരിക്കുന്ന ക്രിസ്തുവിന്റെ തിരുരക്തം ഇന്നും ഗുണകരമായി സംസാരിക്കുകയാണ്. കർത്താവേ, ഇത് സത്യമാണെങ്കിൽ എന്നെ ഇപ്പോൾ കഴുകണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ.

ആരും അറിയാത്ത ചില പാപങ്ങളുണ്ട് എന്റെ ജീവിതത്തിൽ. പണസംബന്ധമായ ചില ക്രമക്കേടുകളുണ്ട്. കള്ളക്കണക്കുകൾ എഴുതിയിട്ടുണ്ട്. കൊള്ളലാഭം എടുത്തിട്ടുണ്ട്. അരുതായ്കകൾ സംഭവിച്ചുപോയിട്ടുണ്ട്. പുറത്ത് പറയാൻ കൊള്ളാത്ത രീതിയിൽ എന്റെ ഭാര്യയോ എന്റെ ഭർത്താവോ അറിയാത്ത ചില രഹസ്യമായ പാപങ്ങൾ എനിക്ക് വന്നുപോയിട്ടുണ്ട്. കർത്താവേ, എല്ലാം നീ കണ്ടല്ലോ. നിന്നെ മറയ്ക്കാൻ സാദ്ധ്യമല്ലല്ലോ. ഇപ്പോൾ കർത്താവേ, നീ മനസ്സലിഞ്ഞ് എന്റെ പാപങ്ങൾ ക്ഷമിച്ചുതരണേ. മുഴുവനായും പൊറുത്തു തരണേ. എല്ലാം മറച്ചുതരണേ.

> *“ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയുമിരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.” സങ്കീർത്തനങ്ങൾ 32: 1, 2*

ലംഘനങ്ങൾ മറച്ചുകിട്ടുന്നതാണ് ഭാഗ്യം. പാപങ്ങൾ മോചിച്ചുകിട്ടുന്നതാണ് ഭാഗ്യം. പാപങ്ങളെല്ലാം കഴുകിക്കിട്ടുന്നതാണ് ഭാഗ്യം. കർത്താവേ, ഇന്ന് എനിക്കൊരു പുതുക്കം തരണമേ, എന്റെ ജീവിതത്തിൽ വന്നുപോയ രഹസ്യവും പരസ്യവുമായ സകല പാപങ്ങളും, എന്റെ ശരീരം കൊണ്ട്, എന്റെ മനസ്സുകൊണ്ട്, എന്റെ ചിന്തകൊണ്ട്, എന്റെ ബുദ്ധികൊണ്ട്, എന്റെ ആലോചനകൊണ്ട്, എന്റെ നിരൂപണം കൊണ്ട്, എന്റെ മനോരാജ്യം കൊണ്ട്, എന്റെ വാക്കുകൾകൊണ്ട്, എന്റെ പ്രവൃത്തികൾകൊണ്ട് അറിഞ്ഞോ അറിയാതെയോ ചെയ്തുപോയ സകല പാപങ്ങളും യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തംകൊണ്ട് കഴുകിത്തരണമേ.

നിങ്ങൾ പ്രാർത്ഥിക്കൂ. കർത്താവിന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കൂ. യേശുവിനോട് വാക്കുപറയൂ. യേശുവേ, നിന്റെ തിരുരക്തം എന്റെമേൽ തളിക്കണമേ. നീ എന്നെ തൊട്ടു എന്നതിന്, നീ എനിക്ക് ധൈര്യംതന്നു എന്നതിന് ഒരു അട യാളം തരണമേ. നീ എന്റെ ഭയം മാറ്റി, എന്റെ ഭീതി മാറ്റി എന്ന തിന് ഒരു അടയാളം എനിക്ക് തരണമേ. എന്റെ കോപം മാറ്റി, എന്റെ അശുദ്ധി നീ ദൂരീകരിച്ചു എന്നതിന് ഒരു അടയാളം എനിക്ക് തരണമേ. നന്മയ്ക്കായി ഒരു അടയാളം എനിക്ക് തര ണമേ.

നന്മയ്ക്കായി അടയാളം നിങ്ങൾ ചോദിച്ചു വാങ്ങുക. ഈ അടയാളം തരാൻ യേശുവിന് മനസ്സാണ്. ഈ അടയാളം പുറമേ മനുഷ്യൻ കാണുന്ന അടയാളമല്ല. അത് ബാഹ്യമായ അടയാളമല്ല. അത് ആന്തരികമായ ഒരു അടയാളമാണ്. അത് ഹൃദയത്തിൽ ലഭിക്കുന്നതാണ്. ആ അടയാളം ലഭിച്ചാൽ നിന്റെ പേര് ജീവന്റെ പുസ്തകത്തിൽ അവൻ എഴുതിച്ചേർക്കും. സ്വർഗ്ഗീയ പൗരത്വം കിട്ടും. സ്വർഗ്ഗത്തിലെ പൗരനായിത്തീരും.

ഈ ഭൂമിയിലെ പൗരനാണ് എന്നതിന് നിങ്ങൾക്ക് ഒരു ഐഡന്റിറ്റി കാർഡ് അല്ലെങ്കിൽ ഒരു ആധാർ കാർഡുണ്ട്. നിങ്ങളുടെ പാസ്പോർട്ടിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്. ഡ്രൈവിംഗ് ലൈസൻസിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്, ഈ ഭാരതഭൂമിയിലെ പൗരനെന്ന്.

എന്നാൽ സ്വർഗ്ഗത്തിലെ പൗരത്വം കിട്ടുമ്പോൾ അവിടെ ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെടും. ഒരു ദിവസം കട ന്നുചെല്ലുമ്പോൾ അവിടെ ന്യായവിസ്താരദിവസത്തിൽ കേൾക്കും: “ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.” വെളിപ്പാട് 20:15. ജീവന്റെ പുസ്തകത്തിൽ പേരുള്ളവർ മാത്രം അകത്തേക്ക് വരിക.

മതഭേദമില്ല. ജാതിവ്യത്യാസമില്ല. വർഗ്ഗവ്യത്യാസമില്ല.

അവിടെ മനുഷ്യൻ ഒരു ജാതിമാത്രം. അവിടെ ചെല്ലുമ്പോൾ വിശുദ്ധന്മാർ ഇവിടെ കയറി വരിക എന്ന് പറയും.

സഹോദരന്മാരേ, വിശുദ്ധന്മാർ കയറി വരിക എന്ന് വിളിക്കുമ്പോൾ ഞാനും ചെല്ലണം. നമുക്ക് എല്ലാവർക്കും അങ്ങോട്ട് കയറിച്ചെല്ലണം. ഈ ഭൂമിയിലെ താത്ക്കാലിക ജീവിതം കഴിഞ്ഞ് നിത്യതയിലേക്ക് കടന്നുചെല്ലുമ്പോൾ വിശുദ്ധിയുടെ സ്വർഗ്ഗീയ സോപാനത്തിലേക്ക് കയറിച്ചെല്ലാൻ നമുക്ക് നമ്മെത്തന്നെ ഒരുക്കാം. നമ്മെത്തന്നെ കർത്താവിന്റെ കരങ്ങളിലേക്ക് കൊടുക്കാം.

യേശുവേ, ഇപ്പോഴിതാ എന്നെത്തന്നെ ഞാൻ സമർപ്പിക്കുന്നു. ഇത്രയും കാലം ഭീരുവായി ജീവിച്ച ഞാൻ ജയജീവിതം കൊതിച്ചുകൊണ്ട്, നിന്റെ അടുക്കലേക്കു വരുന്നു. എന്നെ അനുഗ്രഹിക്കണമേ. നിന്റെ രക്തത്തിന്റെ അടയാളം എനിക്കു തരണമേ. ജീവന്റെ പുസ്തകത്തിൽ എന്റെ പേരെഴുതിച്ചേർക്കണമേ.

# നാല്

*"ഞാൻ പോയി എന്റെ വഴിപാടു കൊണ്ടുവന്ന് നിന്റെ മുമ്പാകെ വയ്ക്കുവോളം ഇവിടെനിന്നു പോകരുതേ എന്ന് അവനോടു പറഞ്ഞു. നീ മടങ്ങി വരുവോളം ഞാൻ താമസിക്കാം എന്ന് അവൻ അരുളിച്ചെയ്തു." ന്യായാധിപന്മാർ 6 : 18*

ഗിദയോൻ ദൈവത്തോടു പറഞ്ഞു: "ഞാൻ പോയി ഒരു വഴിപാട് തിരുമുമ്പാകെ വയ്ക്കുന്നതുവരെയും നീ ഇവിടെനിന്ന് പോകരുതേ." ഞാൻ ഒരു സമർപ്പണമെടുക്കുന്നതുവരെയും പോകരുതേ. ഞാൻ ഒരു വഴിപാട് അർപ്പിക്കുന്നതുവരെയും പോകല്ലേ. ഞാൻ ശരിയായ ഒരു ആരാധന അർപ്പിക്കുന്നതുവരെയും പോകല്ലേ. അപ്പോൾ ദൈവം: നിന്റെ ആഗ്രഹം അങ്ങനെയാണോ, നീ മടങ്ങി വരുവോളം ഞാൻ താമസിക്കാം എന്ന് പറഞ്ഞു.

*"അങ്ങനെ ഗിദയോൻ ചെന്ന് ഒരു കോലാട്ടിൻകുട്ടിയെയും ഒരു പറ മാവുകൊണ്ട് പുളിപ്പില്ലാത്ത വടകളെയും ഒരുക്കി മാംസം ഒരു കൊട്ടയിൽ വച്ച് ചാറ് ഒരു കിണ്ണത്തിൽ പകർന്ന് കരുവേലകത്തിൻകീഴെ കൊണ്ടുവന്ന് അവന്റെ മുമ്പിൽ വച്ചു."*

*ന്യായാധിപന്മാർ 6 : 19*

വിശിഷ്ടഭോജനം! നല്ല ഭക്ഷണം കൊണ്ടുവന്ന് അവിടെ തിരുമുമ്പാകെ വച്ചു. ഗിദയോന്റെ വഴിപാട് എന്ന് പറയുന്നത് രുചികരമായ ഒരു ഭോജനമാണ്. ദൈവത്തെ ഒരു അതിഥിയെ

പ്പോലെ കണ്ട്, ഒരു വിരുന്നുകാരനെപ്പോലെ കണ്ട് വിരുന്നുകാരന് വിഭവസമൃദ്ധമായ നല്ല ഒരു ഭക്ഷണം ഗിദയോൻ തയ്യാറാക്കിക്കൊടുക്കുകയാണ്. പെട്ടെന്ന് പോയി എല്ലാം തയ്യാറാക്കിക്കൊണ്ടുവന്ന് അവിടെ വച്ചു.

*"അപ്പോൾ ദൈവത്തിന്റെ ദൂതൻ അവനോട്: മാംസവും പുളിപ്പില്ലാത്ത വടകളും എടുത്ത് ഈ പാറമേൽ വച്ച് ചാറ് അതിന്മേൽ ഒഴിക്ക എന്ന് കല്പിച്ചു; അവൻ അങ്ങനെ ചെയ്തു. യഹോവയുടെ ദൂതൻ കൈയിലുള്ള വടിയുടെ അറ്റം കൊണ്ട് മാംസവും പുളിപ്പില്ലാത്ത വടയും തൊട്ടു; ഉടനെ പാറയിൽ നിന്ന് തീ പുറപ്പെട്ട് മാംസവും പുളിപ്പില്ലാത്ത വടയും ദഹിപ്പിച്ചു; യഹോവയുടെ ദൂതൻ അവന്റെ കണ്ണിന് മറഞ്ഞു."*

*ന്യായാധിപന്മാർ 6 : 20, 21*

പഴയനിയമത്തിൽ യഹോവയുടെ ദൂതൻ എന്ന് പറയുന്നത് ത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തുവിനെയാണ്. കാരണം, ക്രിസ്തു ആദിമുതലേ ഉണ്ട്. "അബ്രാഹാം ജനിച്ചതിനുമുമ്പേ ഞാൻ ഉണ്ട്" എന്ന് കർത്താവ് പറഞ്ഞു. യേശുക്രിസ്തു അക്ഷരികമായി, ശാരീരികമായി ഭൂമിയിൽ ജനിക്കുന്നത് ഒരു പ്രത്യേക ദിവസത്തിൽ ആണ്. എന്നാൽ നിത്യനായ ദൈവം ആദിയില്ലാത്തവനാണ്.

യേശുക്രിസ്തു തന്റെ കൈയിലുള്ള വടിയുടെ അറ്റം കൊണ്ട് ആ ഭോജനത്തിൽ തൊട്ടു. ആ വടി അവിടെ തൊട്ടപാടെ പാറയിൽനിന്ന് തീ പുറപ്പെട്ട് മാംസവും പുളിപ്പില്ലാത്ത വടകളും ദഹിപ്പിച്ചു. അവിടെ വന്ന അതിഥിയ്ക്ക് ആഹാരം കഴിക്കാനായിട്ട് കൊണ്ടുവന്നതാണ്. പക്ഷേ, ആ ആഹാരം കൈക്കൊണ്ടത് തീ കൊണ്ട് ദഹിപ്പിച്ചാണ്.

ദൈവത്തിന് പ്രസാദമായി. ദൈവത്തിന്റെ തീ ഇറങ്ങി.

നിങ്ങൾ ഗൗരവമേറിയ പാഠം ഉൾക്കൊള്ളുക. നിങ്ങൾ എളിമയോടെ ദൈവത്തിന്റെ തിരുമുമ്പാകെ നിങ്ങൾക്കുള്ള ഏറ്റവും വിശിഷ്ടമായത് കൊണ്ടുവന്നു വയ്ക്കുക. ഏറ്റവും വിലയേറിയത് കൊണ്ടുവന്നു വയ്ക്കുക. നിങ്ങൾക്ക് ഏറ്റവും വിലയേറിയത് നിങ്ങൾ തന്നെയാണ്. നിങ്ങളുടെ ആയുസ്സാണ്. ഏറ്റവും മനോഹരമായത്, ഏറ്റവും ഭംഗിയുള്ളത്, ഏറ്റവും ശ്രേഷ്ഠമായത്, അത് കൊണ്ടുവന്ന് തിരുമുമ്പാകെ നിങ്ങൾ വയ്ക്കുക.

ഗിദയോൻ അവിടെ എന്തെല്ലാം സാധനങ്ങൾ കൊണ്ടുവന്നു എന്നതിന് പ്രാധാന്യമില്ല. വട കൊണ്ടുവന്നു, ആട്ടിൻകുട്ടിയെ തയ്യാറാക്കി മാംസം കൊണ്ടുവന്നു, അതിന്റെ ചാറു കൊണ്ടുവന്നു. കൊണ്ടുവന്ന സാധനങ്ങളെന്ത് എന്നതല്ല, അതിഥിയെ സൽക്കരിക്കാൻ ഏറ്റവും നല്ലത് കൊണ്ടുവന്നു എന്നതിനാണ് പ്രസക്തി.

നിങ്ങൾക്ക് സമാധാനം വേണമോ? തീ തൊട്ട് നിങ്ങളുടെ ഉള്ളം ദഹിക്കണമോ? എങ്കിൽ നിങ്ങൾക്ക് ഏറ്റവും വിലപ്പെട്ടത് സമർപ്പിക്കുക. സമർപ്പണം എന്ന് പറയുമ്പോൾ നമ്മിൽ പലരും ധരിച്ചുവച്ചിരിക്കുന്നത്, ഞാൻ ജീവിതം കർത്താവിന് സമർപ്പിച്ചല്ലോ? ഞാൻ പ്രാർത്ഥിക്കുന്നുണ്ടല്ലോ? ഞാൻ ദൈവത്തിന്റെ വചനം കേൾക്കാൻ വരുന്നുണ്ടല്ലോ? ഞാൻ കൂട്ടായ്മയിൽ മുടങ്ങാതെ പങ്കെടുക്കുന്നുണ്ടല്ലോ എന്നെല്ലാമാണ്. ശരിയാണ്. പക്ഷേ അതൊന്നുമല്ല സമർപ്പണം. ഞാനെന്ന വ്യക്തി, ക്രിസ്തുവിന്റെ മുമ്പാകെ സമ്പൂർണ്ണമായി വ്യവസ്ഥ കൂടാതെ ഏൽപ്പിച്ചു കൊടുക്കുക. Complete surrender! മുഴുവനായിട്ടുള്ള ഒരു സമർപ്പണം! സ്വന്തമായിട്ട് ഇനി ഒന്നുമില്ല.

അനേകമാളുകളും പാപം ചെയ്യാത്തത് ദൈവത്തെ ഭയന്നിട്ടല്ല, അതിനുള്ള സാഹചര്യമില്ലാത്തതുകൊണ്ടും മനുഷ്യരെ ഭയന്നിട്ടുമാണ്. നാട്ടിലുള്ള പേരും പെരുമയും പോകുമല്ലോ എന്നോർത്താണ്. എന്റെ വീട്ടിലുള്ളവർ കണ്ടാൽ, എന്റെ ഭാര്യ

അറിഞ്ഞാൽ, എന്റെ ഭർത്താവ് അറിഞ്ഞാൽ എന്ത് ചെയ്യും? അങ്ങനെയുള്ള പേടികൊണ്ടാണ് പലരും പാപം ചെയ്യാത്തത്.

പാപത്തോടുള്ള ആസക്തിപോലും നമ്മുടെ ഹൃദയത്തിൽനിന്ന് പോകുമ്പോഴാണ് നാം ജയിക്കുന്നത്. ആസക്തി തീയിറങ്ങി ദഹിക്കണം. നിങ്ങൾക്ക് സ്വന്തം തീരുമാനമെടുക്കാം. പക്ഷേ, ആ തീരുമാനം ഫലപ്രദമായിത്തീരണമെങ്കിൽ നിങ്ങളുടെ പാപത്തോടുള്ള ആസക്തിയിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തീ വന്ന് തൊടണം.

ഗിദയോൻ കൊണ്ടുവന്നതെല്ലാം പാറമേൽ വച്ചു. ഉടനെ അതിന്മേൽ തീയിറങ്ങി. കാരണം, ദൂതൻ-കർത്താവായ യേശുക്രിസ്തു-തന്റെ കൈയിലുള്ള വടിയുടെ അറ്റംകൊണ്ട് ആ വസ്തുവിൽ ഒന്ന് തൊട്ടു. നിങ്ങളുടെ ജീവിതത്തിൽ നിങ്ങളാഗ്രഹിക്കേണ്ട കാര്യം അതാണ്. കർത്താവേ, ഞാൻ പലതും പലതും സമർപ്പിച്ചിട്ടുണ്ട്. പക്ഷേ, സമർപ്പിച്ചതിൽ തീ തൊട്ടോ? സമർപ്പണത്തിനു പിമ്പിലുള്ള എന്റെ മനോഭാവം എന്തായിരുന്നു? എന്റെ സമർപ്പണത്തിനു പിന്നിൽ എന്റെ ഉദ്ദേശ്യം എന്തായിരുന്നു? എന്റെ ആഗ്രഹം എന്തായിരുന്നു?

ആളുകളുടെ ഇടയിൽ വിളങ്ങാനാണോ ഞാൻ സമർപ്പിച്ചത്? എനിക്ക് കൂട്ടായ്മയിൽ ചിലരോടുള്ള അടുപ്പത്തിൽ നിൽക്കുന്നതിനുവേണ്ടിയാണോ ഞാൻ സമർപ്പിച്ചത്? മറ്റുള്ളവരുടെ ബഹുമതിയും സ്നേഹവും ഒരു സന്തോഷവും കിട്ടാൻ വേണ്ടിയായിരുന്നോ ഞാൻ സമർപ്പിച്ചത്? എന്റെ സമർപ്പണത്തിന്റെ ലക്ഷ്യം എന്തായിരുന്നു? എന്റെ ഭർത്താവ് സമർപ്പിച്ചതുകൊണ്ടാണോ ഞാൻ സമർപ്പിച്ചത്? എന്റെ ഭാര്യ സമർപ്പണമെടുത്തതുകൊണ്ടാണോ ഞാൻ സമർപ്പിച്ചത്?

മറ്റെല്ലാം മറക്കുക. ഞാനും എന്റെ യേശുവും. അവന്റെ മുമ്പിൽ സകലവും സമർപ്പിക്കാൻ അവൻ യോഗ്യനാണ്. എല്ലാം ഏൽപ്പിച്ചുകൊടുക്കാൻ അവൻ യോഗ്യനാണ്.

ശരിയായ ഒരു സമർപ്പണം! സത്യമായ ഒരു സമർപ്പണം! നിങ്ങൾ സംശയിക്കണ്ട. ഒരു സംഭാവനയും കൊടുക്കണ്ട, സഭ മാറണ്ട, സമുദായം മാറണ്ട. ഈ സമർപ്പണമെടുക്കാൻ നിങ്ങൾ വേറെ ഒന്നും ചെയ്യണ്ട. കർത്താവിന് നിങ്ങളുടെ പൈസ വേണ്ട. നിങ്ങൾ കൊടുക്കുന്ന കണ്ടുകാഴ്ചകൾ വേണ്ട. നിങ്ങളെത്തന്നെ സമർപ്പിക്കാമെങ്കിൽ കർത്താവ് നിങ്ങളുടെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിങ്ങൾക്ക് തരും. (സങ്കീർത്തനം 37:3–5). എല്ലാം തരാനായി കർത്താവ് നമ്മുടെ അടുക്കലേക്ക് വന്നിട്ടുണ്ട്.

എന്തെല്ലാം നിങ്ങൾക്ക് ചോദിക്കാനുണ്ടോ, നിർബ്ബന്ധമായും എല്ലാം ചോദിക്കാം. കർത്താവേ, എന്റെ സ്വഭാവം മാറ്റിത്തരണമേ. പെട്ടെന്ന് നീരസം വരുന്ന പ്രകൃതം ഒന്ന് മാറ്റിത്തരണമേ. ജ്വലിക്കുന്ന കോപം എനിക്കുണ്ടല്ലോ. എന്റെ ഭാര്യയോട് ഞാൻ വല്ലാതെ കോപിച്ചു പോകുന്നുണ്ടല്ലോ. എന്റെ ഭർത്താവിനോട് ചിലപ്പോൾ ഞാൻ കോപിച്ചു മിണ്ടാതിരിക്കുന്നുണ്ടല്ലോ. കർത്താവേ, എന്റെ കോപമൊന്ന് മാറ്റിത്തരണേ. എന്നോട് ക്ഷമിക്കണമേ.

എന്റെ മാതാപിതാക്കളെ ഞാൻ മാനിക്കാതെ പോയല്ലോ. മാതാപിതാക്കളെ ഗൗനിച്ചില്ല. അവരെ കൺകണ്ട ദൈവത്തെപ്പോലെ ആദരിക്കേണ്ടതായിരുന്നു. അങ്ങനെ ഞാൻ ചെയ്തില്ലല്ലോ. പൂർണ്ണമായും ഞാൻ വിനയപ്പെട്ടില്ലല്ലോ, ക്ഷമിക്കണമേ. നീ ദു:ഖിക്കുന്ന പലതും എന്റെ ജീവിതത്തിൽ ഉണ്ടല്ലോ. ഇന്നും ചില ദു:ശീലങ്ങൾക്ക് ഞാൻ അടിമയാണല്ലോ. ഇങ്ങനെ നിങ്ങളുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ നിങ്ങൾ കണ്ടുപിടിക്കുക.

മദ്യത്തിന്റെ അടിമയായിരിക്കുന്ന ആളുകളുണ്ട്. സിഗരറ്റിന്റെ അടിമയായിരിക്കുന്ന ആളുകളുണ്ട്. കഞ്ചാവിന്റെ അടിമയായിരിക്കുന്ന ആളുകളുണ്ട്. ആത്മഹത്യയുടെ പ്രവണത

യുള്ള ആളുകളുണ്ട്. നിരാശയുടെ അടിമത്വത്തിലിരിക്കുന്ന ആളുകളുണ്ട്. ഞാൻ ഒരിക്കലും നേരെയാവില്ല എന്ന് ചിന്തിക്കുന്ന ആളുകളുണ്ട്.

പലതരത്തിലുള്ള ബന്ധനങ്ങളാണ് ഓരോ മനുഷ്യനെയും അലട്ടിക്കൊണ്ടിരിക്കുന്നത്. എന്നാലിപ്പോൾ നിങ്ങൾ കർത്താവിനോട് ഒരു വാക്കുപറയണം: എനിക്കുവേണ്ടി തന്നെത്തന്നെ മുഴുവനായി കുരിശിൽ ഏൽപ്പിച്ച രക്ഷകാ! എന്റെ നരകം ഒഴിവാക്കി സ്വർഗ്ഗസൗഭാഗ്യം തരാൻ എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനായ യേശുവേ, നിന്റെ തിരുമുമ്പിലേക്ക് ഇപ്പോൾ ഞാൻ എന്നെയും എനിക്കുള്ളതിനേയും സമർപ്പിക്കുന്നു.

നിങ്ങളുടെ ഉള്ളം എന്നന്നേക്കുമായി നിങ്ങളെ സ്നേഹിക്കുന്ന യേശുവിനുവേണ്ടി തുറന്നു കൊടുക്കുക. നിങ്ങളുടെ പാപം പോക്കുവാൻ വേണ്ടി കുരിശിൽ പിടഞ്ഞു മരിച്ച യേശുവിനുവേണ്ടി നിങ്ങളുടെ ജീവിതം വച്ചുകൊടുക്കുക. കർത്താവേ, എന്റെ പാപം നീ വഹിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ പറഞ്ഞുപോയ വാക്കുകൾ, എന്റെ ചിന്തയിൽക്കൂടി പോയ മോഹങ്ങൾ, ചീത്ത ചിന്തകൾ, വൈരാഗ്യചിന്തകൾ, കോപചിന്തകൾ, പ്രതികാരചിന്തകൾ എല്ലാം ഞാൻ ഏറ്റു പറയുന്നു.

യേശുവേ, ഞാൻ മുഴുവൻ പാപിയാണ്. എന്റെ ഇതുവരെയുള്ള ജീവിതം പാപമലീമസമാണ്. എന്നും അഹങ്കാരം; എന്നും എന്റെ കാര്യം മാത്രം; എന്നും മറ്റുള്ളവരെ വിധിക്കുന്ന സ്വഭാവം; മറ്റുള്ളവരുടെ ദൂഷ്യം കാണുന്ന സ്വഭാവം; കർത്താവേ, പാപങ്ങൾ ഏറെയുണ്ട്.

എന്നാൽ യേശുവേ, ഞാൻ എന്റെ പാപങ്ങളോടുകൂടെ തിരുമുമ്പാകെ വരുന്നു. ഈ ലോകവും ലോകത്തിന്റെ മോഹവും വെറുത്തുകൊണ്ട് ഞാനിതാ തിരുമുമ്പാകെ വരു

ന്നു. എനിക്കുള്ളതെല്ലാം ഞാനിതാ തിരുമുമ്പാകെ കൊണ്ടു വന്ന് അർപ്പണം ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിലെ കരച്ചിൽ മാറി ചിരി തരാൻ യേശു ഇതാ നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നു. സത്യസമർപ്പണത്തിലേക്ക് നിങ്ങൾക്ക് വരാമോ? ഗിദയോൻ സമർപ്പിച്ചു. ഗിദയോൻ സമർപ്പിച്ചതിൽ യേശുക്രിസ്തുവിന്റെ കരത്തിലെ വടി തൊട്ടു. പാറയിൽ നിന്ന് തീ പുറപ്പെട്ടു.

പാറയിൽ നിന്ന് തീ പുറപ്പെട്ട് ഗിദയോന്റെ വഴിപാട് കത്തിച്ചു കളഞ്ഞു. ഇന്ന് നിങ്ങൾ സമർപ്പിക്കുമെങ്കിൽ നിങ്ങളുടെ വഴിപാട് ദൈവം കത്തിച്ചു തരും. ആ വഴിപാടിൽ തീ ഇറങ്ങും. നിങ്ങളുടെ സമർപ്പണത്തിൽ, നിങ്ങളുടെ ഹൃദയത്തിലേക്ക് സ്വർഗ്ഗത്തിന്റെ തീ ഇറങ്ങും.

പരിശുദ്ധാത്മാവിന്റെ അഗ്നിയിറങ്ങിയില്ലെങ്കിൽ ജീവിതം നഷ്ടമാണ്. എന്തെല്ലാം നേടിയാലും എല്ലാം ശവക്കുഴിവരെ മാത്രമേ ഉള്ളൂ. എന്നാൽ തീ തൊട്ടാൽ അത് മരണത്തിനപ്പുറത്തേക്ക്, ശവക്കുഴിക്കപ്പുറത്തേക്ക് നിലനിൽക്കുന്ന സൗഭാഗ്യമായിത്തീരും. ഇന്ന് നിങ്ങളുടെ നിരാശപൂണ്ട ഹൃദയം, പാപം നിറഞ്ഞ ഹൃദയം ക്രിസ്തുവിനുവേണ്ടി സമർപ്പിക്കുക. കർത്താവേ, നന്മയുടെ കണിക പോലുമില്ല. എന്നാൽ ഞാനിതാ എന്നെ നിനക്ക് തരുന്നു. നാഥാ! നന്മയുടെ പ്രതീകമായ യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ.

യേശുവിന്റെ തിരുരക്തം നിങ്ങളെ തൊടട്ടെ! യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളെ കഴുകട്ടെ! യേശുവിന്റെ തിരുരക്തം നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കട്ടെ! യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തം പാപക്കറകൾ കഴുകട്ടെ! ഒരു പുതിയജീവിതം നിങ്ങൾക്ക് തരട്ടെ! ബന്ധനങ്ങൾ അഴിഞ്ഞുപോകട്ടെ! ശാപങ്ങൾ മാറിപ്പോകട്ടെ! രോഗ

ങ്ങൾ സൗഖ്യമാകട്ടെ! സമാധാനം കൈവരട്ടെ! സന്തോഷം നിറയട്ടെ!

കുടുംബം ഭദ്രമായിത്തീരട്ടെ! കുടുംബം സമാധാനമായി ത്തീരട്ടെ! സ്വർഗ്ഗം നിങ്ങളിൽ പ്രസാദിക്കട്ടെ! സ്വർഗ്ഗീയസ ന്തോഷം നിങ്ങൾക്ക് ലഭിക്കട്ടെ! ആത്മാവിൽ ആനന്ദിച്ച് പുളകം കൊള്ളുന്ന അനുഭവം നിങ്ങൾക്ക് ലഭിക്കട്ടെ! സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും നിങ്ങളിൽ നിന്ന് ഉയരട്ടെ! കരുണയുള്ള കർത്താവിന്റെ കരം നിങ്ങളെ തലോടട്ടെ! ജീവിതം സമർപ്പിക്കുവിൻ. ഇപ്പോൾത്തന്നെ വിട്ടുകൊടുക്കു വിൻ. യേശുവേ, ഞാനിതാ എന്നെത്തന്നെ നിനക്ക് തരുന്നു. തീ ഇറങ്ങണമേ. തീയാലുത്തരമരുളണമേ. തീ ഇറങ്ങി ദഹിപ്പി ക്കണമേ. ആഗ്രഹങ്ങൾ സാധിപ്പിച്ചു തരണമേ.

# അഞ്ച്

*"അവൻ യഹോവയുടെ ദൂതൻ എന്നു ഗിദയോൻ കണ്ടപ്പോൾ: അയ്യോ, ദൈവമായ യഹോവേ, ഞാൻ യഹോവയുടെ ദൂതനെ അഭിമുഖമായി കണ്ടുപോയല്ലോ എന്നു പറഞ്ഞു. യഹോവ അവനോട്: നിനക്കു സമാധാനം; ഭയപ്പെടേണ്ടാ, നീ മരിക്കയില്ല എന്നു അരുളിച്ചെയ്തു. ഗിദയോൻ അവിടെ യഹോവെക്കു ഒരു യാഗപീഠം പണിത് അതിനു യഹോവ ശലോം എന്നു പേരിട്ടു; അതു ഇന്നുവരെയും അബീയേസ്ര്യർക്കുള്ള ഒഫ്രയിൽ ഉണ്ട്."* *ന്യായാധിപന്മാർ 6 : 22 – 24*

തിരുവചനം വായിക്കുമ്പോൾ ദൈവത്തിന്റെ നാമമായി ഏഴു വാക്കുകൾ നാം കാണുന്നുണ്ട്.

1. യഹോവ യിരെ – ദൈവം കരുതുന്നു, ദൈവം കാണുന്നു.
2. യഹോവ നിസ്സി – ദൈവം എന്റെ കൊടി, ദൈവം എന്റെ ജയക്കൊടി.
3. യഹോവ റാഫാ – ദൈവം സൗഖ്യമാക്കുന്നവൻ, സൗഖ്യം നൽകുന്ന ദൈവം.
4. യഹോവ ശാലോം – ദൈവം നമ്മുടെ സമാധാനം.
5. യഹോവ യാഹ് – യഹോവ എന്റെ ഇടയനാകുന്നു.

6. യഹോവ സിദെക്ക്നു- ദൈവം എന്റെ നീതി.

7. യഹോവ ശമ്മാ - ദൈവം അവിടെയുണ്ട്, ദൈവത്തിന്റെ സാന്നിധ്യമുണ്ട്.

വേദപുസ്തകത്തിലെ 66 പുസ്തകവും യേശുക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുകയാണ്.

1. യഹോവ യിരെ - ഉല്പത്തി 22 : 11. യേശുക്രിസ്തു നമ്മെ കാണുന്നവനാണ്. God sees and God cares. ദൈവം കരുതുന്നവനാണ്. നമ്മുടെ കാര്യങ്ങൾ അന്വേഷിക്കുന്നവനാണ്.

2. യഹോവ നിസ്സി - പുറപ്പാട് 17 : 15. ദൈവം നമ്മുടെ ജയക്കൊടി. ദൈവം നമുക്ക് ജയം തരുന്നവനാണ്. പിതൃപുത്രപരിശുദ്ധാത്മാവാകും ത്രിയേക ദൈവം! കർത്താവായ യേശുക്രിസ്തു നമുക്ക് ജയം തരുന്നു. പരാജയപ്പെട്ടുപോയവർക്ക്, നഷ്ടം സംഭവിച്ചുപോയവർക്ക്, ദുരിതത്തിൽ വലഞ്ഞുപോകുന്നവർക്ക്, തോൽവി അടഞ്ഞുപോയവർക്ക് ജയം തരുന്നവനാണ് ക്രിസ്തു. സത്യമായും നാം ക്രിസ്തുവിനെ ആശ്രയിച്ചാൽ നമുക്ക് ജയം തരും.

3. യഹോവ റാഫാ - പുറപ്പാട് 15 : 26. ദൈവം നമുക്ക് സൗഖ്യം തരുന്നവനാണ്. ജീവനുള്ള ദൈവം നമ്മെ ആശ്വസിപ്പിക്കുന്നവനാണ്. ദൈവം നമുക്ക് ശരീരത്തിനും മനസ്സിനും സൗഖ്യം തരുന്നവനാണ്.

4. യഹോവ ശാലോം - ന്യായാധിപന്മാർ 6 : 24. ദൈവം നമ്മുടെ സമാധാനം. എപ്പോഴും നമുക്കെല്ലാവർക്കും വേണ്ടത് സമാധാനമാണ്. എത്ര വ്യക്തമാണ്, എത്ര കൃത്യമാണ് ഈ വാക്ക്. യഹോവ ശാലോം! ദൈവം നമ്മുടെ സമാധാനം.

5. യഹോവ യാഹ് - സങ്കീർത്തനം 23 : 6. ജീവനുള്ള

ദൈവം, അവൻ നമ്മുടെ ഇടയനാകുന്നു. നാം അവന്റെ കുഞ്ഞാടുകളാകുന്നു. ഇടയന്റെ വാക്കുകൾ കേട്ട് ഇടയന്റെ ചൊൽപ്പടിക്ക് നടക്കുന്ന ആടുകളാകുന്നു നാം ഓരോരുത്തരും. ഇടയന്റെ വാക്കുകൾ കേട്ട് പോകുമ്പോഴാണ് ജീവിതത്തിൽ നമുക്ക് ആഹാരം ലഭിക്കുന്നത്. ഇടയൻ തന്റെ വടിയുടെ അറ്റംകൊണ്ട് മുകളിൽ നിൽക്കുന്ന കൊമ്പുകൾ ചായ്ച്ച് ആടിന് കൊടുക്കുന്നതുപോലെ നമുക്ക് എത്തിപ്പെടാത്ത അനുഗ്രഹം തരുന്നവനാണ് ദൈവം. നാം സ്വയം ശ്രമിച്ചാൽ നമുക്ക് കിട്ടുവാൻ സാദ്ധ്യമല്ലാത്തത് ദൈവം നമുക്കുവേണ്ടി തരുന്നു.

6. യഹോവ സിദെക്ക്നു - യിരമ്യാവ് 23 : 6. ദൈവം എന്റെ നീതിയാകുന്നു. ഞാൻ നീതികെട്ടവനാണ്. എന്നാൽ ദൈവം എനിക്ക് നീതി തരുന്നവനാണ്, ന്യായം പാലിച്ച് തരുന്നവനാണ്. നീതികെട്ടവനായ എന്നെ നീതിമാൻ എന്ന് മുദ്രകുത്തി തരുന്നവനാണ്.

7. യഹോവ ശമ്മാ - യെഹെസ്കേൽ 48 : 35. ദൈവം അവിടെ ഉണ്ട്! ദൈവത്തിന്റെ സാന്നിധ്യം! ഇതെല്ലാം ഒരൊറ്റ വാക്യത്തിൽ അടങ്ങിയിരിക്കുന്നു. ദൈവം എവിടെയുണ്ടോ അവിടെ ദൈവത്തിന്റെ കരുതലുണ്ട്. ദൈവം എവിടെയുണ്ടോ അവിടെ ദൈവം തരുന്ന ജയമുണ്ട്. ദൈവം എവിടെയുണ്ടോ അവിടെ ദൈവം തരുന്ന സൗഖ്യമുണ്ട്. ദൈവം എവിടെയുണ്ടോ അവിടെ ദൈവം തരുന്ന സമാധാനമുണ്ട്. ദൈവം എവിടെയുണ്ടോ അവിടെ ദൈവം തന്റെ കുഞ്ഞാടുകളെ ഇടയൻ പോറ്റുന്നതുപോലെ നമ്മെ പുലർത്തുകയും പോറ്റുകയും ചെയ്യുന്നുണ്ട്. ദൈവം എവിടെയുണ്ടോ അവിടെ നമുക്ക് നീതി ലഭിക്കും. നീതികെട്ടവരായ നമ്മുടെ ജീവിത

ത്തിൽ നീതി ലഭിക്കും. ദൈവം എവിടെ ഉണ്ടോ അവിടെ ശാന്തിയുണ്ട്; അവിടെ സമാധാനമുണ്ട്. അവിടെ ദൈവത്തിന്റെ സാന്നിധ്യവുമുണ്ട്.

എനിക്ക് ഒരു ജയം തരണമേ, എനിക്ക് ദൈവികസാന്നിധ്യം തരണമേ, എനിക്ക് ദൈവത്തിന്റെ സമാധാനം തരണമേ, ദൈവം തരുന്ന കരുതൽ അനുഭവിക്കുവാനുള്ള ഭാഗ്യം തരണമേ, ദൈവത്തിന്റെ സാന്നിധ്യം മൂലം ലഭിക്കുന്ന സൗഖ്യം എനിക്ക് തരണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കണം. തീർച്ചയായും നമുക്കോരോരുത്തർക്കും ഓരോ തരത്തിലുള്ള ആവശ്യങ്ങളുണ്ട്. നമ്മുടെ പലരുടെയും മനസ്സ് വിങ്ങുന്ന അനുഭവത്തിലാണ് കഴിയുന്നത്. ഹൃദയത്തിൽ വളരെയേറെ tension - നും frustration - നും ഉണ്ട്.

യഹോവ ഗിദയോനോട് പറഞ്ഞു: “നിനക്ക് സമാധാനം, ഭയപ്പെടേണ്ടാ.” വളരെ ആശ്വാസകരമായ ഒരു വാക്കാണ് ഈ വചനം വായിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത്. തിരുവചനം വായിക്കുമ്പോൾ നാം ആവർത്തിച്ചു കാണുന്ന ഒരു വാക്കാണ് ‘ഭയപ്പെടേണ്ട’ എന്നുള്ളത്. മുന്നൂറ്റിഅറുപത്താറ് പ്രാവശ്യം ബൈബിളിൽ ‘ഭയപ്പെടേണ്ട’ എന്നുള്ള വാക്കുണ്ട്.

പല കാര്യങ്ങളിലും ഭയപ്പെട്ടാണ് നാം ഇരിക്കുന്നത്. പല കാര്യങ്ങളിലും മനസ്സ് നൊന്ത് വിങ്ങി വിതുമ്പിക്കൊണ്ടാണ് നാം ഇരിക്കുന്നത്. ഉള്ളം കരഞ്ഞുകൊണ്ടാണിരിക്കുന്നത്. പല പ്രശ്നങ്ങൾ! ഓരോ ദിവസവും കഴിയുന്നത് ഒരു അത്ഭുതമാണ്. ചില കാര്യങ്ങളിൽ എന്തിനുവേണ്ടിയോ ഭയക്കുന്ന ഒരു സ്വഭാവം! എന്തോ ചില ആധികളും, ഏതോ ചില ഭയപ്പാടുകളും ഭീതികളും നമ്മെ അലട്ടിക്കൊണ്ടിരിക്കുന്നു.

ഇവിടെ ഗിദയോന് ലഭിച്ചത് അങ്ങനെയുള്ള അനുഭവമല്ല. ഗിദയോൻ ഒരു സമർപ്പണമെടുത്തു. ഗിദയോൻ ദൈവസന്നിധിയിൽ കൊണ്ടുപോയി വച്ചതിലേക്ക് ദൈവത്തിന്റെ അഗ്നിയിറങ്ങി. സമർപ്പണം ദൈവം സ്വീകരിച്ചു.

വാസ്തവത്തിൽ സമർപ്പണം അർത്ഥവത്തായിത്തീരുന്നത് നാം പറയുമ്പോഴല്ല; നാം എന്തെങ്കിലും കാര്യങ്ങൾ ചെയ്യുമ്പോഴല്ല, ദൈവത്തിന്റെ തീ വന്ന് അതിൽ സ്പർശിക്കുമ്പോഴാണ്. നമ്മുടെ സമർപ്പണത്തിൽ ദൈവത്തിന്റെ അഗ്നി വന്ന് അത് ഏറ്റെടുക്കണം. ദൈവത്തിന്റെ തീ അവിടെ ഇറങ്ങണം.

സമർപ്പണത്തിൽ ദൈവത്തിന്റെ തീ ഇറങ്ങിക്കഴിയുമ്പോൾ ഭയപ്പാടുകൾ മാറും. ജീവിതത്തിൽ വരുന്ന അങ്കലാപ്പുകളും നമ്മുടെ ഹൃദയത്തിലുള്ള അനേകമനേകം പ്രശ്നങ്ങളും മാറും. സമർപ്പണത്തിൽ തീ ഇറങ്ങിക്കഴിഞ്ഞു. ഗിദയോന് വലിയ സന്തോഷമായി. ദൈവം കൂടെയുണ്ട്, ഉറപ്പായി.

പ്രിയപ്പെട്ടവരേ, ഈ ഒരനുഭവം നിങ്ങൾക്കും ഇപ്പോൾ ലഭിക്കട്ടെ. നിങ്ങൾ പ്രാർത്ഥിക്കണം: നാഥാ എനിക്കുള്ളതെല്ലാം, എന്റേതെന്ന് പറയുന്നതെല്ലാം ഞാൻ സമർപ്പിക്കുകയാണ്.

നമ്മുടെ ഭാരങ്ങളും പാപങ്ങളുമെല്ലാം കൊണ്ടുവന്ന് കുരിശിന്റെ ചുവട്ടിലേക്ക് താഴ്ത്തി വയ്ക്കാം. നിങ്ങൾ പാപങ്ങളെല്ലാം തുറന്ന് വയ്ക്കുമ്പോൾ സ്വർഗ്ഗത്തിലെ ജീവനുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവാകുന്ന അഗ്നി അവിടെ ഇറങ്ങും. അത് കത്തിച്ചു കളയും. പാപങ്ങളെല്ലാം കത്തിപ്പോകും.

ഗിദയോന്റെ സമർപ്പണത്തിൽ തീ ഇറങ്ങി. അപ്പോഴാണ് ദൈവം പറയുന്നത്:

> *"യഹോവ അവനോട്: നിനക്ക് സമാധാനം; ഭയപ്പെടേണ്ടാ, നീ മരിക്കയില്ല എന്ന് അരുളിച്ചെയ്തു. ഗിദയോൻ അവിടെ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു അതിന് യഹോവ ശലോം എന്നു പേരിട്ടു."*
>
> *ന്യായാധിപന്മാർ 6 : 23, 24*

യഹോവ ശാലോം! യഹോവയ്ക്ക് ഗിദയോൻ ഒരു യാഗപീഠം പണിതു. "നിനക്ക് സമാധാനം, ഭയപ്പെടേണ്ട!" എന്തൊരു ആശ്വാസകരമായ വാക്കുകളാണത്. വേദപുസ്തകം വായിച്ചാൽ

മൂന്ന് വാക്കുകൾ ആവർത്തിച്ചു കാണാം. ഒന്ന് - കരയേണ്ട, രണ്ട്- നിനക്ക് സമാധാനം, മൂന്ന്-ഭയപ്പെടേണ്ട.

സ്വർഗ്ഗത്തിലെ ദൈവത്തിന് എക്കാലത്തും മനുഷ്യനോട് പറയാനുള്ളത് കരയേണ്ട എന്നാണ്. തന്റെ സൃഷ്ടിയായ മനുഷ്യൻ കരയുന്നു. മനസ്സ് ഭാരപ്പെട്ട് ഞരങ്ങുന്നു. നീ കരയുന്നത് എന്തിന് എന്നാണ് കർത്താവ് ചോദിക്കുന്നത്. കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണുകളെ നീ അടക്കിക്കൊൾക. നീ കരയാതെ നിന്റെ ശബ്ദത്തെ അടക്കിക്കൊൾക. ഇനിയും നിനക്ക് സമാധാനമുണ്ട്. ഇനിയും നിനക്ക് നല്ലകാലമുണ്ട്.

> *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: കരയാതെ നിന്റെ ശബ്ദവും കണ്ണുനീർ വാർക്കാതെ നിന്റെ കണ്ണും അടക്കിക്കൊൾക; നിന്റെ പ്രവൃത്തിക്ക് പ്രതിഫലം ഉണ്ടാകും."*
>
> *യിരെമ്യാവ് 31 : 16*

ഇന്ന് അനേകരും പുറമെ കരയുന്നില്ല; പക്ഷേ, അകം കരയുകയാണ്. പുറമെ കാണുമ്പോൾ, കൂട്ടുകാർ കാണുമ്പോൾ, സ്വന്തക്കാർ കാണുമ്പോൾ, ബന്ധക്കാർ കാണുമ്പോൾ, ചാർച്ചക്കാർ കാണുമ്പോൾ നാം ചിരിക്കും; ലോഹ്യം പറയും. പക്ഷേ, ഉള്ളം കരയുകയാണ്. ചില രൂക്ഷമായ പ്രശ്നങ്ങൾ ഹൃദയത്തെ മഥിയ്ക്കുന്നതുകൊണ്ട് ഉള്ളം കരയുകയാണ്. പക്ഷേ, നാം പുറമെ സന്തോഷം ഭാവിയ്ക്കും. പുറമെ ചിരിയുണ്ട് പക്ഷേ, അകമെ കരച്ചിലാണ്.

> *"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: വാളിനു തെറ്റി ശേഷിച്ച ജനം മരുഭൂമിയിൽ കൃപ കണ്ടെത്തി; ഞാൻ യിസ്രായേലിനു വിശ്രാമം വരുത്തുവാൻ പോകുന്നു."* *യിരെമ്യാവ് 31 : 2*

ഞാൻ യിസ്രായേലിന്, എന്റെ ജനത്തിന് വിശ്രമം തരാൻ പോകുന്നു. ഇന്ന് വിശ്രമമില്ലാതെ അഴലുന്ന ജനമല്ലേ? എല്ലാവരും കഷ്ടപ്പെട്ട് ജോലിചെയ്യുന്നവരായിരിക്കയില്ല. എന്നാൽ

പല വീടുകളിലും രാവും പകലും കഷ്ടപ്പെടുന്ന അനേകം ആളുകളുണ്ട്. വിഷമിക്കുന്ന ഒരു സമൂഹം! എന്നാൽ നിങ്ങൾക്കിതാ ഒരു വിശ്രമം ഞാൻ തരാൻ പോകുന്നു. ഞാൻ യിസ്രായേലിന് ഒരു വിശ്രാമം വരുത്തുവാൻ പോകുന്നു.

> *"യഹോവ ദൂരത്തുനിന്ന് എനിക്ക് പ്രത്യക്ഷമായി അരുളിച്ചെയ്തത്: നിത്യസ്നേഹംകൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു. യിസ്രായേൽ കന്യകേ, ഞാൻ നിനക്ക് വീണ്ടും അഭിവൃദ്ധി വരുത്തുകയും നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും." യിരെമ്യാവ് 31 : 3, 4*

ദൈവം തരുന്ന ചില വാഗ്ദാനങ്ങൾ! ഞാൻ നിനക്ക് വീണ്ടും അഭിവൃദ്ധി വരുത്തും. ഒരുകാലത്ത് അഭിവൃദ്ധി ഉണ്ടായിരുന്നു. അഭിവൃദ്ധി നഷ്ടപ്പെട്ടവരുണ്ട്. ഒരു കാലത്ത് ഉയർച്ച ഉണ്ടായിരുന്നു. പക്ഷേ, ഉയർച്ചയിൽനിന്ന് താണ് പോയവരുണ്ട്. കർത്താവ് പറയുന്നു: ഞാൻ നിനക്ക് വീണ്ടും അഭിവൃദ്ധി വരുത്തും. നീ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും.

പാപം വന്നാൽ പരിശുദ്ധാത്മാവ് ദു:ഖിച്ച് മാറി നിൽക്കും. അതുകൊണ്ട് ദൈവം നമുക്ക് അഭിവൃദ്ധി വരുത്തും എന്നുള്ള വാഗ്ദത്തത്തെ മുറുകെപ്പിടിച്ചുകൊണ്ട് പുതിയ സമർപ്പണങ്ങൾ നിങ്ങൾ എടുക്കണം.

എന്റെ കർത്താവേ, ഇന്നത്തെക്കാൾ ഭേദപ്പെട്ട ഒരു നല്ല നാളെയിലേയ്ക്ക് എന്നെ കൊണ്ടുപോകണമേ. ഒരു ശുഭകരമായ ഭാവി നീ എനിക്ക് തരണമേ. വന്നുപോയ പാപങ്ങളെല്ലാം എനിക്ക് ക്ഷമിച്ചു തരണമേ. കർത്താവേ, എന്റെ നാവിൽ വന്നുപോയ പാപങ്ങൾ, മറ്റുള്ളവരുടെ കുറ്റം പറഞ്ഞത്, അസത്യം പറഞ്ഞ ചില കാര്യങ്ങൾ, നുണ പറഞ്ഞ് ചിലരെ വഞ്ചിച്ച കാര്യങ്ങൾ, ഇങ്ങനെ അനേകമനേകം പാപങ്ങൾ എന്റെ ജീവിതത്തിൽ വന്നുപോയി. നാഥാ! നീ എനിക്ക് ക്ഷമിച്ചുതരണേ

എന്ന് നിങ്ങൾ മുട്ടിപ്പായി പ്രാർത്ഥിക്കണം.

പാപത്തെ ഓർത്ത് നാം ദു:ഖിക്കുകയും ഇനിമേൽ പാപം ചെയ്യുകയില്ല എന്ന് ദൈവസന്നിധിയിൽ തീരുമാനം എടുക്കുകയും ചെയ്യുമ്പോഴാണ് സാത്താന് നമ്മിലുള്ള സ്വാധീനം വിട്ടു പോകുന്നത്. സാത്താൻ ലജ്ജിച്ച് മാറിപ്പോകേണ്ടിവരും. ഇത്രയും കാലം ഞാൻ പോക്കറ്റിൽ ഇട്ടുകൊണ്ടു നടന്നു. അവൻ എന്റെ കസ്റ്റഡിയിലായിരുന്നു. അവൻ പിടി വിട്ട് പോയല്ലോ എന്നുപറഞ്ഞ് സാത്താൻ നിരാശയോടെ പോകും.

സഹോദരങ്ങളേ, ഈ സമയം നിങ്ങളിൽ അവകാശം പറയുന്ന പിശാച് നിരാശയോടെ നിങ്ങളെ വിട്ടുപോകാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ഏത് ഭീകര ദുഷ്ടാത്മാക്കൾ ആണെങ്കിലും, ഏത് ഭയങ്കര ദുരാത്മാക്കൾ ആണെങ്കിലും നിങ്ങളെ വിട്ട് പോകും.

ഏതെല്ലാം ദുരാത്മാക്കൾ നിങ്ങളെ ബാധിച്ചിട്ടുണ്ട്? കോപത്തിന്റെ ദുരാത്മാവ്, വാശിയുടെ ദുരാത്മാവ്, വൈരാഗ്യത്തിന്റെ ദുരാത്മാവ്, പകയുടെ ദുരാത്മാവ്, പ്രതികാരത്തിന്റെ ദുരാത്മാവ്, അഹങ്കാരത്തിന്റെ ദുരാത്മാവ്, സ്വാർത്ഥതയുടെ ദുരാത്മാവ്, ദുരാഗ്രഹത്തിന്റെ ദുരാത്മാവ്, അശുദ്ധിയുടെ ദുരാത്മാവ്; ഏതെല്ലാം തരത്തിലുള്ള ദുരാത്മാക്കളാണ് നിങ്ങളിൽ അവകാശം പറഞ്ഞ് നിൽക്കുന്നത്. അതെല്ലാം നിങ്ങളെ വിട്ടു പൊയ്ക്കൊള്ളും.

നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾ ഒരു തീരുമാനം എടുത്താൽ മതി. നിങ്ങൾ തീരുമാനമെടുക്കുമ്പോൾ പിശാചിന്റെ സൈന്യങ്ങൾ വിട്ടു മാറും. നിങ്ങൾ സ്വതന്ത്രരായിത്തീരും. നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങും. പിശാചുക്കൾ വിട്ടുപോകുമ്പോൾ അഭിവൃദ്ധി കൈവരാൻ തുടങ്ങും. ദൈവത്തെ മഹത്വപ്പെടുത്താൻ തുടങ്ങും.

*"അവയിൽനിന്ന് സ്തോത്രവും സന്തോഷിക്കുന്ന വരുടെ ഘോഷവും പുറപ്പെടും; ഞാൻ അവരെ വർദ്ധിപ്പിക്കും; അവർ കുറഞ്ഞുപോകയില്ല; ഞാൻ അവരെ മഹത്വീകരിക്കും; അവർ എളിമപ്പെടുക യുമില്ല." യിരെമ്യാവ് 30 : 19*

ഞാൻ എന്റെ ജനത്തെ വർദ്ധിപ്പിക്കും. വർദ്ധിപ്പിക്കുന്ന ദൈവം! നമുക്ക് അഭിവൃദ്ധി തരുന്ന ദൈവം. എത്ര മനോഹര മായ ദൈവത്തിന്റെ വാഗ്ദാനങ്ങളാണ് നാം കാണുന്നത്.

ഗിദയോൻ എല്ലാം സമർപ്പിച്ചു. എല്ലാം സമർപ്പിച്ചുകഴി ഞ്ഞപ്പോൾ ദൈവം പറയുന്നു: "നിനക്ക് സമാധാനം, ഭയപ്പെടേ ണ്ട." ന്യായാധിപന്മാർ 6 : 28.

ഭയത്തോടിരിക്കുന്നവർ ആരെല്ലാമുണ്ട്? മനസ്സ് പേടിച്ചി രിക്കുന്നവർ ആരെല്ലാമുണ്ട്? നാളെ എന്ത് എന്നോർത്ത് വിഷ മിച്ചിരിക്കുന്നവർ ആരെല്ലാമുണ്ട്? വീട്ടിലെ അവസ്ഥ എന്താകു മെന്നോർത്ത് ഉള്ളം കലങ്ങിയിരിക്കുന്നവർ ആരെല്ലാമുണ്ട്? ദൈവമേ, ഈ വലിയ കടം ഞാൻ എങ്ങനെ തീർക്കും എന്നോർത്ത് മനസ്സ് പതറി ഇരിക്കുന്നവർ ആരെല്ലാമുണ്ട്?

സഹോദരങ്ങളേ, നിങ്ങളെ കാണുന്ന ദൈവം നിങ്ങളെ സ്നേഹിക്കുന്നുണ്ട്. ദൈവം നിങ്ങളെ കരുതുന്നുണ്ട്. ദൈവം നിങ്ങളെ വിട്ട് പോയിട്ടില്ല. ദൈവം നിങ്ങളിൽ നിന്ന് അകന്ന് പോയിട്ടില്ല. ദൈവത്തിന്റെ സ്നേഹത്തിന്റെ കരം നിങ്ങളുടെ നേരെ നീട്ടിക്കൊണ്ട് നിൽക്കുകയാണ്. നിങ്ങൾ ഒരു കാര്യം ചെയ്യൂ; പാപത്തെ വിട്ടിട്ട്, പിശാചിനെ വിട്ടിട്ട് യേശുക്രിസ്തു വിന്റെ കരത്തിൽ ആശ്രയിക്കൂ. ആ കരത്തിൻ കീഴിൽ നിങ്ങൾ താണിരിക്കൂ.

"അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ." 1 പത്രോസ് 5:6. ബലമുള്ള കൈ ഇങ്ങനെ ഉയർത്തിപ്പിടിച്ചിരിക്കുകയാണ്. ആ

കൈക്കീഴിലേയ്ക്ക് താണ് വരിക. ഇത്രയും കാലം സാത്താൻ നിങ്ങളെ നയിച്ചുകൊണ്ടിരുന്നു, ഇത്രയുംകാലം ദുരാത്മാക്കൾ നിങ്ങളെ നടത്തിക്കൊണ്ടിരുന്നു; വഴക്കുണ്ടാക്കിയത് ദുരാത്മാവാണ്. കോപമുണ്ടാക്കിയത് ദുരാത്മാവാണ്. വീട്ടിൽ പിണക്കമുണ്ടാക്കിയത് ദുരാത്മാവാണ്. ഭാര്യയും ഭർത്താവും തമ്മിൽ ഐക്യമില്ലാതാക്കിയത് ദുരാത്മാവാണ്. ആക്സിഡന്റ് ഉണ്ടാക്കിയത് ദുരാത്മാവാണ്. അത്യാഹിതം ഉണ്ടാക്കിയത് ദുരാത്മാവാണ്. ഭർത്താവ് നേരത്തെ മരിച്ചുപോകാൻ ഇടയാക്കിയത് ദുരാത്മാവാണ്. നിനക്ക് മക്കൾ ജനിക്കാത്തത് ദുരാത്മാവിന്റെ പ്രവർത്തനമാണ്.

യേശുവേ, എന്റെ ആശ്രയങ്ങൾ എല്ലാം വിട്ട് ഞാനിതാ നിന്റെ കരത്തിൻ കീഴിലേയ്ക്ക് വന്നിരിക്കുന്നു. ഇനി ഞാൻ മനുഷ്യനിൽ ആശ്രയിക്കുകയില്ല. ലോകത്തിൽ ആശ്രയിക്കുകയില്ല. ഇനി ഞാൻ പണത്തിൽ ആശ്രയിക്കുകയില്ല. ഇനി ഒന്നിലും അഭിമാനിക്കില്ല. ആകെ എനിക്ക് ഒരു അഭിമാനവിഷയമേയുള്ളൂ; കർത്താവായ യേശുക്രിസ്തുവിന്റെ കുരിശ്! യേശുക്രിസ്തുവിന്റെ കുരിശിലാണ് ഞാൻ ആശ്രയിക്കുന്നത്. യേശുക്രിസ്തുവിന്റെ കുരിശിൽ ഞാൻ ആശ്രയിച്ച് ആ കുരിശിനെയാണ് ഞാൻ കെട്ടിപ്പിടിക്കുന്നത്.

കർത്താവേ, ആ ജയമുള്ള സ്ലീബായുടെ ചുവട്ടടിയിലേയ്ക്ക് ഞാൻ ഇതാ വരുന്നു. എന്നെ നീ ഒന്നു തൊടണമേ. ആ തൃക്കരം എന്റെ തലമേൽ ഒന്നു വെയ്ക്കണമേ. ആ കരം താണു വന്ന് എന്റെ ശിരസ്സിൽ തൊടണമേ. എന്റെമേൽ നിന്റെ തിരുരക്തം വ്യാപിക്കണമേ. പരിശുദ്ധാത്മാവിന്റെ തീ എന്റെ സിരകളിലൂടെ ഒഴുകണമേ. കർത്താവേ, എന്നെ നീ രൂപാന്തരപ്പെടുത്തണമേ. എന്നിലുള്ള അശുദ്ധി എല്ലാം കത്തിച്ചുകളയണമേ. എന്നിലുള്ള അഹങ്കാരം കത്തിച്ചുകളയണമേ. എന്നിലുള്ള സ്വയാശ്രയമെല്ലാം കത്തിച്ചു കളയണമേ.

നാഥാ! എന്നെ നീ വിശുദ്ധനാക്കണമേ. എന്റെ യേശുവേ

തീയാൽ എന്നെ തൊടണമേ. തീയാൽ എന്നെ വിശുദ്ധീകരിക്കണമേ. സ്വർഗ്ഗീയ അഗ്നിയാലെന്നെ അഭിഷേകം ചെയ്യണമേ. പരിശുദ്ധാത്മ നദി എന്റെമേൽ ഇപ്പോൾ ഒഴുകണമേ. പരിശുദ്ധാത്മാവിന്റെ അഗ്നിയാൽ എന്നെ കഴുകി എടുക്കണമേ. എല്ലാ തെറ്റുകളും ഭാരങ്ങളും കത്തിച്ചുകളയണമേ. കരയേണ്ട എന്നും ഭയപ്പെടേണ്ടാ എന്നും നിനക്ക് സമാധാനം എന്നും പറയുന്ന യേശുക്രിസ്തുവിന്റെ വചനം എന്റെ ഹൃദയത്തിലേയ്ക്ക് കടന്ന് എനിക്ക് സമാധാനം തരണമേ. ആശ്വാസം തരണമേ. സൗഖ്യം തരണമേ. എന്റെ ക്ഷീണങ്ങൾ മാറ്റണമേ. ബലഹീനതകൾ മാറ്റണമേ. എന്റെ കുടുംബത്തിലെ ക്ലേശങ്ങൾ മാറ്റണമേ. എന്റെ നാഥാ എന്നെ നീ തൊടണമേ.

## ആറ്

നല്ല മഞ്ഞുള്ള ഒരു ദിവസം. U.K.-യിലെ Bedford-നടുത്തുള്ള സ്ഥലത്താണ്. ഒരു ചെറുപ്പക്കാരൻ ഞായറാഴ്ച പള്ളിയിൽ പോകാനായി പുറപ്പെട്ടു. പക്ഷേ, അവന് മുമ്പോട്ട് നീങ്ങാൻ പറ്റാത്ത വിധത്തിൽ വഴിയിൽ മഞ്ഞ് പുതഞ്ഞ് കിടക്കുകയാണ്. അതുകൊണ്ട് പള്ളിയിലേക്ക് എത്താൻ പറ്റിയില്ല. അപ്പോൾ അടുത്ത് ഒരു ചാപ്പൽ കണ്ടു അവൻ അങ്ങോട്ട് കയറി.

അന്ന് അവിടെ ശുശ്രൂഷിക്കേണ്ട പുരോഹിതൻ വന്നിട്ടില്ല. അദ്ദേഹത്തിനും മഞ്ഞുകാരണം എത്താൻ പറ്റിയില്ല. അപ്പോൾ ഒരാൾ എഴുന്നേറ്റ്, വചനം പറയേണ്ട ആൾ വന്നില്ലല്ലോ അല്പം നേരം വചനം പറയാമോ എന്ന് ചോദിച്ചു. ഒരാൾ എഴുന്നേറ്റ് വചനം പറയാൻ തുടങ്ങി.

"സകല ഭൂസീമാവാസികളുമായുള്ളോരേ, നിങ്ങൾ എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ. ഞാനല്ലാതെ വേറൊരു ദൈവമില്ലല്ലോ" എന്നു ക്രിസ്തു പറയുന്നു. പിന്നെ വേറൊന്നും പറയാൻ അദ്ദേഹത്തിന് അറിയാൻ പാടില്ല. ദൈവം പറയുന്നു: "എങ്കലേക്ക് നോക്കി രക്ഷപ്പെടുവിൻ" എന്ന്.

അദ്ദേഹം പറയുകയാണ്: നോക്കാൻ വിദ്യാഭ്യാസം വേണ്ട, നോക്കാൻ പഠിപ്പ് വേണ്ട, നോക്കാൻ നിങ്ങൾക്ക് മുന്നറിവുകൾ വേണ്ട, നോക്കാൻ നിങ്ങൾക്ക് പാണ്ഡിത്യം വേണ്ട. നിങ്ങൾ നോക്കുവിൻ, രക്ഷപ്പെടാം. ക്രൂശിലേക്ക് നോക്കുവിൻ, രക്ഷപ്പെടാം. ക്രൂശിതനിലേക്ക് നോക്കുവിൻ, രക്ഷപ്പെ

ടാം. അദ്ദേഹം ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

അദ്ദേഹം വിരൽ ചൂണ്ടി: മാന്യയുവാവേ, രക്ഷപ്പെടാൻ നിനക്ക് പഠിപ്പ് ആവശ്യമില്ല. രക്ഷപ്പെടുവാൻ നിനക്ക് ഒരിക്കലും ഒരു വിദ്യാഭ്യാസമോ ആരോഗ്യമോ പാണ്ഡിത്യമോ ഒന്നും ആവശ്യമില്ല. നീ നോക്കുക, നിനക്ക് രക്ഷ കിട്ടും.

ഈ ചെറുപ്പക്കാരന് ഒരു വല്ലാത്ത അങ്കലാപ്പ്. അദ്ദേഹം എന്നെയാണല്ലോ വിരൽ ചൂണ്ടിയത്. രക്ഷപ്പെടാൻ വിദ്യാഭ്യാസം വേണ്ട, നോക്കാൻ പാണ്ഡിത്യം വേണ്ട. എനിക്ക് വിദ്യാഭ്യാസമില്ല. വലിയ പാണ്ഡിത്യവുമില്ല. അവൻ തന്റെ ജീവിതം ക്രിസ്തുവിനു സമർപ്പിച്ചു. അന്ന് വളരെ യാദൃച്ഛികമായി കയറി വന്ന ആ യുവാവാണ് പിൽക്കാലത്ത് പ്രസിദ്ധനായ പ്രസംഗികളുടെ പ്രഭുവായ സ്പർജൻ! ഒരൊറ്റ പ്രസംഗം! ക്രൂശിതനിലേക്ക് നോക്കുക! ക്രൂശിലേക്ക് നോക്കുക!

ഇന്ന് നമുക്കും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ നോക്കി രക്ഷപ്പെടാം. അവിടെ ആശ്വാസമുണ്ട്. അവിടെ സമാധാനമുണ്ട്.

ഒരു വൃദ്ധയായ സ്ത്രീ! അവൾ ഇടയ്ക്ക് റോഡിലേക്ക് നോക്കും. പിന്നെ ചെന്ന് വാതിലെല്ലാം അടച്ചോ എന്ന് നോക്കും. വീണ്ടും വെളിയിൽ മുറ്റത്തുവരും, റോഡിലേക്ക് നോക്കും. അപ്പോഴുണ്ട് ഒരു ഓട്ടോറിക്ഷ വന്ന് മുറ്റത്ത് നിറുത്തി. ആ സ്ത്രീ, ഇതങ്ങ് എടുത്തു വച്ചോളാമോ എന്ന് ചോദിച്ചു, ഒരു ബാഗ് എടുത്ത് ഓട്ടോറിക്ഷയിൽ വച്ചു. അവർ ഏതോ യാത്രയ്ക്ക് പോവുകയാണ്. ഓട്ടോറിക്ഷക്കാരന് കാര്യമൊന്നും മനസ്സിലായില്ല.

ഓട്ടോയിലേക്ക് കയറുന്നതിന് മുൻപ് വരാന്തയിലുള്ള ഫോട്ടോയിലേക്ക് നോക്കി അവർ കുറച്ചു നേരം നിന്നു. കണ്ണുനീർ തുടച്ചുകൊണ്ട് ഓട്ടോറിക്ഷയിൽ കയറി. അപ്പോൾ ഓട്ടോറിക്ഷക്കാരന് മനസ്സിലായി, അത് ഭർത്താവായിരിക്കും പക്ഷേ,

ഭർത്താവ് മരിച്ച് പോയി. ഇപ്പോൾ ഈ സ്ത്രീ എങ്ങോട്ടോ പോവുകയാണ്, ഭർത്താവിനോട് യാത്രപറഞ്ഞു പോകുന്നതു പോലെ. ഓട്ടോ കുറെ അങ്ങ് ചെന്നപ്പോൾ ആ സ്ത്രീ പറഞ്ഞു: ഒന്നു നിർത്തണം. ഇത് ഞാൻ പഠിച്ച സ്കൂളാണ്.

ഈ സ്ത്രീ പഴയ ഓർമ്മകൾ പുതുക്കുന്നതുപോലെ ഓട്ടോറിക്ഷയിൽനിന്ന് താഴെയിറങ്ങി കുറച്ചുനേരം അവിടെ നിശ്ചലയായി നിന്നു. വീണ്ടും ഓട്ടോയിൽ കയറി. കുറച്ചു കൂടെ ചെന്നപ്പോൾ വീണ്ടും ഒന്നുകൂടെ നിർത്താൻ പറഞ്ഞു: ഒന്നു നിൽക്കണേ, ഞാൻ ഇപ്പോ വരാം എന്നുപറഞ്ഞ് തൊട്ടടുത്തുള്ള പള്ളിയിലേക്ക് കയറി. അവിടെ ചെന്ന് കൂപ്പുകൈയോടെ അല്പനേരം നിന്നു പ്രാർത്ഥിച്ചു. എന്നിട്ട് വീണ്ടും വന്ന് ഓട്ടോയിൽ കയറി. പിന്നെയും മുന്നോട്ടുപോയി.

ഈ സ്ത്രീ നിർദ്ദേശിക്കുന്ന വഴിയിലൂടെ ചെന്നെത്തിയത് ഒരു വൃദ്ധസദനത്തിലാണ്. ആ വൃദ്ധസദനത്തിൽ താമസിക്കാൻ വേണ്ടി സ്വന്തം വീട്ടിൽനിന്ന് പുറപ്പെട്ടിരിക്കുകയാണ് അവർ എന്ന് ഓട്ടോറിക്ഷക്കാരന് മനസ്സിലായി. അവർ ഇടയ്ക്കെല്ലാം കണ്ണീരൊപ്പുന്നുണ്ട്. ഇടയ്ക്ക് പ്രാർത്ഥിക്കുന്നതു പോലെ ചുണ്ടനങ്ങുന്നുണ്ട്. ചെറിയ ശബ്ദം വരുന്നുണ്ട്. കടുത്ത മാനസിക സംഘർഷം അവൾക്കുണ്ട്. ഒരുപക്ഷേ, മക്കൾ വിദേശത്തെങ്ങാനുമായിരിക്കും. ഇനി ആണ്ടിലൊരിക്കൽ മക്കൾ വന്നാലായി. മക്കളും കൊച്ചുമക്കളും ആണ്ടിലൊരിക്കൽ വൃദ്ധസദനത്തിൽ അമ്മയുടെ അടുത്ത് വന്ന് മിണ്ടിയിട്ട് അവർ അവരുടെ വഴിക്കുപോകും.

ആ സ്ത്രീയുടെ ഹൃദയത്തിൽ കനത്ത ദുഃഖഭാരം. എല്ലാവരുമുണ്ട്. മക്കളുണ്ട്, മക്കളുടെ മക്കളുണ്ട്. പക്ഷേ, അവരെല്ലാം വിദേശത്താണ്. അവർ ഈ സ്ത്രീക്ക് വേണ്ടി സമ്പത്തെല്ലാം വൃദ്ധസദനത്തിലേക്ക് കൊടുത്ത് അവളെ അവിടെ ആക്കിയിരിക്കുകയാണെന്ന് ഓട്ടോറിക്ഷക്കാരന് മനസ്സിലായി. ഓട്ടോറിക്ഷക്കാരൻ സ്ത്രീയെ ഇറക്കിയതിനു ശേഷം തിരിച്ചു

പോകാൻ തുടങ്ങിയപ്പോൾ സ്ത്രീ പൈസ കൊടുക്കാൻ നോക്കിയെങ്കിലും ഓട്ടോക്കാരൻ മേടിച്ചില്ല. കാരണം, അവന്റെ ഹൃദയം നിറഞ്ഞിരിക്കുകയാണ്.

ഒരു വൃദ്ധയായ സ്ത്രീ! എല്ലാമുണ്ടെങ്കിലും ഇപ്പോൾ ഒറ്റപ്പെട്ടവളായി വൃദ്ധസദനത്തിലേക്ക് പോകുന്നു. അവളുടെ ഹൃദയം നിറയെ ദുഃഖമാണ്. മാനസിക സമ്മർദ്ദത്തിനടിമപ്പെട്ടു നില്ക്കുന്ന ആ സ്ത്രീയെ നോക്കിക്കൊണ്ട് ഓട്ടോറിക്ഷക്കാരൻ പറഞ്ഞു: എനിക്കു പൈസ വേണ്ട. ഉടനെ സ്ത്രീ ബാഗ് തുറന്ന് ഒരു പൊതി എടുത്തു: "ഇത് എന്റെ കൊച്ചുമക്കൾ വരുമ്പോൾ കൊടുക്കാൻ വച്ചിരുന്നതാണ്. അല്പം പലഹാരങ്ങളാണ്. അത് നിന്റെ മക്കൾക്ക് നീ കൊടുക്കൂ" എന്ന് പറഞ്ഞ് അവന് കൊടുത്തു. അവൻ കണ്ണുനീർ ഒപ്പിക്കൊണ്ട് ഓട്ടോറിക്ഷയിൽ കയറിപ്പോയി.

ഏകാന്തതയുടെ തടവറയിൽ വലയുന്ന ജനങ്ങൾ! എല്ലാവരുമുണ്ട്, എല്ലാമുണ്ട് പക്ഷേ, ഏകാന്തത. സ്നേഹിക്കാനാളുണ്ട് ശരിയാണ്. മക്കളുണ്ട്, മക്കളുടെ മക്കളുണ്ട്, സഹോദരങ്ങളുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട്. പക്ഷേ, സ്നേഹിക്കാൻ, സ്നേഹം ലഭിക്കാൻ, സ്നേഹം ആസ്വദിക്കാൻ ഇന്ന് ചുറ്റും ആളില്ല. ഏകാന്തതയുടെ തടവറയിൽ വലയുന്ന ജനങ്ങൾ. ഏകാന്തത ദുഃഖകരമാണ്. ഏകാന്തത നമ്മെ വലയം ചെയ്യുന്നതാണ്; നമ്മെ വിഷമിപ്പിക്കുന്നതാണ്.

നമ്മുടെ ജീവിതത്തിൽ ഏകാന്തതയിൽ വലയുമ്പോൾ നമുക്ക് താങ്ങായി തണലായി സഹായിയായി യേശു നമ്മുടെ അരികിൽ വരും. ദുഃഖത്തിന്റെ ഏകാന്തത! രോഗത്തിന്റെ ഏകാന്തത! മനുഷ്യർ നമ്മെ വിട്ടുപോയി എന്നുള്ള ഏകാന്തത! ഭർത്താവു മരിച്ചുപോയി എന്നുള്ള ഏകാന്തത! ഭാര്യ മരിച്ചുപോയി എന്നുള്ള ഏകാന്തത! എന്റെ ജീവിതത്തിൽ ദുഃഖങ്ങളും ദുരിതങ്ങളും തീരുന്നില്ലല്ലോ എന്നുള്ള ഏകാന്തത! എന്റെ കാര്യം അറിയാൻ, എന്റെ പ്രശ്നം അറിയാൻ എനിക്കാ

രുമില്ലല്ലോ എന്നുള്ള ഏകാന്തത! അങ്ങനെ വലയുന്ന, ഏകാന്തതയിൽ ഉലയുന്ന ജീവിതങ്ങളിൽ അടുത്തുവന്നു താങ്ങുവാനും തണലേകുവാനും കർത്താവായ യേശുക്രിസ്തു ഉണ്ട് എന്നുള്ളതാണ് സുവിശേഷം!

നിങ്ങൾ എവിടെയെല്ലാം വലയുന്നുണ്ടോ, ഏതെല്ലാം വിഷയങ്ങളിൽ നിങ്ങളുടെ ഹൃദയം പതറിയിരിക്കുന്നുണ്ടോ, നിങ്ങൾ വിശ്വസിക്കൂ, നിങ്ങളുടെ ഏകാന്തത അകറ്റാൻ നിങ്ങളുടെ അരികിലേക്ക് യേശു വരാൻ പോകുന്നു. നിങ്ങളുടെ ഏകാന്തതയുടെ സമയങ്ങളിൽ, രാക്കാലങ്ങളിൽ നിങ്ങളുടെ കിടക്കയിൽ നിന്നെഴുന്നേറ്റ് അല്പസമയം മുട്ടിന്മേൽ നിന്നുകൊണ്ട് കർത്താവിനോട് നിങ്ങൾ പറയണം: കർത്താവേ, എന്റെ അരികിലേക്ക് നീ എഴുന്നള്ളി വരണമേ. എന്നെ നീ ഒന്ന് തൊടണമേ; എന്നെ നീ ഒന്ന് തലോടണമേ. എന്റെ തലമേൽ നിന്റെ കരമൊന്ന് വയ്ക്കണമേ.

എന്റെ പ്രശ്നം കാണാൻ എനിക്കാരുമില്ലല്ലോ. അപ്പനുണ്ട്, അമ്മയുണ്ട്, ഭാര്യയുണ്ട്, ഭർത്താവുണ്ട്, മക്കളുണ്ട്. പക്ഷേ, എന്റെ പ്രശ്നം അതേ രീതിയിൽ കാണാൻ എനിക്കാരുമില്ല. എന്റെ വേദനാവിഷയങ്ങൾക്ക് പരിഹാരം തരാൻ ഈ ലോകത്ത് ആരുമില്ല. എന്റെ നീറുന്ന പ്രശ്നങ്ങൾക്ക്, ഉലയുന്ന ജീവിതത്തിൽ ആശ്വാസമരുളാൻ എനിക്കാരുമില്ല. കർത്താവേ, എന്റെ അരികിലേക്ക് ഒന്ന് വരണമേ.

ഗിദയോൻ ദൈവത്തിന്റെ കൃപ ലഭിച്ച മനുഷ്യനായിരുന്നു. ഗിദയോന് ഒന്നാമതായി Right vision - ശരിയായ ദർശനം ലഭിച്ചു. വിഷൻ ലഭിച്ചപ്പോൾ Right surrender - ശരിയായ സമർപ്പണം ഉണ്ടായി.

ഗിദയോൻ മാത്രമല്ല, ദൈവത്തിന്റെ ജനമായ യിസ്രായേല്യരെല്ലാം ഭയവിഹ്വലരായി കഴിയുമ്പോഴാണ് ഗിദയോന്റെ മുമ്പിൽ അപ്രതീക്ഷിതമായി ദൈവദൂതൻ പ്രത്യക്ഷപ്പെട്ടത്. അപ്പോൾ അവന് ശരിയായ ഒരു കാഴ്ചപ്പാട് ലഭിച്ചു.

സ്വർഗ്ഗത്തിലെ ദൈവം നമുക്ക് പ്രത്യക്ഷനായി നമ്മോടു നേരിട്ട് ചില കാര്യങ്ങൾ അരുളിച്ചെയ്യുന്നുണ്ട്. നമ്മുടെ ഭീരുത്വം മാറ്റാൻ, നമ്മുടെ ഭയപ്പാടകറ്റാൻ, നമ്മുടെ വാട്ടം മാറ്റാൻ, നമ്മുടെ മ്ലാനതയകറ്റാൻ, നമ്മുടെ തീവ്രമായ ദുഃഖങ്ങൾക്ക് ഒരാശ്വാസം തരാൻ യേശുക്രിസ്തു നമ്മോടു സംസാരിക്കുന്നുണ്ട്. ഒരു സമാധാനം തരാൻ യേശുക്രിസ്തു നമ്മോട് ഇടപെടുന്നുണ്ട്. നമ്മുടെ തോരാക്കണ്ണീരിന് ശമനം തന്ന് നമ്മുടെ കണ്ണീർ തുടച്ചുതരാൻ യേശുക്രിസ്തു നമ്മുടെ അരികിലേക്ക് വരുന്നുണ്ട്.

ഈ ഒരു സാക്ഷാത്തായ ദർശനമാണ് നമുക്കിപ്പോൾ ലഭിക്കേണ്ടത്. യേശുക്രിസ്തു എനിക്കു പ്രത്യക്ഷനാകുന്നു. ഞാൻ ഭീരുവാണെങ്കിലും, ഇന്ന് ഞാൻ എന്താണ് എന്നുള്ളതല്ല, ഇനി ഞാൻ എന്താകും എന്നുള്ളതാണ് കർത്താവ് കാണുന്നത്. ഇന്ന് ഞാൻ ഭീരുവാണ്; പേടിച്ച് ഭയന്ന് മാറി കഴിയുകയാണ്. ഒളിച്ചിരിക്കുകയാണ്. എന്നാൽ ഞാൻ രംഗത്തു വന്ന് നല്ല ഉത്സാഹഭരിതനായി യുദ്ധം ചെയ്യുന്നത് യേശുക്രിസ്തു കാണുന്നു.

ശരിയായ ഒരു ദർശനം, ശരിയായ ഒരു കാഴ്ച ഇന്ന് നിങ്ങൾ നേടുക. എന്റെ കർത്താവേ, എന്നെ കാണാൻ നീ ആര്? എന്നെ വിളിക്കാൻ നീ ആര്? എന്നെ നിന്റെ മഹത്വമുള്ള വചനം കേൾപ്പിക്കാൻ ഞാനാര്? ഇത്രമാത്രം എന്നെ സ്നേഹിക്കാൻ ഞാനാര്? എന്നോടിങ്ങനെ കരുണ തോന്നാൻ ഞാൻ എന്തുള്ളൂ?

സത്യമായും ആത്മീയമായ ഒരു കാഴ്ചപ്പാട് എന്ന് പറയുന്നത് ദൈവം എന്നിൽ വലിയവ ചെയ്തു എന്നുള്ള തിരിച്ചറിവാണ്. അർഹതയില്ലാത്തത് ദൈവം എനിക്കു തന്നു. ദൈവത്തിന്റെ സൗജന്യദാനം! ദൈവത്തിന്റെ സൗജന്യ സമ്മാനം! ഞാൻ അർഹിക്കാത്തത് കർത്താവെനിക്ക് തന്നു. ഇതാണ് വാസ്തവമായ കാഴ്ചപ്പാട്. അവിടെയാണ് നന്ദി വരുന്നത്. അവിടെയാണ് സ്തുതി വരുന്നത്. അവിടെയാണ് ആരാധന

വരുന്നത്. അവിടെയാണ് സ്തോത്രം വരുന്നത്.

ഇന്ന് എന്ന ഈ ദിവസത്തിൽ നിന്നുകൊണ്ട് നാം പിറകിലേക്ക്, കഴിഞ്ഞ കാലങ്ങളിലേക്ക് നോക്കണം. ഞാൻ എവിടെയായിരുന്നു? ഞാൻ എന്തായിരുന്നു? എന്റെ സ്വഭാവമെന്തായിരുന്നു? കോപിച്ചലറുന്നവനല്ലായിരുന്നുവോ? വാശിപിടിച്ച് വഴക്കടിക്കുന്നവനല്ലായിരുന്നുവോ? ഭാര്യയെ ഉപദ്രവിച്ചവനല്ലായിരുന്നുവോ? ഭാര്യയെ നിരന്തരം കരയിപ്പിച്ചവനല്ലായിരുന്നുവോ? എന്റെ ജീവിതമെന്താണ്? സ്വർഗ്ഗത്തിലെ ദൈവമേ, നീ കണ്ടല്ലോ! നീ അറിയാത്തതൊന്നുമില്ലല്ലോ!

ഞാൻ ആർക്കെല്ലാം വേദനാവിഷയമായിരുന്നു! ഏതെല്ലാം കുരുക്കുകളിലാണ് ഞാൻ പെട്ടുപോയത്! ഏതെല്ലാം ചെളിക്കുഴിയിലാണ് ഞാൻ വീണുപോയത്! എന്തെല്ലാം വൃത്തികേടിലാണ് ഞാൻ ജീവിച്ചുപോയത്! ഏതെല്ലാം ചതിക്കുഴിയിലാണെന്നെ ചിലരെല്ലാം വലിച്ചുകൊണ്ടുപോയി ചാടിച്ചത്! ഇത്രയും നികൃഷ്ടനായ എന്നെപ്പോലെ വേറെയാരും ഇല്ലല്ലോ കർത്താവേ! ഇങ്ങനെയുള്ള എന്നെ നീ സ്നേഹിച്ചല്ലോ! ഇങ്ങനെയുള്ള ഒരു മനുഷ്യനെ സ്നേഹിപ്പാൻ നിനക്കു തോന്നിയല്ലോ!

അർഹതയില്ലാത്തത് ലഭിച്ചു എന്നു നാം മനസ്സിലാക്കണം. ചില അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടന്ന കാലങ്ങൾ ഓർത്തു നോക്കൂ. ചില ചടങ്ങുകൾ, ചില ആചാരങ്ങൾ, ചില മര്യാദകൾ, ചില സമ്പ്രദായങ്ങൾ, സുബോധമില്ലാത്തവരെപ്പോലെ പ്രവർത്തിച്ച കാലങ്ങൾ! എന്തെല്ലാമാണ് ചെയ്തുകൂട്ടിയത്! എവിടെയെല്ലാമാണ് പോയത്! ഓരോ സ്ഥലത്ത് പോയതെല്ലാം ചിന്തിച്ചു നോക്കിയാൽ, നാം ഇടപെട്ട ആളുകളെ ഓരോരുത്തരെയും ഓർത്തു നോക്കിയാൽ, നാം ചെളിക്കുഴിയിൽ, പാപത്തിൽ വീണുപോയ കാര്യങ്ങൾ ഓർത്തു നോക്കിയാൽ നമ്മുടെ തല പൊങ്ങുമോ?

പൈസയ്ക്കു ഞെരുങ്ങിയ കാലങ്ങൾ! ആഹാരത്തിനു

മുട്ടുണ്ടായിരുന്ന കാലങ്ങൾ! നല്ല കിടപ്പാടമില്ലാതിരുന്ന കാലങ്ങൾ! ഉടുതുണിക്കു മറുതുണി ഇല്ലാതെ വിഷമിച്ച കാലങ്ങൾ! എന്തെല്ലാം ഓർക്കാനുണ്ട്! ഇന്ന് സുഭിക്ഷമാണ്. ശരിയാണ്, ഇന്നെല്ലാമുണ്ട്. പക്ഷേ, പഴയകാലത്തിലേക്ക് നോക്കണം. ബാല്യകാലത്തിലേക്ക് തിരിഞ്ഞു നോക്കണം. എന്തായിരുന്നു നമ്മുടെ ജീവിതം? ഇങ്ങനെയുള്ള എന്നെ എന്റെ യേശുവേ, നീ സ്നേഹിച്ചല്ലോ.

കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആര്? ഗിദയോന് ദൈവം പ്രത്യക്ഷപ്പെട്ടു. ഇന്ന് കർത്താവ് നമുക്ക് ഒരു right vision തരികയാണ്. ദൈവം നിങ്ങളെ പേർചൊല്ലി വിളിക്കുന്നു. ഒരു ശരിയായ ദർശനം തന്നിരിക്കുന്നു. ഈ right vision നിങ്ങൾ കൈക്കൊള്ളണം. എന്നെ സ്നേഹിക്കുന്ന യേശു എനിക്ക് വെളിപ്പെട്ട് എന്നോട് സംസാരിക്കുന്നു. അവൻ എന്നെ വ്യക്തിപരമായി അറിയുന്നു. അവൻ എന്റെ ഭാവികാലംകൂടി അറിയുന്നു. എന്റെ നിത്യതയോളം ഉള്ള ജീവിതം അവൻ കാണുന്നു.

എല്ലാം കാണുന്ന യേശു എന്നോട് സംസാരിക്കുന്നു. ഞാൻ അപകടത്തിലേക്ക് പോകാതിരിക്കാൻ എനിക്ക് മുന്നറിയിപ്പ് തരുന്നു. ഞാൻ നരകക്കുഴിയിലേക്ക് വീഴാതിരിക്കാൻ അവൻ എനിക്ക് മുന്നറിയിപ്പ് തരുന്നു. നരകത്തിന്റെ ഭീകരമായ യാതനയിലേക്കും ദുരിതത്തിലേക്കും ഞാൻ പോകാതിരിക്കാൻ സ്നേഹവാനായ ക്രിസ്തു, എനിക്കുവേണ്ടി രക്തം ചിന്തിയിരിക്കുന്നു. അവന്റെ തിരുരക്തം എന്റെ സകല പാപങ്ങളും ക്ഷമിക്കും. എന്റെ ജീവിതത്തിൽ വന്നുപോയ സകല പാപങ്ങളും കഴുകി എനിക്കവൻ മോചനം തരും.

“യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കും.” 1 യോഹന്നാൻ 1 : 7. ഇത് ഞാൻ വിശ്വസിക്കുന്നു. കർത്താവേ, ഈ right vision-ന്റെ മുമ്പിൽ ഞാനിതാ താളടിയായി വീഴുന്നു. കുരിശിൻ ചുവട്ടിലേക്ക്

ഞാൻ എന്നെത്തന്നെ താഴ്ത്തിവയ്ക്കുന്നു. എനിക്കു വേറെ രക്ഷയില്ല. വേറെ പോംവഴിയില്ല. ആരിലും ആശ്രയമില്ല. ആശ്രയമറ്റവനായി, ആരോരും തുണയില്ലാത്തവനായി ഞാനിതാ വന്നിരിക്കുന്നു.

നാഥാ, എന്റെ അരികിലേക്ക് നീ എഴുന്നള്ളി വരണമേ. എന്റെ പ്രശ്നം നീ ഒന്ന് കാണണമേ. എനിക്കൊരിറ്റ് സമാധാനം തരണമേ. ക്രൂശിൽക്കൂടി ഒഴുകുന്ന ആ തിരുരക്തത്തിന്റെ ഒരു തുള്ളി ഇന്ന് എന്റെ ശിരസ്സിൽ പതിഞ്ഞ് എന്നെ കഴുകണമേ, എന്നെ വെടിപ്പാക്കണമേ. ഇതുവരെയും വന്നുപോയ സകല പാപങ്ങളും എനിക്ക് ക്ഷമിച്ചു തരണമേ. ഞാൻ അറിഞ്ഞോ അറിയാതെയോ വന്നുപോയ പാപങ്ങൾ എനിക്കു ക്ഷമിച്ചു തരണമേ.

# ഏഴ്

*"അതിന് അവൻ: നിനക്ക് എന്നോടു കൃപയുണ്ടെങ്കിൽ എന്നോടു സംസാരിക്കുന്നത് നീ തന്നെ എന്നതിന് ഒരു അടയാളം കാണിച്ചുതരേണമേ. ഞാൻ പോയി എന്റെ വഴിപാട് കൊണ്ടുവന്ന് നിന്റെ മുമ്പാകെ വയ്ക്കുവോളം ഇവിടെനിന്നു പോകരുതേ എന്ന് അവനോടു പറഞ്ഞു. നീ മടങ്ങിവരുവോളം ഞാൻ താമസിക്കാം എന്ന് അവൻ അരുളിച്ചെയ്തു. അങ്ങനെ ഗിദയോൻ ചെന്ന് ഒരു കോലാട്ടിൻകുട്ടിയെയും ഒരു പറ മാവുകൊണ്ട് പുളിപ്പില്ലാത്ത വടകളെയും ഒരുക്കി മാംസം ഒരു കുട്ടയിൽവച്ച് ചാറ് ഒരു കിണ്ണത്തിൽ പകർന്ന് കരുവേലകത്തിൻകീഴെ കൊണ്ടുവന്ന് അവന്റെ മുമ്പിൽവച്ചു. അപ്പോൾ ദൈവത്തിന്റെ ദൂതൻ അവനോട്: മാംസവും പുളിപ്പില്ലാത്ത വടകളും എടുത്ത് ഈ പാറമേൽവച്ച് ചാറ് അതിന്മേൽ ഒഴിക്ക എന്നു കല്പിച്ചു; അവൻ അങ്ങനെ ചെയ്തു. യഹോവയുടെ ദൂതൻ കൈയിലുള്ള വടിയുടെ അറ്റംകൊണ്ട് മാംസവും പുളിപ്പില്ലാത്ത വടയും തൊട്ടു; ഉടനെ പാറയിൽനിന്നു തീ പുറപ്പെട്ട് മാംസവും പുളിപ്പില്ലാത്ത വടയും ദഹിപ്പിച്ചു; യഹോവയുടെ ദൂതൻ അവന്റെ കണ്ണിനു മറഞ്ഞു."*

*ന്യായാധിപന്മാർ 6 : 17 – 21*

ഗിദയോൻ സമർപ്പിച്ചു. Right surrender! സാക്ഷാത്തായ

സമർപ്പണം. ഗിദയോൻ സമർപ്പിക്കുന്നതിനു മുമ്പായിട്ട് ദൈവം ഗിദയോന് പ്രത്യക്ഷപ്പെട്ടു. ഭീരുവായ ഗിദയോനോടു ദൈവം പറഞ്ഞു, നീ പരാക്രമശാലിയാണ് എന്ന്.

> *"യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി: അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടു കൂടെ ഉണ്ട് എന്ന് അവനോടു പറഞ്ഞു."*
>
> *ന്യായാധിപന്മാർ 6 : 12*

ദൈവം മനുഷ്യനെ സമീപിച്ച് ധൈര്യം കൊടുക്കുകയാണ്. പ്രത്യാശ കൊടുക്കുകയാണ്. മനുഷ്യൻ സമർപ്പിക്കുന്നു എന്ന് പറഞ്ഞാൽപോലും ആ സമർപ്പണം ദൈവത്തിന്റെ കൃപയാലാണ് നമുക്ക് കിട്ടുന്നത്.

ക്രിസ്തുവിനായി എന്റെ ജീവിതം സമർപ്പിക്കണം എന്ന് ഒരാഗ്രഹം വരുന്നുണ്ടെങ്കിൽ അത് ദൈവത്തിന്റെ കൃപയാണ്. എന്റെ സ്വന്തം ശക്തികൊണ്ടോ ബുദ്ധികൊണ്ടോ ജ്ഞാനം കൊണ്ടോ സാധിക്കുന്നതല്ല. ഒന്ന് ശരിയായി പ്രാർത്ഥിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ അത് കൃപയാണ്. പ്രാർത്ഥിക്കുമ്പോൾ ദൈവസാന്നിദ്ധ്യം കിട്ടുന്നത് ദൈവകൃപയാണ്. നമുക്ക് പാപബോധം കിട്ടുന്നത് ദൈവകൃപയാണ്. നമുക്ക് ഇനിയും മാറ്റം വരാനുണ്ട് എന്ന് ഒരു സുബോധം ലഭിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. എല്ലാറ്റിന്റെയും മൂലകാരണം ദൈവത്തിന്റെ കൃപയാണ്. ദൈവമാണ് എല്ലാം പ്രവർത്തിക്കുന്നത്.

നമ്മിൽ പലരും വിചാരിക്കും ഞാൻ അത് ചെയ്തു, ഞാൻ നല്ലതുപോലെ പ്രാർത്ഥിച്ചു, വേദപുസ്തകം വായിച്ചു, തിരുവചനം പഠിച്ചു, ദൈവത്തിന്റെ വചനം കേൾക്കുന്നുണ്ട്. ഇങ്ങനെ അഭിമാനകരമായി തോന്നുന്ന പല കാര്യങ്ങളുണ്ട്. പക്ഷേ, ഏതെല്ലാം നമുക്ക് അഭിമാനം എന്ന് തോന്നിയാൽ പോലും എല്ലാം ദൈവത്തിന്റെ കൃപയാണ്; നമ്മുടേതല്ല; ദൈവം ഇങ്ങോട്ട് തരുന്നതാണ്.

ഇത് നാം മനസ്സിലാക്കിയിരിക്കണം. നാം അടുക്കളയിൽ

ആഹാരം പാകം ചെയ്യുമ്പോൾ, ആ ആഹാരത്തിന് രുചി കിട്ട ണമെങ്കിൽ ദൈവത്തിന്റെ കൃപവേണം. രുചികരമായ ആഹാരം തയ്യാറാക്കാൻ സാധിക്കുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ ഒരു ദൈവകൃപയുണ്ട്. നിങ്ങളുടെ ഓഫീസിൽ ഔദ്യോഗികമായ കൃത്യങ്ങൾ നിർവ്വഹിക്കുമ്പോൾ അത് ശരി യായ രീതിയിൽ നിർവ്വഹിക്കുവാൻ സാധിക്കുന്നുണ്ടെങ്കിൽ അത് ദൈവത്തിന്റെ കൃപയാണ്.

പഠിക്കുന്ന വിദ്യാർത്ഥികൾ പഠിക്കാൻ ശ്രമിക്കുമ്പോൾ ബുദ്ധി തെളിയുന്നത് ദൈവത്തിന്റെ കൃപയാലാണ്. കുട്ടികൾ പരീക്ഷ എഴുതുന്നു. പരീക്ഷാഹാളിൽ പോയി ഇരിക്കുമ്പോൾ വേണ്ടതുപോലെ എഴുതുവാൻ സാധിക്കുന്നത് ദൈവത്തിന്റെ കൃപയാണ്. ദൈവകൃപ കൂടാതെ ഒരു മനുഷ്യനും ഒന്നും സാധി ക്കുകയില്ല.

ഗിദയോന് ദൈവത്തിന്റെ കൃപ കിട്ടുകയാണ്. ദൈവ ത്തിന്റെ അനുഗ്രഹം കിട്ടുകയാണ്. ദൈവം ഗിദയോന്റെ മേൽ തന്റെ സ്നേഹം നിക്ഷേപിക്കുകയാണ്.

തുടർന്ന് Right surrender. ഇങ്ങോട്ട് കിട്ടുമ്പോൾ അങ്ങോട്ട് കൊടുക്കുന്നു. അതാണ് surrender സമർപ്പണം. ദൈവം നമ്മുടെ ജീവിതത്തിലേക്ക് എല്ലാം തരുന്നു. കർത്താ വിനായി തന്നെത്തന്നെ സമർപ്പിക്കുന്നു. അതാണ് ഗിദയോൻ ചെയ്തത്.

സമർപ്പണം ശരിയാണെങ്കിൽ സ്വർഗ്ഗത്തിൽ നിന്ന് തീ ഇറ ങ്ങും.

> *“യഹോവയുടെ ദൂതൻ കൈയിലുള്ള വടിയുടെ അറ്റംകൊണ്ടു മാംസവും പുളിപ്പില്ലാത്ത വടയും തൊട്ടു; ഉടനെ പാറയിൽനിന്നു തീ പുറപ്പെട്ട് മാംസ വും പുളിപ്പില്ലാത്ത വടയും ദഹിപ്പിച്ചു.”*
>
> *ന്യായാധിപന്മാർ 6 : 21.*

ഗിദയോൻ ദൈവസന്നിധിയിൽ കൊണ്ടുവന്ന് അവന്റെ കാഴ്ച അർപ്പണം ചെയ്യുകയാണ്. അപ്പോൾ ദൈവസന്നിധിയിൽ നിന്ന് തീ പുറപ്പെട്ട് ആ കാഴ്ചവസ്തുവിനെ ദഹിപ്പിക്കുന്നു.

നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ തീ വരാത്തതായി എന്തെങ്കിലുമുണ്ടെങ്കിൽ അതെല്ലാം പിശാചിന് അവകാശമുള്ളതാണ്, മറക്കരുത്. നമ്മുടെ വിദ്യാഭ്യാസത്തിൽ ദൈവത്തിന്റെ തീ തൊടണം. നമ്മുടെ ബിസിനസ്സിൽ ദൈവത്തിന്റെ തീ തൊടണം. നമ്മുടെ കച്ചവടസ്ഥാപനത്തിൽ ദൈവത്തിന്റെ തീ തൊടണം. നമ്മുടെ വീട്ടിൽ, കിടപ്പുമുറിയിൽ, അടുക്കളയിൽ, പെരുമാറ്റങ്ങളിൽ എല്ലാം ദൈവത്തിന്റെ തീ തൊടണം. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തീയുടെ സ്പർശമില്ലാത്ത ഒരുനിമിഷംപോലും നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കരുത്.

ദൈവത്തിന്റെ സാന്നിദ്ധ്യം! ഗിദയോൻ സമർപ്പിച്ചു. ദൈവത്തിന്റെ തീ ഇറങ്ങി. Right surrender ഉണ്ടെങ്കിൽ right fire സാക്ഷാൽ അഗ്നി ഉണ്ടാകും. ശരിയായ തീ വരും. രണ്ടു തരം തീ ഉണ്ട്.

1. പരിശുദ്ധാത്മാവിന്റ തീ
2. അന്യാഗ്നി

അന്യാഗ്നി പരിശുദ്ധാത്മാവിന്റെ തീയുടെ സ്വഭാവം കാണിക്കും. വചനം കേട്ടാൽ നമുക്ക് തോന്നും ഇത് ശരിയായ വചനമാണെന്ന്. വേദപുസ്തകത്തിലെ കാര്യങ്ങൾ തന്നെയല്ലേ പറയുന്നത് എന്ന് തോന്നും. പ്രാർത്ഥന കേട്ടാൽ മനോഹരമായ പ്രാർത്ഥനയാണല്ലോ, പരിശുദ്ധാത്മാവിലാണല്ലോ എന്ന് തോന്നും. പക്ഷേ, പരിശുദ്ധാത്മാവിന്റെ തീ വരണമെങ്കിൽ നമ്മുടെ ഹൃദയം ശുദ്ധമായിരിക്കണം. അപ്പോൾ നോക്കേണ്ടത് നമ്മുടെ പ്രാർത്ഥനയോ നമസ്ക്കാരങ്ങളോ

വേദപുസ്തക വായനയോ അങ്ങനെ പുറമെയുള്ള കാര്യങ്ങളല്ല, എന്റെ ഹൃദയത്തിൽ പാപമുണ്ടോ എന്നുള്ളതാണ്. എന്റെ ജീവിതത്തിൽ എവിടെയെങ്കിലും പാപമുണ്ടോ? എന്റെ ജീവിതത്തിൽ എവിടെയെങ്കിലും അകൃത്യമുണ്ടോ? അകൃത്യമുണ്ടെങ്കിൽ അവിടെ ഇറങ്ങുന്നത് അന്യാഗ്നിയായിരിക്കും. അവിടെ വരുന്നത് ദുരാത്മാവായിരിക്കും.

ദുരാത്മാവിന് അത്ഭുതം കാണിക്കാൻ സാധിക്കും. മിസ്രയീമ്യ മന്ത്രവാദികൾ അത്ഭുതം കാണിച്ചു. മോശ കാണിച്ചതുപോലെ തന്നെ ചെയ്തു. മോശ വടി താഴെയിട്ടു. അത് പാമ്പായി തീർന്നു. മിസ്രയീമ്യ മന്ത്രവാദികളും വടി താഴെ ഇട്ടു. അവരുടെ വടിയും പാമ്പായിത്തീർന്നു. മോശ വെള്ളം രക്തമാക്കിത്തീർത്തു, മിസ്രയീമ്യ മന്ത്രവാദികളും അതേ അത്ഭുതം ചെയ്തു. നാല് കാര്യങ്ങളിൽ മിസ്രയീമ്യ മന്ത്രവാദികൾ, മോശ ചെയ്തതുപോലെ തന്നെ ചെയ്തു. പൈശാചികന് ചിലതെല്ലാം ചെയ്യുവാൻ കഴിയും. ഇന്ന് അനേകരുടെ ജീവിതത്തിൽ അന്യാഗ്നി കത്തുന്നുണ്ട്. സാത്താൻ പ്രവർത്തിക്കുന്നുണ്ട്.

സാത്താൻസേവ ചെയ്യുന്നവർ മനോഹരമായി സുവിശേഷം പ്രസംഗിക്കും. കേരളത്തിൽ പല സ്ഥലങ്ങളിൽ സാത്താന്യ സേവ ഉണ്ടെന്നുള്ള കാര്യം നിങ്ങൾ വായിച്ചു കാണുമായിരിക്കും. അവർ സുവിശേഷം പ്രസംഗിക്കും, T V യിലും പ്രസംഗിക്കും. അവരും ആത്മീയപ്രവർത്തനങ്ങളിൽ ഉത്സുകരായി പ്രവർത്തിച്ചുകൊണ്ടിരിക്കും. അന്യാഗ്നിയാണ് കത്തുന്നത്.

അവിടെയും രോഗസൗഖ്യം ഉണ്ടാകുന്നു; ഭൂതബാധ മാറുന്നു. അവിടെ ആളുകൾ തുള്ളുകയും നൃത്തം ചെയ്യുകയും ചെയ്യുന്നു. വൈകാരികമായ വലിയ പ്രവാഹങ്ങൾ ഉണ്ടാകുന്നു. ഇതെല്ലാം ആത്മികമാണെന്ന് പാവം ആളുകൾ ധരിച്ചു പോകുന്നു. നോക്കേണ്ടത് പാപം ജീവിതത്തിലുണ്ടോ

എന്നാണ്.

എന്റെ പ്രാർത്ഥനയിൽ വലിയ ശക്തിയുണ്ടോ, ആരവാരമുണ്ടോ, വലിയ ആഘോഷമുണ്ടോ, ബഹളങ്ങളുണ്ടോ എന്നല്ല നോക്കേണ്ടത്. എന്റെ ഹൃദയത്തിന്റെ ആന്തരാത്മാവിൽ പാപമുണ്ടോ എന്ന് നോക്കണം. എവിടെയെങ്കിലും നീരസമുണ്ടോ, കയ്പ്പുണ്ടോ, ഇഷ്ടക്കുറവുണ്ടോ, മുഷിച്ചിലുണ്ടോ, ഏതെങ്കിലും ദുശ്ശീലങ്ങൾക്ക് ഞാൻ ഇപ്പോഴും അടിമയാണോ എന്ന് നോക്കണം. ഏതെങ്കിലും തരത്തിലുള്ള പാപം വച്ചുകൊണ്ട് നാം ആത്മികമായി പ്രവൃത്തിക്കുന്നു എന്ന് തോന്നിയാൽ അവിടെ വരുന്നത് അന്യാഗ്നിയായിരിക്കും.

ദൈവത്തിൽനിന്ന് തീ പുറപ്പെടണം. ശരിയായ തീ വരണം. നിങ്ങൾ ഓരോരുത്തരും ആഗ്രഹിക്കേണ്ടത് അതാണ്. കർത്താവേ, ആരും എന്നെ മാനിക്കണ്ട. പ്രശംസിക്കണ്ട, അനുമോദിക്കണ്ട, അംഗീകരിക്കണ്ട. ഒന്നുമാത്രം മതി, യേശു എന്നിൽ പ്രസാദിക്കണം. യേശു പ്രസാദിക്കണമെങ്കിൽ എന്നിൽനിന്ന് പാപം മാറണം.

ഇന്ന് നമ്മുടെ ലക്ഷ്യങ്ങൾ പലതും ശരിയല്ല. ഒരാൾ ഒരുപകാരം ചെയ്യുന്നു. ഒരു പാവപ്പെട്ടവന്, രോഗിയായ ഒരു മനുഷ്യന് സഹായം ചെയ്യുന്നു. നല്ലകാര്യമല്ലേ? തീർച്ചയായിട്ടും ചെയ്യണം, ചെയ്യേണ്ടതാണ്. പക്ഷേ, ആ നല്ല കാര്യം ചെയ്തതിൽ വേറെ ഒരു ലാക്കുണ്ട്. അതിന്റെ പിന്നിൽ എന്നെ ആളുകൾ അംഗീകരിക്കണം, ഞാൻ നല്ലവനാണെന്ന് ആളുകൾ മനസ്സിലാക്കണം, ഞാൻ സാധുജനങ്ങളോട് ഒരു പ്രതിപത്തിയുള്ളവനാണെന്ന് ആളുകൾ മനസ്സിലാക്കണം, എനിക്ക് ഒരു അംഗീകാരം കിട്ടണം എന്ന ആഗ്രഹമുണ്ട്.

ഒരാൾ ഒരു പാവപ്പെട്ടവന് വീട് വച്ച് കൊടുത്തു. ഫോട്ടോസഹിതം പത്രത്തിൽ വരികയാണ്. അതിന്റെ പിന്നിൽ ഒരു ദുരുദ്ദേശമുണ്ട്, evil motive ഉണ്ട്. പുറമേ നോക്കിയാൽ ദുരുദ്ദേശം എന്ന് തോന്നില്ല. മനുഷ്യനെ കാണിക്കാനുള്ള, മനു

ഷ്യനെ പ്രസാദിപ്പിക്കാനുള്ള ബദ്ധപ്പാടുകൾ.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ പലപ്പോഴും അന്യാഗ്നി കത്തുന്നു. Right fire അല്ല, False fire! വ്യാജമായ തീയാണ് വരുന്നത്. ദൈവത്തിന്റെ അഗ്നി കത്തണമെങ്കിൽ ഹൃദയം ശുദ്ധമായിരിക്കണം. പുറമേയുള്ള പ്രവൃത്തികൾ ശുദ്ധമായാൽ പോരാ, അകം ശുദ്ധമാകണം. വ്യക്തമായി പറഞ്ഞാൽ, ഒരാളെ നാം ശരിയായി അറിയണമെങ്കിൽ അടുത്തറിയണം. അല്ലാത്തപ്പോൾ നല്ല വർത്തമാനങ്ങൾ, സമ്പ്രദായങ്ങൾ, പെരുമാറ്റങ്ങൾ, ജീവിതരീതികൾ, കൊള്ളാമല്ലോ നല്ലത് എന്ന് നമുക്ക് തോന്നും. പക്ഷേ, ആ വ്യക്തിയുമായി ഇടപഴകിക്കഴിയുമ്പോൾ അയാളുടെ ജീവിതത്തിൽ ഏതെല്ലാമോ ചില കുഴപ്പങ്ങൾ, മാലിന്യങ്ങൾ ഉണ്ട് എന്ന് നമുക്ക് മനസ്സിലാകും.

അങ്ങനെ അടുത്ത് ഇടപഴകുമ്പോഴാണ് തനിനിറം മനസ്സിലാക്കുന്നത്. ഇന്ന് നമുക്ക് മനുഷ്യരെ മയക്കാൻ പറ്റും. നമ്മുടെ തനിനിറം പുറത്ത് വരാതെ കുറെ അഭിനയിക്കാൻ പറ്റും. പക്ഷേ, കൂടുതൽ അടുത്ത് ഇടപെടുമ്പോൾ തനിനിറം വെളിപ്പെട്ട് വരികയും അപ്പോൾ നമുക്ക് അയാളുടെ ജീവിതത്തിന്റെ, പ്രവർത്തനത്തിന്റെ പിന്നിൽ, പ്രാർത്ഥനയുടെ പിന്നിൽപോലും ചില evil motives ഉണ്ട് എന്ന് മനസ്സിലാകും. നമ്മുടെ ലക്ഷ്യം ശുദ്ധമായിരിക്കണം.

ഇനി നിങ്ങൾ ചിന്തിച്ചു നോക്കൂ. എന്റെ ജീവിതത്തിൽ ലക്ഷ്യം ശുദ്ധമാണോ? കർത്താവായ യേശുക്രിസ്തുവിനു വേണ്ടി മാത്രമായി സമർപ്പിച്ചിരിക്കുന്നു എന്നുള്ള ഉറപ്പ് നിങ്ങൾക്കുണ്ടോ? ക്രിസ്തു എന്നിൽ പ്രസാദിക്കണം എന്നുള്ള ഏക ലക്ഷ്യം നിങ്ങൾക്കുണ്ടോ? മനുഷ്യർ എന്നെക്കുറിച്ച് എന്ത് പറഞ്ഞാലും സാരമില്ല. മനുഷ്യർ എന്നെക്കുറിച്ച് തെറ്റിദ്ധരിച്ചാലും സാരമില്ല. ആളുകൾ എന്നെ അംഗീകരിച്ചില്ലെങ്കിലും സാരമില്ല. എന്റെ യേശു, എല്ലാം ശരിയായി കാണുന്ന യേശു, അവിടുന്ന് എന്നിൽ പ്രസാദിച്ചാൽ മതി എന്നുള്ള ഏക

ലാക്ക് നിങ്ങൾക്ക് വരുന്നുണ്ടോ? എങ്കിൽ നിങ്ങൾക്ക് ധീരതയോടെ നിൽക്കാം. പ്രത്യാശയോടെ, പ്രാഗത്ഭ്യത്തോടെ നിൽക്കാം. എങ്കിൽ നിങ്ങൾക്ക് ചില കാര്യങ്ങൾ ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യുവാൻ സാധിക്കും.

ഗിദയോന് വലിയ ധൈര്യം ലഭിച്ചു. നിസ്സാരനും ഭീരുവുമായിരുന്ന ഗിദയോനിൽ നിന്നുകൊണ്ട് ദൈവം ചില അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു. തീ ഇറങ്ങിയാൽ അത്ഭുതമുണ്ട്. തീ ഇറങ്ങിയാൽ അനുഭവമുണ്ട്.

സഹോദരങ്ങളേ, ദൈവത്തിന്റെ തീ ഇറങ്ങണമെങ്കിൽ നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി ഓരോ പാപവും നാം കണ്ടുപിടിക്കണം. എവിടെയെല്ലാമാണ് തിരുത്തുവാനുള്ളത്? വളരെ ചെറുത്, നിസ്സാരം എന്നു തോന്നും. ഒരുപക്ഷേ നമ്മുടെ മാതാപിതാക്കളോട് നാം അനുസരണക്കേട് കാണിച്ചതായിരിക്കും. അല്ലെങ്കിൽ അദ്ധ്യാപകരെ ബഹുമാനിക്കാതെയോ ആദരിക്കാതെയോ അവരെ പുച്ഛിക്കുകയോ പരിഹസിക്കുകയോ ചെയ്തതായിരിക്കാം. ജോലി സ്ഥലത്ത് വിശ്വസ്തതയില്ലാതെ നിന്നതായിരിക്കാം.

നാം കാര്യക്ഷമതയോടെ ചെയ്യേണ്ടതിനു പകരം അല്പം ഉദാസീനത കാണിച്ചതായിരിക്കാം. ഒരുപക്ഷേ, കരുതിക്കൂട്ടിയല്ലെങ്കിലും നാം മൂലം നമ്മുടെ സ്ഥാപനത്തിന് ഏതെങ്കിലും തരത്തിൽ ചെറുതോ വലുതോ ആയ നഷ്ടം വന്നതായിരിക്കാം. അതെല്ലാം ദൈവത്തിന്റെ തീ ഇറങ്ങുന്നതിനു തടസ്സമായിരിക്കും. ചിന്തിച്ചു നോക്കണം ഏതെല്ലാം ഇടങ്ങളിലാണ് എനിക്ക് തിരുത്തുവാനുള്ളത് എന്ന്. ഓരോന്നും കണ്ടുപിടിച്ച് തനിയെ ഇരുന്ന് പ്രാർത്ഥിക്കണം.

ഓരോ ദിവസവും വൈകുന്നേരമിരുന്ന് പ്രാർത്ഥിക്കണം. നിങ്ങൾ ഉറങ്ങുന്നതിനുമുമ്പ് കുറച്ചു നേരം ശാന്തമായി ദൈവസന്നിധിയിൽ ഒറ്റയ്ക്കിരിക്കണം. എന്നിട്ട് ചിന്തിക്കണം: ഇന്ന് പകൽ ഇടപെട്ട ഏതെങ്കിലും കാര്യത്തിൽ കർത്താവേ, ദുഷ്ട

നായ പിശാച് അവകാശം പറയുന്നുണ്ടോ? പൈശാചികശക്തി അവകാശം പറയുന്നുണ്ടോ? എവിടെയെങ്കിലും അന്യാഗ്നി കത്തുവാൻ ഇടയായോ? സംസാരത്തിൽ അസത്യം വന്നോ? വ്യാജം വന്നോ?

ആരെയെങ്കിലും പുച്ഛിക്കുകയോ തരം താഴ്ത്തുകയോ തുച്ഛീകരിക്കുകയോ ചെയ്തതായി എന്തെങ്കിലും ജീവിതത്തിൽ വന്നുപോയോ? എവിടെയെങ്കിലും അഹങ്കാരം വന്നുപോയോ? കോപം വന്നുപോയോ? കരുണയുള്ള കർത്താവേ, ഏതെങ്കിലും ഒരു നോട്ടത്തിലോ, ചിന്തയിലോ, ഭാവത്തിലോ അശുദ്ധി വന്നുപോയോ? അശുദ്ധിയുടെ സ്പർശനമുണ്ടായോ? ഓരോന്നും ചികഞ്ഞ് കണ്ടുപിടിക്കുകയാണ്. എല്ലാം കൊണ്ടുവന്ന് കുരിശിന്റെ ചുവട്ടിലേക്ക് വയ്ക്കുന്നു.

കർത്താവേ, എനിക്ക് ഇന്ന കാര്യത്തിൽ തെറ്റുവന്നുപോയി. ഇന്ന കാര്യത്തിൽ അബദ്ധം പറ്റിപ്പോയി. ഇന്ന് രാവിലെ സമർപ്പണം എടുത്താണല്ലോ ഞാൻ പുറപ്പെട്ടത്. പക്ഷേ, ഇന്ന് എന്റെ ജീവിതത്തിൽ പിശാച് അവകാശം പറയുന്ന ദോഷങ്ങൾ സംഭവിച്ചുപോയല്ലോ. നാഥാ, എന്നെ നീ കഴുകണമേ എന്ന് നാം പ്രാർത്ഥിക്കുന്നു. അങ്ങനെ കഴുകൽ പ്രാപിച്ചിട്ടേ ഓരോ രാത്രിയും ഉറങ്ങാവൂ. കഴുകലില്ലാതെ നിങ്ങളുടെ പാപത്തിന്റേമേൽ ഉറക്കം വരരുത്.

1. ശരിയായ കാഴ്ചപ്പാട് - Right Vision
2. ശരിയായ സമർപ്പണം - Right Surrender
3. ശരിയായ തീ - Right Fire
4. ശരിയായ സമാധാനം - Right Peace

നാലാമത്തെ കാര്യം:

*“അവൻ യഹോവയുടെ ദൂതൻ എന്നു ഗിദയോൻ കണ്ടപ്പോൾ: അയ്യോ, ദൈവമായ യഹോവേ, ഞാൻ യഹോവയുടെ ദൂതനെ അഭിമുഖമായി*

*കണ്ടുപോയല്ലോ എന്നു പറഞ്ഞു. യഹോവ അവ നോട്: നിനക്കു സമാധാനം; ഭയപ്പെടേണ്ടാ, നീ മരി ക്കയില്ല എന്ന് അരുളിച്ചെയ്തു."*

*ന്യായാധിപന്മാർ 6 : 22, 23*

എന്തൊരു ഭാഗ്യം! ദൈവം തന്റെ അടുക്കൽ വന്നു! ദൈവത്തിന്റെ തീ ഇറങ്ങി! ഗിദയോന് അത്ഭുതം! അയ്യോ, ആരാണ് എന്റെ അടുക്കൽ വന്നത്! എന്റെ സമീപത്ത് വന്നത്! എന്നെ സ്നേഹിച്ചത് ആരാണ്! ഞാൻ എന്ത് ഭാഗ്യവാൻ! എന്തൊരത്ഭുതം! ഈ നിസ്സാരനായ എന്റെ അടുക്കലേക്ക് ദൈവം ഇറങ്ങിവന്നിരിക്കുന്നു!

പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. നിങ്ങളുടെ അടു ത്തേക്ക് ദൈവം ഇറങ്ങിവരും. നിങ്ങളുടെ ജീവിതം സമർപ്പി ച്ചാൽ കർത്താവ് നിങ്ങളുടെ കാര്യങ്ങളെല്ലാം ഏറ്റെടുക്കും. ഏതു ദുർഘടങ്ങൾ വരുമ്പോഴും ഊരാക്കുരുക്കുകൾ വരു മ്പോഴും എല്ലാവരും നിങ്ങൾക്ക് ശത്രുക്കളായി തീരുമ്പോഴും ആരും നിങ്ങൾക്ക് അനുകൂലമായി ഒരക്ഷരം മിണ്ടാൻ ഇല്ലാ ത്തപ്പോഴും ഒരാൾ നിങ്ങൾക്ക് അനുകൂലമായി വരും. അത് കർത്താവായ യേശുക്രിസ്തുവാണ്.

ദൈവം പറയും: നീ പേടിക്കേണ്ടാ. നിനക്കു സമാധാനം! Right peace! ശരിയായ സമാധാനം ദൈവം തരുന്ന സമാധാന മാണ്! ലോകം തരുന്ന സമാധാനമുണ്ട്. നമ്മുടെ കടം മാറു മ്പോൾ സമാധാനമല്ലേ? കടം മാറി കുറെ പൈസ കിട്ടി, സമാ ധാനമാണ്. പക്ഷേ, വേറെ പ്രശ്നം വരുമ്പോൾ ആ സമാധാനം പോകും. ദൈവം തരുന്ന സമാധാനം ശാശ്വതമാണ്.

*"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോ കുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു ത രുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങ രുത്, ഭ്രമിക്കയും അരുത്."* *യോഹന്നാൻ 14 : 27*

കർത്താവായ യേശുക്രിസ്തു ക്രൂശിലേക്ക് പോകുന്നതിനു മുമ്പ് പറഞ്ഞതാണ്: “എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു.” (യോഹന്നാൻ 14 : 2). ലോകത്തിൽ ചില പ്രശ്നങ്ങൾ മാറുമ്പോൾ സമാധാനം കിട്ടും. മക്കളുടെ വിവാഹം നടക്കുമ്പോൾ സമാധാനം കിട്ടും. മക്കളുടെ വിദ്യാഭ്യാസം നടന്നാൽ സമാധാനം കിട്ടും. ഭാര്യയ്ക്ക് അല്ലെങ്കിൽ ഭർത്താവിന് രോഗസൗഖ്യം കിട്ടുമ്പോൾ സമാധാനമുണ്ട്. ഇതെല്ലാം ശരിയാണ്. പക്ഷേ, അതിനപ്പുറത്തുള്ള ഒരു ദൈവികമായ സമാധാനമുണ്ട്. Right peace! ദൈവികമായ സമാധാനം! ലോകത്തിന് തരാൻ കഴിയാത്ത സമാധാനം! ലോകത്തിന് എടുത്തുകളയാൻ കഴിയാത്ത സമാധാനം!

ശരിയായ സമാധാനം കിട്ടണമെങ്കിൽ ഹൃദയത്തിൽ പാപമുണ്ടായിരിക്കരുത്. ഹൃദയത്തിൽ ലോകമയത്വം വരരുത്. ഈ ലോകത്തോടുള്ള പറ്റുമാനം വരരുത്. ഈ ലോകത്തിലേക്കുള്ള ആകർഷണം വരരുത്. ഈ ലോകത്തിലേക്കുള്ള ആശ്രയം വരരുത്. അതെല്ലാം മായ. ഒരു ദിവസം നാം എല്ലാം വിട്ടുപോകും.

പ്രിയപ്പെട്ടവരേ, Right peace നിങ്ങൾക്ക് വേണമെങ്കിൽ ജീവിതത്തിൽ തിരുത്തുവാനുള്ളതെല്ലാം തിരുത്തിക്കൊൾക. ജീവിതത്തിൽ വരുത്തേണ്ട വ്യതിയാനങ്ങൾ വരുത്തിക്കൊൾക. ആരോടും പിണങ്ങി ഇരിക്കരുത്. ആരോടും വഴക്കായി ഇരിക്കരുത്. ആരെയും ചെറുതായി കാണരുത്. ആരെയും പരിഹസിക്കരുത്. ആരെയും തുച്ഛീകരിക്കരുത്. എപ്പോഴും നിങ്ങളുടെ ഹൃദയം വിശുദ്ധമായിരിക്കണം. ഹൃദയം നിഷ്കളങ്കമായിരിക്കണം; നിർമ്മലമായിരിക്കണം. ഹൃദയത്തിൽ ഈർഷ്യ വരരുത്, പക വരരുത്, കയ്പ്പുവരരുത്, പ്രതികാരചിന്ത വരരുത്. അങ്ങനെ നിങ്ങൾ നിൽക്കുമ്പോൾ നിങ്ങൾക്ക് മാത്രമല്ല നിങ്ങളുടെ മക്കൾക്കും മക്കളുടെ മക്കൾക്കും അനുഗ്രഹങ്ങൾ വരും.

യേശുക്രിസ്തുവിനെ ഇപ്പോൾ നിങ്ങൾ ക്ഷണിക്കൂ.

കർത്താവേ, എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. എനിക്ക് Right peace തരണമേ. Right surrender – യഥാർത്ഥമായ വഴിപാട് ഞാൻ അർപ്പിച്ചിരിക്കുന്നു. Right fire എന്റെമേൽ ഇറങ്ങണമേ. സാക്ഷാലുള്ള അഗ്നി എന്റെമേൽ ഇറങ്ങണമേ. കർത്താവേ, Right peace - സാക്ഷാത്തായ സമാധാനം, ലോകത്തിന് തരാൻ കഴിയാത്ത സമാധാനം ഇപ്പോൾ എനിക്ക് തരണമേ. എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ.

എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണ യാഗമായി തിരുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു. എന്റേതെല്ലാം നീ എടുത്തുകൊൾക, ഞാൻ വിട്ടുതന്നിരിക്കുന്നു. എനിക്ക് ഇനിയുള്ള കാലം ഒരു വിശുദ്ധനായി, ഒരു ശുദ്ധിമതിയായി നിന്റെ വേല ചെയ്യണം. അതിനായി നിന്റെ കൃപ എനിക്ക് തരണമേ. വന്നുപോയ പാപങ്ങളെല്ലാം ക്ഷമിച്ചുതരണമേ. എന്നെ കഴുകണമേ. എന്നെ വെടിപ്പാക്കണമേ.

# എട്ട്

*"അന്നു രാത്രി യഹോവ അവനോടു കല്പിച്ചത്: നിന്റെ അപ്പന്റെ ഇളയ കാളയായ ഏഴു വയസ്സുള്ള രണ്ടാമത്തെ കാളയെ കൊണ്ടുചെന്നു നിന്റെ അപ്പന്നുള്ള ബാലിൻബലിപീഠം ഇടിച്ചു അതിന്നരികെയുള്ള അശേരപ്രതിഷ്ഠയെ വെട്ടിക്കളക. ഈ ദുർഗ്ഗത്തിന്റെ മുകളിൽ നിന്റെ ദൈവമായ യഹോവയ്ക്ക് നിയമപ്രകാരം ഒരു യാഗപീഠം പണിത് ആ രണ്ടാമത്തെ കാളയെ എടുത്തു നീ വെട്ടിക്കളയുന്ന അശേരപ്രതിഷ്ഠയുടെ വിറകുകൊണ്ടു ഹോമയാഗം കഴിക്ക. ഗിദയോൻ തന്റെ വേലക്കാരിൽ പത്തുപേരെ കൂട്ടി, യഹോവ തന്നോടു കല്പിച്ചതുപോലെ ചെയ്തു; എന്നാൽ അവൻ തന്റെ കുടുംബക്കാരെയും പട്ടണക്കാരെയും പേടിച്ചിട്ടു പകൽ സമയത്ത് അതു ചെയ്യാതെ രാത്രിയിൽ ചെയ്തു. പട്ടണക്കാർ രാവിലെ എഴുന്നേറ്റപ്പോൾ ബാലിന്റെ ബലിപീഠം ഇടിഞ്ഞു കിടക്കുന്നതു കണ്ടു അതിന്നരികെയുള്ള അശേര പ്രതിഷ്ഠയും വെട്ടിക്കളഞ്ഞിരിക്കുന്നതും പണിതിരിക്കുന്ന യാഗപീഠത്തിങ്കൽ ആ രണ്ടാമത്തെ കാളയെ യാഗം കഴിച്ചിരിക്കുന്നതും കണ്ടു. ഇതു ചെയ്തതു ആരെന്നു അവർ തമ്മിൽ തമ്മിൽ ചോദിച്ചു, അന്വേഷണം കഴിച്ചപ്പോൾ യോവാശിന്റെ മകനായ ഗിദയോൻ ആകുന്നു ചെയ്തത് എന്നു കേട്ടു. പട്ടണക്കാർ യോവാശിനോട്: നിന്റെ മകനെ പുറത്തു*

*കൊണ്ടുവരിക; അവൻ മരിക്കേണം; അവൻ ബാലിന്റെ ബലിപീഠം ഇടിച്ചു അതിന്നരികത്തു ഉണ്ടായിരുന്ന അശേര പ്രതിഷ്ഠയേയും വെട്ടിക്കളഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. യോവാശ് തന്റെ ചുറ്റും നില്ക്കുന്ന എല്ലാവരോടും പറഞ്ഞത്: ബാലിന്നു വേണ്ടി നിങ്ങളോ വ്യവഹരിക്കുന്നത്? നിങ്ങളോ അവനെ രക്ഷിക്കുന്നത്? അവന്നു വേണ്ടി വ്യവഹരിക്കുന്നവൻ ഇന്നു രാവിലെ തന്നേ മരിക്കേണം; അവൻ ഒരു ദൈവം എങ്കിൽ തന്റെ ബലിപീഠം ഒരുത്തൻ ഇടിച്ചുകളഞ്ഞതു കൊണ്ടു താൻ തന്നെ തന്റെ കാര്യം വ്യവഹരിക്കട്ടെ. ഇവൻ അവന്റെ ബലിപീഠം ഇടിച്ചുകളഞ്ഞതിനാൽ ബാൽ ഇവന്റെ നേരെ വ്യവഹരിക്കട്ടെ എന്നു പറഞ്ഞ് അവന് അന്ന് യെരുബ്ബാൽ എന്നു പേരിട്ടു.” ന്യായാധിപന്മാർ 6 : 25 – 32*

ദൈവം ഗിദയോനോട് കൽപ്പിച്ചു. ഇനി നീ ഈ വിഗ്രഹാരാധനയെ വച്ചു പൊറുപ്പിക്കരുത്. ബാൽദൈവത്തെ ആരാധിക്കുന്നവരുണ്ട്. അശേരാപ്രതിഷ്ഠയെ ആരാധിക്കുന്നവരുണ്ട്. സത്യദൈവത്തെ മറന്നുപോയവരുണ്ട്. യിസ്രായേൽജനതയ്ക്ക് പറ്റിയ വലിയ അപകടമതായിരുന്നു. ജനം ഈ വലിയ ഭീതിയിലാവാനുള്ള കാരണം, മിദ്യാന്യർ വന്ന് അവരുടെ വസ്തുവകകൾ കൊള്ളയിട്ടുകൊണ്ടു പോകാൻ കാരണം, അവർ അവരെ നടത്തിക്കൊണ്ടുവന്ന ദൈവത്തെ മറന്നുപോയതാണ്.

അങ്ങ് ഈജിപ്റ്റിലെ സമഭൂമിയിൽ നിന്ന് അവരെ പുറപ്പെടുവിച്ച്, ചെങ്കടൽ പിളർന്ന് അവരെ നടത്തി, മരുഭൂമിയിൽക്കൂടി അവരെ നയിച്ച്, സ്വർഗ്ഗത്തിൽ നിന്ന് മന്ന പൊഴിച്ചു കൊടുത്ത്, വിശിഷ്ട ഭക്ഷണമായ കാടപ്പക്ഷിയെ കൊടുത്ത്, പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ച്, പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവുമായി വഴി നടത്തി, യോർദ്ദാൻ

നദി വറ്റിച്ച് അവരെ ഇക്കരെ പലസ്തീനിൽ കടത്തിയ ആ ദൈവത്തെ അവർ മറന്നുകളഞ്ഞു.

യിസ്രായേൽജനം ബാൽവിഗ്രഹങ്ങളെ സേവിക്കാൻ തുടങ്ങി. അതാണ് അവർക്ക് പറ്റിയ അപകടം. അവർ ദൈവത്തെ മറന്നു, ജാതീയ ആരാധനയിലേക്ക് തിരിഞ്ഞു. ദൈവത്തെ മറന്ന് വിഗ്രഹസേവയിലേക്ക് പോയി. ബാലിന്റെ ബലിപീഠത്തിൽ ബലി അർപ്പിക്കാൻ അവർ തയ്യാറായി. വലിയ തെറ്റാണ് അവർക്ക് വന്നത്.

ഇന്ന് നാം ഓരോരുത്തർക്കും വന്നിരിക്കുന്ന അപകടം, ദൈവം കഴിഞ്ഞകാലങ്ങളിൽ ചെയ്ത നന്മകൾ മറന്നുപോയി എന്നുള്ളതാണ്. നടന്നുപോന്ന വഴികൾ, പഴയകാലങ്ങളിൽ നാം ജീവിച്ചത്, നമ്മുടെ ബാല്യത്തിൽ, പിന്നെ തുടർന്നുള്ള ജീവിതത്തിൽ നാം കരഞ്ഞ് കണ്ണീരിൽ കുതിർന്ന നാളുകൾ, അതൊക്കെ മറന്നുപോയി. എത്ര ദയനീയമായിരുന്നു അന്നത്തെ ജീവിതം! എത്ര ഭാരമുള്ളതായിരുന്നു ജീവിതം! സംഭവബഹുലമായ പഴയകാല ജീവിതത്തിൽ എന്തെന്ത് പ്രതി സന്ധികളും പ്രശ്നങ്ങളുമാണ് നാം അതിജീവിച്ചത്!

ഏതെല്ലാം രൂക്ഷമായ പ്രശ്നങ്ങളിലൂടെയാണ് നാം നടന്ന് നീങ്ങിയത്? അന്നെല്ലാം നമ്മെ കാത്ത കരങ്ങൾ! രോഗം വന്നപ്പോൾ സൗഖ്യമാക്കിയ കരങ്ങൾ! നാം അമ്പരപ്പിലായ പ്പോൾ സമാധാനം തന്ന കരങ്ങൾ! നമ്മുടെ ജീവിതത്തിൽ മഹാപാപം വന്നപ്പോൾ വെട്ടിക്കളയാതെ നിറുത്തിയ കര ങ്ങൾ! നമ്മൾ ദൈവത്തെ മറന്ന് ജീവിച്ചപ്പോഴും നമ്മെ സ്നേഹിച്ച് നമ്മെ നടത്തിയ വിധങ്ങൾ! എല്ലാം നമ്മൾ മറന്നു പോയി. ഇന്ന് നമ്മിൽ പലർക്കും പറ്റിയിരിക്കുന്ന അപകടമ താണ്.

യിസ്രായേൽജനം, ദൈവജനം പാപംചെയ്തു. ദൈവ ത്തിൽ നിന്നകന്ന് അശേരാപ്രതിഷ്ഠകളെ സേവിച്ചു. ബാൽ വിഗ്രഹങ്ങളെ ആരാധിച്ചു. അങ്ങനെ ജനം ദൈവത്തിൽ നിന്നകന്ന് ജീവിച്ചപ്പോൾ, ഗിദയോനോട് ദൈവം പറഞ്ഞു: നീ

ചെന്ന് ആ ബാൽ വിഗ്രഹങ്ങളുടെ എല്ലാഭാഗങ്ങളും വെട്ടിക്കളയുക. അശേരാപ്രതിഷ്ഠകളെ മറിച്ചിടുക. വിഗ്രഹങ്ങളെല്ലാം ഉടച്ചുകളയുക. എല്ലാ വിഗ്രഹങ്ങളെയും തകർക്കുക.

ദൈവം പറഞ്ഞത് ഗിദയോൻ അനുസരിച്ചു. ദൈവം പറഞ്ഞു: ഇനിയും ബാൽ വിഗ്രഹങ്ങളെ വച്ച് പൂജിക്കരുത്. ഇനി അശേരാപ്രതിഷ്ഠ ഉണ്ടാക്കരുത്. എല്ലാം തകർത്ത് കളയുക. ഒന്നും വേണ്ട അവിടെ. എന്നിട്ട് യാഗപീഠം പണിത് ദൈവത്തിന് യാഗം അർപ്പിക്ക. വ്യക്തമായിട്ടാണ് പറഞ്ഞത്.

> *"ഗിദയോൻ തന്റെ വേലക്കാരിൽ പത്തുപേരെ കൂട്ടി, യഹോവ തന്നോടു കല്പിച്ചതുപോലെ ചെയ്തു; എന്നാൽ അവൻ തന്റെ കുടുംബക്കാരെയും പട്ടണക്കാരെയും പേടിച്ചിട്ട് പകൽ സമയത്ത് അതു ചെയ്യാതെ രാത്രിയിൽ ചെയ്തു."*
>
> *ന്യായാധിപന്മാർ 6 : 27*

5. Right Obedience – സാക്ഷാൽ അനുസരണം.

യഹോവ തന്നോടു കല്പിച്ചതുപോലെ ഗിദയോൻ ചെയ്തു. ശരിയായ അനുസരണം! Right Vision-ൽ തുടങ്ങി, Right Surrender, Right fire, Right peace and Right Obedience.

ദൈവം അത്ര എളുപ്പമുള്ള കാര്യമല്ല പറഞ്ഞത്. ജനം മുഴുവനും വിഗ്രഹാരാധികളാണ്. അപ്പോൾ ആ ജനം ആരാധിക്കുന്ന വിഗ്രഹങ്ങളെ തകർക്കുക എന്ന് പറഞ്ഞാൽ, ഗിദയോനെ അവർ കൊന്നുകളയും. പേടിയുണ്ട് ഗിദയോന്. പക്ഷേ, ദൈവം പറഞ്ഞു, ഗിദയോൻ അനുസരിച്ചു.

> *"അന്നു രാത്രി യഹോവ അവനോടു കല്പിച്ചത്: നിന്റെ അപ്പന്റെ ഇളയ കാളയായ ഏഴു വയസ്സുള്ള രണ്ടാമത്തെ കാളയെ കൊണ്ടുചെന്നു നിന്റെ അപ്പന്നുള്ള ബാലിൻബലിപീഠം ഇടിച്ച് അതിന്നരികെയുള്ള അശേരപ്രതിഷ്ഠയെ വെട്ടിക്കളക."*
>
> *ന്യായാധിപന്മാർ 6 : 25*

ബാലിന്റെ ബലിപീഠത്തെ ഇടിച്ച് കളയുക. അശേരപ്രതിഷ്ഠയെ വെട്ടിക്കളയുക. വിഗ്രഹാരാധനയെ തകർക്കുക.

എന്താണ് വിഗ്രഹം എന്ന് പറയുന്നത്? നാം ആരും ഒരു വിഗ്രഹത്തെ സേവിക്കുന്നവരല്ല. നാം ആരും ഏതെങ്കിലും ബിംബത്തെ പൂജിക്കുന്നവരല്ല. പക്ഷേ, നമ്മുടെ ജീവിതത്തിലെ വിഗ്രഹം എന്താണ് എന്ന് തിരുവചനത്തിൽ പറയുന്നു.

> *"ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ." കൊലൊസ്യർ 3 : 5*

വിഗ്രഹാരാധനയായ അത്യാഗ്രഹം! ഏതിനോടും അത്യാഗ്രഹം വരുമ്പോൾ അത് വിഗ്രഹാരാധനയാണ്. അത്യാഗ്രഹം പാടില്ല. ഉള്ളതിൽ തൃപ്തിപ്പെടാൻ സാധിക്കണം. ഇന്ന് പലരുടെയും ഹൃദയത്തിൽ തൃപ്തിയില്ല. വീട്ടിൽ തൃപ്തിയില്ല. ഭാര്യയിൽ തൃപ്തിയില്ല; ഭർത്താവിൽ തൃപ്തിയില്ല; മക്കളിൽ തൃപ്തിയില്ല; മക്കളുടെ പഠിത്തത്തിൽ തൃപ്തിയില്ല; വരുമാനത്തിൽ തൃപ്തിയില്ല. ജോലിയിൽ തൃപ്തിയില്ല; ശമ്പളത്തിൽ തൃപ്തിയില്ല; പലതിലും അസംതൃപ്തി നിൽക്കുന്നു. വലിയ തെറ്റാണത്. വിഗ്രഹാരാധനയായ അത്യാഗ്രഹം! അപ്പൊസ്തലനായ സെന്റ് പോൾ കൊലൊസ്യർ മൂന്നിൽ പറയുന്നതു തന്നെ എഫെസ്യ ലേഖനത്തിലും കാണാം.

> *"ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്; അങ്ങനെ ആകുന്നു വിശുദ്ധന്മാർക്കു ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തവ ഒന്നും അരുത്; സ്തോത്രമത്രേ വേണ്ടത്. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറി*

*യുന്നുവല്ലോ.”* *എഫേസ്യർ 5 : 3 – 5*

കൊലൊസ്യലേഖനത്തിൽ പറഞ്ഞു, അത്യാഗ്രഹം വിഗ്ര ഹാരാധനയാണെന്ന്. എഫെസ്യലേഖനത്തിൽ പറയുന്നു, ദ്ര വ്യാഗ്രഹം വിഗ്രഹാരാധനയാണ് എന്ന്.

നിങ്ങൾ പറയും ഞാൻ അന്യായമായി ആരുടേയും സമ്പാദിക്കുന്നില്ല. എനിക്ക് ആരുടെയും വേണ്ട, എന്റെ ആരും വഞ്ചിച്ചുകൊണ്ട് പോകാനും ഞാൻ സമ്മതിക്കില്ല. പത്തു പൈസപോലും എനിക്ക് അനാവശ്യമായിട്ട് വേണ്ട. ഞാൻ അദ്ധ്വാനിച്ച് ജോലി ചെയ്താണ് ജീവിക്കുന്നത്. ഞാൻ മദ്യപി ക്കില്ല. പത്തുപൈസ അനാവശ്യമായി ചെലവഴിക്കില്ല. വേണ്ടാത്ത ജീവിതമില്ല. അഴുക്കായ ജീവിതമില്ല. വീട്ടിൽ മാനവും മര്യാദയായും ജീവിക്കുന്നു. ഞാൻ രണ്ടുനേരം നമ സ്ക്കരിക്കുന്നുണ്ട്. കൃത്യമായിട്ട് പള്ളിയിൽ പോകുന്നു. എനിക്ക് എന്താ കുഴപ്പം? ഞാൻ ദൈവരാജ്യത്തിൽ പോകില്ല എന്ന് പറയാൻ കാരണമെന്താണ്? അപ്പോഴാണ് ഈ വാക്യം: “ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ.” 1 തിമൊ ഥെയോസ് 6 : 10

വിഗ്രഹാരാധനയായ അത്യാഗ്രഹമുണ്ട്; ദ്രവ്യാഗ്രഹമു ണ്ട്. പണം വേണ്ട എന്നല്ല പറഞ്ഞത്. പക്ഷേ, പണത്തോടുള്ള ആഗ്രഹം അബദ്ധമാണ്. ജോലി ചെയ്യണം. ശമ്പളം വാങ്ങാം. പക്ഷേ കൈക്കൂലി വാങ്ങി സമ്പാദ്യം വർദ്ധിപ്പിക്കാൻ നോക്ക രുത്.

*“എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിന്നൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.”*
*ഫിലിപ്പിയർ 4 : 19*

ദ്രവ്യാഗ്രഹം പാടില്ല. വിഗ്രഹാരാധന പാടില്ല. ഒരു ഭാര്യയും ഭർത്താവും എന്നെ കാണാൻ വന്നു. ഈയിടെ കല്യാണം കഴി ച്ചവരാണ്. ഞാൻ പറഞ്ഞു: മക്കളേ, നിങ്ങൾക്ക് രണ്ടു

പേർക്കും ശമ്പളമുണ്ടല്ലോ. രണ്ട് പേഴ്സ് ഇല്ലാതെയിരിക്കുക. ഭർത്താവിന്റെ ശമ്പളം ഭർത്താവും ഭാര്യയുടെ ശമ്പളം ഭാര്യയും ഇഷ്ടംപോലെ ചിലവഴിക്കരുത്. വരവും ചെലവും പരസ്പരം ആലോചിക്കുക. നിങ്ങൾ ഒരു ഹൃദയമായിരിക്കുക. നിങ്ങൾ ഒന്നാകുക എന്ന് പറഞ്ഞാൽ നിങ്ങളുടെ പേഴ്സും ഒന്നാകുക. ഭർത്താവറിയാതെ ഭാര്യയ്ക്ക് ഒരു വരുമാനവും ചെലവും ഉണ്ടാകരുത്. ഭാര്യ അറിയാതെ ഭർത്താവിന് ഒരു വരുമാനവും ചെലവും ഉണ്ടാകരുത്. പരസ്പരം സംസാരിക്കുകയും അങ്ങനെ പൂർണ്ണമായും ഹൃദയം പകർന്ന് ഒരുമിച്ച് സന്തോഷമായി കഴിയുകയും ചെയ്യുക.

പണത്തിനു വേണ്ടിയല്ലേ വഴക്കുകൾ? വീടുകളിൽ കലഹം എന്തിനുവേണ്ടിയാണ്? ചിലപ്പോൾ പിണക്കമുണ്ടായി മിണ്ടാതാകുന്നത് എന്തിനുവേണ്ടിയാണ്? നിസ്സാരമായ പണത്തിന്റെ കാര്യം! എന്തെങ്കിലും ചെലവഴിച്ച കാര്യം! അത് ഭർത്താവിനോട് പറഞ്ഞില്ല, ഭാര്യയോട് പറഞ്ഞില്ല എന്ന് പറഞ്ഞ് വഴക്ക്. ചിലപ്പോൾ ഊണുമേശയിൽ വിളമ്പി വച്ചിട്ട് കഴിക്കാതെ രണ്ടുപേരും എഴുന്നേറ്റ് ഇഷ്ടക്കുറവോടെ പോയി കിടക്കുന്നു. രണ്ടു മുറിയിലോ രണ്ടു കട്ടിലിലോ കിടക്കുന്നു. മാറി കിടക്കുന്നു. പരസ്പരം മിണ്ടാട്ടമില്ല. പരസ്പരം സ്നേഹമില്ല. എന്താണ് കാരണം? നിസ്സാരമായ പണം.

അതുകൊണ്ട് വിഗ്രഹങ്ങളെ ഉടച്ചുകളയുക. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ നിങ്ങൾ എന്തിനെ സ്നേഹിക്കുന്നുവോ അത് വിഗ്രഹമാണ്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ നിങ്ങളുടെ ജോലിയെ സ്നേഹിച്ചാൽ അത് വിഗ്രഹമാണ്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ നിങ്ങളുടെ ഭാര്യയെ സ്നേഹിച്ചാൽ ഭാര്യ വിഗ്രഹമാണ്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ ഭർത്താവിനെ സ്നേഹിച്ചാൽ ഭർത്താവ് വിഗ്രഹമാണ്. യേശുക്രിസ്തുവിനേക്കാൾ കൂടുതൽ നിങ്ങളുടെ വീടിനെ സ്നേഹിച്ചാൽ, വീട് വിഗ്രഹമാണ്, മക്കളെ സ്നേഹിച്ചാൽ മക്കൾ വിഗ്രഹമാണ്.

ഗിദയോൻ ദൈവത്തിന്റെ വചനം അനുസരിച്ചു. വിഗ്ര ഹാരാധന മാറ്റി. വിഗ്രഹാരാധനയ്ക്കുള്ള ബാലിന്റെ വിഗ്രഹ ങ്ങളെയും അശേരാപ്രതിഷ്ഠകളെയും വെട്ടിക്കളഞ്ഞു. ദൈവം കൽപ്പിച്ചത് ഗിദയോൻ അനുസരിച്ചു.

ഇന്ന് കർത്താവ് നിങ്ങളോട് പറയുന്നു: മക്കളേ, നിങ്ങൾ എന്റെ വചനം അനുസരിക്ക. നിങ്ങളുടെ വിഗ്രഹങ്ങളെ എറിഞ്ഞു കളയുക. ഒന്നാം സ്ഥാനം യേശുവിന്. നമുക്ക് ആവ ശ്യമുള്ളത് ദൈവം അറിയുന്നു. മുമ്പേ അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ. നിങ്ങളുടെ ജീവിതത്തിൽ വിഗ്രഹങ്ങളെയെല്ലാം തകർക്കാൻ തീരുമാനിച്ചു കഴിയു മ്പോൾ ദൈവത്തിന്റെ ഹിതം നിവർത്തിക്കുന്നവരായിത്തീരും. നിങ്ങൾ പൂർണ്ണ അനുസരണമുള്ളവരായിത്തീരും.

Right obedience-ന്റെ സാക്ഷാത്തായ നിറവ് കുരിശി ലാണ് കാണുന്നത്. “പിതാവേ എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നെ നടത്തണമേ.” സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടത്തിന് പൂർണ്ണമായി വിധേയപ്പെടുത്തിക്കൊടുത്ത കർത്താവായ യേശുവിന്റെ അനുസരണം! കുരിശിലെ മരണത്തോളം തന്നെ ത്തന്നെ താഴ്ത്തിയ അനുസരണം! കുരിശിലെ മരണത്തി നായി തന്നെത്തന്നെ ഏൽപ്പിച്ച അനുസരണം! പിതാവേ, എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ എന്നു പറഞ്ഞ് സമർപ്പിച്ചു കൊടുത്ത ക്രൂശിലെ അനുസരണം! നമുക്ക് മാതൃ കയാക്കാൻ അതാണുള്ളത്.

ദൈവത്തെ അനുസരിക്കുക; ദൈവത്തിന്റെ വചനത്തെ അനുസരിക്കുക. ദൈവത്തിന്റെ വചനപ്രകാരം ജീവിക്കുക. ആ അനുസരണം നാം പഠിക്കുമ്പോൾ ക്രൂശിൽക്കൂടി നേടി ത്തന്ന രക്ഷ നമുക്ക് അനുഭവമായിത്തീരും. ആ അനുസരണ മാണ് അവനെ സ്വർഗ്ഗത്തേക്കാൾ ഉന്നതനാക്കിയെടുത്തത്. “ഇവനത്രെ നമുക്കുള്ള മഹാപുരോഹിതൻ! ഇവൻ എത്ര മഹാൻ എന്ന് നോക്കുവിൻ! പവിത്രൻ, നിർദ്ദോഷൻ, നിർമ്മ ലൻ, പാപികളോട് വേർപെട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നത

നായി തീർന്നവൻ." എബ്രായർ 7 : 26, 27.

യേശുക്രിസ്തുവിന്റെ മാതൃക നിങ്ങൾ സ്വീകരിക്കുക. വചനം അനുസരിക്കുക. പിതാവിന്റെ ഹിതം നിങ്ങൾ അനുസരിക്കുക. സ്വർഗ്ഗീയപിതാവിന് ഹിതമല്ലാത്തത് നിങ്ങളുടെ ജീവിതത്തിൽ നിന്ന് മാറ്റിക്കളയുക. യേശുവിനോടുള്ള അനുസരണത്തിൽ നിറഞ്ഞു വരിക.

അനുസരണം നിങ്ങളുടെ ജീവിതത്തിലേയ്ക്ക് വരട്ടെ. നിങ്ങളുടെ ജീവിതം ഭാഗ്യമുള്ളതായിത്തീരട്ടെ. ജീവിതം ശോഭനമായിത്തീരട്ടെ. യേശുക്രിസ്തുവിന്റെ കരം നിങ്ങളുടെ തലമേൽ വയ്ക്കട്ടെ. നിങ്ങളുടെ ആഗ്രഹങ്ങൾ കർത്താവ് സാധിപ്പിച്ച് തരട്ടെ. യേശുക്രിസ്തു നിങ്ങളുടെ കുടുംബത്തിലേയ്ക്ക് സമാധാനം തരട്ടെ. Right obedience നിങ്ങൾക്ക് ലഭിക്കട്ടെ.

Right Vision ലഭിച്ചു കഴിഞ്ഞപ്പോൾ Right surrender! ശരിയായ സമർപ്പണം ലഭിച്ചപ്പോൾ Right fire - ശരിയായ അഗ്നി! ശരിയായ അഗ്നി ലഭിച്ചു കഴിഞ്ഞപ്പോൾ Right peace- ശരിയായ സമാധാനം! ഇനി നിങ്ങൾ ചെയ്യേണ്ടത് Right obedience, ശരിയായ ഒരു അനുസരണമാണ്.

ഇപ്പോൾ നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേയ്ക്ക് കൊടുക്കുക. കർത്താവേ, ഇത്രയും കാലം നിന്നെ അനുസരിക്കാതെ, നിന്റെ വചനം അനുസരിക്കാതെ ഞാൻ ജീവിച്ചു. തെറ്റുകൾ സംഭവിച്ചുപോയി. നാഥാ! എനിക്ക് മാപ്പ് തരണമേ. വന്നുപോയ പാപങ്ങളെല്ലാം ക്ഷമിക്കണമേ. ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിന്റെ തിരുരക്തം പുരണ്ട കരം എന്റെ തലമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ. എന്റെ പാപങ്ങൾ എല്ലാം പോക്കി എന്നെ ശുദ്ധീകരിക്കണമേ. എന്നെ നിന്റെ മകനായി, മകളായി തീർക്കണമേ. ഇന്നു മുതൽ ഞാൻ നിന്റെ അടിമ.

# ഒൻപത്

1. Gideon the Conqueror.
2. Gideon the Coward.
3. Gideon the Challenger.

*"അന്നു രാത്രി യഹോവ അവനോടു കല്പിച്ചത്: നിന്റെ അപ്പന്റെ ഇളയ കാളയായ ഏഴു വയസ്സുള്ള രണ്ടാമത്തെ കാളയെ കൊണ്ടുചെന്നു നിന്റെ അപ്പന്നുള്ള ബാലിൻബലിപീഠം ഇടിച്ച് അതിന്നരികെയുള്ള അശേരപ്രതിഷ്ഠയെ വെട്ടിക്കളക. ഈ ദുർഗ്ഗത്തിന്റെ മുകളിൽ നിന്റെ ദൈവമായ യഹോവയ്ക്കു നിയമപ്രകാരം ഒരു യാഗപീഠം പണിത് ആ രണ്ടാമത്തെ കാളയെ എടുത്തു നീ വെട്ടിക്കളയുന്ന അശേരപ്രതിഷ്ഠയുടെ വിറകുകൊണ്ട് ഹോമയാഗം കഴിക്ക. ഗിദയോൻ തന്റെ വേലക്കാരിൽ പത്തുപേരെ കൂട്ടി, യഹോവ തന്നോടു കല്പിച്ചതുപോലെ ചെയ്തു. ന്യായാധിപന്മാർ 6 : 25 – 27*

ഗിദയോൻ സമാധാനമില്ലാത്തവനായിരുന്നു എന്നാൽ, ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഗിദയോന് സമാധാനം നൽകി. ഗിദയോനോട് പറഞ്ഞു: നിനക്ക് സമാധാനം. യഹോവ ശാലോം എന്ന് ആ സ്ഥലത്തിന് പേരിട്ടു.

ഭീരുവായ ഗിദയോൻ 'The Conqueror' ഒരു ജയാളിയായിത്തീർന്നു. He conquered his fears! Conqueror ആകുന്നതിന് മുമ്പ് ഗിദയോൻ ഭീരുവായിരുന്നു. Coward ആയിരുന്നു.

‘C’ എന്ന അക്ഷരം കൊണ്ട് തുടങ്ങുന്ന ചില വാക്കുകൾ! Gideon the Conqueror’ , ‘Gideon the coward’ ആയിരുന്നു. ഭീരുവായ മനുഷ്യനെ Conqueror ആക്കി മാറ്റുന്നതാണ് ദൈവസ്നേഹം. അതാണ് ദൈവത്തിന്റെ അത്ഭുതം.

ചെറിയ കാര്യമല്ല ഗിദയോൻ ചെയ്തത്. ദൈവത്തിന്റെ സാന്നിദ്ധ്യം ലഭിച്ചപ്പോൾ ഗിദയോൻ ധീരനായി, ശക്തനായി. ധീരത കിട്ടിയ ഗിദയോൻ ബാലിന്റെ ബലിപീഠം ഇടിച്ചുകളഞ്ഞു.

യിസ്രായേൽജനം വിഗ്രഹാരാധികളായിത്തീർന്നു. സത്യദൈവത്തെ മറന്നുപോയി. ബാലിന്റെ വിഗ്രഹങ്ങൾ! അശേരാപ്രതിഷ്ഠകൾ!

ജനം വിഗ്രഹാരാധനയിലായിപ്പോയപ്പോൾ ഗിദയോന്റെ ഉള്ളിൽ ചൂടുപിടിച്ചു. ഭീരുവായ ഗിദയോന് ദൈവത്തിന്റെ സമാധാനം ലഭിച്ചു കഴിഞ്ഞപ്പോൾ, ദൈവത്തിന്റെ അനുഗ്രഹം പ്രാപിച്ചുകഴിഞ്ഞപ്പോൾ ഉള്ളിൽ ചൂടുപിടിച്ചു. ഒരു പേടിയും കൂടാതെ ഗിദയോൻ പുറപ്പെട്ടു. ഗിദയോൻ ചെന്നു. ഗിദയോന്റെ അപ്പന്റെ രണ്ടാമത്തെ കാളയെ – എത്ര കൃത്യമായിട്ടാണെന്ന് ദൈവം പറയുന്നത് – അപ്പന്റെ ഇളയ കാളയായ ഏഴു വയസ്സുള്ള രണ്ടാമത്തെ കാളയെ കൊണ്ടുചെന്ന് നിന്റെ അപ്പനുള്ള ബാലിൻബലീപീഠം ഇടിച്ച് അതിന്റെ അരികെയുള്ള അശേരപ്രതിഷ്ഠയെ വെട്ടിക്കളഞ്ഞ് അവിടെ യാഗം കഴിക്കുക.

ഇന്ന കാളയെ യാഗം കഴിക്കാൻ കൃത്യമായിട്ട് പറയുന്നുണ്ട്. ഒരു പക്ഷേ, അപ്പൻ ഓമനിക്കുന്ന കാളയായിരിക്കാം. ഇളയ കാളയാണ്, അപ്പന് വലിയ വാത്സല്യമുള്ള കാളയായിരിക്കാം. നമുക്കറിയാൻ പാടില്ല എന്തുകൊണ്ടാണ് അതുതന്നെ എടുക്കാൻ പറഞ്ഞത് എന്ന്. ഏതായാലും ഇന്നകാളയെ യാഗം കഴിക്ക എന്ന് പറഞ്ഞു. ഗിദയോൻ ആ കാളയെ കൊണ്ടുവന്ന് യാഗം കഴിച്ചു. പക്ഷേ, യാഗം കഴിക്കുന്നതിനുമുമ്പ് അവിടെയുള്ള

ബാലിൻബലിപീഠം ഇടിച്ചുകളഞ്ഞു. അവിടെയുള്ള അശേരാപ്രതിഷ്ഠയെ വെട്ടിക്കളഞ്ഞു. വിഗ്രഹങ്ങൾ ഉടച്ചുകളഞ്ഞു. വിഗ്രഹധ്വംസകനായി മാറി.

ആത്മീയ ഉണർവ്വുണ്ടാകണമെങ്കിൽ വിഗ്രഹങ്ങൾ ഉടയണം. പണ്ട് മാർട്ടിൻ ലൂഥർ ആത്മീയ ഉണർവ്വിനുവേണ്ടി നിന്നപ്പോൾ അദ്ദേഹം വെല്ലുവിളിച്ചു. അന്ന് പാപമോചനച്ചീട്ട് എന്ന് പറയുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇത്ര രൂപയ്ക്കുള്ള ചീട്ട് വാങ്ങിച്ചാൽ ഇന്നയിന്ന പാപങ്ങൾ മോചിച്ചുകൊടുക്കും. നല്ല കാര്യമല്ലേ? പൈസമുടക്കിയാൽ മതി, പാപമോചനം കിട്ടും. പല വിലയുള്ള ചീട്ടുണ്ട്.

അന്നത്തെ സഭ പാപമോചനച്ചീട്ട് വിതരണം ചെയ്യാൻ തുടങ്ങി. ജനം, പാപമൊന്നും ഉപേക്ഷിക്കണ്ട. കുറച്ച് പൈസയുണ്ടായാൽമതി വന്നുപോയ പാപമെല്ലാം ക്ഷമിച്ചുകൊടുക്കും. ഇത്രരൂപ അവിടെകൊടുത്ത് ആ രൂപയുടെ ചീട്ട് മേടിച്ചാൽ പാപമോചനം. കൊലപാതകം ചെയ്തവന് ഇത്രരൂപയുടെ ചീട്ട്. കൊള്ളരുതാത്ത ജീവിതം നയിച്ചവന് ഇത്രരൂപയുടെ ചീട്ട്. കവർച്ച ചെയ്തവന് ഇത്ര രൂപയുടെ ചീട്ട്. അങ്ങനെ ഓരോ രീതിയിൽ പാപമോചനച്ചീട്ട്.

മാർട്ടിൻ ലൂഥർ എതിർത്തു. പാപമോചനം പൈസ കൊടുത്തു മേടിയ്ക്കാനുള്ളതല്ല. പാപമോചനം കിട്ടുന്നത് യേശുക്രിസ്തുവിന്റെ രക്തത്താലാണ്. പാപമോചനം കിട്ടുന്നതിന് ക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്താൽ ഉള്ള കഴുകൽ കിട്ടുകയാണ് വേണ്ടത് എന്നുള്ളകാര്യം മാർട്ടിൻ ലൂഥർ ശക്തമായി പറഞ്ഞു. മാർട്ടിൻ ലൂഥർ അത് പറഞ്ഞപ്പോൾ അന്നത്തെ സഭ അദ്ദേഹത്തെ വേട്ടയാടി. മാർട്ടിൻ ലൂഥർ രക്ഷപ്പെടേണ്ടതിന് ഓടിപ്പോകേണ്ടിവന്നു.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ വിഗ്രഹങ്ങൾ ഉടയ്ക്കണം. നീ ഒരു challenger ആകണം. ജയാളിയാകണമോ? “കുരിശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ

ശിഷ്യനായിരിപ്പാൻ സാധിക്കുകയില്ല" (ലൂക്കോസ് 14 : 27) എന്ന് കർത്താവ് പറഞ്ഞു. നിങ്ങൾ അതൊരു വെല്ലുവിളിയായി ഏറ്റെടുക്കണം; സമൂഹത്തിന്റെ കല്ലേറ് ഏൽക്കാൻ തയ്യാറാകണം. ഒരുപക്ഷേ അധികാരികൾ നിങ്ങളെ ഉപദ്രവിച്ചു എന്നുവന്നേക്കാം. നിങ്ങൾക്ക് വലിയ പീഡകൾ വന്നു എന്നു വന്നേക്കാം. പക്ഷേ, കുരിശെടുക്കാൻ നിങ്ങൾ തയ്യാറാകണം. കുരിശാണ് ജയത്തിന്റെ ചിഹ്നം.

ഒരിക്കൽ ഒരു ദൈവാലയത്തിൽ പ്രസംഗകൻ ദൈവത്തിന്റെ വചനം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആളുകൾ എല്ലാവരും നല്ല ശ്രദ്ധയോടെയിരിക്കുന്നു. എല്ലാവരുടേയും കൈയിൽ വേദപുസ്തകമുണ്ട്. പെട്ടെന്നാണ് ഒരു പട്ടാളട്രക്ക് വന്നത്. പട്ടാളക്കാർ ചാടിയിറങ്ങി. കത്തിമുനയുള്ള തോക്കു കൊണ്ട് അവർ പള്ളിയ്ക്കകത്തേക്ക് ഓടിക്കയറിവന്നു. എല്ലാവരും ഞെട്ടിപ്പോയി. പ്രസംഗകനും മിണ്ടാതെ അവിടെ നിന്നു.

ഉടനെ പട്ടാളമേധാവി പറഞ്ഞു: ദൈവാലയത്തിലുള്ള നിങ്ങൾക്ക് രക്ഷപ്പെടണമെന്നാഗ്രഹമുണ്ടെങ്കിൽ അവരവരുടെ വേദപുസ്തകം അവിടെവച്ചിട്ട് അതിൽ ചവിട്ടി കടന്നുപോകാം. വിശ്വാസം ത്യജിച്ചിട്ട്, വേദപുസ്തകം ചവിട്ടി കടന്നുപോകണം. അല്ല, അതിന് മനസ്സില്ലെങ്കിൽ നിങ്ങളെ ഇപ്പോൾത്തന്നെ വെടിവച്ചുകൊല്ലും. അതൊരു വെല്ലുവിളിയായിരുന്നു. പ്രസംഗകൻ ഉൾപ്പെടെ ബഹുഭൂരിപക്ഷം ആളുകളും വേദപുസ്തകത്തെ ചവിട്ടിയിട്ട് കടന്നുപോയി. ചുരുക്കം പേർ മാത്രം അവിടെയിരുന്നു. കൊല്ലുന്നെങ്കിൽ കൊല്ലട്ടെ. ഒരു കുഴപ്പവുമില്ല. മരിക്കാൻ തയ്യാർ.

പട്ടാളക്കാർ വീണ്ടും പറഞ്ഞു: നിങ്ങൾക്കാർക്കെങ്കിലും രക്ഷപ്പെടണമെങ്കിൽ ഇറങ്ങിപ്പോകാം. പോയവരെ നിങ്ങൾ കണ്ടില്ലേ? ഓരോരുത്തരും ഏകകണ്ഠമായി പറഞ്ഞു: ഇല്ല, ഞങ്ങൾ മരിക്കാൻ തയ്യാറാണ്. ഞങ്ങൾ യേശുക്രിസ്തുവിന്റെ ശിഷ്യരാണ്. ഞങ്ങൾ യേശുക്രിസ്തുവിന്റെ പ്രിയരാണ്.

ഞങ്ങൾ ഒരിക്കലും യേശുക്രിസ്തുവിന്റെ വചനത്തെ നിന്ദിക്കയില്ല. വേദപുസ്തകത്തെ ചവിട്ടിയിട്ട് കടന്ന് പോകില്ല. ഞങ്ങൾ യേശുക്രിസ്തുവിനെ ഭക്തിയോടെ ആരാധിക്കുന്നവരാണ്.

കുറച്ചുപേർമാത്രം ശേഷിച്ചു. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ പട്ടാളക്കാർ എല്ലാവാതിലുകളും അടച്ചു. അപ്പോൾ മനസ്സിലായി, ഇപ്പോൾതന്നെ കൊല്ലും. വാതിലടച്ചുകഴിഞ്ഞിട്ട് അവർ പറഞ്ഞു: ഞങ്ങൾ വിശുദ്ധന്മാരായ, ധൈര്യമുള്ള വിശ്വാസികൾ ഉണ്ടോ എന്ന് കാണാൻ വന്നതാണ്. ഞങ്ങൾക്ക് അങ്ങനെയുള്ളവരോടൊരുമിച്ച് ആരാധിയ്ക്കാൻ ആഗ്രഹമുണ്ട്. നിങ്ങൾ ഏതാനും പേർ സത്യവിശ്വാസികളാണെന്ന് മനസ്സിലായി. ഞങ്ങൾ പട്ടാളവേഷത്തിൽ വന്നത് സത്യവിശ്വാസികൾ ഉണ്ടോ എന്നറിയാനാണ്. അന്ന് മനോഹരമായ ആരാധനയായിരുന്നു. പ്രിയപ്പെട്ടവരേ, ഇതൊരു വെല്ലുവിളിയാണ്. ജീവിതത്തിൽ പ്രതിസന്ധികൾ വന്നു എന്നുവരാം. ഇതുപോലുള്ള വലിയ പരീക്ഷണഘട്ടങ്ങൾ വന്നു എന്നുവരാം. അപ്പോഴെല്ലാം ധൈര്യത്തോടെ നിൽക്കാൻ കഴിയുക എന്നു പറയുന്നത് വലിയൊരു വിജയമാണ്. എന്തുവന്നാലും ശരി എനിക്ക് യേശു ഒന്നാമത്. യേശു ദുഃഖിക്കുന്ന ഒരു കാര്യം വരികയില്ല. ഇതായിരിക്കണം നമ്മുടെ തീരുമാനം.

കർത്താവേ, എന്നെ നേർവഴിയിൽ നടത്തണമേ. എന്റെ ജീവിതത്തിലെ വിഗ്രഹങ്ങളെല്ലാം ഞാൻ എറിഞ്ഞുടച്ചുകളയുന്നു. ഗിദയോൻ ബാൽവിഗ്രഹങ്ങളെയും അശേരാപ്രതിഷ്ഠകളെയും വെട്ടിക്കളഞ്ഞതുപോലെ ഞാനും വെട്ടിക്കളയുന്നു. സ്വന്തം കുടുംബത്തിൽത്തന്നെ പലരും എതിരായാലും, സ്വന്തം ഭർത്താവ് എതിരായാലും ഞാൻ യേശുവിനെ ഉപേക്ഷിക്കുകയില്ല. എന്റെ മക്കൾ എന്നെ പരിഹസിച്ചാലും ശരി ഞാൻ യേശുവിനെ ഉപേക്ഷിക്കുകയില്ല.

എന്റെ വിദ്യാർത്ഥികൾ എന്നെ കളിയാക്കിയാലും ശരി ഞാൻ യേശുവിനെ ഉപേക്ഷിക്കുകയില്ല. പത്തുപൈസ വരുമാ

നമില്ലാതെ വന്നാലും ഞാൻ യേശുവിനെ ഉപേക്ഷിക്കയില്ല. യേശു ദുഃഖിക്കുന്നതൊന്നും വരികയില്ല. ഇതായിരിക്കണം നമ്മുടെ തീരുമാനം. ആ തീരുമാനം വരുമ്പോഴാണ് നാം ചലഞ്ചറായി മാറുന്നത്.

Challenger! നമുക്കുവേണ്ടി തന്നെത്തന്നെ ക്രൂശിലർപ്പിച്ച രക്ഷകനെ കണ്ടാൽ നിങ്ങൾ എല്ലാ വിഗ്രഹങ്ങളും തകർക്കും.

യേശുവിന്റെ വചനത്തിന്റെ മുമ്പിലേയ്ക്ക് നാം വന്നിരിയ്ക്കുകയാണ്. ആ തിരുരക്തത്തിന്റെ അത്ഭുതശബ്ദമാണ് നാം കേൾക്കുന്നത്. നമ്മെ വീണ്ടെടുക്കുന്ന ശബ്ദം! നമ്മെ ജയാളികളാക്കുവാൻ അദ്ധ്വാനിക്കുന്ന ശബ്ദം! നാമൊരു challenger ആയി മാറുക. എന്റെ ദൈവമേ, ജീവിതത്തിന്റെ വെല്ലുവിളികളെ, പ്രതിസന്ധികളെ, എതിർപ്പുകളെ ഞാൻ സന്തോഷത്തോടെ നേരിടും. ഞാൻ നിന്റെ പ്രിയശിഷ്യനായി എന്നും നിൽക്കും. ഇതായിരിക്കണം നമ്മുടെ സമർപ്പണം.

നിങ്ങളുടെ ജീവിതത്തിൽ ഇതുവരെയും വന്നുപോയ സകല പാപങ്ങളും മാറ്റി കർത്താവു നിങ്ങളെ ശുദ്ധീകരിക്കട്ടെ. നിങ്ങളുടെ പിന്മാറ്റങ്ങൾ കർത്താവ് സൗഖ്യമാക്കട്ടെ.

യേശു ഇതാ കെഞ്ചിക്കൊണ്ട് നിന്റെ അരികത്തു വന്നിരിക്കുന്നു. മകനേ, നിന്റെ ഹൃദയം എനിക്ക് തുറന്നുതരുമോ? എന്റെ മകളേ, നിന്റെ ഹൃദയം എനിക്ക് തുറന്നുതരുമോ? എന്റെ പേര് പറഞ്ഞു നടക്കുന്ന അനേകരുണ്ടെങ്കിലും എനിക്ക് മക്കളേറെയില്ല. എന്റെ സാക്ഷാൽ മക്കൾ നിങ്ങളാണ്. നിങ്ങളിലാണ് ഞാൻ ആശവച്ചിരിക്കുന്നത്. നിങ്ങൾ ഈ ശബ്ദം കേൾക്കുമ്പോൾ നിങ്ങളെത്തന്നെ എനിക്ക് തരുമോ?

കർത്താവ് ആശയോടെ ചോദിക്കുന്നു. മകനേ, നിന്റെ ജീവിതത്തിലെ എല്ലാ പാപവും ഞാൻ കഴുകിത്തരാം. മകളേ, നിന്റെ ജീവിതത്തിൽ വന്നുപോയ അകൃത്യങ്ങളെല്ലാം ക്ഷമിച്ചുതരാം. ഒരു പുതിയ ജീവിതം തരാം. അനുഗ്രഹത്തിന്റെ ജീവിതം! വിജയത്തിന്റെ ജീവിതം! Conqueror ആക്കുന്ന

ജീവിതം! സമാധാനമരുളുന്ന ജീവിതം! സന്തോഷമരുളുന്ന ജീവിതം!

1. Gideon conquered his fears!

അവന്റെ ഭയത്തെ അവൻ ജയിച്ചു. ഭയത്തിന്റെമേൽ ജയം കിട്ടി. Conqueror over fear. പാപത്തിന്റെമേലുള്ള ജയം! ഭയത്തിന്റെമേലുള്ള ജയം! തിന്മയുടെമേലുള്ള ജയം! നിങ്ങൾ ഇപ്പോൾ ഇരിക്കുന്നിടത്തിരുന്നുകൊണ്ട് കർത്താവിനോട് പറയണം. കർത്താവേ, എനിക്ക് ചില കാര്യങ്ങളിൽ ഭയമുണ്ട്. മനസ്സ് വെപ്രാളപ്പെട്ടിരിക്കുന്നു. എന്റെ ഭയപ്പാടുകൾ നീ മാറ്റിത്തരണമേ.

ഒരാൾ എന്നെ ഫോണിൽക്കൂടി വിളിച്ചു. സാറേ, ഞാൻ വലിയ കുടുക്കിൽ ആയിരിക്കുകയാണ്. എന്റെ മോളുടെ കല്യാണം അടുത്തു. കൊടുക്കാനുള്ള രൂപ എന്റെ ഭർത്താവ് നേരത്തേതന്നെ കരുതിയതാണ്. പക്ഷേ, എന്റെ വളരെ അടുപ്പമുള്ള ഒരാൾ, മോളുടെ കല്യാണം ആകുമ്പോഴേക്കും തിരികെ തരാമെന്നു പറഞ്ഞ് ആ രൂപ എന്നോടു വാങ്ങിച്ചു. ചതിക്കുമെന്ന് വിചാരിച്ചില്ല. ഇപ്പോൾ മോളുടെ കല്യാണം അടുത്തു. രൂപ വേണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം, എനിക്ക് രൂപ തരാൻ മാർഗ്ഗമില്ലല്ലോ എന്നാണ് പറയുന്നത്.

സാറേ, ഞാൻ ഒരു വലിയ കുരുക്കിൽ ആയിരിക്കുകയാണ്. മോളുടെ കല്യാണത്തിനുള്ള രൂപ പോയി എന്നു മാത്രമല്ല, എന്റെ ഭർത്താവിനോട് പറയാതെയാണ് ഞാൻ കൊടുത്തത്. ഞാനെങ്ങനെ ഭർത്താവിനോട് ആ കാര്യം തുറന്നു പറയും? അദ്ദേഹം എന്നെ സ്നേഹിക്കുന്ന ഒരാളാണ്. ഞാൻ വേറെ തെറ്റൊന്നും ചെയ്തിട്ടില്ല. വേറൊരു പാപവും എനിക്ക് വന്നില്ല. അദ്ദേഹത്തോട് ആലോചിച്ചിട്ടായിരുന്നുവെങ്കിൽ ഇത്രയും വലിയ ഒരു മനോവേദന വരില്ലായിരുന്നു. സാറേ, എനിക്കുവേണ്ടി ഒന്നു പ്രാർത്ഥിക്കണം. രൂപ മേടിച്ച ആൾക്ക് അത് തരാനുള്ള മനസ്സ് കിട്ടണേ എന്ന് സാറൊന്ന് പ്രാർത്ഥിക്കണം.

പ്രിയപ്പെട്ടവരേ, ഏതെല്ലാം തരത്തിലാണ് ഭയപ്പാട് വരുന്നത്? ഏതെല്ലാം തരത്തിലാണ് ആകുലങ്ങൾ വരുന്നത്? ഏതെല്ലാം തരത്തിലാണ് നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നത്? കുരുക്കുകൾ മുറുകി വരുന്നു. ആ സ്ത്രീ ഫോണിൽക്കൂടി ഏങ്ങലടിച്ചുകരയുകയാണ്. എനിക്ക് മനസ്സിലായി, ആ കരച്ചിൽ വാസ്തവമായ കരച്ചിലാണ്. പാവം എന്ത് ചെയ്യും? ഭർത്താവിനോടെങ്ങനെ പറയും? പറയാതെ എന്തുചെയ്യും? കാര്യം നടക്കണ്ടേ. നടക്കാൻ വേറൊരു മാർഗ്ഗവുമില്ലെന്ന് ഭാര്യയ്ക്കറിയാം.

ഇങ്ങനെ അനേകമനേകം കാര്യങ്ങൾ. കുരുക്കുകൾ വന്നുകയറുന്നു. അതെല്ലാം ജീവിതത്തിൽ ഭയപ്പാട് വരുന്നതിന് കാരണമായിത്തീരുന്നു. സ്നേഹിതരേ, നിങ്ങൾ ഒരു കാര്യം ചെയ്യൂ. കർത്താവേ, എന്റെ ആയുസ്സിൽ പാപത്തിനും പാപസാഹചര്യത്തിനും ഞാൻ ഇനി കൂട്ട് കൂടുകയില്ല. പാപത്തിനും പാപത്തിന് പ്രേരിപ്പിക്കുന്ന സ്നേഹിതർക്കും ഞാൻ ഇനി കൂട്ട് കൂടുകയില്ല. എന്റെ ആത്മീയശക്തിയെ നശിപ്പിക്കുന്നതോ ഹനിക്കുന്നതോ ആയ യാതൊന്നിനും ഞാൻ കൂട്ട് കൂടുകയില്ല. യേശുവിനോട് ചേർന്നെനിക്ക് പോകണം. യേശുവിന്റെ കൂടെ എനിക്ക് നടക്കണം. യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിന്റെ മാധുര്യം അനുഭവിച്ചുകൊണ്ട് എനിക്ക് ജീവിക്കണം.

ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ നിങ്ങൾക്ക് കൃപ കിട്ടും. നിങ്ങളുടെ പാപം നിങ്ങളിൽനിന്ന് മാറുകയും കർത്താവിന്റെ തിരുരക്തത്താൽ നിങ്ങൾക്ക് മുദ്ര തരികയും പാപങ്ങളെല്ലാം ക്ഷമിച്ചു തരികയും ചെയ്യും. നിങ്ങൾക്ക് ഊരാക്കുരുക്കുകളിൽ നിന്ന് മോചനം കർത്താവ് തരും.

2. He conquered over his foes.

Foe – ശത്രു! ശത്രുവിന്റെമേൽ ജയം പ്രാപിച്ചു. ഏതാണ് ശത്രു? മിദ്യാന്യർ. നമ്മുടെ ശത്രു ആരാണ്? സാത്താൻ.

സാത്താനെ ശത്രു എന്നാണ് വേദപുസ്തകം പറയുന്നത്. മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ കർത്താവ് പറയുന്ന ഒരുപമയിൽ നമുക്ക് കാണാം, ശത്രു എന്ന് പറഞ്ഞിരിക്കുന്നത് ഈ ദുഷ്ട പിശാചിനെയാണ്.

> *"മനുഷ്യർ ഉറങ്ങുമ്പോൾ അവന്റെ ശത്രു വന്ന്, കോതമ്പിന്റെ ഇടയിൽ കള വിതച്ചു പോയ്ക്കളഞ്ഞു. ഞാറു വളർന്നു കതിരായപ്പോൾ കളയും കാണായ്‌വന്നു. അപ്പോൾ വീട്ടുടയവന്റെ ദാസന്മാർ അവന്റെ അടുക്കൽ ചെന്ന്: യജമാനനേ, വയലിൽ നല്ല വിത്തല്ലയോ വിതച്ചത്? പിന്നെ കള എവിടെനിന്നു വന്നു എന്നു ചോദിച്ചു. ഇതു ശത്രു ചെയ്തതാകുന്നു എന്ന് അവൻ അവരോടു പറഞ്ഞു."*
>
> *മത്തായി 13 : 25 – 28*

യജമാനൻ പറഞ്ഞു: ഇത് ശത്രു ചെയ്തതാകുന്നു. യജമാനൻ നല്ല വിത്താണ് വിതച്ചത്. പക്ഷേ, വിതയ്ക്കുന്നവൻ വിതച്ചിട്ട് പോയി ഉറങ്ങി. അവൻ ഉറങ്ങുമ്പോൾ ശത്രു വന്നു. ദൈവമക്കൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. നാം ഉറങ്ങുമ്പോഴാണ് ശത്രു വരുന്നത്. എപ്പോഴെല്ലാം നമ്മുടെ ആന്തരികമനസ്സിലെ ഉണർവ്വ് നഷ്ടപ്പെടുന്നുവോ, എപ്പോഴെല്ലാം പ്രാർത്ഥനാജീവിതം തളർന്നുപോകുന്നുവോ, എപ്പോഴെല്ലാം നമ്മെത്തന്നെ കാണാതെ പോകുന്നുവോ, എപ്പോഴെല്ലാം നമ്മുടെ ബോധമനസ്സ് മയങ്ങുകയും ഉപബോധമനസ്സ് മാത്രം ഉണർന്നിരിക്കുകയും ചെയ്യുന്നുവോ അപ്പോൾ ശത്രുവരും.

ഓർക്കുക, നാം മയങ്ങുന്ന സമയം നോക്കി ശത്രു കാത്തുനിൽക്കുകയാണ്. മയങ്ങിക്കിടക്കുന്ന സമയം നോക്കി ശത്രു വന്ന് കള വിതച്ചിട്ട് പോകുന്നു. ഉടമസ്ഥൻ നല്ല വിത്താണ് വിതച്ചത്. പക്ഷേ, ശത്രു വന്ന് കള വിതച്ച് പൊയ്ക്കളഞ്ഞു. എന്തെല്ലാം കളകളാണ്? ചില ദുഷ്ചിന്തകളാകാം. ദുഷ്പ്രേരണകളാകാം. ചില അരുതാത്ത കൂട്ടുകെട്ടുകളാകാം. പാപപ്രവൃത്തിയാകാം.

അതല്ലെങ്കിൽ ദ്രവ്യാഗ്രഹമാകാം. സ്വാർത്ഥതയാകാം. അഹങ്കാരമാകാം. ആരോടെങ്കിലും ഉള്ള വൈരാഗ്യമാകാം. ആരോടെങ്കിലും ഉള്ള പകയാകാം. വിദ്വേഷമാകാം. ആരോടെങ്കിലും ഉള്ള ശത്രുതാമനോഭാവമാകാം. പ്രതികാര ചിന്തയാകാം. ചില മുഷിച്ചിലുകളാകാം. വീട്ടിൽ തന്നെ ഭാര്യയും ഭർത്താവും തമ്മിൽ ചില പൊരുത്തക്കേടുകളാകാം.

ചിലപ്പോൾ ഭാര്യ ഉദ്ദേശിച്ചതുപോലെ കാര്യം നടക്കാതെ വരുമ്പോഴുണ്ടാകുന്ന നീരസവും പരിഭവവും ആകാം. ഭർത്താവ് ഉദ്ദേശിച്ചതുപോലെ കാര്യം നടക്കാതെ വരുമ്പോഴുണ്ടാകുന്ന ഭർത്താവിന്റെ കയ്പ്പും വിദ്വേഷവുമാകാം. സ്ഥായിയായ വഴക്കൊന്നുമില്ലെങ്കിലും മുഖം വാടിയും ഹൃദയം മ്ലാനമായും ഇരിക്കുന്ന അനുഭവമാകാം. മൂടിക്കെട്ടിയ മുഖത്തോടുകൂടി പരസ്പരം മിണ്ടാട്ടമില്ലാതെ കഴിഞ്ഞുകൂടി എന്ന് വരാം. ഇതെല്ലാം ശത്രു കള വിതയ്ക്കുകയാണ്. അതിനുള്ള സാഹചര്യം പിശാചൊരുക്കുന്നു. ഞാറു വളർന്നു കതിരായി, ഫലം കായ്ക്കുന്ന സമയമായി. അതുവരെയും തിരിച്ചറിഞ്ഞില്ല.

വേദപുസ്തകത്തിലെ വാക്യങ്ങൾ വച്ചുകൊണ്ട് നല്ലത് എന്നപോലെ പറയുന്ന ചില കളകളുണ്ട്. വേദപുസ്തകത്തിൽ "നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണവും നിമിത്തം അല്പം വീഞ്ഞും സേവിച്ചുകൊൾക" എന്ന് തിമൊഥെയൊസിനോട് പൗലോസ്ശ്ലീഹാ പറഞ്ഞിട്ടുണ്ടല്ലോ. കുറച്ചൊക്കെ ആകാം. അധികം കുടിക്കരുതെന്നേ ഉള്ളൂ എന്നു പറയുന്നവരുണ്ട്. അത് നല്ല വിത്ത് പോലെ തോന്നാകുന്ന കളയാണ്. പിന്നെ പറയും: കർത്താവായ യേശുക്രിസ്തു ചെയ്ത ഒന്നാമത്തെ അത്ഭുതം പച്ചവെള്ളത്തെ വീഞ്ഞാക്കി. അതോ, ലഹരിപ്പിക്കുന്ന വീഞ്ഞ്! മേൽത്തരം വീഞ്ഞ്! അതുകൊണ്ട് ലഹരിയുള്ളത് കഴിച്ചു എന്നുവച്ച് കുഴപ്പമില്ല. അധികം ആകരുതെന്നേയുള്ളൂ.

ഇങ്ങനെ ചില മുടന്തൻ ന്യായങ്ങൾ പറഞ്ഞ് പാപം

ചെയ്യുന്ന മനുഷ്യൻ കള വിതയ്ക്കുകയാണ്. ഇങ്ങനെയുള്ള ആശയങ്ങൾ നമ്മുടെ ഹൃദയത്തിലേക്ക് പാകിത്തരുന്നതു മൂലം ഹൃദയത്തിൽ ചിന്താക്കുഴപ്പം വരുന്നു, നാം പാപത്തി ലേക്ക് പോകുന്നു. യേശുക്രിസ്തു ഒരു വിപ്ലവകാരിയായിരു ന്നല്ലോ. അതുകൊണ്ട് വിപ്ലവം വേണം എന്നൊക്കെ ചിന്തി ക്കുന്ന ആളുകളുണ്ട്. ഇങ്ങനെ കള വിതയ്ക്കുന്ന ശത്രു. ആ ശത്രുവിന്റെ മേൽ ജയം നേടണം. പിശാചിന്റെ മേൽ ജയം നേടണം. Conqueror over his foes! ഗിദെയോൻ ശത്രുക്കളുടെ മേൽ ജയാളി ആയി.

1. Conqueror over his fears – ഭയത്തിന്റെമേൽ ജയം
2. Conqueror over his foes – ശത്രുക്കളുടെമേൽ ജയം.
3. Conqueror over his feelings – വികാരങ്ങളുടെമേൽ ജയം.

അവന്റെ മനസ്സിനെ അവൻ ജയിച്ചു; അവന്റെ ഉള്ളിൽ തന്നെയുള്ള വിചാര വികാരങ്ങളെ അവൻ ജയിച്ചു. അവന്റെ ഉള്ളിലുണ്ടാകുന്ന സംശയചിന്തകളെ അവൻ ജയിച്ചു. Feelings, നമുക്കുണ്ടാകുന്ന ചില തോന്നലുകൾ അവയിൽ ആശ്രയിച്ച് പോകരുത്. ചില തോന്നലുകൾ നമുക്കുണ്ടാകും; എന്നോട് കർത്താവ് പറഞ്ഞതാണ് നിനക്ക് പരീക്ഷ പാസ്സാക്കി തരാമെന്ന്. ഞാൻ ബൈബിൾ വായിച്ചപ്പോൾ നല്ലൊരു ഭാഗ മാണ് കിട്ടിയത്. അതുകൊണ്ട് തീർച്ചയായിട്ടും കർത്താവ് ജയം നൽകും. ഇങ്ങനെയൊക്കെ ചിന്തിക്കുന്ന ആളുകളുണ്ട്. അതൊന്നും ആത്മീയമല്ല.

ബൈബിൾ വായിച്ച് ഒരു വാക്യം കണ്ടതുകൊണ്ടൊന്നും നമുക്ക് ജയം കിട്ടണമെന്നില്ല. നിങ്ങൾക്ക് ജയം തരുന്നത് ക്രിസ്തുവാണ്. നിങ്ങളുടെ ഭയത്തിന്റെ മേൽ, ശത്രുക്കളുടെ മേൽ, feelings-ന്റെ മേൽ ജയം തരുന്നത് ക്രിസ്തുവാണ്.

ക്രിസ്തു ഒരിടത്തും തോറ്റിട്ടില്ല. ദുഷ്ടനായ പൈശാചി കനെ ക്രിസ്തു ജയിച്ചു. എന്റെ വീട്ടിൽ കലഹമുണ്ടാക്കുന്ന

പിശാചിനെ കർത്താവ് തോൽപ്പിക്കും. എന്റെ വീട്ടിൽ ദുരിതമുണ്ടാക്കുന്ന, പ്രശ്നങ്ങളുണ്ടാക്കുന്ന, കുടുംബജീവിതത്തിൽ വിള്ളലുകൾ ഉണ്ടാക്കുന്ന, ഭിന്നതകൾ ഉണ്ടാക്കുന്ന പിശാചിനെ എന്റെ കർത്താവ് തോല്പിക്കും. വിശ്വസിക്കുക. ഭാര്യാഭർത്തൃബന്ധത്തിൽ വിള്ളലുകൾ ഉണ്ടാക്കുക; സഹോദരങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ഭിന്നതയുണ്ടാക്കുക, ഇതെല്ലാം പിശാചിന്റെ കെണിയാണ്. പലപ്പോഴും നാം ഇതൊന്നും അറിയാതെ ചെന്ന് കുടുക്കിൽ വീഴുന്നു.

നാം എപ്പോഴും നമ്മെത്തന്നെ സൂക്ഷിക്കുന്നവരായിരിക്കണം. ഒരിക്കലും ഏതെങ്കിലും തരത്തിലുള്ള പിശാചിന്റെ ഉദ്യമത്തിന് നാം ഇടം കൊടുത്തുപോകരുത്. പാപത്തിന്റെ ചിന്ത വരുമ്പോൾ, ഭിന്നതയുടെ ചിന്ത വരുമ്പോൾ, ഏതെങ്കിലും തെറ്റായ ചിന്തയുടെ ആലോചന വരുമ്പോൾ ഉടനെ ഓർത്തുകൊള്ളണം, ഇതെന്നെ നശിപ്പിക്കാൻ പിശാച് കൊണ്ടുവരുന്ന തന്ത്രമാണ്. ഒരു മഹാ കെണിയാണ്. ഇതിൽ ഞാൻ വീഴുകയില്ല. വീഴാൻ തക്കവണ്ണം ഭീകരമായ സാഹചര്യങ്ങളിലേക്ക് അവൻ നമ്മെ corner ചെയ്യും. പക്ഷേ, അതിൽ വീഴാതെ നാം ശത്രുവിന്റെ കൈയിൽ നിന്ന് വഴുതി മാറിക്കൊള്ളണം.

ഈ ലോകജീവിതം കഴിഞ്ഞ് ഒരു നാൾ ഞാൻ അക്കരയ്ക്ക് പോകുമ്പോൾ ദൈവരാജ്യത്തിൽ എത്തുക എന്നുള്ളതാണ് എനിക്ക് കിട്ടേണ്ട ഏറ്റവും വലിയ ഭാഗ്യം. ഈ ഭൂമിയിലെ ജീവിതത്തിൽ ദുരിതങ്ങളുണ്ട്; കഷ്ടപ്പാടുകളുണ്ട്; ശരീരത്തിന് രോഗമുണ്ട്; നഷ്ടങ്ങളുണ്ട്. ചിലപ്പോൾ ബിസിനസ്സിൽ നഷ്ടം വന്നെന്നു വരും. ചിലപ്പോൾ നമ്മുടെ കൃഷിയിൽ നഷ്ടം വന്നു എന്നു വരും. നമ്മുടെ ആരോഗ്യത്തിൽ നഷ്ടം വന്നു എന്നു വരും. എന്നാൽ ഈ നഷ്ടങ്ങളെല്ലാം ഉള്ളപ്പോൾ തന്നെ നമ്മെ വിടുവിക്കുവാൻ, നമ്മെ രക്ഷിക്കുവാൻ ഒരു പോക്കുവഴി, ഒരു നീക്കുപോക്ക് കർത്താവ് തരും.

*"അവരിൽ ചിലർ പിറുപിറുത്ത് സംഹാരിയാൽ നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുക്കയുമരുത്. ഇത് ദൃഷ്ടാന്തമായിട്ട് അവർക്കു സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിനായി എഴുതിയുമിരിക്കുന്നു. ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും."* *1 കൊരിന്ത്യർ 10 : 10 – 13*

വിശ്വസിക്കുക! പരീക്ഷകൾ വരും. പ്രലോഭനങ്ങൾ വരും. തിന്മയിലേക്കുള്ള ആകർഷണങ്ങൾ വരും. പക്ഷേ, പരീക്ഷയോടുകൂടെ ഒരു നീക്കുപോക്കുണ്ടാകും. നാം വിഷമിച്ച് വലയുമ്പോൾ, എന്തു വേണ്ടൂ എന്നറിയാതെ ചില പ്രശ്നങ്ങളുടെ മുമ്പിൽ പതറി നിൽക്കുമ്പോൾ, അന്ധാളിച്ച് നിൽക്കുമ്പോൾ, അപ്പോൾ ഒരു പോക്കുവഴി ഉണ്ടാക്കിത്തരും. He is ever living & ever loving. എന്നും ജീവിക്കുന്ന ക്രിസ്തു! എന്നും സ്നേഹിക്കുന്ന ക്രിസ്തു!

Jesus Christ is:

So real a God

So near a God

So dear a God.

ഇതൊക്കെ നമ്മൾ അനുഭവിക്കണം. ഇത്രമാത്രം real ആയ ഒരു ദൈവം! നിങ്ങൾ വലഞ്ഞ് വിഷമിച്ച് എന്റെ കർത്താവേ, എന്നു വിളിക്കുമ്പോൾ കേൾക്കുന്ന ഒരു ദൈവം!

ഓടി വരുന്ന യേശു!

ഇന്ന് നിങ്ങൾ വലയുന്ന വിഷയങ്ങളിൽ നിങ്ങളെ സമ്പന്നരാക്കാൻ ദൈവം നിങ്ങളെ വളർത്തും. നിങ്ങൾ ഇന്ന് വിഷമിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്കാശ്വാസം തന്ന് നിങ്ങളെ അതിശക്തമായ, അനുഗൃഹീത പന്ഥാവിലൂടെ നടത്താൻ ക്രിസ്തുവിനു കഴിയും. കർത്താവ് എല്ലാ വിധത്തിലും നമുക്കനുഗ്രഹം തരും. ശത്രുവിന്റെ നീക്കങ്ങളെ കർത്താവ് തകർത്തു തരും. കർത്താവ് ജയം തരുന്നവനാണ്.

സ്വന്തം ശക്തികൊണ്ടൊന്നും സാധിക്കുകയില്ല. എന്റെ ബുദ്ധികൊണ്ട് ഞാൻ ജയിക്കാം, എന്റെ വിദ്യാഭ്യാസം കൊണ്ട് ഞാൻ ജയിക്കാം, എന്റെ കഴിവുകൊണ്ട് ഞാൻ ജയിക്കാം, എന്റെ പണം കൊണ്ട് ഞാൻ ജയിക്കാം, എന്റെ ആരോഗ്യം കൊണ്ട് ഞാൻ ജയിക്കാം, ഞാൻ നേടും എന്നൊക്കെ നമുക്ക് തോന്നും. പക്ഷേ നാമാരും നേടുകയില്ല. അത്യുന്നതന്റെ കൃപയില്ലാതെ നമുക്കൊന്നും നേടാൻ സാധിക്കുകയില്ല.

ഒരു വലിയ വിഷയമാണ് നമുക്ക് മുന്നിലുള്ളത്. പൈശാചിക സൈന്യത്തോടുള്ള യുദ്ധം! ആ യുദ്ധത്തിൽ നാം കർത്താവിനെ തോൽപ്പിക്കരുത്. കർത്താവിനെ ജയിപ്പിക്കണം. നമ്മുടെ ജീവിതത്തിലെ നിഷ്ഠകൊണ്ട്, നമ്മുടെ സമർപ്പണംകൊണ്ട്, ഒരു തെറ്റിനും എന്നെ കിട്ടുകയില്ല, ഒരു പാപത്തിനും എന്നെ കിട്ടുകയില്ല, അരുതായ്മകൾ ഒന്നും എന്റെ ജീവിതത്തിൽ സംഭവിക്കുകയില്ല, അവിടുന്ന് നോക്കുമ്പോൾ ഒരു തെറ്റും എന്നിൽ കാണുകയില്ല എന്നു നാം തീരുമാനിക്കുമെങ്കിൽ നിങ്ങൾക്ക് ജയാളികൾ ആകാം. ജയിച്ച് ജയിച്ച് മുന്നോട്ടു പോകാം. നിങ്ങളുടെ ഭയത്തെ ജയിക്കാം, നിങ്ങളുടെ ശത്രുക്കളെ ജയിക്കാം, നിങ്ങളുടെ വിചാര വികാരങ്ങളെ ജയിക്കാം. നിങ്ങളുടെ തോന്നലുകളെ ജയിക്കാം. ആകമാനം ജയം നേടി ഒരു conqueror ആയിത്തീരാം.

ജയാളികളായിത്തീരുക! ജീവിതം ജയിക്കാനുള്ളതാണ്.

ജീവിതം കർത്താവ് ജയിപ്പിക്കാനുള്ളതാണ്. നിങ്ങൾ ധീരതയോടെ ഒരു വെല്ലുവിളി ആയിട്ടേറ്റെടുക്കണം. ഇല്ല, ഞാൻ പിശാചിന്റെ മുൻപിൽ തോല്ക്കുകയില്ല. ഒരു കാരണവശാലും പാപത്തിന്റെ പ്രലോഭനങ്ങൾക്ക്, പാപത്തിന്റെ പ്രേരണകൾക്ക് ഇടം കൊടുക്കുകയില്ല. എന്ത് ലാഭം വന്നാലും ശരി, എന്തു നഷ്ടം വന്നാലും ശരി ഒരു പാപത്തിന് എന്നെ കിട്ടുകയില്ല. അപ്പോൾ കാണാം നിങ്ങൾ ജയിച്ച് ജയിച്ച് മുന്നോട്ടുപോകുന്നത്. മറ്റുള്ളവർ അത്ഭുതത്തോടെ നിങ്ങളുടെ വിജയം നോക്കി നിൽക്കും. നിങ്ങളുടെ പുരോഗതി, നിങ്ങളുടെ അഭിവൃദ്ധി കണ്ട് അനേകം ദൈവമക്കൾ സന്തോഷിക്കും.

ഈ തീരുമാനത്തിലേക്ക് വരുവാൻ നിങ്ങൾ ക്രൂശിലേക്ക് നോക്കുക. ഈ ജയത്തിലേക്ക് വരുവാൻ ജയിച്ചവന്റെ ക്രൂശിലേക്കു നോക്കുക. ക്രൂശ് ഒരു പരാജയമല്ല. ക്രൂശ് ജയത്തിന്റെ മുന്നോടിയാണ്. ക്രൂശ് കിരീടത്തിന്റെ മുന്നോടിയാണ്. ക്രൂശിനുശേഷം ഒരു കിരീടമുണ്ട്. നിങ്ങൾ ക്രൂശിനെ ഏറ്റുവാങ്ങുക. ക്രൂശിനെ ചുംബിക്കുക. ക്രൂശിനെ നിങ്ങളുടെ ചുമലിലേറ്റുക. ക്രൂശും വഹിച്ചുകൊണ്ട് ക്രൂശിതന്റെ പിന്നാലെ നടക്കുക. അവനോട് ചേർന്ന് പോകുക. ജയജീവിതം സ്വന്തമാക്കുക.

# പത്ത്

*“യഹോവ ഗിദയോനോട്: നിന്നോടുകൂടെയുള്ള ജനം അധികമാകുന്നു; എന്റെ കൈ എന്നെ രക്ഷിച്ചു എന്നു യിസ്രായേൽ എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിന്ന് ഞാൻ മിദ്യാന്യരെ ഇവരുടെ കൈയിൽ ഏല്പിക്കയില്ല. ആകയാൽ നീ ചെന്ന് ആർക്കെങ്കിലും ഭയവും ഭീരുതയുമുണ്ടെങ്കിൽ അവൻ ഗിലയാദ് പർവ്വതത്തിൽനിന്നു മടങ്ങിപ്പൊയ്ക്കൊള്ളട്ടെ എന്നു ജനത്തിൽ പ്രസിദ്ധപ്പെടുത്തുക എന്നു കല്പിച്ചു. എന്നാറെ ജനത്തിൽ ഇരുപത്തീരായിരം പേർ മടങ്ങിപ്പോയി; പതിനായിരം പേർ ശേഷിച്ചു.” ന്യായാധിപന്മാർ 7 : 2, 3*

ഉള്ളിൽ ഭയം! നിറഞ്ഞ ഭീതി! എപ്പോഴാണ് ശത്രു വരുന്നത് എന്ന ആശങ്ക! പക്ഷേ, ദൈവം അവിടെ പ്രത്യക്ഷപ്പെട്ടു. ശത്രു വന്നേക്കുമോ എന്ന് ഭയന്നിരുന്നപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു! അതൊരു വലിയ അനുഗ്രഹമാണ്. നമ്മുടെ മനസ്സിലെ ആശങ്കകളകറ്റാൻ, ഭയപ്പാടുകൾ മാറ്റാൻ, ഹൃദയത്തിലെ ടെൻഷൻ മാറ്റാൻ, ജീവനുള്ള ക്രിസ്തു അരികിലേക്ക് വരുന്നു. കർത്താവ് എല്ലാം കാണുന്നു. നമ്മുടെ വേദനകൾ കാണുന്നു; നമ്മുടെ ഭയപ്പാടുകൾ കാണുന്നു; നമ്മെ ധൈര്യപ്പെടുത്തുവാൻ ക്രിസ്തു നമ്മുടെ അരികത്തേക്ക് വരുന്നു.

അന്ന് ഭയവും ഭീരുത്വവുമുള്ള ഗിദയോന്റെ അരികിലേക്ക് നിത്യനായ ദൈവം വന്നു. ദൈവം ഗിദയോനോട് പറഞ്ഞു: “അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടു

കൂടെയുണ്ട്.” ഏതു ഭയമുണ്ടെങ്കിലും എത്ര നിരാശാജനകമായ ചുറ്റുപാടാണെങ്കിലും അവിടെ ദൈവസാന്നിദ്ധ്യമുണ്ടെങ്കിൽ എല്ലാമുണ്ട്. അവിടെ ഭയപ്പെടാനില്ല. ദൈവസാന്നിദ്ധ്യം!

ദൈവം കൂടെയുണ്ടെന്നുള്ള ഒരു ധൈര്യം കിട്ടിക്കഴിഞ്ഞപ്പോൾ ഗിദയോൻ ജയാളിയായി മാറി. മൂന്ന് കാര്യങ്ങളിലാണ് ഗിദയോൻ conqueror ആയത്.

1. He conquered his fears! അവന്റെ ഭയത്തെ അവൻ ജയിച്ചു
2. He conquered his foes! – അവന്റെ ശത്രുക്കളെ അവൻ ജയിച്ചു
3. He conquered his feelings! – അവന്റെ വിചാരങ്ങളെ അവൻ ജയിച്ചു. അവന്റെ തോന്നലുകളെ, നിരൂപണങ്ങളെ അവൻ ജയിച്ചു.

മിദ്യാന്യർ എന്നുപറയുന്ന ഒരു വിഭാഗം ജനങ്ങൾ ദൈവജനത്തോട് യുദ്ധം ചെയ്തു. മിദ്യാന്യർ പിശാചിന്റെ പ്രതീകമാണ്. നമ്മുടെ ജീവിതത്തിൽ നമ്മെ നിരന്തരം ഉപദ്രവിക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്ന ദുരാത്മാക്കളുണ്ട്.

ഗിദയോൻ അവന്റെ Fear, Foes and Feelings ജയിച്ചു, Conqueror ആയി.

പക്ഷേ, ഗിദയോൻ conqueror ആവുന്നതിന്റെ പിന്നിൽ പിന്നെയും ഒരു വലിയ process ഉണ്ട്; അതിന്റെ പിന്നിൽ ഒരു വലിയ പ്രവർത്തനപദ്ധതിയുണ്ട്. യുദ്ധത്തിനു പോകേണ്ടിവരും. പിശാചിനോട് യുദ്ധം ചെയ്യാൻ പോകണം; മിദ്യാന്യരോട് യുദ്ധം ചെയ്യാൻ പോകണം. യുദ്ധത്തിന് പോകാൻ നേരത്ത് ഗിദയോൻ ഓർത്തു: ചെറിയ യുദ്ധമൊന്നുമല്ലല്ലോ. പതിനായിരക്കണക്കിന് മിദ്യാന്യർ വന്ന് പാളയമിറങ്ങിയിരിക്കയാണ്. അവരോട് യുദ്ധം ചെയ്യാൻ പോകുമ്പോൾ കുറച്ചാളുകൾ പോരാ. ഗിദയോൻ ആളുകളെ കൂട്ടി. മുപ്പത്തീരായിരം പേർ ഗിദയോനോട് കൂടി യുദ്ധം ചെയ്യാൻ വന്നു.

അപ്പോൾ കർത്താവ് പറഞ്ഞു: ഇത്രയും പേർ വേണ്ട. ഇത്രയും പേർ കൂടി യുദ്ധം ചെയ്താൽ ഈ ജനം വിചാരിക്കും ഞങ്ങളുടെ കഴിവുകൊണ്ട് ജയിച്ചു എന്ന്. ഈ ജനത്തിന്റെ പെരുപ്പംകൊണ്ടോ കഴിവുകൊണ്ടോ ജയിക്കാൻ സാധിക്കയില്ല. ശത്രുവിനെ ജയിക്കാൻ മനുഷ്യന്റെ ശക്തി പോരാ. Not by might but by Grace. ദൈവം പറഞ്ഞു: മനുഷ്യന്റെ ശക്തി കൊണ്ടോ, ആൾബലംകൊണ്ടോ ജയിക്കാൻ സാധിക്കയില്ല. എന്നാൽ ശത്രുവിനെ ജയിക്കണമെങ്കിൽ ദൈവത്തിന്റെ കൃപ വേണം. ദൈവത്തിന്റെ സാന്നിദ്ധ്യം വേണം. ദൈവത്തിന്റെ സഹായം വേണം.

> *"യഹോവ ഗിദയോനോട്: നിന്നോടുകൂടെയുള്ള ജനം അധികമാകുന്നു; എന്റെ കൈ എന്നെ രക്ഷിച്ചു എന്ന് യിസ്രായേൽ എന്റെ നേരെ വമ്പു പറയാതിരിക്കേണ്ടതിന്ന് ഞാൻ മിദ്യാന്യരെ ഇവരുടെ കൈയിൽ ഏല്പിക്കയില്ല."*
>
> *ന്യായാധിപന്മാർ 7 : 2*

മുപ്പത്തീരായിരം പേരുമായി യുദ്ധത്തിനുപോയാൽ നീ ജയിക്കയില്ല. ഈ ശത്രുവിനെ ഞാൻ നിന്റെ കൈയിൽ ഏല്പിക്കയില്ല. നീ തോറ്റുപോകും. ദൈവം പറയുകയാണ്: നിന്നോട് കൂടെയുള്ള ജനം അധികമാകുന്നു. അതുകൊണ്ട് നീ ചെന്ന് ആർക്കെങ്കിലും ഭയവും ഭീരുതയുമുണ്ടെങ്കിൽ അവൻ ഗിലെയാദ് പർവ്വതത്തിൽനിന്നു മടങ്ങിപ്പൊയ്ക്കൊള്ളട്ടെ എന്ന് ജനത്തിൽ പ്രസിദ്ധപ്പെടുത്തുക.

ഭയവും ഭീരുത്വവും ഉള്ളവർ ദൈവത്തിന്റെ വേലയ്ക്ക് കൊള്ളുകയില്ല. പേടിച്ച് പേടിച്ച് ദൈവത്തിന്റെ വേല ചെയ്യാൻ ഒക്കുകയില്ല. മനുഷ്യർ എന്തു പറയും? പള്ളിക്കാർ എന്തു പറയും? സഭയിലെ നേതാക്കന്മാർ എന്തു പറയും? പള്ളിപ്രമാണിമാർ എന്തു പറയും? ഇങ്ങനെയൊന്നും ചിന്തിച്ച് കർത്താവിന്റെ വേല ചെയ്യാൻ സാധിക്കയില്ല. ജയം കിട്ടുകയില്ല.

ഭയവും ഭീരുത്വവും ഉള്ളവൻ ഗിലെയാദ് പർവ്വതത്തിൽ

നിന്ന് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ. തുടങ്ങുന്നിടത്തുനിന്നു തന്നെ അവൻ മടങ്ങിപ്പൊയ്ക്കൊള്ളട്ടെ.

ഇന്ന് കൂട്ടായ്മയ്ക്കു വരുന്ന ചിലരെങ്കിലും ലജ്ജയുള്ളവരുണ്ട്. വേദപുസ്തകം കൈയിൽ പിടിച്ചാൽ ആളുകൾ ഉപദേശി എന്ന് വിളിച്ച് കളിയാക്കില്ലേ? പരിഹസിക്കില്ലേ? വേദപുസ്തകം കൈയിൽ ഉണ്ടെങ്കിൽതന്നെ വൃത്തിയായിട്ട് കടലാസിൽ പൊതിഞ്ഞ് നല്ല പ്ലാസ്റ്റിക്ക് കൂടിലാക്കി ഭദ്രമായി കൊണ്ടുപോയാൽ ആരും വേദപുസ്തകമാണെന്ന് അറിയില്ലല്ലോ എന്ന് ചിന്തിക്കുന്നവർ! ബൈബിൾ പിടിച്ചുകൊണ്ടുപോകാൻ പോലും പേടിയും നാണവും ഉള്ള ആളുകൾ! യേശുക്രിസ്തുവിന്റെ ശിഷ്യനാണ് എന്ന് പറയുവാൻ പേടിക്കുന്നവർ!

ഭയം പാടില്ല. ദൈവവേലയ്ക്ക് ഭീരുത്വം പാടില്ല. നാണിച്ചല്ല ദൈവവേല ചെയ്യേണ്ടത്. ദൈവത്തിന്റെ വേല എന്നു പറയുന്നത് ഒരു മഹാപദവിയാണ്. നാം ആരുടെ വേലക്കാരാണ്? നിത്യനായ ദൈവത്തിന്റെ അനുഗൃഹീതരായ, ധന്യരായ വേലക്കാരാണ് നാം ഓരോരുത്തരും. നാം ദൈവത്തിന്റെ സ്വന്തം ജനമാണ്. ദൈവത്തിന്റെ പ്രതിനിധികളാണ്; Ambassadors of Christ! നമ്മുടെ ജോലിസ്ഥലം ഭൂമിയാണ്. പക്ഷേ നിയമനം സ്വർഗ്ഗത്തിൽ നിന്നാണ്. ഇന്ത്യയ്ക്ക് അമേരിക്കയിലേക്ക് ഒരു അംബാസിഡർ ഉണ്ട്. അംബാസിഡർ അമേരിക്കയിലാണ് താമസിക്കുന്നത്. പക്ഷേ, ഇന്ത്യയുടെ ഉദ്യോഗസ്ഥനാണ്. ശമ്പളം ഇന്ത്യയിൽ നിന്നാണ്.

നമുക്കും ജോലി നിയമിക്കുന്നത് അങ്ങ് സ്വർഗ്ഗത്തിൽ നിന്നാണ്. നാം എവിടെ ജോലി ചെയ്യണം, എവിടെ എന്തു വേല ചെയ്യണം എന്നു നിശ്ചയിക്കുന്നത് സ്വർഗ്ഗത്തിൽ നിന്നാണ്. പരിശുദ്ധാത്മാവാണ് നിയന്ത്രിക്കുന്നത്. നമുക്കുള്ള പ്രതിഫലം തരുന്നത് സ്വർഗ്ഗത്തിൽനിന്നാണ്. നമ്മുടെ ലാവണം സ്വർഗ്ഗത്തിലാണ്. നമ്മുടെ തസ്തിക സ്വർഗ്ഗത്തിലാണ്.

ഈ ഒരു ബോധ്യം നമുക്കുണ്ടായിരിക്കണം. ദൈവത്തിന്റെ വേലക്കാർ എന്നു പറഞ്ഞാൽ പദവിയേറിയവരാണ്. ദൈവ

ത്തിന്റെ വചനം പറയുന്നവർ, പരിശുദ്ധാത്മാവിന്റെ വചനം ഉച്ചരിക്കുന്നവർ എന്നു പറഞ്ഞാൽ വളരെ പദവിയേറിയ ഒരു ജോലിയാണ്. അത് നാം വിശ്വസ്തതയോടെ ചെയ്യുന്നുവെങ്കിൽ പ്രതിഫലമുണ്ട്. ഇല്ലെങ്കിലോ? നമുക്ക് നഷ്ടമാകും. ശിക്ഷ വരികയും ചെയ്യും.

33 വർഷം ഞാൻ കോലഞ്ചേരി St. Peter's കോളേജിൽ ജോലി ചെയ്തു. ആ കാലങ്ങളിലൊക്കെയും ദൈവത്തിന്റെ വേലക്കാരൻ എന്ന നിലയിൽ ഞാൻ അഭിമാനംകൊണ്ടിരുന്നു. സ്വർഗ്ഗത്തിന്റെ പ്രത്യേക ദയാദൃഷ്ടി എന്റെമേൽ പതിഞ്ഞിരുന്നു! സ്വർഗ്ഗം എന്നെ തന്റെ വേലയ്ക്കുവേണ്ടി തിരഞ്ഞെടുത്തിരുന്നു! നിത്യനായ ക്രിസ്തുവിന്റെ വേലക്കാരനായി ദൈവം എന്നെ സ്വീകരിച്ചിരിക്കുന്നു. വലിയൊരു പദവി!

പ്രിയപ്പെട്ടവരേ, ഇത് വായിക്കുമ്പോൾ നിങ്ങൾക്കാവേശം വരണം. കർത്താവിന്റെ വേലക്കാരനാവണം. ഭയവും ഭീരുത്വവുമില്ലാത്ത വേലക്കാരൻ! ആരെല്ലാം നിന്ദിച്ചാലും അവഹേളിച്ചാലും എനിക്ക് യേശുവിന്റെ സാക്ഷിയാകണം. ഈ തലമുറയിൽ യേശുക്രിസ്തുവിന്റെ ഒരു പ്രതിനിധിയായിട്ട്, യേശുക്രിസ്തുവിന്റെ ഒരു അംബാസിഡർ ആയിട്ട് എനിക്ക് നില്ക്കണം.

സ്വർഗ്ഗത്തിന്റെ ആഗ്രഹം ഈ ഭൂമിയിൽ നിറവേറ്റുവാനുള്ള സ്വർഗ്ഗത്തിന്റെ അംബാസ്സിഡർ ആണ് ഞാൻ എന്നുള്ള ബോധം നിങ്ങൾക്ക് വരണം. സ്വർഗ്ഗീയനായ നിത്യപിതാവിന് ഈ ഭൂമിയിൽ ചില കാര്യങ്ങൾ, താത്പര്യങ്ങൾ നിവർത്തിക്കാനുണ്ട്. അത് ഈ ഭൂമിയിൽ നിറവേറ്റുവാനായിട്ട് ഞാൻ എന്റെ ജീവിതം സമർപ്പിക്കുന്നു.

അങ്ങനെ സമർപ്പിക്കുമ്പോൾ നിങ്ങൾക്ക് പീഡയുണ്ടായെന്നു വരും. ആക്ഷേപം ഏല്ക്കേണ്ടതായിട്ട് വരും. ചിലർ നിങ്ങളെ എതിർത്തു എന്ന് വരും. ചിലർ നിങ്ങളെ അറപ്പോടെ കണ്ടെന്നുവരും. ചിലർ നിങ്ങളെ പകച്ചു എന്നു വരും. ഇതെല്ലാമുണ്ടെങ്കിലും ആത്യന്തികമായി വലിയോരു സമാധാനവും ശാന്തിയും നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്ക് മാത്രമല്ല,

നിങ്ങളുടെ മക്കൾക്കും മക്കളുടെ മക്കൾക്കും ലഭിക്കും.

ഗിദയോന്റെ കൂടെ ദൈവത്തിന്റെ വേലയ്ക്കുവേണ്ടി വന്നവർ മുപ്പത്തീരായിരം പേരാണ്. സമർപ്പണമുള്ളവർ മുപ്പത്തീരായിരം പേർ ഉണ്ടായിരുന്നു. പക്ഷേ, ദൈവം പറഞ്ഞു: ഈ ജനം അധികമാകുന്നു. ഭയവും ഭീരുത്വമുള്ളവർ ഇതിലുണ്ട്. അങ്ങനെയുള്ളവർ മടങ്ങിപ്പൊയ്ക്കൊള്ളട്ടെ. കാര്യം അവർക്ക് സമർപ്പണമുണ്ട്. തെറ്റുകൂടാതെ, പാപം വരാതെ ജീവിക്കണമെന്നുണ്ട്; നല്ല ഭക്തിയുള്ള ഒരു ജീവിതം നയിക്കണമെന്നുണ്ട്; കൊള്ളാം, നല്ലത് തന്നെ. പക്ഷേ, ദൈവത്തിന്റെ വേലയ്ക്കുവേണ്ടിയുള്ള സമർപ്പണം എന്നു പറയുന്നത് മറ്റൊന്നാണ്. അത് ആത്യന്തികമായി ഒരു ഉയർന്ന നിലവാരമാണ്.

നിങ്ങൾക്ക് കർത്താവിന്റെ വേല ചെയ്യണമെന്ന് തോന്നുന്നുണ്ടോ? സാധിക്കും. പ്രസംഗം മാത്രമല്ല ദൈവത്തിന്റെ വേല. നിങ്ങൾക്ക് ആരുമറിയാതെ രഹസ്യമായി ഇരുന്ന് പ്രാർത്ഥിക്കാമല്ലോ. ദൈവത്തിന്റെ വേല ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാമല്ലോ. ദൈവത്തിന്റെ വേല നടക്കുവാൻവേണ്ടി പ്രാർത്ഥിക്കാമല്ലോ. അനേകം ദൈവമക്കൾ പിശാചിനോടുള്ള യുദ്ധത്തിൽ നില്ക്കുമ്പോൾ അവർക്ക് പരുക്കേല്ക്കാതിരിക്കാൻ പ്രാർത്ഥിക്കാമല്ലോ. യുദ്ധത്തിനല്ലേ പോകുന്നത്, പരുക്കേല്ക്കാമല്ലോ. വെട്ടേല്ക്കാമല്ലോ. അവർ ധീരതയോടെ നില്ക്കാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കാമല്ലോ.

ദൈവത്തിന്റെ വേലയ്ക്കു പോകുമ്പോൾ ചില പ്രയാസങ്ങൾ ഉണ്ടാകും. ചില ഭാരങ്ങളുണ്ടാകും. അതിന്റെ പേരിൽ ചില പ്രതിസന്ധികൾ നാം നേരിട്ടു എന്നുവരാം. പക്ഷേ അതൊന്നും നഷ്ടമല്ല.

ദൈവത്തിന്റെ വേലയ്ക്കുവേണ്ടി സമർപ്പിച്ചാൽ ഒരിക്കലും നഷ്ടമല്ല. ഒരിക്കലും ദോഷമല്ല. ഒന്നും നഷ്ടപ്പെടുകയില്ല. നമുക്കും നമ്മുടെ മക്കൾക്കും, മക്കളുടെ മക്കൾക്കും, തലമുറകൾക്ക് അതനുഗ്രഹമായി തീരുകയാണ്. ദൈവത്തിന്റെ വേലയ്ക്കുവേണ്ടി സമർപ്പിക്കുക.

ദൈവത്തിന്റെ വേല ചെയ്യുന്നതിന് ആളുകളുടെ എണ്ണമല്ല കാര്യം, പൈസയുടെ പെരുപ്പവുമല്ല ആവശ്യം. പൈസയില്ല എന്നുള്ളതുകൊണ്ട് ദൈവത്തിന്റെ വേല മുടങ്ങുകയില്ല. പക്ഷേ, വിശുദ്ധന്മാരില്ലെങ്കിൽ ദൈവവേല മുടങ്ങും. ദൈവത്തിന്റെ ആത്മാവ് എനിക്കു തന്ന ഒരു ചിന്തയാണത്. പൈസയ്ക്കു പ്രയാസമുണ്ടാവുകയില്ല. എല്ലാം നടന്നുകൊള്ളും. ദൈവത്തിന്റെ വേലയ്ക്ക് വിശുദ്ധന്മാരുണ്ടാകണം. വിശുദ്ധന്മാരുണ്ടെങ്കിൽ വേല നടക്കും.

നമ്മുടെ ഇടയിൽ വിശുദ്ധന്മാരുണ്ടാകട്ടെ! വിശുദ്ധ ജനം ഉണ്ടാകട്ടെ! കർത്താവിന്റെ വേലയ്ക്കുവേണ്ടി വിശുദ്ധന്മാർ എഴുന്നേൽക്കട്ടെ! ജീവിതം ക്രിസ്തുവിനുവേണ്ടി സമർപ്പിക്കട്ടെ! എല്ലാവരും വേലയ്ക്ക് തയ്യാറല്ല; തയ്യാറാവുകയുമില്ല. പക്ഷേ, അവരും കൂടെ നില്ക്കട്ടെ. വിശുദ്ധന്മാരിൽ കൂടി ദൈവം വേല ചെയ്യും.

നിങ്ങൾക്ക് സമർപ്പിക്കാമോ? കർത്താവേ, ഞാൻ വിശുദ്ധനൊന്നുമായില്ല. എന്റെ ജീവിതത്തിൽ തെറ്റുകൾ ഉണ്ട്. എന്റെ ചിന്തകളിൽ തെറ്റുകളുണ്ട്; എന്റെ ആഗ്രഹങ്ങളിൽ തെറ്റുണ്ട്; എന്റെ വിചാരങ്ങളിൽ തെറ്റു പറ്റുന്നുണ്ട്. എന്റെ വാക്കുകളിൽ തെറ്റു പറ്റുന്നുണ്ട്. ചിലപ്പോൾ അബദ്ധത്തിൽ വല്ലതും പറഞ്ഞു പോകുന്നുണ്ട്; വിവേകമില്ലാത്ത വാക്കുകൾ വരാറുണ്ട്.

എന്റെ മാതാപിതാക്കളോട് ഞാൻ അനുസരണക്കേടായിട്ടും ധിക്കാരമായിട്ടും പെരുമാറിയിട്ടുണ്ട്. എന്റെ വാക്കുകൾ ശരിയായിരുന്നില്ല. അല്ല, എന്റെ പ്രവൃത്തിയിലും തെറ്റുകൾ പറ്റിയിട്ടുണ്ട്. ഇന്നോർക്കുമ്പോൾ ലജ്ജ തോന്നുന്ന പ്രവൃത്തികൾ എന്റെ ജീവിതത്തിൽ വന്നിട്ടുണ്ട്.

ഇത്രയെല്ലാം അഴുക്കും അശുദ്ധിയുമുള്ള ഈ ജീവിതം ഞാൻ തിരുമുമ്പാകെ കൊണ്ടുവന്ന് സമർപ്പിക്കുകയാണ് യേശുവേ, നിന്റെ തിരുമാറിൽ നിന്നൊഴുകിയ തിരുരക്തത്താൽ എന്നെ ഒരു വിശുദ്ധനാക്കി മാറ്റണമേ. എനിക്ക് നിന്റെ

വേല ചെയ്യാൻ ആഗ്രഹമുണ്ട്; എന്നെ നീ വിശുദ്ധീകരിച്ചാൽ ഞാൻ നിന്റെ വേല ചെയ്തുകൊള്ളാം. എന്റെ ജീവിതത്തിലെ അഴുക്കെല്ലാം നീ മാറ്റിത്തരമേ.

ഏതെല്ലാം തെറ്റുകൾ എനിക്ക് വന്നെങ്കിലും അപ്പാ, നീ എന്റെ ആളത്വത്തെ വിശുദ്ധീകരിക്കണം. എന്നെ നീ കഴുകണം, വെടിപ്പാക്കണം. എന്നിട്ട് നിന്റെ ഒരു വേലക്കാരിയാക്കി, വേലക്കാരനാക്കി എന്നെ മാറ്റണം. കർത്താവേ, പ്രതിഫലമുള്ള നിന്റെ വേല ചെയ്ത് നിത്യതയിലേക്കു ഞാൻ കടന്നുവരുമ്പോൾ, “ഇവിടെ കയറി വരുവിൻ” (വെളിപ്പാട് 4 : 1) എന്നുള്ള ശബ്ദം എനിക്ക് കേൾക്കണം. “നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അധികത്തിന് വിചാരകനാക്കും” എന്നുള്ള എന്റെ നാഥന്റെ ശബ്ദം എനിക്ക് കേൾക്കണം.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതം കർത്താവിന്റെ വേലക്കുവേണ്ടി സമർപ്പിക്കുക. ഭയവും ഭീരുത്വവും നമുക്കുണ്ടാകരുത്. ദൈവം ഗിദയോനോട് പറഞ്ഞു: ഈ ജനം അധികമാകുന്നു. ഇത്രയും പേർ വേണ്ടാ. ഭയവും ഭീരുത്വവും ഉള്ളവർ എല്ലാവരും താന്താങ്ങളുടെ വീടുകളിലേക്ക് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ.

ഗിദയോൻ ദൈവത്തിന്റെ അരുളപ്പാട് അവരോടറിയിച്ചു: “ഭയവും ഭീരുത്വവുമുള്ളവർ എല്ലാവരും മടങ്ങിപ്പോകട്ടെ.” മുപ്പത്തീരായിരം പേർ വന്നവരിൽ ഇരുപത്തീരായിരം പേർ മടങ്ങിപ്പോയി. പിന്നെ എത്രപേരുണ്ട്? പതിനായിരം പേർ ശേഷിച്ചു. ദൈവം പറഞ്ഞു:

> *“യഹോവ പിന്നെയും ഗിദയോനോട്: ജനം ഇനിയും അധികം ആകുന്നു; അവരെ വെള്ളത്തിങ്കലേക്കു കൊണ്ടുപോക; അവിടെ വച്ചു ഞാൻ അവരെ പരിശോധിച്ചുതരാം; ഇവൻ നിന്നോടുകൂടെ പോരട്ടെ എന്നു ഞാൻ കല്പിക്കുന്നവൻ പോരട്ടെ; ഇവൻ നിന്നോടുകൂടെ പോരേണ്ട എന്നു*

*ഞാൻ കല്പിക്കുന്നവൻ പോരേണ്ടാ എന്നു കല്പിച്ചു." ന്യായാധിപന്മാർ 7 : 4*

ഇനിയും ഒരു തിരഞ്ഞെടുപ്പ് വേണ്ടിയിരിക്കുന്നു. മുപ്പത്തീരായിരം പേരിൽ തുടങ്ങി, ഇരുപത്തീരായിരം പേർ ഒഴിവായി: പോരാ ഇനിയും ജനം അധികമാകുന്നു, പതിനായിരം പേർ വേണ്ട. വളരെ ചുരുക്കം പേർമാത്രം മതി. ജനത്തെ ഇനിയും test ചെയ്യണം.

ഇന്നു നിത്യനായ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ test ചെയ്യുമെങ്കിൽ നമ്മുടെ സ്ഥിതി എന്തായിരിക്കും? ഇവൻ എന്റെ വേലയ്ക്ക് കൊള്ളാകുന്നവനാണ്, ഇവൻ നല്ല ദാസനാണ്, ഇവൻ വിശ്വസ്തനായ ദാസനാണ്, ഇവനെ എന്റെ വേല ഏല്പിക്കാൻ കൊള്ളാം എന്ന് പറയുമോ?

ഇവളെ എന്റെ വേലയ്ക്ക് കൊള്ളാം. ഇവൾ വിശ്വസ്തതയോടെ നില്ക്കും; അവൾ ഒരു പ്രശ്നത്തിൽപോലും കുലുങ്ങാതെ, ധൈര്യത്തോടെ, പ്രത്യാശയോടെ നിൽക്കും. നിരാശാജനകമായ സാഹചര്യം വരുമ്പോൾ പതറുകയില്ല. ജീവിതത്തിൽ വലിയ ക്ലേശങ്ങൾ വരുമ്പോൾ അവൾ വാടുകയില്ല. അവൾ എന്റെ മുഖത്തുതന്നെ നോക്കി ആശ്വാസം പ്രാപിച്ചു നില്ക്കും. അവൾക്ക് പിടിക്കാൻ എന്റെ ക്രൂശുണ്ട്, കുരിശിലെ ത്യാഗമുണ്ട് എന്ന് നമ്മെക്കുറിച്ച് പരിശുദ്ധാത്മാവ് സാക്ഷിക്കുമോ?

കുരിശ് ഹൃദയത്തിൽ സ്ഥാപിക്കണം! എന്താണതിന്റെ അർത്ഥം? കുരിശിലെ ത്യാഗം! കുരിശിലെ സ്നേഹം! കുരിശിലെ ക്ഷമ! കുരിശിലെ എളിമ! കുരിശിലെ സൗമ്യത! "നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു." കുരിശിലെ ജയം കിട്ടണമെങ്കിൽ കുരിശിലെ താഴ്മ കിട്ടണം. നിങ്ങൾക്കൊരാൾക്ക് സാധിക്കും നിങ്ങളുടെ വീട്ടിൽ കുരിശ് സ്ഥാപിക്കാൻ.

എല്ലാവരും എതിരായിരിക്കുമ്പോൾ നിങ്ങൾക്ക് കുരിശ് സ്ഥാപിക്കാം. ഭർത്താവ് എതിരാണ്, മക്കൾ എതിരാണ്.

പ്രാർത്ഥിക്കുന്നത് അവർക്കിഷ്ടമല്ല. വേദപുസ്തകം വായിക്കുന്നത് ഇഷ്ടമല്ല. പാട്ടുപാടുന്നത് ഇഷ്ടമല്ല. അപ്പോൾ അവർ ടി.വി. യിൽ സിനിമ ഉച്ചത്തിൽ വച്ചുകൊണ്ട് ശല്യമുണ്ടാക്കും; പ്രിയമുള്ളവരേ, അവിടെയാണ് കുരിശ് സ്ഥാപിക്കേണ്ടത്.

അവിടെ പരിഭവമില്ല. പരാതിയില്ല. പ്രയാസമില്ല; പ്രതിസന്ധികളില്ല. മക്കൾ വഴിതെറ്റി പോകുന്നു. അവർ തോന്നിയപോലെ ജീവിക്കുന്നു. അവർ വേണ്ടാതീനം കാണിച്ചുകൊണ്ടു നടക്കുന്നു. അപ്പോഴും മനസ്സ് പതറുന്നില്ല, മനസ്സ് ഭയപ്പെടുന്നില്ല. എന്റെ കർത്താവേ, എന്റെ മക്കളെ അവിടുന്ന് കണ്ടതാണല്ലോ. ഞാൻ എന്റെ ജീവിതത്തിൽ ഒരു കുരിശ് സ്ഥാപിച്ച് വിശുദ്ധിയോടെ നില്ക്കും.

എന്റെ മക്കൾ പഠിക്കുന്നില്ല, ഒരുത്തരവാദിത്വബോധമില്ല, ചുമതലാബോധമില്ല. അവർ കൊള്ളരുതായ്മയിൽ ജീവിക്കുന്നു. അവർ പ്രണയബന്ധങ്ങളുടെ പിറകെ പോകുന്നു. കർത്താവേ, എന്തു വേണ്ടൂ? അവിടെ കുരിശിലെ സ്നേഹവും, കുരിശിലെ ത്യാഗവും, കുരിശിലെ ക്ഷമയും സ്ഥാപിക്കണം.

നിങ്ങൾക്ക് യേശുനാഥന്റെ ചുമലിൽനിന്ന് കുരിശ് ഏറ്റുവാങ്ങാമോ? യേശുവിന്റെ ചുമലിൽനിന്ന് കുരിശ് ഏറ്റുവാങ്ങിയാൽ നിങ്ങൾക്ക് ജയമുണ്ട്; സമാധാനമുണ്ട്.

നാഥാ, നീ ചുമന്നുകൊണ്ടുപോയ ആ കുരിശ് ഞാനിപ്പോൾ ഏറ്റുകൊള്ളട്ടെ; കുരിശ് ചുമന്നുകൊണ്ട് ഞാനും ഗോഗുൽത്താക്കുന്ന് കയറിക്കൊള്ളട്ടെ. ഞാൻ കൊണ്ടുവന്ന ഈ കുരിശ് ഗോഗുൽത്തായിൽ അല്ല, എന്റെ സ്വന്തം വീട്ടിൽ സ്ഥാപിക്കയാണ്; പ്രശ്നങ്ങളുള്ള എന്റെ വീട്ടിൽ, കടബാദ്ധ്യതയുള്ള എന്റെ വീട്ടിൽ, ദുരിതം പെരുകിയിരിക്കുന്ന എന്റെ വീട്ടിൽ, രോഗത്തിന്റെ ശല്യമുള്ള വീട്ടിൽ, ദുഷ്ടാത്മാക്കൾ ഉള്ള വീട്ടിൽ, വഴക്കും പിണക്കവുമുള്ള എന്റെ വീട്ടിൽ ഞാനിതാ കുരിശുകൊണ്ടുവന്ന് സ്ഥാപിക്കുന്നു. ക്രൂശിതനായ മശിഹാ തമ്പുരാനേ, എന്റെ വീട്ടിലേക്ക് ഇറങ്ങി വരണമേ.

നിങ്ങൾ പ്രാർത്ഥിക്കുമോ? ഇന്ന് നിങ്ങൾ ക്രൂശിതനായ യേശുവിനെ സ്വീകരിക്കുമോ? ഇന്ന് യേശുവിനെ തോളിലേറ്റുമോ? കുരിശിനെ ചുംബിച്ചുകൊണ്ട്, നിങ്ങൾ ചുമക്കുമോ? കർത്താവേ, കുരിശ് എനിക്ക് വേണ്ടായെന്ന് ഒരിക്കലും ഞാൻ പറയുകയില്ല. ഞാൻ കുരിശ് deny ചെയ്യുകയില്ല. കുരിശ് ഞാൻ നിരസിക്കയില്ല. കുരിശ് ഞാൻ സന്തോഷത്തോടെ ചുമക്കും. കുരിശും പേറിക്കൊണ്ട് ഈ യാത്ര ഞാൻ തുടരും.

മരണത്തോളമുള്ള യാത്രയാണ്. കുരിശും പേറിക്കൊണ്ട് ഞാനിതാ വരുന്നു. നാഥാ, നീ എന്റെ കൂടെയുണ്ടല്ലോ. നിന്റെ കുരിശ് എന്റെ ചുമലിൽ ഉണ്ടല്ലോ. കുരിശിലെ ജയമുണ്ടല്ലോ. കുരിശിലെ ഉയിർത്തെഴുന്നേൽപ്പുണ്ടല്ലോ. കുരിശിലെ ശക്തിയുണ്ടല്ലോ. കുരിശിലെ ആത്മാവുണ്ടല്ലോ. കുരിശിലെ ആത്മാവിന്റെ ശക്തിയുണ്ടല്ലോ. അതുമാത്രം മതി.

എനിക്ക് കുരിശിലെ സ്നേഹം തരണമേ. കുരിശിലെ വിശുദ്ധി തരണമേ; കുരിശിലുള്ള വിശ്വാസം തരണമേ; കുരിശു വഹിക്കുവാനുള്ള കൃപ തരണമേ; എന്നെ നിന്റെ കുരിശിന്റെ സാക്ഷിയാക്കി മാറ്റണമേ; കുരിശിലെ സ്നേഹത്തിന്റെ ആരാധകനാക്കി മാറ്റണമേ; കുരിശിലെ സ്നേഹത്തിന്റെ പ്രഘോഷകനാക്കി, പ്രവാചകനാക്കി മാറ്റണമേ. നിന്റെ വേല ചെയ്യാൻ എന്നെ യോഗ്യനാക്കി തീർക്കണമേ.

# പതിനൊന്ന്

*"യഹോവ പിന്നെയും ഗിദയോനോട്: ജനം ഇനിയും അധികം ആകുന്നു; അവരെ വെള്ള ത്തിങ്കലേയ്ക്ക് കൊണ്ടുപോക; അവിടെവെച്ചു ഞാൻ അവരെ പരിശോധിച്ചുതരാം; ഇവൻ നിന്നോടുകൂടെ പോരട്ടെ എന്നു ഞാൻ കല്പിക്കു ന്നവൻ പോരട്ടെ; ഇവൻ നിന്നോടുകൂടെ പോരേണ്ടാ എന്നു ഞാൻ കല്പിക്കുന്നവൻ പോരേണ്ടാ എന്നു കല്പിച്ചു."*

*ന്യായാധിപന്മാർ 7 : 4*

ഇതിന് വലിയ പ്രതീകാത്മകമായ (symbolic) അർത്ഥ മുണ്ട്. വെള്ളത്തിൽവച്ച് അവരെ പരിശോധിച്ചു തരും; വെള്ളം എപ്പോഴും പരിശുദ്ധാത്മാവിനെ പ്രതിനിധീകരിക്കുന്നു. പരി ശുദ്ധാത്മാവിന്റെ മുമ്പിൽ വരുമ്പോഴാണ് ഓരോരുത്തരു ടേയും യോഗ്യത വെളിപ്പെട്ടുവരുന്നത്. നമ്മുടെ അകത്തിരുപ്പ് പുറത്തുവരുന്നത്. ആത്മാവ് വിവേചിക്കുമ്പോൾ ആണ് നമ്മുടെ തനിനിറം വ്യക്തമാകുന്നത്. വിവേചനം! Discernment!

ഒന്നു നിങ്ങൾ മനസ്സിലാക്കൂ. നിങ്ങൾ വിചാരിക്കുന്നതല്ല നിങ്ങളുടെ ഉള്ളിലിരിപ്പ്. നിങ്ങൾ ധരിക്കുന്നതിന് വ്യത്യ സ്തമായ ഒരു തനിനിറം നിങ്ങൾക്കുണ്ട്. ഒരുപക്ഷേ, കോപി ഷ്ഠനും അത്യാഗ്രഹിയുമായ ഒരാളാണ് നിങ്ങൾ. ക്രിസ്തു വിനെക്കുറിച്ചുള്ള പ്രാർത്ഥനകൾ നിങ്ങളുടെ നാവിന്മേൽ മാത്രമേയുള്ളു. പ്രസംഗങ്ങളും സാക്ഷ്യവും നിങ്ങളുടെ ചുണ്ടിലാണ്. അധരവ്യായാമമാണത്. അധരത്തിൽ മാത്രം,

ഹൃദയത്തിലില്ല.

ഹൃദയത്തിലുണ്ടെങ്കിൽ സ്വഭാവം മാറിയിരിക്കും. കർത്താവിന്റെ സൗമ്യതയും താഴ്മയും എളിമയും സ്നേഹവും വിശുദ്ധിയും എല്ലാം നമ്മുടെ കൈമുതലായിരിക്കും. മനുഷ്യരെ കാണിക്കാനല്ല. അതുകൊണ്ട് എന്തു പ്രയോജനം? നിത്യതയിലേക്ക് ചെല്ലുമ്പോൾ എല്ലാം തുറന്ന് കാണിക്കില്ലേ? പരിശുദ്ധാത്മാവിന് മുമ്പിൽ വരുമ്പോൾ, വെള്ളത്തിനരികെ വരുമ്പോഴാണ് നമ്മെ പരിശോധിക്കുന്നത്.

> *"അങ്ങനെ അവൻ ജനത്തെ വെള്ളത്തിങ്കലേക്കു കൊണ്ടുപോയി; യഹോവ ഗിദയോനോട്: പട്ടി നക്കിക്കുടിക്കുംപോലെ നാവുകൊണ്ടു വെള്ളം നക്കിക്കുടിക്കുന്നവരെയൊക്കെ വേറെയും കുടിപ്പാൻ മുട്ടുകുത്തി കുനിയുന്നവരെയൊക്കെ വേറെയും നിറുത്തുക എന്നു കല്പിച്ചു. കൈ വായ്ക്കുവെച്ചു നക്കിക്കുടിച്ചവർ ആകെ മുന്നൂറു പേർ ആയിരുന്നു; ശേഷം ജനമൊക്കെയും വെള്ളം കുടിപ്പാൻ മുട്ടുകുത്തി കുനിഞ്ഞു. യഹോവ ഗിദയോനോട്: നക്കിക്കുടിച്ച 300 പേരെക്കൊണ്ടു ഞാൻ നിങ്ങളെ രക്ഷിച്ചു മിദ്യാന്യരെ നിന്റെ കൈയിൽ ഏല്പിക്കും; ശേഷം ജനമൊക്കെയും താന്താങ്ങളുടെ സ്ഥലത്തേക്ക് പോകട്ടെ എന്നു കല്പിച്ചു." ന്യായാധിപന്മാർ 7 : 5 – 7*

ടെസ്റ്റ് എന്തായിരുന്നു? ദാഹിച്ചു വലഞ്ഞാണ് അവർ വരുന്നത്. കാരണം, മരുഭൂമിയല്ലേ. വെള്ളം ഓളം വെട്ടുന്നു. ആർത്തിപൂണ്ട് ഈ പതിനായിരം പേരും വെള്ളം കുടിക്കാൻ ഓടി. ചിലർ വെള്ളം കുടിക്കാൻ മുട്ടുകുത്തിയില്ല. സമയം ഒട്ടും പാഴാക്കാതെ പെട്ടെന്ന് കൈയിൽ വെള്ളമെടുത്ത് നക്കിക്കുടിച്ചു. കുടിക്കുമ്പോഴും അവരുടെ നോട്ടം ശത്രുസൈന്യം വരുന്നുണ്ടോ എന്നാണ്. മുട്ടുകുത്തിയാൽ അത്രയും കൂടെ സമയം പോകുമെന്നാണ് അവരുടെ ചിന്ത. അവർ യുദ്ധത്തിനു

വേണ്ടി വന്നവരാണ്. തൽക്കാലം ദാഹം ഒന്ന് മാറണമെന്നുള്ള തല്ലാതെ വെള്ളം നിറയെ കുടിക്കാനല്ല അവർ പോന്നത്. മറ്റ വർ അങ്ങനെയല്ല; മുന്നൂറ് പേർ മാത്രമേ നക്കിക്കുടിച്ചവരു ണ്ടായുള്ളൂ. അവർക്ക് വെള്ളത്തിനുള്ള ദാഹത്തേക്കാൾ കവിഞ്ഞ ദാഹം ശത്രുവിനെ ജയിക്കാനാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം കർത്താവിന്റെ വേലയാണ്. കർത്താവിനുവേണ്ടി ഈ തലമുറ യിൽ നിൽക്കുക എന്നുള്ളതാണ്. ഈ ഭൂമിയിൽ നമ്മുടെ ജീവി തത്തിനാവശ്യമായ എല്ലാ കാര്യങ്ങളും - കുട്ടികളുടെ വിദ്യാ ഭ്യാസം, ജോലി, വീട് വയ്ക്കുന്ന കാര്യം - എല്ലാം വേണം. പക്ഷേ, നമ്മുടെ ലക്ഷ്യം ദൈവസേവയാണ്. എല്ലാറ്റിനേ ക്കാളും ഉപരി, ഒന്നാമത്തെ ലാക്ക് യേശുക്രിസ്തുവിന്റെ വിശു ദ്ധനാകുക എന്നുള്ളതായിരിക്കണം.

യുദ്ധത്തിന് പോകാൻ 32000 പേർ തയ്യാറായി വന്നു. ഗിദ യോൻ ദൈവത്തോട് ചോദിച്ചു. ദൈവം പറഞ്ഞു: ഇവരിൽ ഒരു സെലക്ഷൻ നടക്കട്ടെ. എല്ലാവരും പോകണ്ട. ഗിദയോൻ പറഞ്ഞു: ഭയവും ഭീരുത്വവുമുള്ളവർ അവരവരുടെ വീടുകളി ലേക്ക് മടങ്ങിപ്പോകട്ടെ. 22000 പേർ മടങ്ങിപ്പോയി. ദൈവം പറ ഞ്ഞു: 10000 പേരും വേണ്ട. ഇത്രയും പേരുണ്ടെങ്കിൽ ഞങ്ങ ളാണ് യുദ്ധം ജയിച്ചതെന്ന് അവർ പൊങ്ങച്ചം പറയും. അങ്ങനെ അവർക്ക് പാപം വരും.

അവരെ വെള്ളത്തിനരികെ കൊണ്ടുപോയി ശോധന ചെയ്തു. വെള്ളം പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. ആര് വരണം എന്നു തീരുമാനിക്കേണ്ടത് പരിശുദ്ധാത്മാവാണ്. അവരെ വെള്ളത്തിന്നരികത്തേക്ക് കൊണ്ടുപോയി. നല്ല ദാഹം. ചിലർ മുട്ടുകുത്തി നിന്ന് വെള്ളം കോരിക്കുടിച്ചു. ചിലർ വെള്ളം നക്കിനക്കിക്കുടിച്ചു. കഷ്ടിച്ച് ദാഹം തീർത്താൽ മതി.

യേശുക്രിസ്തുവിന് വേണ്ടി ജീവിക്കാൻ തീരുമാനിച്ച വർ, സ്വന്തം സുഖവും പ്രയാസങ്ങളും എല്ലാം മറന്ന് ക്രിസ്തു

വിനുവേണ്ടി യുദ്ധം ചെയ്യാൻ തയ്യാറുള്ളവരായിരിക്കണം. അല്ലെങ്കിൽ അവർക്ക് കേടുപറ്റും. യുദ്ധത്തിൽ അവർ പട്ടുപോകും, മരിച്ചുപോകും. അതുകൊണ്ട് യേശുക്രിസ്തുവിനുവേണ്ടി പുറപ്പെടണമെങ്കിൽ തന്നെത്തന്നെ ത്യജിക്കുന്നവരായിരിക്കണം. സ്വന്തം സുഖം വേണ്ട എന്നു വിചാരിക്കുന്നവരായിരിക്കണം.

ഞാൻ എന്റെ യൗവ്വനാരംഭത്തിലാണ് ഈ ആത്മീയ വഴിയിലേക്ക് തിരിയുന്നത്, പതിനേഴാമത്തെ വയസ്സിൽ. പത്തൊൻപത് വയസ്സുള്ളപ്പോഴാണ് ആഴമുള്ള സമർപ്പണത്തെക്കുറിച്ച് കേട്ടത്. എനിക്ക് വലിയ പ്രയാസമായിപ്പോയി. കാരണം, എല്ലാം വിട്ടുപിരിയണം എന്നാണ് പറയുന്നത്. അന്ന് ഞാൻ വടവുകോട് രാജർഷി ഹൈസ്ക്കൂളിൽ അദ്ധ്യാപകനാണ്.

എനിക്ക് കുറച്ചുകൂടി പഠിക്കണമെന്നുണ്ട്, അതുവേണ്ട എന്ന് വയ്ക്കണമോ? അക്കാഡമിക് ഫീൽഡിൽ എത്രത്തോളം ഉയരാമോ അത്രത്തോളം ഉയരണമെന്ന ആഗ്രഹത്തിലായിരുന്നു ഞാൻ. എന്നാൽ അതുവേണ്ട എന്ന് വയ്ക്കണമോ? ഇനി കൃഷികാര്യങ്ങൾ നോക്കണ്ട എന്നാണോ? വീടിന്റെ കാര്യങ്ങളൊന്നും നോക്കണ്ട എന്നാണോ? ഇങ്ങനെ അനേകം ചിന്താക്കുഴപ്പങ്ങൾ എനിക്കുണ്ടായി. എനിക്കൊന്നും മനസ്സിലായില്ല.

പക്ഷേ, ഒരു കാര്യം ഞാൻ തീരുമാനിച്ചു. എന്തായാലും ശരി, എനിക്ക് യേശുവിനെ വേണം. എന്ത് നഷ്ടം വന്നാലും ശരി എനിക്ക് കിട്ടിയ വെളിച്ചം നഷ്ടപ്പെടരുത്. മാനസാന്തര സമയത്ത് കർത്താവ് തന്ന ഒരു സമാധാനമുണ്ടല്ലോ, അത് നഷ്ടപ്പെടരുത്. അപ്പനില്ലാതിരുന്ന എനിക്ക് അപ്പനായി വന്ന ഒരു യേശുവുണ്ടല്ലോ, ആ യേശു എനിക്ക് നഷ്ടപ്പെടരുത്. വ്യക്തമായ ഒരു തീരുമാനത്തോടെ ഞാൻ നിന്നു.

സകലവും ത്യജിച്ച് കർത്താവിന്റെ പിന്നാലെ നടക്കുക

എന്ന് പറയുമ്പോൾ നിങ്ങൾക്ക് ചിലപ്പോൾ ആശയക്കുഴപ്പം വന്നേക്കാം, അത്ഭുതമില്ല. കാരണം, ഞാനും അങ്ങനെ ചിന്തിച്ചയാളാണ്. പക്ഷേ, നിങ്ങൾക്ക് വിലപ്പെട്ടത് ഏതാണ്? നിത്യസൗഭാഗ്യമായ യേശുവാണോ, നശിച്ചുപോകുന്ന ഭൗതികസുഖങ്ങളാണോ? യേശുക്രിസ്തുവിനുവേണ്ടി നാം വേർതിരിക്കപ്പെട്ടു എന്നുള്ളതുകൊണ്ട് ഭൗതികമായ ഒന്നും നമുക്ക് നഷ്ടമാവില്ല, ഉറപ്പാണ്. കർത്താവ് നമ്മെ വാലല്ല, തലയാക്കും.

ദൈവനാമം മഹത്വപ്പെടുത്തിക്കൊണ്ട് ഞാൻ പറയട്ടെ, കർത്താവ് എല്ലാ രംഗത്തും എന്നെ തലയാക്കി. സെന്റ് പീറ്റേഴ്സ് കോളേജിൽ ഞാൻ പ്രിൻസിപ്പൽ ആയിരുന്ന കാലം കോളേജിന്റെ 'ഗോൾഡൻ പിരീഡ്' എന്ന് മാനേജ്മെന്റും നാട്ടുകാരും പറഞ്ഞു. റിട്ടയർ ചെയ്തപ്പോൾ എനിക്ക് പ്രത്യേക സമ്മാനം തന്നു. സമരമില്ലാതിരുന്ന കോളേജിന്റെ സുവർണ്ണ കാലഘട്ടം! എനിക്കറിയാം അന്ന് കോളേജിന്റെ സകലകാര്യങ്ങളും യേശുക്രിസ്തുവിന്റെ നിയന്ത്രണത്തിലായിരുന്നു എന്ന്.

കർത്താവിനുവേണ്ടി ജീവിതം വേർതിരിച്ചാൽ നിങ്ങളുടെ മക്കൾ ഉയർന്നുവരും. സമാധാനം അണമുറിയാതെ നിങ്ങളിലേക്കും നിങ്ങളുടെ കുടുംബത്തിലേക്കും ഒഴുകും. നിങ്ങളുടെ കുടുംബത്തിലുള്ളവർ അനുഗൃഹീതരായി ദൈവത്തെ സ്തുതിക്കും. നിത്യജീവന്റെ അവകാശം കിട്ടുകയും ചെയ്യും.

300 പേരെക്കൊണ്ട് ഗിദയോൻ മുന്നോട്ടുപോയി.

*"ഗിദയോൻ സ്വപ്നവും പൊരുളും കേട്ടപ്പോൾ നമസ്ക്കരിച്ചു; യിസ്രായേലിന്റെ പാളയത്തിൽ മടങ്ങിച്ചെന്നു: എഴുന്നേൽപ്പിൻ, യഹോവ മിദ്യാന്റെ പാളയത്തെ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്നു എന്നു പറഞ്ഞു. അനന്തരം അവൻ ആ മുന്നൂറു പേരെ മൂന്ന് കൂട്ടമായി വിഭാഗിച്ച് ഓരോരുത്തന്റെ കൈയിൽ ഓരോ കാഹളവും വെറും കുടവും കുടത്തിനകത്ത് ഓരോ പന്തവും കൊടുത്തു, അവ*

*രോട് പറഞ്ഞത്: ഞാൻ ചെയ്യുന്നതു നോക്കി അതു പോലെ ചെയ്‌വിൻ; പാളയത്തിന്റെ അറ്റത്ത് എത്തുമ്പോൾ ഞാൻ ചെയ്യുന്നതുപോലെ നിങ്ങളും ചെയ്‌വിൻ, ഞാനും എന്നോടു കൂടെയുള്ളവരും കാഹളം ഊതുമ്പോൾ നിങ്ങളും പാളയത്തിന്റെ ചുറ്റും നിന്ന് കാഹളം ഊതി: യഹോവയ്ക്കും ഗിദയോനും വേണ്ടി എന്നു പറവിൻ."*

*ന്യായാധിപന്മാർ 7 : 15 – 18*

ഗിദയോൻ ദൈവത്തിന്റെ വചനവുമായി യിസ്രായേൽ പാളയത്തിലേക്ക് ചെന്നു; അവരെ ധൈര്യപ്പെടുത്തി പറഞ്ഞത്: യഹോവ മിദ്യാന്റെ പാളയത്തെ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്നു! നിങ്ങൾ ജയിക്കും! മിദ്യാന്യർ തോൽക്കും! മുന്നൂറുപേരെ മൂന്നായി വിഭാഗിച്ച് ഓരോ കുടവും ഓരോ പന്തവും അവരെ ഏല്പിച്ചു. നിങ്ങൾ ജയിക്കാൻ പോകയാണ്. ശത്രുക്കളെ നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്നു. നിങ്ങൾ തോൽക്കാനുള്ളവരല്ല, നിങ്ങൾ ജയിക്കും എന്നുപറഞ്ഞ് ധൈര്യപ്പെടുത്തി. ആദ്യം വിശ്വാസപ്രഖ്യാപനമാണ് ഗിദയോൻ നടത്തിയത്. ഉറച്ച വിശ്വാസം!

നിങ്ങളുടെ ജീവിതത്തിൽ കറ തീർന്ന്, ഒരു തെറ്റും വരാതെ നിന്നിട്ട് നിങ്ങൾ ദൈവത്തോടു പറയണം: കർത്താവേ, എനിക്ക് പൈശാചിക ശക്തിയുടെമേൽ ജയം തരണമേ. എന്റെ ഹൃദയം കലക്കുന്ന, എനിക്ക് ഭീരുത്വവും അങ്കലാപ്പും ആവലാതിയും ഉണ്ടാക്കുന്ന ഈ ദുഷ്ടപ്പിശാചിനെ എന്നിൽ നിന്നും മാറ്റണമേ. കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് വരണമേ.

കർത്താവേ, പിശാചിനോടു യുദ്ധം ചെയ്യുവാൻ എനിക്ക് കെല്പില്ല. അവൻ തന്ത്രശാലിയും ബുദ്ധിമാനുമാണ്. നാഥാ, നീ എന്റെ കൂടെ നിൽക്കണം. ഇനിമേൽ ഒരു തെറ്റും വരികയില്ല എന്ന ഉറപ്പോടെ, കഴിഞ്ഞകാല പാപമെല്ലാം യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകിത്തന്നു എന്ന വിശ്വാസ

ത്തോടെ നിങ്ങളുടെ പ്രശ്നവുമായി നിങ്ങൾ ദൈവസന്നിധിയിൽ ചെല്ലണം. വിശ്വാസത്തോടെ പ്രാർത്ഥിക്കണം. മേലിൽ പാപം വരികയില്ല, പിശാചിന് എന്നെ ഒരു സാഹചര്യത്തിലും കിട്ടുകയില്ല എന്ന ധീരമായ തീരുമാനമെടുത്തിട്ട് നിങ്ങൾക്ക് നല്ല പ്രസന്നതയോടെ മുന്നോട്ടു നീങ്ങാം.

ഗിദയോൻ പ്രാഗത്ഭ്യത്തോടെ പറയുകയാണ്: നിങ്ങൾ മിദ്യാന്യരെ ജയിക്കും! മുന്നൂറു പേരെ ഉള്ളൂ. പക്ഷേ, ദൈവമാണ് യുദ്ധം ചെയ്യുന്നത്; നിങ്ങളുടെ കഴിവല്ല, ആൾപ്പെരുപ്പമയല്ല യുദ്ധം ജയിക്കുന്നതിന് കാരണം. “യുദ്ധം യഹോവയ്ക്കുള്ളത്” ആണ്.

കുടുംബത്തിൽ കെടുതികളുണ്ട്, ശാപങ്ങളുണ്ട്, കേടുകളുണ്ട്, തലമുറകളായി പകർന്നുവരുന്ന ചില ദോഷങ്ങളുണ്ട്. ചില ബാധകളോ, ബന്ധനങ്ങളോ ഉണ്ട്. എല്ലാം മാറ്റാൻ യേശുക്രിസ്തുവിന് കഴിയും. ക്രിസ്തുവിന്റെ രക്തം ഒരു തുള്ളി വീണാൽ എല്ലാ ബാധയും മാറും. കടത്തിന്റെ കെടുതികൾ, അത്യാഹിതങ്ങൾ, മാറാത്ത രോഗങ്ങൾ, എന്തുതന്നെയുമാകട്ടെ, ഇതെല്ലാം മാറ്റാൻ യേശുക്രിസ്തുവിന്റെ ഒരു തുള്ളി രക്തത്തിന് കഴിയും.

കർത്താവേ, എന്നെ ശുദ്ധീകരിച്ച തിരുരക്തത്തെ ഞാൻ മാനിക്കും. ഇത്രയുംനാൾ ഈ തിരുരക്തത്തിന്റെ ശക്തിയെ ഞാൻ അറിഞ്ഞില്ല. ഈ തിരുരക്തത്തെ ഞാൻ അവിശ്വസിച്ചു. എന്നോടു നീ ക്ഷമിക്കണം. കർത്താവേ, ഇനി ആയുസ്സിൽ ശേഷിക്കുന്നതെത്രയോ, അതു മുഴുവനും മനസ്സറിഞ്ഞ് ഒരു പാപം എന്റെ ജീവിതത്തിൽ വരികയില്ല. ഒരക്ഷരത്തിൽപ്പോലും, ഒരു ചിന്തയിൽപ്പോലും തെറ്റ് പറ്റുകയില്ല. ഇങ്ങനെ നിങ്ങൾ തീരുമാനമെടുത്ത് മുന്നോട്ടു വരുമ്പോൾ നിങ്ങൾക്ക് ഓരോരുത്തർക്കും ജയാളികളായി മാറാം. ഇതുവരെ തോറ്റിടത്തെല്ലാം നിങ്ങൾ ജയിച്ചുവരും.

നാം എപ്പോഴും നേതൃത്വത്തിന് കീഴടങ്ങിയിരിക്കണം.

ജനത്തെ നിയന്ത്രിക്കുന്ന ഒരു നേതൃസ്ഥാനം വേണം. ആ നേതൃസ്ഥാനത്തിന് കീഴടങ്ങിയിരിക്കണം. അണികൾക്ക് ചില പ്പോൾ അത് ശരിയല്ല എന്ന് തോന്നിയേക്കും. സ്വന്തം ബുദ്ധി യിലങ്ങനെയൊക്കെ തോന്നും. ഒരു വീട്ടിൽ നേതൃസ്ഥാന ത്തുള്ള അപ്പൻ പറയുന്നത് കേട്ട് അമ്മയും മക്കളും അനുസരി ക്കണം. അബദ്ധമാണെന്ന് തോന്നിയാലും അനുസരിച്ചാൽ ദോഷമില്ല.

ആ തീരുമാനത്തിൽ എന്തെങ്കിലും അപാകതയുണ്ടെന്ന് ഭാര്യയ്ക്ക് തോന്നിയാൽ തനിയെ ഇരിക്കുമ്പോൾ ഭർത്താവി നോട് ആ കാര്യം താഴ്മയോടെ അറിയിക്കാം. അപ്പനില്ലെങ്കിൽ അമ്മയുടെ ശാസനത്തിൻ കീഴിലായിരിക്കണം മക്കൾ. അപ്പനും അമ്മയും ഇല്ലെങ്കിൽ മൂത്ത സഹോദരന്റെ ശാസന ത്തിൻ കീഴിലായിരിക്കണം. എപ്പോഴും ഒരു വീടിന്റെ, ഒരു സ്ഥാപനത്തിന്റെ നേതൃത്വസ്ഥാനത്ത് ഒരാൾ വേണം.

ഗിദയോൻ പറഞ്ഞു: "ഞാൻ ചെയ്യുന്നതുപോലെ നിങ്ങളും ചെയ്യുവിൻ." ചോദ്യം ചെയ്യാതെ സ്വയം ത്യജിച്ചു കൊണ്ടുള്ള അനുസരണം വന്നാൽ നിങ്ങൾ ജയിക്കും.

*"പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാന പാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ."*

*ലൂക്കോസ് 22 : 42*

പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിന് പൂർണ്ണമായി വിനയപ്പെട്ട യേശുക്രിസ്തുവാണ് പൂർണ്ണമായ അനുസരണ ത്തിന്റെ മാതൃക. പാപത്തെക്കുറിച്ച് ചിന്തിക്കാൻപോലും കഴി യാത്ത ഞാൻ ഈ ലോകത്തിന്റെ പാപം മുഴുവൻ എങ്ങനെ വഹിക്കും അപ്പാ? കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും മാറ്റേണമേ എന്ന് കർത്താവ് പിതാവിനോടപേക്ഷിച്ചു. എങ്കിലും മാനവജാതിയോടുള്ള സ്നേഹം മൂലം തന്നെ ത്തന്നെ അർപ്പണം ചെയ്യാൻ യേശുവിനു മനസ്സായി. കുരിശി

ലേക്ക് നോക്കിയാൽ ആ സ്നേഹം കാണാം, താഴ്മ കാണാം. കുരിശിലേക്ക് നോക്കി ആ ഭാവം നമുക്കിപ്പോൾ സ്വീകരിക്കാം. ആ സ്നേഹം നമുക്ക് ഉൾക്കൊള്ളാം.

കർത്താവേ, ഞാനേൽക്കേണ്ട ശിക്ഷയെല്ലാം അവിടുന്ന് ഏറ്റല്ലോ. ഞാൻ മുഖത്ത് തുപ്പലേൽക്കേണ്ടതിന് പകരം നീ എനിക്കുവേണ്ടി തുപ്പലേറ്റു. നീ എനിക്കുപകരം മുഖത്തും കന്നത്തും അടിയേറ്റു. നീ എനിക്കുവേണ്ടി ശിരസ്സിൽ മുൾമുടിയേറ്റ് അപമാനം മുഴുവൻ സഹിച്ചു. കർത്താവേ, മേലിൽ ഞാനൊരു തെറ്റും ചെയ്യുകയില്ല. ഇനിയും ഈ ശിക്ഷ ഏൽക്കാൻ ഞാൻ ഇടവരുത്തുകയില്ല. ഞാനൊരു പുതിയ മനുഷ്യനായി ജീവിക്കും.

“ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി യാകുന്നു. പഴയത് കഴിഞ്ഞുപോയി. ഇതാ അത് പുതുതായി ത്തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നേ കാരണ ഭൂതൻ.” കർത്താവേ, എന്നെ പുതുക്കണമേ, എന്റെ ഹൃദയ ത്തിലേക്കിറങ്ങി വരണമേ. സത്യസമാധാനംകൊണ്ട് എന്റെ ഉള്ളത്തെ നിറയ്ക്കണമേ. നിത്യസന്തോഷംകൊണ്ട് എന്നെ നിറയ്ക്കണമേ. ഇപ്പോൾ തൃക്കരം എന്റെ തലമേൽ വെയ്ക്ക ണമേ. നിന്റെ രണ്ടാമത്തെ വരവിൽ നിന്നെ എതിരേൽപ്പാ നുള്ള ഭാഗ്യം എനിക്ക് തരണമേ.

## പന്ത്രണ്ട്

*"അവളെ കണ്ടയുടനെ അവൻ തന്റെ വസ്ത്രം കീറി: അയ്യോ, എന്റെ മകളേ, നീ എന്റെ തല കുനിയിച്ചു, നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ആക്കിയല്ലോ; യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്കു പിന്മാറിക്കൂടാ എന്നു പറഞ്ഞു"* *ന്യായാധിപന്മാർ 11 : 35*

ഗിദയോന്റെ കാലശേഷം വന്ന ന്യായാധിപനാണ് യിഫ്താഹ്.

*"ഗിലയാദ്യനായ യിഫ്താഹ് പരാക്രമശാലി എങ്കിലും വേശ്യാപുത്രൻ ആയിരുന്നു; യിഫ്താഹിന്റെ ജനകനോ ഗിലെയാദ് ആയിരുന്നു. ഗിലെയാദിന്റെ ഭാര്യയും അവന്നു പുത്രന്മാരെ പ്രസവിച്ചു; അവന്റെ ഭാര്യയുടെ പുത്രന്മാർ വളർന്നശേഷം അവർ യിഫ്താഹിനോട്: നീ ഞങ്ങളുടെ പിതൃഭവനത്തിൽ അവകാശം പ്രാപിക്കയില്ല; നീ പരസ്ത്രീയുടെ മകനല്ലോ എന്നു പറഞ്ഞ് അവനെ നീക്കിക്കളഞ്ഞു."* *ന്യായാധിപന്മാർ 11 : 1, 2*

നാട്ടിലാകെ ചീത്തപ്പേരുള്ള ഒരു ശിശുവായിരുന്നു യിഫ്താഹ്. അവൻ ഒരു വേശ്യയുടെ പുത്രനായിരുന്നു. എല്ലാവരും അവനെ നോക്കുന്നതുതന്നെ അറപ്പോടും അൽപം ലജ്ജയോടും കൂടെയാണ്. ജന്മനാ തിന്മ പറ്റിയവൻ! ജന്മനാ ശാപയോഗ്യൻ! ജന്മനാ പിഴച്ചവൻ! ആരുകണ്ടാലും അവനെ പിഴച്ചവൻ എന്നേ വിളിക്കൂ. അവൻ വളർന്നു വന്നപ്പോൾ അവന്റെ അപ്പന്റെ ഭാര്യ

യിൽ ജനിച്ച മറ്റു പുത്രന്മാർ അവനെ തള്ളിക്കളഞ്ഞു; എല്ലാരംഗത്തും അവൻ പാർശ്വവൽക്കരിക്കപ്പെട്ടു.

ഏതെങ്കിലും കാര്യത്തിൽ, നിങ്ങളുടെ ജീവിതത്തിൽ, ഇതുപോലെയല്ലെങ്കിലും അപകർഷതാബോധം വന്നിട്ടുണ്ടോ? ആരെങ്കിലും നിങ്ങളെ ഒറ്റപ്പെടുത്തി മാറ്റിനിർത്തിയിട്ടുണ്ടോ? നിങ്ങളെ ഒരു വിലയില്ലാത്തവനോ, കഴിവില്ലാത്തവനോ ആയി കരുതിയിട്ടുണ്ടോ? നിങ്ങൾക്ക് മാനം തരാതിരുന്നിട്ടുണ്ടോ?

എന്റെ അപ്പൻ മരിച്ചതിനുശേഷം ഞാൻ ഒട്ടേറെ അപകർഷതകൾ നേരിട്ടു. എന്റെ അപ്പന്റെ വീട്ടുകാർക്കും സ്വന്തക്കാർക്കും നാട്ടുകാർക്കും എന്നെ വാത്സല്യമായിരുന്നു. കൃഷിയായിരുന്നു ഞങ്ങളുടെ ഉപജീവനമാർഗ്ഗം. അപ്പന് ബിസിനസ്സ് ഉണ്ടായിരുന്നതുകൊണ്ട് അന്ന് ഞങ്ങൾക്ക് പൈസയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അപ്പൻ ഒരു ബഹുമാന്യനായിരുന്നു.

അമ്മ പറഞ്ഞുകേട്ടിട്ടുണ്ട് എന്നും ഉച്ചയ്ക്ക് പത്തുപതിനഞ്ച് പേർക്ക് ഊണ് കൊടുക്കേണ്ടിവരുമായിരുന്നു എന്ന്. കാരണം, അപ്പന്റെ കൂട്ടുകാരായി പലരും വീട്ടിൽ വരാറുണ്ടായിരുന്നു. അങ്ങനെ നല്ലൊരു അന്തരീക്ഷമായിരുന്നു വീട്ടിലുണ്ടായിരുന്നത്. എന്റെ വീടിന്റെ അരികിലുണ്ടായിരുന്ന ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും അപ്പനില്ലാത്ത മകൻ എന്ന നിലയ്ക്ക് എന്നോട് വലിയ സ്നേഹവും വാത്സല്യവുമായിരുന്നു.

എന്നാൽ എന്റെ സ്വന്തം നിലയിൽ എനിക്ക് തോന്നിയിരുന്നത് ഞാൻ ആർക്കും വേണ്ടാത്തവനാണ്, ഉപേക്ഷിക്കപ്പെട്ടവനാണ് എന്നായിരുന്നു. കാരണം, എനിക്ക് അപ്പനില്ലല്ലോ; ഞാൻ അനാഥനല്ലേ; എനിക്ക് ഒരു കാര്യം പറയുവാനോ ചോദിക്കുവാനോ ആരും ഇല്ലല്ലോ എന്ന ചിന്തയായിരുന്നു.

ഇന്ന് അനേകർ എല്ലാമുണ്ടെങ്കിലും അപകർഷതാബോധത്തിന് അടിമപ്പെട്ടിരിക്കയാണ്. ഭർത്താവിന് സ്നേഹമുണ്ട്, മക്കൾക്ക് സ്നേഹമുണ്ട്. വീട്ടിൽ കുഴപ്പങ്ങളൊന്നുമില്ല. സാമ്പത്തിക സൗകര്യങ്ങളുണ്ട്. പക്ഷേ, അപകർഷതാബോധം!

വിദ്യാഭ്യാസം പോരാ, പൈസ പോരാ, ആരോഗ്യം പോരാ, സൗന്ദര്യം പോരാ, ഇങ്ങനെ ഓരോ വിധത്തിൽ അവരവരിലേക്ക് തിരിഞ്ഞുള്ള അപകർഷതകൾ!

ജീവിതത്തിൽ എല്ലാ മനുഷ്യർക്കുമുണ്ട് എന്തോ ഒരു കുറവ്. ഏതോ ഒരു ഭാഗം പൂർണ്ണമാകാനുണ്ട്. ജീവിതത്തിൽ എന്തെല്ലാം കിട്ടിയാലും ആ കുറവ് നികന്നു വരുന്നില്ല. നിങ്ങളുടെ ജീവിതത്തിന്റെ ശൂന്യത മാറണമെങ്കിൽ യേശുക്രിസ്തു ഉള്ളിൽ വരണം.

എന്റെ ഹൃദയത്തിൽ യേശുക്രിസ്തു വന്നപ്പോൾ എന്റെ അപകർഷതാബോധം മാറി. ഇന്ന് നിങ്ങളുടെ അപകർഷതകൾ യേശു കാണുന്നുണ്ട്. നിങ്ങളുടെ കുറവുകൾ നികത്താൻ യേശുവിന് കഴിയും. നിങ്ങൾ മനസ്സിലാക്കും, നിങ്ങൾ വിലയേറിയവരാണെന്ന്. ഈ ലോകത്ത് കോടാനുകോടി ജനങ്ങളുണ്ട്. അവരിൽ എത്രപേർ യേശുക്രിസ്തുവിനെ അറിയുന്നുണ്ട്? എല്ലാവരും അസ്വസ്ഥരാണ്. യേശുക്രിസ്തു ഹൃദയത്തിൽ വരുമ്പോൾ നിങ്ങൾക്ക് സമാധാനം കിട്ടും.

യിഫ്താഹ് അപകർഷതാബോധംകൊണ്ട് തല കുമ്പിട്ടവനായിരുന്നു; യിഫ്താഹ് പരാക്രമശാലിയാണ് പക്ഷേ, വേശ്യാപുത്രനായിരുന്നു. സ്നേഹിതരേ, എന്തെല്ലാം കാര്യങ്ങളിലാണ് നിങ്ങളുടെ തല താണിരിക്കുന്നത്? എല്ലാവരും ഭക്ഷണം കഴിക്കുന്നുണ്ട്, ഉറങ്ങുന്നുണ്ട്, ജോലി ചെയ്യുന്നുണ്ട്. പക്ഷേ അപകർഷതാബോധംകൊണ്ട് തല കുനിഞ്ഞു പോയിരിക്കുന്നു. പല പ്രശ്നങ്ങളിൽപ്പെട്ട് മനസ്സ് താണിരിക്കുന്നവരാണെങ്കിലും യേശു നിങ്ങളെ കാണുന്നുണ്ട്. നിന്റെ അരികിലേക്ക് യേശു മന്ദംമന്ദം നടന്നു വരുന്നുണ്ട്. നിന്റെ ഭാരമുള്ള ചുമടുകൾ ഏറ്റുവാങ്ങാൻ യേശു അരികിലേക്ക് വരുന്നുണ്ട്. നിന്റെ ഹൃദയത്തിലേക്ക് ശാന്തിയുടെ മധുരം പകർന്ന് കർത്താവ് നിന്റെ അരികത്ത് നിൽക്കയാണ്.

ഇന്ന് പലരുടേയും സ്നേഹത്തിന് ചരടുണ്ട്; ചില പ്രതീ

ക്ഷകളുള്ള സ്നേഹം! പ്രതിഫലം ഇച്ഛിക്കുന്ന സ്നേഹം! ഒരുപകാരം ചെയ്തുകൊടുത്ത നിങ്ങൾക്ക് ഉപകാരം ചെയ്തു കിട്ടിയ വ്യക്തിയിൽ നിന്ന് അതിന്റെ നന്ദിയില്ല എന്നു തോന്നു മ്പോൾ ഭാരം വരുന്നു. അതാണ് നിങ്ങളുടെ പാപം.

1964 – ൽ St. Peter's College തുടങ്ങിയ വർഷം. അവിടെ പഠിക്കണമെങ്കിൽ ഫീസ് ഉണ്ട്. ഫീസ് കൊടുക്കാൻ കഴിവി ല്ലാത്ത കുട്ടികൾക്ക് ഞാൻ ഫീസ് കൊടുത്ത് പഠിപ്പിച്ചിട്ടുണ്ട്. ഹൈറേഞ്ചിൽ നിന്നു വന്നിരുന്ന ഒരു പയ്യന് രണ്ട് വർഷം പ്രീഡിഗ്രിയ്ക്ക് ഞാൻ ഫീസ് കൊടുത്ത് പഠിപ്പിച്ചു. പിന്നീടവനെ കണ്ടിട്ടില്ല. അവൻ എറണാകുളത്തുണ്ടെന്ന് ഞാൻ അറിഞ്ഞു. ഒരിക്കൽ എറണാകുളത്ത് എന്തിനോ ചെന്നപ്പോൾ അപ്രതീ ക്ഷിതമായി അവൻ നേരിൽ വരാനിടയായി.

എന്നെ കണ്ടപാടേ അവൻ മുഖംതിരിച്ച് മാറിപ്പോയി. എനിക്ക് വല്ലാത്ത ഭാരമായി. തിരികെ വീട്ടിൽ വന്നു പ്രാർത്ഥി ക്കാനിരുന്നു. പ്രാർത്ഥന മുകളിലേക്കുയരുന്നില്ല. എനിക്ക് മന സ്സിലായി മനുഷ്യരുടെ മാനം ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഉപകാരം ചെയ്തതിന്റെ പിന്നിൽ ഒരു സ്വാർത്ഥതയുണ്ട്. ഞാൻ കർത്താവിനോട് എന്റെ പാപം ഏറ്റുപറഞ്ഞു. ഇല്ല കർത്താവേ, ഇനി മേലിൽ ഞാൻ ആർക്ക് ഉപകാരം ചെയ്താലും എന്നെ മാനിക്കണം എന്ന സ്വാർത്ഥത ഉണ്ടാകയില്ല. വന്നത് ക്ഷമിച്ചു തരണമേ എന്ന് പ്രാർത്ഥിച്ചു. അപ്പോൾ എന്റെ അസ്വസ്ഥത മാറി, സമാധാനമായി.

ഇനി നിങ്ങൾ കണ്ടുപിടിക്കൂ, നമ്മെ ദൈവത്തിൽനിന്നും അകറ്റുന്ന എന്തെല്ലാം പാപങ്ങൾ നിങ്ങളിൽ ഉണ്ട് എന്ന്. എന്റെ സ്വയം, പഴയ സ്വഭാവം മുഴുവനായി തകരുക. ഞാൻ യേശു വിന്റെ സ്വഭാവമുള്ളവനായിത്തീരുക. യേശുവിന്റെ മനസ്സും മനോഭാവവും എനിക്ക് തരണമേ എന്നു നിങ്ങൾ പ്രാർത്ഥി ക്കുക. പ്രിയമുള്ളവരേ, നിങ്ങളുടെ ജീവിതത്തിലെ മദ്യപാനവും പുകവലിയും സിനിമാക്കമ്പവും തുടങ്ങി പുറമെ കാണുന്ന പാപങ്ങൾ മാത്രം മാറിയാൽ പോരാ, നിങ്ങളുടെ സ്വാർത്ഥമോ

ഹങ്ങൾ മാറണം. അപ്പോഴാണ് യേശുക്രിസ്തുവിന് നമ്മുടെ ഹൃദയത്തിൽ സ്ഥാനം കൊടുക്കാൻ സാധിക്കുന്നത്.

ആദ്യമനുഷ്യനായ ആദാം പാപം ചെയ്തതു മൂലം നാമെല്ലാവരും ജന്മനാ പാപികളാണ്. നാം പാപം ചെയ്തിട്ടല്ല പാപികളായത്. പാപിയായതുകൊണ്ട് പാപം ചെയ്യുന്നു. പാപത്തിന്റെ പ്രവൃത്തി വരാത്തപ്പോഴും പാപത്തിന്റെ വാക്ക് വരാത്തപ്പോഴും നാം പാപികളാണ്. കാരണം, നാം പാപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. അകൃത്യത്തിൽ ഞാൻ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. സ്നേഹിതരേ, ഞാൻ പാപിയാണ് എന്ന് നിങ്ങൾ ആദ്യം അംഗീകരിക്കുക. അഭിമാനിക്കത്തക്ക നന്മയുണ്ടെന്ന് ഞാൻ കരുതിയതെല്ലാം തിന്മയാണ്. കാരണം, അതിൽ എനിക്ക് സ്വാർത്ഥതയുണ്ട്. നിങ്ങൾക്ക് ഹൃദയത്തിൽ നിന്നും അംഗീകരിച്ച് പറയാൻ കഴിയണം എനിക്ക് നന്മ ഒന്നുമില്ല എന്ന്.

വിശ്വാസജീവിതത്തിന്റെ ആദ്യപടി പാപബോധത്തിലാണ് തുടങ്ങുന്നത്. ഞാൻ പാപിയാണ്. എന്നാൽ, പാപിയായ എന്നെ രക്ഷിക്കാനാണ് കർത്താവായ യേശുക്രിസ്തു വന്നത്. നിങ്ങളുടെ സകല പാപവും മോചിക്കാൻ യേശുക്രിസ്തു കുരിശിൽ മരിച്ചു എന്ന് വിശ്വസിയ്ക്കാൻ കഴിയുക. യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തം നിങ്ങളുടെ സകല പാപവും കഴുകും എന്ന് വിശ്വസിക്കുക.

നിങ്ങളുടെ സ്വാർത്ഥതയും ദ്രവ്യാഗ്രഹവും അഹങ്കാരവും അശുദ്ധിയും എല്ലാം യേശു കഴുകിത്തരും. ഒരുപക്ഷേ കൊലപാതകം ചെയ്തുപോയോ? അതും കഴുകിത്തരും. നിങ്ങളുടെ ഹൃദയത്തിൽ ആരോടെങ്കിലും പകയും വിദ്വേഷവും ഉണ്ടായിരുന്നുവോ? അതും കഴുകിത്തരും. "യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

എന്റെ 17-ാം വയസ്സിൽ ഞാൻ എന്റെ ജീവിതം യേശു

വിന് കൊടുത്തു. അന്ന് എന്റെ ജീവിതത്തിലേക്ക് യേശു നടന്നുവന്ന് കയറി. 17-ാമത്തെ വയസ്സിൽ ഞാൻ കാതുകളിലൂടെ കേട്ടവചനം എന്റെ ഹൃദയത്തിലേക്ക് തുളഞ്ഞുകയറി, എന്റെ ഹൃദയത്തെ പിളർന്നു. എന്റെ കണ്ണിൽനിന്നും കണ്ണുനീരൊഴുകി. അന്ന് ഞാൻ തല താഴ്ത്തി, കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക എന്നു പറഞ്ഞു. വചനം ഹൃദയത്തെ കുത്തിത്തുളച്ചു. ആ ദ്വാരത്തിലൂടെ യേശു അകത്തേക്ക് വന്നു.

ഇന്ന് വചനം വായിക്കുന്ന നിങ്ങൾ പറയണം: കർത്താവേ, ഈ വചനം എന്റെ ഹൃദയത്തെ കീറിമുറിക്കണമേ. കർത്താവേ, അവിടുന്ന് എന്റെ ഹൃദയത്തിലേക്ക് വരണമേ. മൂന്നാണികളിൽ തൂങ്ങിയ യേശുവേ, നീ ക്രൂശിൽനിന്നും ഇറങ്ങിവന്ന് പാപിയായ എന്റെ ഉള്ളിൽ വസിക്കണമേ. യേശുവേ, എന്നെ രക്ഷിക്കണമേ.

ജീവിതത്തിൽ ഒരു പരാജയം സംഭവിച്ച മനുഷ്യനായിരുന്നു യിഫ്താഹ്. സമർത്ഥനായിരുന്നു, വീരശൂരപരാക്രമിയായിരുന്നു, പക്ഷേ, പരാജയം സംഭവിച്ചുപോയി. പല ആളുകളും അങ്ങനെയാണ്. പൈസയ്ക്ക് പഞ്ഞമില്ല. ധാരാളം വരുമാനമാർഗ്ഗങ്ങളുണ്ട്; ധാരാളം ബന്ധുബലമുണ്ട്. ഉയർന്നതലത്തിലുള്ള ആളുകളുമായി അടുപ്പമോ ചാർച്ചയോ ഉണ്ട്. എല്ലാം ഉണ്ടെങ്കിലും പരാജയപ്പെട്ടു പോകുന്നു.

Queen Victoria വളരെ സമർത്ഥമായി രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്ത് അവരുടെ ഭർത്താവ് മരിച്ചുപോയി. രാജ്ഞി പിന്നീട് പറയുകയാണ്: ഇനി നിങ്ങളാരും എന്നെ Victoria എന്നു വിളിക്കരുത്. I am no more Victoria! ഞാൻ പരാജയപ്പെട്ടവളായി. എന്റെ ജീവിതത്തിൽ ഒരു ഭാഗം തളർന്നുപോയി. ഒരിക്കലും തിരിച്ചുവരാത്ത അനന്തതയിലേക്ക് എന്റെ പ്രിയപ്പെട്ടവൻ എന്നെവിട്ട് പോയി. പിന്നീട് രാജ്ഞി ഭരണകാര്യങ്ങളിൽ പങ്കെടുത്തെങ്കിലും എല്ലാറ്റിലും ഉണ്ടായിരുന്നു ഒരു മടുപ്പ്. ആർക്കുവേണ്ടി, എന്തിനുവേണ്ടി ജീവിക്കുന്നു? ജീവിതത്തിന്റെ അർത്ഥം പൊയ്പ്പോയതുപോലെ; സന്തോഷം നഷ്ട

പ്പെട്ടതുപോലെ.

ജീവിതത്തിൽ പരാജയപ്പെട്ടവർ ആരെല്ലാമുണ്ട്? യിഫ്താഹ് പരാജയപ്പെട്ട ഒരാളായിരുന്നു. എന്താണ് പരാജയകാരണം? അമ്മ ഒരു വേശ്യാസ്ത്രീയായിരുന്നു. സ്വന്തം ഭാര്യയും മക്കളുമുള്ള ഗിലെയാദ്, ഒരു വേശ്യാസ്ത്രീയുമായി ബന്ധപ്പെട്ടുണ്ടായ മകനാണ് യിഫ്താഹ്. ജന്മം തന്നെ ലജ്ജാകരമായിരുന്നു. മനസ്സ് വിങ്ങി വേദനിച്ച് ജീവിച്ച അനുഭവങ്ങൾ നമുക്കുമില്ലേ? നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കാൻ, ചിന്തിച്ച് ചിന്തിച്ച് ഏങ്ങലടിച്ച് കരയാനുള്ള വിഷയങ്ങളില്ലേ?

അയ്യോ, അത് വേണ്ടായിരുന്നു എന്ന് നാം ചിന്തിക്കുന്ന കാര്യങ്ങളില്ലേ? ഞാനെന്താണ് അങ്ങനെ ചെയ്തത്, പറഞ്ഞത്, പ്രവർത്തിച്ചത്, എന്ന് ചിന്തിക്കുന്ന കാര്യങ്ങളില്ലേ? എന്നാൽ ഏതെല്ലാം തരത്തിലുള്ള പരാജയങ്ങൾ സംഭവിച്ചുപോയെങ്കിലും പരാജയത്തിന്റെ മദ്ധ്യത്തിൽ ജയം തരുന്ന ഒരു നിത്യനായ ദൈവമുണ്ട് എന്നതിന്റെ സത്യസാക്ഷിയാണ് യിഫ്താഹ്.

യിഫ്താഹിന്റെ ജീവിതം തോൽവിയടഞ്ഞതായിരുന്നു. അവന്റെ അപ്പന്റെ ഭാര്യയുടെ മക്കൾ, മറ്റു സഹോദരങ്ങൾ അവനോടു പറഞ്ഞു: നീ ഞങ്ങളുടെ പിതൃഭവനത്തിൽ അവകാശം പ്രാപിക്കയില്ല. നീ പരസ്ത്രീയുടെ മകനല്ലോ എന്നു പറഞ്ഞ് അവനെ നീക്കിക്കളഞ്ഞു.

അവന്റെ ജീവിതത്തിൽ വന്ന പരാജയം അവനെ സ്വന്തം വീട്ടിൽ നിന്നും നീക്കിക്കളഞ്ഞു. ഈ കാര്യം കേട്ടുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് വേണമെങ്കിൽ ചിന്തിക്കാം. ഏതെങ്കിലും രംഗത്ത് നിങ്ങൾ ബഹിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടോ? നിങ്ങളെ മാറ്റി നിർത്തിയിട്ടുണ്ടോ? നിങ്ങളെ വിലകെടുത്തിയിട്ടുണ്ടോ? നിങ്ങളെ മാനിക്കാതിരുന്നിട്ടുണ്ടോ? അർഹമായ promotion ലഭിക്കാതിരുന്നിട്ടുണ്ടോ? അർഹമായ ശമ്പളം തരാതിരുന്നിട്ടുണ്ടോ? നമ്മുടെ ജീവിതത്തിൽ വന്നുപോയ ചില പരാജയങ്ങൾ നമുക്ക് ഓർക്കാം. പലരും നമ്മെ ഒറ്റപ്പെടുത്തിയ

അനുഭവങ്ങൾ; ഒരുപക്ഷേ പള്ളിയിലാകാം, സഭയിലാകാം, നമ്മുടെ കുടുംബങ്ങളിലാകാം, ഒരുപക്ഷേ നമ്മുടെ വീട്ടിൽത്ത ന്നെയാകാം.

പ്രിയപ്പെട്ടവരേ, ഞാൻ ഒരുപാട് ചെറുപ്പക്കാരുമായി സംസാരിച്ചിട്ടുണ്ട്. എനിക്ക് മനസ്സിലായി പല ചെറുപ്പക്കാരും ചീത്തയാകാൻ കാരണം അവരുടെ വീട്ടിൽ മാതാപിതാക്ക ളുടെ പെരുമാറ്റമാണ്. അനേകർ ചീത്തയാകുന്നത് അപ്പന്റെയും അമ്മയുടെയും വാത്സല്യം കിട്ടാത്തതുകൊണ്ടാണ്. അപ്പനും അമ്മയും മോന് വേണ്ടി എന്തുവേണമെങ്കിലും ചെയ്യും. എത്ര രൂപ വേണമെങ്കിലും മുടക്കും. പക്ഷേ, അപ്പനും അമ്മയും അവനെ സ്നേഹിക്കുന്നില്ല എന്ന തോന്നൽ വരുമ്പോൾ അവൻ സ്നേഹം തേടി മറുകണ്ടം ചാടിപ്പോകുന്നു.

പലരും അഴുക്കിലേക്ക് പോകാനും ദുശ്ശീലങ്ങൾക്ക് അടി മപ്പെടാനും കാരണം, മിക്കവാറും ആ വീട്ടിൽത്തന്നെയുള്ള സാഹചര്യമാണ്. മാതാപിതാക്കൾക്ക് മക്കളോട് സ്നേഹമാണ്. പക്ഷേ, മക്കൾക്കത് മനസ്സിലാകുന്നില്ല. അവനോട് എപ്പോഴും കോപിച്ചേ സംസാരിക്കൂ. ഒരു മാർക്ക് കുറഞ്ഞുപോയാൽ അവനെ അടിക്കും, ശാസിക്കും. Progress report-ൽ ഏതെ ങ്കിലും കാര്യത്തിൽ അൽപം പോരായ്മ വന്നാൽ അവനെ കഠി നമായി ഉപദ്രവിക്കും: "ഇവനെന്തിന് ജനിച്ചു? ഇവനെ എന്തിന് വളർത്തി? മകൾ എത്ര നന്നായി പഠിക്കുന്നു? നിന്റെ അനിയ ത്തിയെ കണ്ട് പഠിക്ക്." അവന് അതിൽപരം വേദന മറ്റൊന്നില്ല.

മാതാപിതാക്കൾ ഒരുകാര്യം ചെയ്യണം. മകന് പരീ ക്ഷയ്ക്ക് കുറച്ച് മാർക്ക് കുറഞ്ഞാലും അവന്റെ തോളിൽ തട്ടി യിട്ട്, സാരമില്ല അടുത്ത പ്രാവശ്യം നമുക്ക് ഒന്നുകൂടെ നോക്കാം. ഞാനും മോനെ സഹായിക്കാം. നിനക്ക് വേണമെങ്കിൽ ഞാനും പറഞ്ഞുതരാം. അല്ലെങ്കിൽ അറിയാവുന്ന ആരെയെങ്കിലും കൊണ്ട് നിന്നെ പഠിപ്പിക്കാം. പേടിക്കണ്ട മോനേ, ഞാൻ പ്രാർത്ഥിക്കാം, നീ വിഷമിക്കണ്ട, നീ വലിയവനാകും, നീ ഉയർന്നുവരും എന്നു പറഞ്ഞ് അവനെ പ്രോത്സാഹിപ്പിക്കുക.

സ്നേഹിക്കുക; വാത്സല്ലിക്കുക.

അനേകർക്ക് മക്കളോട് സ്നേഹമുണ്ടെങ്കിലും സ്നേഹം പ്രകടിപ്പിക്കുന്നില്ല. നിങ്ങളുടെ കുടുംബജീവിതത്തിൽ ഭാര്യക്കോ ഭർത്താവിനോ പരസ്പരം സ്നേഹമില്ല എന്ന തോന്നൽ ഒരിക്കലും ഉണ്ടാക്കരുത്. നിങ്ങൾ പരസ്പരം സ്നേഹിക്കുക, സ്നേഹം പ്രകടിപ്പിക്കുക.

ഭർത്താവിലോ, ഭാര്യയിലോ ഏതെങ്കിലും ഒരു ന്യൂനത കണ്ടാൽ ഉച്ചത്തിൽ കോപിക്കയും ശകാരിക്കയും ചെയ്യുന്ന ഭർത്താക്കന്മാരും ഭാര്യമാരും ഉണ്ട്. അത് അവരുടെ ഹൃദയത്തെ വ്രണപ്പെടുത്തും. അപ്പോൾ മനസ്സ് താഴും. അതിന് ഇടം കൊടുക്കരുത്. നിങ്ങൾ നിങ്ങളുടെ ആൺമക്കളെയും പെൺമക്കളെയും നന്നായി സ്നേഹിക്കണം. സ്നേഹം വിനിമയം ചെയ്യുക. ജീവിതത്തിന്റെ വിജയം തന്നെ സ്നേഹമാണ്. പാവം യിഫ്താഹിന് സ്നേഹം കിട്ടിയില്ല. പരാക്രമിയാണ് പക്ഷേ, സ്നേഹം കിട്ടിയില്ല. സ്നേഹം കിട്ടാത്തിടത്ത് സ്നേഹം കൊടുക്കുന്നതാണ് ക്രിസ്ത്യാനിയുടെ ധർമ്മം. സ്നേഹം കൊണ്ടു മാത്രമേ ജയിക്കാൻ സാധിക്കൂ. സ്നേഹംകൊണ്ട് നമുക്ക് ആരെയും win ചെയ്യാം.

യഥാർത്ഥമായ സ്നേഹം ഗോഗുൽത്തായിലെ ക്രൂശിലാണ്. തന്നെത്തന്നെ ത്യജിച്ച സ്നേഹം ക്രൂശിൽ കാണാം. നിസ്തുല സ്നേഹം! അതാണ് നമ്മുടെ മാതൃക. ആ സ്നേഹത്തിലേക്ക് നിങ്ങൾ മടങ്ങിവരണം. നിങ്ങളിൽ നിന്നും എല്ലാവരിലേക്കും സ്നേഹം ഒഴുകണം. എനിക്ക് അഹങ്കാരമുണ്ടെങ്കിൽ സ്നേഹം ഒഴുകുകയില്ല. എന്റെ ഹൃദയത്തിൽ ഞാൻ വലിയവനാണെന്ന ചിന്തയുണ്ടെങ്കിൽ സ്നേഹം ഒഴുകുകയില്ല. മറ്റെല്ലാവരേക്കാളും ഞാൻ താണവനാണ് എന്ന എളിമ നമുക്ക് വന്നാൽ നമ്മിൽനിന്നും സ്നേഹം ഒഴുകും. എളിമയും താഴ്മയുമാണ് സ്നേഹത്തിന്റെ മുഖമുദ്ര.

നമ്മുടെ കുടുംബജീവിതത്തിൽ സ്നേഹത്തിന്റെ ഒരു

അദ്ധ്യായം തുടങ്ങണം. എല്ലാം മറന്നുകൊണ്ട്, വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള സ്നേഹം. Forgetting and forgiving love. നമ്മുടെ ന്യായീകരണങ്ങൾ താഴെവയ്ക്കണം. കർത്താവേ, ഞാൻ ക്രൂശിലെ സ്നേഹത്തിലേക്ക് നോക്കുന്നു. അവിടുന്ന് മുഖത്ത് തുപ്പിയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. മുള്ളുകൾ തലയിൽ ആഴ്ന്നിറങ്ങിയപ്പോഴും കർത്താവേ, നീ അവർക്കു വേണ്ടി പ്രാർത്ഥിച്ചു. കർത്താവേ, ഇത് എന്റെ ചിന്തയ്ക്കതീത മാണ്. എന്നാൽ എന്റെ നിസ്സാരതയിൽ ഞാൻ നിന്നോടപേക്ഷി ക്കുന്നു, ആ ക്രൂശിലെ സ്നേഹം നീ എന്റെമേൽ പകരണമേ. ആരെല്ലാം ഒറ്റപ്പെടുത്തിയാലും വകഞ്ഞ് മാറ്റിയാലും ആ ദിവ്യസ്നേഹം കൊണ്ടെന്നെ നിറയ്ക്കണമേ.

ഇന്ന് കാതലായ ഒരു തീരുമാനം നിങ്ങൾ എടുക്കുക. ഞാൻ ഇന്നുമുതൽ സ്നേഹിക്കാൻ തുടങ്ങും. എന്റെ എതിരാ ളികളെ പോലും ഞാൻ സ്നേഹിക്കും. അവസരം കിട്ടിയാൽ എന്റെ ശത്രുക്കൾക്ക് പോലും ഞാൻ സഹായം ചെയ്യും. ഞാനിതാ എന്റെ ജീവിതം നിനക്ക് തരുന്നു.

## പതിമൂന്ന്

ഒരു കോടതിയിൽ കേസ് വിസ്താരം നടക്കുകയാണ്. പ്രതി പ്രതിക്കൂട്ടിൽ നിൽക്കുകയാണ്. പ്രതിയുടെ പേരിലുള്ള കുറ്റങ്ങളെല്ലാം തെളിഞ്ഞു. വലിയൊരു കൊലപാതകക്കേസാണ്. ഒരു മനുഷ്യനെ ഓടിച്ചിട്ട് കുത്തിക്കൊന്നു. ശിക്ഷ വിധിക്കാൻ പോകയാണ്. Judgment വായിക്കാൻ തുടങ്ങി. എല്ലാവരും ആകാംക്ഷയോടെ നോക്കിയിരിക്കയാണ്. Judgment വായിച്ചു. മരണം വരെ തൂക്കിക്കൊല്ലാൻ വിധി.

വിധികേട്ട ഉടനെ പ്രതി, ആ പ്രതിക്കൂട്ടിൽ ബോധംകെട്ട് വീണു. ഈ സംഭവം എഴുതിയ ഒരു അനുഗൃഹീത ഗ്രന്ഥകാരനാണ് Fr. Joseph Nechikkattu. കത്തോലിക്കാസഭയിൽ മാനന്തവാടിയിൽ താമസിക്കുന്ന ഒരു നല്ല സാഹിത്യകാരൻ. അദ്ദേഹത്തിന്റെ 'ജീവിത ചിന്തകൾ' എന്ന പുസ്തകത്തിലാണ് ഈ സംഭവം എഴുതിയിരിക്കുന്നത്.

അതിൽ എഴുതിയിരിക്കുന്നു: മറ്റേ ചെറുപ്പക്കാരനെ കുത്തി വീഴ്ത്തിയപ്പോൾ ഇവന് ഒരു വേദനയും ഉണ്ടായില്ലല്ലോ. ആ ചെറുപ്പക്കാരന്റെ പ്രിയപ്പെട്ടവർക്ക് എന്ത് വേദന ഉണ്ടായിക്കാണും? കുത്ത് കൊണ്ട് പിടഞ്ഞപ്പോൾ അവന്റെ ഹൃദയം എത്ര നൊന്തുകാണും. ഈ കൊലയാളിക്ക് ഒരു കൂസലും ഉണ്ടായില്ലല്ലോ. ഇപ്പോൾ സ്വന്തം ജീവിതത്തിൽ മരണം വരാൻ പോകുന്നു എന്ന് കേട്ടപ്പോഴേക്കും അവശനായി. മറ്റുള്ളവരുടെ വേദന എന്ത് എന്നറിയാതെ സ്വന്തം ദുഃഖവും സ്വന്തം കാര്യവും മാത്രം നോക്കുന്ന സ്വാർത്ഥമതിയായ മനുഷ്യന്റെ കിരാതമായ ഹൃദയമാണ് അവിടെ വെളിപ്പെടുന്നത്.

നിങ്ങളുടെ ജീവിതത്തിൽ സ്നേഹത്തിന്റെ അനുഭവത്തിലേക്ക് വരുവാൻ ഇനി എത്ര കാതം നടക്കണം? ഉദാത്തമായ സ്നേഹം! മറക്കുന്ന സ്നേഹം! പൊറുക്കുന്ന സ്നേഹം! അകൃത്യം ഓർമ്മിക്കാത്ത സ്നേഹം! തെറ്റുകൾ മറന്നുകളയുന്ന സ്നേഹം! ആ ദിവ്യസ്നേഹമാണ് കർത്താവായ യേശു നമുക്ക് തരുന്നത്. നിങ്ങൾ കൈനീട്ടി വാങ്ങുക; കർത്താവേ, എന്റെ ഈ ദുഷ്ടഹൃദയത്തിലേക്ക് നിന്റെ ദിവ്യസ്നേഹം പകരണമേ. സ്വാർത്ഥതയുള്ള, അഹങ്കാരമുള്ള, സ്വയമുള്ള, അശുദ്ധമായ എന്റെ ഹൃദയത്തിലേക്ക് നിന്റെ വിശുദ്ധി പകരണമേ.

യിഫ്താഹിനെ തന്റെ സഹോദരന്മാർ നീക്കിക്കളഞ്ഞതുകൊണ്ട് യിഫ്താഹ് ആ ദേശം വിട്ട് തോബ് ദേശത്ത് വന്ന് പാർത്തു. ആരുമില്ലാത്ത ദൂരദേശത്തേക്ക് അവൻ പോയി. ഏകനായി ഒറ്റപ്പെട്ട അനുഭവത്തിൽ കഴിയേണ്ടിവന്നു. അടുത്തവാക്യത്തിൽ പറയുന്നു: നിസ്സാരന്മാരായ ചിലർ യിഫ്താഹിനോട് ചേർന്ന് അവനുമായി സഞ്ചരിച്ചു. കഷ്ടമായിപ്പോയി! നിസ്സാരന്മാരുടെ അരികിലേക്ക് വിടാൻ പാടില്ലായിരുന്നു. വീരപരാക്രമിയായ യിഫ്താഹിനെ അങ്ങോട്ട് വിടാൻ പാടില്ലായിരുന്നു. അങ്ങനെ അവൻ അശുദ്ധരായവരുടെ കൂട്ടുകെട്ടിൽ പോയി.

നമ്മുടെ ജീവിതത്തിൽ അശുദ്ധമായ കൂട്ടുകെട്ടിലേക്ക് പോകുമ്പോഴാണ് പാപം വന്ന് ഇരച്ച് കയറുന്നത്. നാശങ്ങളും നഷ്ടങ്ങളും വരുന്നത്. നല്ല ബുദ്ധിയുള്ള അനേകം ചെറുപ്പക്കാർ ചീത്ത കൂട്ടുകെട്ടിലേക്ക് പോകുന്നു. കൂട്ടുകെട്ട് എപ്പോഴും സൂക്ഷിച്ചുകൊള്ളണം. നിസ്സാരന്മാരുടെ കൂടെ നാം സഞ്ചരിക്കരുത്. നമ്മുടെ സംസർഗ്ഗം നല്ലവരുടെ കൂടെയായിരിക്കണം. “Birds of the same feather flock together” ഒരേ തൂവലുള്ള പക്ഷികൾ ഒരുമിച്ച് പറക്കും. എപ്പോഴും കൂട്ടുകെട്ട് സൂക്ഷിച്ചുകൊള്ളണം. തിന്മയിലേക്ക് നമ്മെ വശീകരിക്കുന്ന കൂട്ടുകാരുമായി ഒരിക്കലും നാം ചേർന്ന് നടക്കരുത്.

College-ൽ പഠിക്കുന്നവർ ഇത് വായിക്കുന്നുണ്ടെങ്കിൽ

ഒഴപ്പുന്നവരുടെ കൂടെ ചീത്തകൂട്ടുകെട്ടിൽ പെട്ടുപോകരുത്. കഞ്ചാവ് വലിക്കുന്നവരുടെ കൂടെ കൂടിപ്പോകരുത്. മദ്യപിക്കുന്നവരുടെയും അശുദ്ധ സംസാരങ്ങളുള്ളവരുടെയും കൂടെ പോകരുത്. നാമറിയാതെ അവരുടെ തിന്മ നമ്മിലേക്ക് പകരും. ആ തിന്മ പകരുന്നതിനുള്ള കാരണം, അവരിലുള്ള ദുരാത്മാവാണ്. സജ്ജനങ്ങളുടെ കൂടെ നാം സഞ്ചരിക്കുക. അതാണ് fellowship എന്നു പറയുന്നത്.

യഥാർത്ഥത്തിലുള്ള fellowship യേശുക്രിസ്തുവുമായിട്ടുള്ള ബന്ധമാണ്. “നമ്മുടെ കൂട്ടായ്മയോ പിതാവായ ദൈവത്തോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു” എന്ന് യോഹന്നാൻ ശ്ലീഹായുടെ ഒന്നാം ലേഖനം ഒന്നാം അദ്ധ്യായത്തിൽ പറയുന്നു. അശുദ്ധമായ കാര്യങ്ങൾ പറയുന്നവരുടെ കൂടെ നാം സഹവാസമായാൽ നാമറിയാതെ അതിലേക്ക് വശീകരിക്കപ്പെട്ടുപോകും.

ഒരു ചെറുപ്പക്കാരൻ പറഞ്ഞു: ഞാൻ Bangalore-ലേക്ക് പഠിക്കാൻ പോയത് വലിയ തീരുമാനത്തോടെയാണ്. ആദ്യകാലങ്ങളിൽ വളരെ ശ്രദ്ധയോടെ പിടിച്ചുനിന്നു. പതുക്കെപ്പതുക്കെ കൂട്ടുകാർ പറയുന്നത് കേട്ട് അറിയാതെ അതിലേക്ക് എന്റെ മനസ്സ് ആകർഷിക്കപ്പെട്ട് എന്റെ പഠിത്തമെല്ലാം ഉഴപ്പി എന്റെ ജീവിതം മുഴുവൻ താറുമാറാക്കി. അതിന് കാരണം ഞാൻ തന്നെയാണ്. എന്റെ കൂട്ടുകെട്ടാണ്. പരീക്ഷ എഴുതാൻ പറ്റിയില്ല. കുറ്റബോധം വന്നു. പക്ഷേ, വൈകിപ്പോയി. ഇന്നവൻ കടുത്ത നിരാശയിലാണ്. വിലകെട്ടവരുടെ കൂടെ സഞ്ചരിച്ച് അവൻ ആയുസ്സ് പാഴാക്കി.

അവൻ പറയുകയാണ്: സാറേ, ഇനി ഞാൻ എന്തുവേണ്ടൂ? എങ്ങനെ മുന്നോട്ടുപോകേണ്ടൂ? ഞാൻ അവനോടു പറഞ്ഞു: ജയിക്കാം, സമയം വൈകിയിട്ടില്ല; നിന്റെ ജീവിതം നീ യേശുവിന്റെ ആണിപ്പഴുതുള്ള കരങ്ങളിലേക്ക് കൊടുക്കൂ. അവൻ നിന്റെ ജീവിതം രൂപാന്തരപ്പെടുത്തിത്തരും.

*"അവളെ കണ്ടയുടനെ അവൻ തന്റെ വസ്ത്രം കീറി: അയ്യോ, എന്റെ മകളേ, നീ എന്റെ തല കുനിയിച്ചു, നീ എന്നെ വ്യസനിപ്പിക്കുന്നവരുടെ കൂട്ടത്തിൽ ആക്കിയല്ലോ; യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്കു പിന്മാറിക്കൂടാ എന്നു പറഞ്ഞു."* *ന്യായാധിപന്മാർ 11 : 35*

യിഫ്താഹ് പറഞ്ഞു: ഞാൻ ഒരിക്കലായിട്ട് യഹോവയോട് പറഞ്ഞുപോയി. എനിക്ക് പിന്മാറിക്കൂടാ. ഇതാണ് സമർപ്പണം. നിങ്ങളുടെ ജീവിതത്തിൽ ഇങ്ങനെ ഒരു സമർപ്പണം നിങ്ങൾ എടുത്തിട്ടുണ്ടോ? ഈ ആയുസ്സ് ഞാനവന് കൊടുത്തുപോയി. ഈ ശരീരം യേശുവിന് കൊടുത്തുപോയി. ഈ കൈകൾ യേശുവിന് കൊടുത്തുപോയി. ഈ നാവ് യേശുവിന് കൊടുത്തുപോയി. ഈ ചിന്തകൾ യേശുവിന് കൊടുത്തുപോയി. എന്റെ തലച്ചോറ് യേശുവിന് കൊടുത്തുപോയി.

ഇനി എന്റേതില്ല, യേശുവിന്റേത്. അങ്ങനെ സമർപ്പണം നിങ്ങൾക്കുണ്ടായിട്ടുണ്ടോ? എന്റെ പണവും വിദ്യാഭ്യാസവും എന്റെ ആയുസ്സും എന്റെ കുടുംബജീവിതവും യേശുവിനെ ഏൽപ്പിച്ചതാണെന്ന ഉറപ്പ് നിങ്ങൾക്കുണ്ടോ? പിന്നെ ആവലാതിയില്ല. നമുക്ക് ഏൽപ്പിക്കാൻ കൊള്ളാവുന്ന ഒരാളുണ്ട്. ഭാവിജീവിതം മുഴുവൻ, വിവാഹജീവിതം മുഴുവൻ, വിദ്യാഭ്യാസജീവിതം മുഴുവൻ, ഔദ്യോഗിക ജീവിതം മുഴുവൻ ഏൽപ്പിച്ചുകൊടുക്കാൻ കഴിവുള്ള ഒരാളാണ് കർത്താവായ യേശുക്രിസ്തു.

"യഹോവയോട് ഞാൻ പറഞ്ഞുപോയി. എനിക്ക് പിന്മാറിക്കൂടാ," യിഫ്താഹ് ഇത് പറയുന്നത് തന്റെ ഏക മകളോടാണ്. യിഫ്താഹ് അമ്മോന്യരോട് യുദ്ധത്തിന് പോകുമ്പോൾ ദൈവത്തോട് ഒരു നേർച്ച നേർന്നു; ഒരു വാക്കു പറഞ്ഞു: "കർത്താവേ, ഞാൻ യുദ്ധം ജയിച്ച് വരികയാണെങ്കിൽ ഞാൻ വരുമ്പോൾ എന്നെ എതിരേറ്റുവരുന്നത് ആരായാലും ശരി ആ ആളെ ഞാൻ യഹോവയ്ക്ക് യാഗമായി അർപ്പിക്കും." കടുത്ത

ഒരു പ്രതിജ്ഞയായിപ്പോയി. ആ നേർച്ച എന്തായിരുന്നു എന്നു നോക്കാം.

> *"യിഫ്താഹ് യഹോവയ്ക്ക് ഒരു നേർച്ച നേർന്നു പറഞ്ഞത്: നീ അമ്മോന്യരെ എന്റെ കൈയിൽ ഏല്പിക്കുമെങ്കിൽ ഞാൻ അമ്മോന്യരെ ജയിച്ചു സമാധാനത്തോടെ മടങ്ങിവരുമ്പോൾ എന്റെ വീട്ടുവാതില്ക്കൽ നിന്ന് എന്നെ എതിരേറ്റുവരുന്നത് യഹോവയ്ക്കുള്ളതാകും; അതു ഞാൻ ഹോമയാഗമായി അർപ്പിക്കും."*
>
> *ന്യായാധിപന്മാർ 11 : 30, 31*

എന്നാൽ യുദ്ധം ജയിച്ച് വരുമ്പോൾ വീടിന്റെ ഗേറ്റിൽ മകൾ നൃത്തത്തോടെ വരുന്നു. അവളല്ലാതെ അവന് മകളുമില്ല, മകനുമില്ല. അവളെ കണ്ടയുടനെ അവൻ തന്റെ വസ്ത്രം കീറി: അയ്യോ മോളേ, ഞാൻ ദുഃഖിതനായിത്തീർന്നല്ലോ. യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്ക് പിന്മാറിക്കൂടാ എന്നു പറഞ്ഞു.

> *"അവൾ അവനോട്: അപ്പാ, നീ യഹോവയോട് പറഞ്ഞുപോയിട്ടുണ്ടെങ്കിൽ യഹോവ നിനക്കുവേണ്ടി നിന്റെ ശത്രുക്കളായ അമ്മോന്യരോടു പ്രതികാരം നടത്തിയിരിക്കയാൽ നിന്റെ വായിൽനിന്നു പുറപ്പെട്ടതുപോലെ എന്നോടു ചെയ്ക എന്നു പറഞ്ഞു. എന്നാൽ ഒരു കാര്യം എനിക്കു വേണ്ടിയിരുന്നു; ഞാൻ പർവ്വതങ്ങളിൽ ചെന്ന് എന്റെ സഖിമാരുമായി എന്റെ കന്യാത്വത്തെക്കുറിച്ചു വിലാപം കഴിക്കേണ്ടതിന്ന് എനിക്കു രണ്ടു മാസത്തെ അവധി തരേണം എന്ന് അവൾ തന്റെ അപ്പനോട് പറഞ്ഞു."* *ന്യായാധിപന്മാർ 11 : 36, 37*

അവൾ പറഞ്ഞു: അപ്പാ, എനിക്കൊരു ആശയുണ്ടായിരുന്നു. എന്നെ ഹോമയാഗം കഴിക്കുന്നതിന് മുമ്പ് എന്റെ സഖിമാ

രുമായി എന്റെ കന്യാത്വത്തെചൊല്ലി ഒരു വിലാപം കഴിക്കാൻ രണ്ടുമാസത്തെ അവധി തരേണം. ഞാൻ എക്കാലത്തും കന്യകയായി നിന്നുകൊള്ളാം എന്നുള്ള കാതലായ തീരുമാനം എടുക്കുന്നതിനുവേണ്ടിയുള്ള ഒരു വിലാപകാലം! എന്റെ ഭാവി തീർന്നു. വിവാഹജീവിതം ഇല്ല. ഒരു പുരുഷസ്പർശമില്ല. യഹോവയോട് ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ എന്നല്ലേ നീ പറഞ്ഞത്. അത് സാധിക്കട്ടെ. ഇതാ എന്റെ കന്യാത്വം നിലനിർത്താൻ ഞാൻ ആഗ്രഹിക്കുന്നു.

ആളെ കൊല്ലുന്നതിന് തുല്യമാണ് ഭാവി അറ്റുപോകുന്നത്. മക്കളും മക്കളുടെ മക്കളും ഇല്ലാതായിത്തീരും.

> *"അതിന്ന് അവൻ: പോക എന്നു പറഞ്ഞ് അവളെ രണ്ടുമാസത്തേക്ക് അയച്ചു; അവൾ തന്റെ സഖിമാരുമായി ചെന്നു തന്റെ കന്യാത്വത്തെക്കുറിച്ചു പർവ്വതങ്ങളിൽ വിലാപംകഴിച്ചു. രണ്ടു മാസം കഴിഞ്ഞിട്ടു അവൾ തന്റെ അപ്പന്റെ അടുക്കലേക്ക് മടങ്ങിവന്നു; അവൻ നേർന്നിരുന്ന നേർച്ചപോലെ അവളോട് ചെയ്തു; അവൾ ഒരു പുരുഷനെ അറിഞ്ഞിരുന്നതുമില്ല. പിന്നെ ആണ്ടുതോറും യിസ്രായേലിലെ കന്യകമാർ നാലു ദിവസം ഗിലെയാദ്യനായ യിഫ്താഹിന്റെ മകളെ കീർത്തിപ്പാൻ പോകുന്നതു യിസ്രായേലിൽ ഒരു ആചാരമായിത്തീർന്നു."* *ന്യായാധിപന്മാർ 11 : 38 – 40*

She was never married എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ പറഞ്ഞിരിക്കുന്നത്. ഹോമയാഗം കഴിക്ക എന്നുപറഞ്ഞാൽ അവളുടെ ഭാവി തീർന്നു. വാളുകൊണ്ടു വെട്ടിക്കൊന്നില്ല. യിഫ്താഹിന്റെ തലമുറ അവിടെ കുറ്റിയറ്റു തീർന്നുപോയി. യിഫ്താഹ് നേർച്ച നിവർത്തിച്ചു. മകൾ സന്തോഷത്തോടെ ഏറ്റുവാങ്ങി.

പ്രിയപ്പെട്ടവരേ, എന്താണ് ഇതിൽ നിന്നുള്ള പാഠം? ഭാവി

എന്തുതന്നെ ആണെങ്കിലും എന്റെ അഭിപ്രായമില്ല, എന്റെ ആഗ്രഹങ്ങളില്ല. ഉള്ള ഭാവി യേശുവിന്. സ്നേഹിതാ, അങ്ങനെ കൊടുത്താൽ നഷ്ടമാവില്ല ഉറപ്പാണ്. യേശുവിന്റെ കൈയിലേക്ക് ഒന്നു കൊടുത്തുനോക്കൂ. അവൻ വളർത്തു കയും ഉയർത്തുകയും ചെയ്യുന്നത് കാണാം. അവൻ നിന്നെ വാലല്ല തലയാക്കും. നിന്റെ പാപങ്ങളൊക്കെയും ക്ഷമിക്കുന്ന തുകാണാം.

ആ ചെറുബാലൻ യേശുവിന്റെ കൈയിലേക്ക് അഞ്ച പ്പവും രണ്ടുമീനും കൊടുത്തു. കർത്താവ് അത് വാഴ്ത്തി നുറുക്കി ശിഷ്യന്മാരുടെ പക്കൽ കൊടുത്തു. ശിഷ്യന്മാർ ജന ങ്ങൾക്ക് വിളമ്പി. എല്ലാവരും തിന്ന് തൃപ്തിയായി, ശേഷിച്ച കഷണം പന്ത്രണ്ടു കുട്ട നിറച്ചെടുത്തു. യേശുവിന് കൊടു ത്താൽ നഷ്ടമല്ല. ഇനി എന്റേത് എല്ലാം യേശുവിന്. എന്റെ നാവും കണ്ണും ചിന്തയും എല്ലാം യേശുവിന്നായി കൊടുത്തു. ഇനി അരുതാത്ത ഒരു വാക്കു സംസാരിക്കില്ല, അരുതാത്തത് കാണില്ല, അരുതാത്ത ചിന്ത വരികയില്ല. അവൻ എനിക്ക് തന്നതോ തന്നെത്തന്നെയാണ്. അവന്റെ രക്തം എനിക്കുവേണ്ടി തന്നു. അവൻ എനിക്കുവേണ്ടി മരിച്ചതിനാൽ ഞാൻ എന്നെ അവന് കൊടുക്കുന്നു.

17-ാം വയസ്സിൽ ഭാഗ്യവശാൽ ഈ പാവപ്പെട്ടവന്റെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഏൽപ്പിച്ചുകൊടുത്ത താണ്. ജീവിതത്തിന്റെ തിന്മ എന്തെന്ന് പഠിച്ചുതുടങ്ങേണ്ട പ്രായത്തിൽ ചീത്ത കൂട്ടുകെട്ടിൽ പെടാതെ, തിന്മചെയ്യാതെ ആ ചെറുപ്രായത്തിൽത്തന്നെ ജീവിതം കർത്താവിന് കൊടു ത്തു. ഭാഗ്യമായിപ്പോയി. ഇന്നത്തെ എല്ലാ ഐശ്വര്യത്തിനും എല്ലാ സമാധാനത്തിനും കാരണം യേശു എന്റെ ജീവിതത്തി ലേക്ക് കടന്നുവന്നതാണ്. യേശു ഈ ഹൃദയത്തിൽ സിംഹാ സനം ഉറപ്പിച്ചതാണ്.

എന്റെ സഹോദരങ്ങളേ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് യേശുവിനെ വേണമോ? നിങ്ങൾക്ക് സ്നേഹനിർഭ

രവും സമാധാനവും സന്തോഷവും ഐശ്വര്യവും നിറഞ്ഞ ജീവിതം വേണമോ? നിങ്ങൾ ഇരിക്കുന്നിടത്തിരുന്നുകൊണ്ട് ഒരു വാക്ക് പറഞ്ഞാൽ മതി: യേശുനാഥാ, ഇപ്പോൾ നീ എഴുന്നള്ളിവന്ന് എന്റെ ഹൃദയത്തിൽ സ്ഥാനം പിടിക്കണമേ. യേശുവേ, എന്റെ ഹൃദയത്തെ വിശുദ്ധീകരിക്കണമേ. വെളിച്ചം വരുമ്പോൾ ഇരുൾ മാറുന്നതുപോലെ നാഥാ, നീ വരുമ്പോൾ എന്റെ ഇരുൾ മാറുമല്ലോ. ഉദയസൂര്യനായ യേശുവേ, അവിടുന്ന് എന്റെ ഹൃദയത്തിൽ വന്നുദിക്കണമേ. എനിക്കുവേണ്ടി കൈകളും കാലുകളും മുറിഞ്ഞ് പീഡയേറ്റ രക്ഷകാ, എന്റെ പാപം വഹിച്ച രക്ഷകാ, ഇപ്പോൾ നീ എഴുന്നള്ളി വന്ന് എന്റെ ഹൃദയത്തിൽ ഇരിപ്പുറപ്പിക്കണമേ. സ്നേഹിതരേ, നിങ്ങൾ പ്രാർത്ഥിക്കൂ. യേശുവിനോട് നിങ്ങൾ വാക്കുപറയൂ.

യേശുവേ, ഞാനിന്നുമുതൽ സ്നേഹത്തിന്റെ പുതിയ അദ്ധ്യായം തുടങ്ങി ഒരു പുതിയ മനുഷ്യനായി ജീവിക്കും. നീ എന്റെ കരത്തിൽ പിടിച്ചുകൊള്ളണമേ. എന്നെ സ്നേഹത്തിന്റെ രക്തത്തിൽ കഴുകി നിന്റെ മകനും മകളുമാക്കിത്തീർക്കണമേ.

യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ. യേശുവിന്നായി ജീവിതം സമർപ്പിച്ചുകൊണ്ട് വാക്കുപറയൂ. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**ദിവസവും രാത്രി 8 : 30 നും**
**ഉച്ചയ്ക്ക് 1:30 നും രാവിലെ 5:30 നും**
## പവർവിഷൻ TV

എയർടെൽ ഡിഷ് – 873, കേരളവിഷൻ കേബിൾ – 510, ഏഷ്യാനെറ്റ് കേബിൾ – 662,
ഇടുക്കി വിഷൻ – 52, വയനാട് വിഷൻ – 510, മലനാട് ചാനൽ – 57, സൺ ഡയറക്ട് ഡിഷ്

**ശനി രാവിലെ 6 : 30**
**സൂര്യ TV**

**തിങ്കൾ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**ചൊവ്വ രാവിലെ 6 : 30**
**ജയ്ഹിന്ദ് TV**

**വെള്ളി രാത്രി 9:30, ചൊവ്വ ഉച്ചയ്ക്ക് 2:00**
**ആത്മീയയാത്ര TV**

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ടി.വി. പ്രോഗ്രാമുകൾ
തത്സമയം ലഭിക്കുന്നു : www.crfgospel.org

Ph : 9142 30 30 96


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

| | |
|---|---|
| **രണ്ടാം ശനിയാഴ്ച** | 9.00am - 2.00pm |
| **സാക്ഷ്യയോഗം** | 4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും** (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച** (വനിതകളുടെ യോഗം) | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |